**ധനകാര്യം**

## 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2020-2021 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുതി പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2020-2021 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (₹) |
| | | റവന്യൂ (₹) | മൂലധനം (₹) | |
| (1) | (2) | (3) | (4) | (5) |
| XXXVII | വ്യവസായങ്ങൾ | 601,75,40,000 | 842,28,02,000 | 1444,03,42,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 386,92,00,000 | 38,45,00,000 | 425,37,00,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വ്യവസായങ്ങൾ എന്ന XXXVII നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളുടെ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

1. ശ്രീ. എം. ഉമ്മർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ സ്ഥാപനങ്ങളിലെ അപകട സാധ്യതകൾ കുറയ്ക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. പി. ഉബൈദുള്ള: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കരകൗശല വ്യവസായ മേഖലയുടെ വികസനത്തിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. ടി. വി. ഇബ്രാഹിം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയ വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലും വായ്പകൾ അനുവദിക്കുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. മോൻസ് ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ ശാലകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. <u>ശ്രീ. അൻവർ സാദത്ത്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ശബരിമലയ്ക്കായി 30 സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ കെൽട്രോൺ സമർപ്പിച്ച ടെൻഡർ കമ്പോളവിലയേക്കാൾ രണ്ടോ മൂന്നോ ഇരട്ടിയായതിനാൽ സർക്കാരിന് 1.5 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. <u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എക്സ്-റേ സ്കാനറുകൾ വാങ്ങിയതിൽ മതിയായ യോഗ്യത ഇല്ലാത്തതിനാൽ ടെൻഡർ നടപടികളിൽ നിന്നും മാറ്റി നിർത്തിയ കമ്പനിക്ക് കെൽട്രോൺ കരാർ നൽകിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. <u>ശ്രീ. വി. ടി. ബൽറാം</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന " സിംസ്" പദ്ധതിയുടെ കരാറിൽ സ്വകാര്യ കമ്പനിക്ക് അതീവ സുരക്ഷാ മേഖലയായ പോലീസ് അസ്ഥാനത്ത് പ്രവർത്തിക്കാൻ അനുമതി നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയതായി പറയപ്പെടുന്ന കെൽട്രോണിന്റെ നടപടി ചർച്ച ചെയ്യുന്നതിന്)

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം അവതരിപ്പിച്ചു.

10. ശ്രീ. അനൂപ് ജേക്കബ്.

11. ശ്രീ. പി. സി. ജോർജ്.

12. ശ്രീ. റോഷി അഗസ്റ്റിൻ

## ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത മേഖലയിലെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായുള്ള കോട്ടയം, കോലത്തുനാട് ലൈൻസ് പദ്ധതികളിൽ ടെൻഡർ ചെയ്ത തുകയുടെ 50-65 ശതമാനം വരെ ഉയർന്ന നിരക്കിൽ കരാർ നൽകി സംസ്ഥാനത്തിന് 260 കോടി രൂപയുടെ നഷ്ടം വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. എം. വിൻസെന്റ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത മേഖലയിലെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായുള്ള കോട്ടയം, കോലത്തുനാട് ലൈൻസ് പദ്ധതികളിൽ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടാതെ ഉയർന്ന നിരക്കിൽ എസ്റ്റിമേറ്റ് ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. <u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനും വൻകിട ഉപഭോക്താക്കളുടെ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പകരം കൃത്യമായി വൈദ്യുതി ചാർജ്ജ് അടച്ചുവരുന്ന ഗാർഹിക ഉപഭോക്താക്കളെ ബുദ്ധിമുട്ടിച്ചുകൊണ്ട് വൈദ്യുത ചാർജ്ജ് ഈടാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. <u>ശ്രീ. കെ. സി. ജോസഫ്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്ര - സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 1500 കോടി രൂപയിലധികം വൈദ്യുതി ബിൽ കുടിശ്ശിക പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി. പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. എം. ഉമ്മർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത മേഖലയിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത ബോർഡിന്റെ നിലവിലെ മീറ്ററുകൾക്ക് പകരം പ്രീ-പെയ്ഡ് മീറ്ററുകൾ സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. കെ. എൻ. എ. ഖാദർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഫിലമെന്റ് ബൾബുകൾക്കും ട്യൂബുകൾക്കും പകരം എൽ.ഇ.ഡി. ബൾബുകൾ നൽകാനുള്ള

പദ്ധതി നടപ്പിലാക്കുന്നതിൽ കാലവിളംബം വരുത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ബോർഡിന്റെ നഷ്ടത്തേക്കാൾ അധികരിച്ച വൈദ്യുത ചാർജ് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത ബോർഡിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനു പകരം മറ്റ് മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത രംഗത്ത് ജോലി നോക്കുന്ന കരാർ തൊഴിലാളികളുടെ സുരക്ഷയ്ക്കാവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു.

11. ശ്രീ. റോഷി അഗസ്റ്റിൻ
12. ശ്രീ. മോൻസ് ജോസഫ്
13. ശ്രീ. അനൂപ് ജേക്കബ്
14. ശ്രീ. പി. സി. ജോർജ്
15. ശ്രീ. കെ. എസ്. ശബരീനാഥൻ

**ചർച്ച**

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. വ്യവസായം, വൈദ്യുതി, കശുവണ്ടി, കയർ നാല് മേഖലകളിലും ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള അവസ്ഥ വളരെ പരിതാപകരമായിരുന്നു. 42 പൊതുമേഖലാ വ്യവസായങ്ങളിൽ 8 എണ്ണമൊഴികെ ബാക്കിയെല്ലാം നഷ്ടത്തിലായിരുന്നു. വൈദ്യുതമേഖലയിൽ പവർകട്ടും ലോഡ്ഷെഡിംഗും ആയിരുന്നു. വൈദ്യുതിയെത്താത്ത നിരവധി കുടുംബങ്ങളും ഉണ്ടായിരുന്നു. വർഷങ്ങളായി ജോലിയും കൂലിയുമില്ലാതെ നാല്പതോളം ഫാക്ടറികൾ കശുവണ്ടി മേഖലയിലുണ്ട്. കയർ മേഖലയിൽ കേരളത്തിലുടനീളം ആയിരക്കണക്കിന് തൊഴിലാളികൾ അവർ ചെയ്ത ജോലിക്ക് കൂലി പോലും ലഭിക്കാതെ പട്ടിണിയിലായിരുന്നു. ഈ അവസ്ഥയിൽ നിന്നാണ് ഇന്നത്തെ അവസ്ഥയിലേക്ക് കേരളത്തെ മാറ്റിയത്. വ്യവസായ മേഖലയിൽ ഇന്ത്യക്കുതന്നെ മാതൃകയാക്കാൻ സാധിക്കുന്ന വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി നിലവിലുണ്ടായിരുന്നതും വ്യവസായം തുടങ്ങാൻ ആഗ്രഹിച്ച് വരുന്നവരുടെ

മനംമടുപ്പിക്കുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമ വ്യവസ്ഥകൾ എല്ലാം പൊളിച്ചടുക്കി ഏഴ് നിയമങ്ങളും പത്ത് ചട്ടങ്ങളും ഭേദഗതി ചെയ്തു. വ്യാപാരവും വ്യവസായവും തുടങ്ങാൻ വരുന്നവർക്ക് ഒറ്റ വരവിൽത്തന്നെ അനുവാദം ലഭ്യമാക്കുന്ന സ്ഥിതിയിലേക്ക് നിയമത്തെ മാറ്റി. ഒരു മാസം വരെ അനുമതി ലഭ്യമായിട്ടില്ലെങ്കിൽ വീണ്ടും ലൈസൻസ് കിട്ടിയതായി കണക്കാക്കി പ്രവർത്തനം തുടങ്ങാൻ കഴിയും. ഇതിനുവേണ്ടിയുള്ള അപേക്ഷ ഓൺലൈനായി നൽകാൻ K-Swift എന്ന ഏകജാലക സംവിധാനം ഏർപ്പെടുത്തി. കൂടാതെ റെഡ് കാറ്റഗറിയിൽപ്പെടാത്ത 10 കോടി വരെ മുതൽ മുടക്കുള്ള വ്യവസായങ്ങൾക്ക് അപേക്ഷയും അതോടൊപ്പം അഫിഡവിറ്റും നൽകിയാൽ ഉടൻതന്നെ വ്യവസായം തുടങ്ങാൻ അനുമതി ലഭ്യമാകുകയാണ്. വ്യവസായം തുടങ്ങി മൂന്ന് വർഷത്തിനുശേഷം, ആറ് മാസക്കാലയളവിൽ ലൈസൻസ് നടപടികൾ പൂർത്തീകരിച്ചാൽ മതി. പതിനാല് വകുപ്പുകളിൽ നിന്നുള്ള ഇരുപത്തൊമ്പത് സേവനങ്ങൾ ഓൺലൈനായി K-Swift -ലൂടെ ലഭ്യമാണ്. വ്യവസായങ്ങൾ തുടങ്ങാനുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കാനുള്ള ജില്ലാതല സമിതികൾ രൂപീകരിച്ചു. ലൈസൻസ് കാലാവധി അഞ്ച് വർഷമായി ദീർഘിപ്പിക്കുകയും ചെയ്തു. ഈ മാറ്റങ്ങൾ കാരണം നിരവധി

വ്യവസായ സ്ഥാപനങ്ങൾ പുതുതായി വന്നുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായം നടത്തുന്നവർക്ക് ഗുണകരമാകുന്ന തരത്തിൽ 1964 മുതൽ പ്രാബല്യത്തിലുള്ള വിവിധ നിയമങ്ങൾ പരിഷ്കരിക്കുന്നതിനും ഈ സർക്കാർ തയ്യാറായിട്ടുണ്ട്. വ്യവസായ പാർക്കിൽ ഭൂമി ലഭിച്ച് വ്യവസായം നടത്തി നഷ്ടത്തിലായാൽ പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുക എന്നല്ലാതെ മറ്റൊരാൾക്ക് കൈമാറാൻ സാധിക്കുകയില്ലായിരുന്നു. വലിയ മുതൽ മുടക്കി വ്യവസായം നടത്തിയവർ നഷ്ടം സഹിച്ചുകൊണ്ട് ഫാക്ടറി നടത്തിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കാതെ അടച്ചുപൂട്ടിയാൽ വ്യവസായ വകുപ്പ് അത് തിരിച്ച് പിടിക്കാനുള്ള നടപടികൾ ആരംഭിക്കും. വ്യവസായി കോടതിയിൽ പോയി സ്റ്റേ നേടിയെടുക്കും. അതോടെ പ്രസ്തുത സ്ഥാപനം വർഷങ്ങളോളം അടഞ്ഞുകിടക്കും. അവിടെ തൊഴിലും ഉത്പാദനവും നടക്കാതെ പോകും. ഇതിന് പരിഹാരമെന്ന നിലയിൽ പുതിയ നിയമം കൊണ്ടുവന്നിരിക്കുകയാണ്. ഇത് വളരെ വർഷങ്ങളായി വ്യവസായികൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. ഈ നിയമംകൊണ്ട് സർക്കാരിന് പൊതുവായ ഒരു നഷ്ടവും ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല, അവിടെ വ്യവസായം ഏറ്റെടുക്കുന്നവർ പുതിയ സാങ്കേതിക വിദ്യയും സാമ്പത്തികബലവും

ഉള്ളവരായിരിക്കും. അതുകാരണം കൂടുതൽ തൊഴിലും ഉത്പാദനവും ഉണ്ടാകുമെന്നത് നമുക്ക് അനുഭവത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും. ഈ വ്യവസ്ഥ കിൻഫ്ര-യിലും കെ.എസ്.ഐ.ഡി.സി.-യിലും കൊണ്ടുവരുന്നത് നന്നായിരിക്കും.

വൈദ്യുതമേഖലയിൽ എടുത്ത് പറയത്തക്ക മാറ്റമാണ് വന്നത്. കേരളം സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ സംസ്ഥാനമെന്ന ഖ്യാതി നേടി. കേരളത്തിൽ ഒഴിവാക്കാൻ കഴിയാത്തതാണ് ലോഡ്ഷെഡിംഗും പവർകട്ടും എന്ന് പൊതുവേ ധാരണ ഉണ്ടായിരുന്നു. വൈദ്യുതി വകുപ്പ് ഈ ധാരണ തിരുത്തിയിരിക്കുകയാണ്. കൂടാതെ നിരവധി വികസന പ്രവർത്തനങ്ങളും നടത്തി. പരാതികളും പ്രശ്നങ്ങളും തീർക്കാൻ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് അദാലത്തുകളിൽ മുഴുവൻ സമയവും പങ്കെടുത്തു. ഭാവിയിൽ കേരളത്തിലെ ഓരോ കുടുംബത്തിനും വേണ്ട വൈദ്യുതി അവരവർ തന്നെ സ്വയം ഉത്പാദിപ്പിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഭാവനാപൂർണ്ണമായ നടപടികളാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ജോലിയും കൂലിയുമില്ലാതെ കടുത്ത പ്രതിസന്ധിയിലും ദുരിതത്തിലുമായിരുന്ന മൂന്ന്

ലക്ഷത്തിലധികം വരുന്ന കശുവണ്ടി തൊഴിലാളികൾ, അവരിൽ 95% സ്ത്രീകളായിരുന്നു. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി അടഞ്ഞുകിടന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിച്ച് കാഷ്യു കോർപ്പറേഷനിലും കാപെക്സിലും ഇതുവരെ ഉണ്ടായിരുന്ന എല്ലാ ബാധ്യതകളും സർക്കാർ ഏറ്റെടുത്തു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വരുത്തിയ ഗ്രാറ്റുവിറ്റി കുടിശ്ശിക അടയ്ക്കുന്നതിനും നടപടി സ്വീകരിച്ചു. അടഞ്ഞ് കിടന്ന ഫാക്ടറികൾ തുറക്കാനും അവയ്ക്ക് പ്രവർത്തിക്കാനാവശ്യമായ കശുവണ്ടി ശേഖരിച്ച് നൽകാനുമുള്ള നടപടികൾ സ്വീകരിച്ചപ്പോൾ വിവാദങ്ങൾ ഉണ്ടാക്കാനും അതുവഴി ഈ പ്രവർത്തനത്തെ തടസ്സപ്പെടുത്താനുമാണ് യു.ഡി.എഫ്. സുഹൃത്തുകൾ ശ്രമിച്ചതെന്ന് നമ്മൾ കണ്ടതാണ്.

കയർ മേഖലയിൽ തുച്ഛമായ കൂലിയാണ് തൊഴിലെടുക്കുന്നവർക്ക് ലഭിക്കുന്നത്. കൂലി ലഭിച്ചാൽ തന്നെ അരപ്പട്ടിണിയിലായ തൊഴിലാളികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഴപ്പട്ടിണിയിലായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നയുടനെ കെട്ടികിടക്കുന്ന കയർ ഏറ്റെടുത്ത് പണം നൽകി. തൊഴിലാളികൾക്ക് കിട്ടാനുണ്ടായിരുന്ന ബാക്കി കൂലിയും തൊഴിലും ലഭ്യമായി. അതിനുശേഷം തുടർച്ചയായി ജോലി ലഭിക്കുകയും

കൂലിയിൽ മാന്യമായ വർദ്ധനവ് ഉണ്ടാകുകയും ചെയ്തു. ഉത്പാദന മേഖല ആധുനികവത്കരിച്ചു. ഇന്ന് കയർ മേഖലയിലെ തൊഴിൽ, ജീവിക്കാനുള്ള വരുമാനം കിട്ടുന്ന മാന്യമായ തൊഴിലായി മാറി. യന്ത്രവത്ക്കരണത്തിലൂടെ ഉത്പാദനശേഷി വർദ്ധിപ്പിച്ച് ഈ മേഖലയെ ശക്തിപ്പെടുത്തുകയും ചെയ്തു.

ശ്രീ. പി. ടി. എ. റഹീം: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുരോഗതി പ്രാപിക്കുകയും ലാഭം വർദ്ധിപ്പിക്കുകയും ചെയ്തുവെന്നുള്ളതിനെക്കുറിച്ചാണ് ഇവിടെ സംസാരിച്ചത്. ഇവിടെ വൈദ്യുതി വകുപ്പിന്റെയും വ്യവസായ വകുപ്പിന്റെയും ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അനേകം പൊതുമേഖലാ സ്ഥാപനങ്ങൾ വളരെക്കാലമായി വൈദ്യുതി കുടിശ്ശിക വരുത്തിയതുമൂലം പ്രസ്തുത കുടിശ്ശികയും അതിന്റെ പലിശയും ചേർത്തുകൊണ്ട് ഫ്യൂസ് ഊരുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അത് സംബന്ധിച്ച് ഒരു പരിഹാരം കാണേണ്ടതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണത്. ഫാക്ടറികൾ അടഞ്ഞ് കിടക്കുന്നത് നമുക്ക് വലിയ സാമ്പത്തിക ബാധ്യതയും തൊഴിലാളികൾക്ക് ജോലി നഷ്ടവും ഉണ്ടാക്കുന്നതാണ്.

അതിനാൽ രണ്ട് വകുപ്പുകളും കൂടിയാലോചിച്ച് പരിഹാരം കണ്ടെത്തണമെന്നാണ് എന്റെ അഭിപ്രായം. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്ന ശേഷം തകർച്ചയിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നല്ല പിന്തുണ നൽകി വളർച്ചയുടെ പാതയിലെത്തിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.6 കോടി രൂപയായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്ന് ആദ്യ വർഷം (2016-17-ൽ) തന്നെ നഷ്ടം 80.67 കോടി രൂപയായി കുറച്ചു. തൊട്ടടുത്ത വർഷം ലാഭത്തിൽ എത്തിച്ചു. 2018-ലെയും 2019-ലെയും മഹാപ്രളയങ്ങളെ അതിജീവിച്ച് പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലെത്തിച്ചുവെന്നതാണ് ഏറെ ശ്രദ്ധേയം. കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങളെ നിലനിർത്തുന്നതിനും അവയെ ലാഭത്തിലാക്കുന്നതിനും വേണ്ടി ഈ സർക്കാർ മാതൃകാപരമായ നടപടികൾ സ്വീകരിക്കുമ്പോൾ കാലാകാലങ്ങളായി ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലകൾ പോലും വിറ്റ് തുലയ്ക്കുന്ന നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്, എന്നതിൽ വലിയ പ്രതിഷേധം നടക്കുകയാണ്. ഇന്നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങളായ

ബി.എസ്.എൻ.എൽ.-ഉം ബി.പി.സി.എൽ.-ഉം സ്വകാര്യവത്കരിക്കുന്നതിനും ഇല്ലാതാക്കുന്നതിനും വഴിവയ്ക്കുന്ന നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ഏറ്റവും പുതിയ ബഡ്ജറ്റിലൂടെ ഇപ്പോൾ എൽ.ഐ.സി.-യെയും ഇല്ലാതാക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് തുലയ്ക്കുന്ന കേന്ദ്ര നയത്തിന് വിരുദ്ധമായി ഇത്തരം സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ട് പോകാൻ കേരള സർക്കാരിന് മാത്രമേ കഴിയൂ. Instrumentation Limited, Palakkad ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡിലെ Bharat Heavy Electricals Limited-ന്റെ 51 ശതമാനം ഓഹരികൾ വാങ്ങാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. കേന്ദ്രസർക്കാർ വിറ്റഴിക്കാൻ തീരുമാനിച്ച കോട്ടയത്തെ Hindustan Newsprint Limited ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുന്നു. ഇപ്പോൾ കേന്ദ്ര സർക്കാർ തുച്ഛമായ വിലയ്ക്ക് ഇഷ്ടക്കാർക്ക് വിറ്റഴിക്കാൻ തീരുമാനിച്ച തിരുവനന്തപുരം വിമാനത്താവളംപോലും ഏറ്റെടുക്കാനായി കേരള സർക്കാർ തയ്യാറാകുന്നുവെന്നത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

ഇതോടൊപ്പം കഴിഞ്ഞകാലത്ത് യു.ഡി.എഫ്. സർക്കാരിന്റെ അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് തകർന്നുപോയ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പരിശ്രമവും ഈ സർക്കാർ നടത്തി വരികയാണ്. എന്റെ നിയോജകമണ്ഡലത്തിലെ steel complex ഇതിന്റെ ഇരയാണ്. നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോയിരുന്ന ഈ സ്ഥാപനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതി സംബന്ധിച്ച് ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുകയാണ്. 52 കോടി രൂപ മുടക്കി Steel Re-rolling Mill സ്ഥാപിക്കുവാനുള്ള നടപടികൾ വഴിയാണ് ബന്ധപ്പെട്ടവർ പണം അടിച്ചെടുത്തത്. പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിച്ച് നിർത്തുന്ന അത്രതന്നെ പ്രാധാന്യം നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയോടും സർക്കാർ കാണിക്കുന്നുവെന്നത് ഏറെ ആശ്വാസകരമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏറെ അവഗണിക്കപ്പെട്ട കൈത്തറി മേഖലയ്ക്ക് പുതുജീവൻ നൽകിയത് എൽ.ഡി.എഫ്. സർക്കാരാണ്. കൈത്തറി, നെയ്ത്ത് മേഖലയെ രക്ഷിക്കാൻ നിരവധി പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിൽ

വരുത്തി. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി അതിലൊന്നാണ്. ഒരു അദ്ധ്യയന വർഷത്തേക്ക് ഏതാണ്ട് 42 ലക്ഷം മീറ്റർ തുണിയാണ് ഇതിനായി കൈത്തറി മേഖലയിൽ നിന്നും ശേഖരിച്ചത്. സർക്കാർ ഇതിന് നേരിട്ട് കൂലി നൽകി. അയ്യായിരത്തിലധികം ആളുകൾക്ക് നേരിട്ടും അതിലേറെ ആളുകൾക്ക് അനുബന്ധ മേഖലകളിലും തൊഴിൽ ലഭ്യമാക്കുന്നതിന് ഇതുമൂലം ഈ സർക്കാരിന് സാധിച്ചു. അതോടൊപ്പംതന്നെ Kerala Artisans Development Corporation Limited വൈവിധ്യവൽക്കരണത്തിലൂടെ ഏറെ മുന്നോട്ടുപോയി. വിവിധങ്ങളായ പദ്ധതികളിലൂടെ സ്ഥാപനത്തിന്റെ വിറ്റുവരവും ലാഭവും വർദ്ധിപ്പിക്കാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. അതുപോലെതന്നെ എടുത്തു പറയേണ്ടതാണ് KELPALM (Kerla State Palmyrah Products Development and Worker's Welfare Corporation Limited)-ന്റെ പ്രവർത്തനം. ആരംഭിച്ച കാലം മുതൽ ലാഭത്തിൽ പ്രവർത്തിച്ച ഈ സ്ഥാപനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഴിമതിയും

കെടുകാര്യസ്ഥതയും കാരണം അടച്ചുപൂട്ടലിന്റെ വക്കിലായിരുന്നു. എന്നാൽ ഈ സർക്കാർ ബജറ്റിൽത്തന്നെ ആവശ്യമായ സഹായം KELPALM- ന് നൽകി. നവീകരണ പ്രവർത്തനങ്ങളിലൂടെ സ്ഥാപനത്തിന്റെ നഷ്ടം കുറച്ചു. ഇപ്പോൾ സ്ഥാപനം മെച്ചപ്പെട്ട അവസ്ഥയിലേക്ക് വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ നാടിന്റെ ഉയർന്ന വിദ്യാഭ്യാസ സാഹചര്യത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടത് വളരെ അത്യാവശ്യമാകുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളും പൊതുമേഖലാ വ്യവസായവും കൊണ്ടുമാത്രം അഭ്യസ്തവിദ്യരായ കേരളത്തിലെ യുവാക്കൾക്ക് എല്ലാവർക്കും തൊഴിൽ നൽകാൻ സാധ്യമാകില്ല. അതുകൊണ്ട് ഇവിടെ സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങളെയും വ്യവസായങ്ങളെയും നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മുൻകാല യു.ഡി.എഫ്. സർക്കാർ വലിയ പ്രചാരണ കോലാഹലങ്ങൾ നടത്തിയാണ് പണ്ട് 'ജിം' എന്ന പേരിൽ ഒരു വ്യവസായ സംഗമം സംഘടിപ്പിച്ചത്. വലിയ പ്രചാരണം നടത്തിയും വലിയ തുക ചെലവഴിച്ചും നടത്തിയ പ്രസ്തുത സംഗമത്തിന്റെ ഫലമായി കേരളം വ്യവസായങ്ങൾ കൊണ്ട് നിറയുമെന്നാണ്

പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് പരിശോധിക്കുമ്പോൾ 'ജിം' ന്റെ തുടർച്ചയായി യാതൊരു വ്യവസായവും കേരളത്തിന് ആരംഭിച്ചില്ലെന്ന് കാണാൻ സാധിക്കും. എന്നാൽ എൽ.ഡി.എഫ്. സർക്കാർ ഈ വർഷം കൊച്ചിയിൽ നടത്തിയ ‘ ASCEND’ എന്ന വ്യവസായ സംഗമം കൃത്യമായ ആസൂത്രണത്തോടെയും കാഴ്ചപ്പാടോടുകൂടിയും നടത്താൻ സാധിച്ചു. ഇതിനായി സർക്കാർ മാതൃകാപരവും അനുകരണീയവുമായി മുന്നോട്ടുവച്ച പദ്ധതികളായ ആയിരം പേർക്ക് ജോലി നൽകുന്നത്, വ്യവസായങ്ങൾക്ക് ഭൂപരിഷ്കരണ നിയമത്തിൽ ഇളവ്, തൊഴിൽദിനം നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകസമിതി, പഞ്ചായത്ത് റോഡിനുസമീപം കെട്ടിട നിർമ്മാണത്തിന് ഇളവ്, തദ്ദേശ സ്ഥാപനങ്ങൾക്ക് തൊഴിൽ വർദ്ധിപ്പിക്കാനുള്ള ചുമതല, വ്യവസായ എസ്റ്റേറ്റ് എന്നിവ ഇതിൽ പ്രധാനമാണ്. ഇതിന്റെ ഭാഗമായി ഏതാണ്ട് ഒരു ലക്ഷം കോടിയുടെ നിക്ഷേപ വാഗ്ദാനം 'ASCEND'-ലൂടെ സാധ്യമായെന്ന് കാണാൻ കഴിയും.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... സമയം കഴിഞ്ഞു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇത്തരത്തിൽ കേരളത്തെ വ്യവസായ രംഗത്ത് മുന്നോട്ടെത്തിക്കാൻ സർക്കാർ സ്വീകരിക്കുന്ന നിരവധി നടപടികൾ നമുക്ക് എടുത്തു പറയാൻ കഴിയും. ഇതിന്റെയെല്ലാം ഫലമായി മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി വ്യവസായ തൊഴിൽ രംഗങ്ങളിൽ കേരളത്തിലുണ്ടായിരുന്ന ദുഷ്പേരുകൾ മാറി. തദ്ദേശ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും അനാവശ്യ വിലക്കുകളും നടപടി ക്രമങ്ങളും കാരണം പല വ്യവസായങ്ങളും മുടങ്ങിപ്പോയിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. കെ. സി. മമ്മത് കോയ പ്ലീസ്...

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഒരു മിനിട്ട്. പല സംരംഭകരും പദ്ധതികൾ ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയും ഉണ്ടായിരുന്നു. ഇതെല്ലാം ഈ നാട്ടിലെ സംഘടിതരും അസംഘടിതരുമായ തൊഴിലാളികളുടെ ഇടപെടൽമൂലമാണെന്ന ദുഷ്പ്രചരണം വേറേയും നടന്നിരുന്നു. എന്നാൽ ഇന്ന് അതെല്ലാം മാറി. ഏറ്റവും ജനസൗഹൃദപരമായ പ്രവർത്തനം നടത്തുന്ന

വകുപ്പുകളിലൊന്നായി വ്യവസായവകുപ്പ് മാറി. പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതോടൊപ്പം കേരളത്തിലെ സ്വകാര്യമേഖലയ്ക്കും വളരാൻ സൗകര്യങ്ങൾ നൽകണമെന്ന നിലപാട് തന്നെയാണ് വേണ്ടത്. കേരളത്തിൽ സ്വകാര്യ സംരംഭങ്ങൾ വരുമ്പോൾ ഈ നാട്ടിലുള്ളവർക്ക് കുറെയേറെ ജോലികൾ ലഭ്യമാകുമെന്നത് വലിയ കാര്യം തന്നെയാണ്. പൊതുമേഖലയിലെ കെടുകാര്യസ്ഥതയും പഴഞ്ചൻ രീതികളും മാറ്റിയതോടൊപ്പംതന്നെ അഴിമതി ഇല്ലാതാക്കാനും കഴിഞ്ഞുവെന്നത് വ്യവസായ വകുപ്പിലെ വലിയ നേട്ടം തന്നെയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... പ്ലീസ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇങ്ങനെ പറയുന്നതുകൊണ്ട് സംസാരിക്കുവാൻ സാധിക്കുന്നില്ല. വൈദ്യുതിയെക്കുറിച്ച് ധാരാളം സംസാരിക്കാനുണ്ടായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരുമിനിട്ട് കഴിഞ്ഞു. തുടക്കമാണ്.

ശ്രീ. വി.കെ.സി. മമ്മത് കോയ, അങ്ങ് കൂടുതൽ സമയമെടുത്താൽ എല്ലാപേരുമെടുക്കും....... പ്ലീസ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ നിർത്തുകയാണ്. വൈദ്യുതിയെപ്പറ്റി കുറച്ചുകൂടി സംസാരിക്കാനുണ്ടായിരുന്നു. ചെയർ അനുവദിക്കാത്തതുകൊണ്ട് ഞാൻ അത് പറയുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ രാജ്യം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകുകയാണ്. 4.7 ശതമാനമാണ് ജി.ഡി.പി.-യുടെ ഏറ്റവും ഒടുവിലത്തെ പ്രതീക്ഷിത വളർച്ചാ നിരക്ക്. കേരളം അതിനേക്കാൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് നമുക്കെല്ലാവർക്കും നേരിട്ട് ബോദ്ധ്യമുള്ള കാര്യമാണ്. റിയൽ എസ്റ്റേറ്റ് മേഖലയും ടൂറിസം മേഖലയുമെല്ലാം തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വാഭാവികമായി ഇതെല്ലാം നമ്മുടെ നാട്ടിലെ വ്യാവസായിക പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഗവൺമെന്റെന്ന നിലയിൽ ഈ സർക്കാർ അവിടെ

എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ഒന്നും ചെയ്യുന്നതായി നാം കാണുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്വന്തം ജില്ലയിലാണ് ഒരു പ്രവാസി വ്യവസായിക്ക് ആത്മഹത്യ ചെയ്യേണ്ടതായി വന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്വന്തം പാർട്ടിക്കാരാണ് ആത്മഹത്യയിലേക്ക് അയാളെ തള്ളിയിട്ടതെന്ന് നമുക്കെല്ലാവർക്കുമറിയാം. കൊല്ലത്ത് പുനലൂരിൽ മറ്റൊരു വ്യവസായിക്ക് ആത്മഹത്യ ചെയ്യേണ്ടതായി വരുന്നു; അതിനുപുറകിൽ ഭരണപക്ഷത്തെ രണ്ടാമത്തെ പാർട്ടിയാണ്. വ്യവസായികൾക്ക് നേരെ കല്ലേറ് നടക്കുന്നൊരു നാടായി കേരളം ഇന്ന് മാറുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ASCEND-നെക്കുറിച്ചെല്ലാം പറഞ്ഞു. ഇത്ര വലുതായി കൊട്ടിഘോഷിച്ച് നടക്കുന്ന നിക്ഷേപക സംഗമങ്ങൾ കൊണ്ട് ഇതുവരെ കേരളത്തിന് എന്ത് നേട്ടമാണ് ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവർ നിരവധി വിദേശരാജ്യങ്ങൾ സന്ദർശിച്ച് തിരിച്ചുവരുമ്പോൾ ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. ഏതളവുവരെ അതൊക്കെ പ്രായോഗികമായി മുന്നോട്ട് പോകുന്നുണ്ട്. ധൂർത്തല്ലാതെ മറ്റെന്തെങ്കിലും ഇവിടെ നടക്കുന്നുണ്ടോ എന്നുള്ളത് വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിന് കഴിയുമെന്നാണ് ഞാൻ

പ്രതീക്ഷിക്കുന്നത്, അതിനുവേണ്ടി ഞാൻ കാത്തുനിൽക്കുകയാണ്. 40,000/- കോടി രൂപയുടെ ധാരണാപത്രം, ഈ പറഞ്ഞ ASCEND-ൽ ഒപ്പിട്ടുവെന്നാണ് പറയുന്നത്. 98,000/- കോടി രൂപ ധാരണയായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പറഞ്ഞു. ഒരു ലക്ഷവും അമ്പതിനായിരം കോടിയിലും കുറഞ്ഞ കണക്കൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നില്ല. പക്ഷേ കണക്ക് മാത്രമേ നിൽക്കുകയുള്ളൂ എന്നുള്ളതാണ്. ഇതൊക്കെ പലതും expression of interest ആണ്, താൽപ്പര്യപത്രം മാത്രമാണ്. അതിനപ്പുറത്തേക്ക് ധാരണാപത്രത്തിലേക്ക് പോലും പലതും പോയിട്ടില്ല; നടപടി ക്രമങ്ങളിലേക്കൊന്നും കടന്നിട്ടില്ല. പക്ഷേ വലിയ രീതിയിലുള്ള പ്രചരണത്തിനുവേണ്ടി ഇതൊക്കെ ഉപയോഗപ്പെടുത്തുന്നുവെന്നുള്ളതാണ്. കൊച്ചിയിൽ നടന്ന ASCEND-ൽ 500 കോടി രൂപയുടെ നിക്ഷേപം വാഗ്ദാനം ചെയ്തൊരു കമ്പനി രണ്ട് മാസമായി അവിടത്തെ ജീവനക്കാർക്ക് ശമ്പളം പോലും നൽകിയിട്ടില്ലെന്നുള്ളതാണ് പുറത്തുവന്ന വാർത്ത. ഇതാണ് ഇതിന്റെ മൊത്തത്തിലുള്ള അവസ്ഥ. എത്ര അപഹാസ്യമായ അവസ്ഥയിലേക്കാണ് കാര്യങ്ങൾ പോകുന്നതെന്ന് നമുക്ക് കാണാതിരിക്കാൻ കഴിയില്ല. Nissan-ന്റെ ചീഫ് ഇൻഫർമേഷൻ ഓഫീസർ ശ്രീ. ടോണി തോമസിന്റെ ഫേസ്ബുക്ക് പോസ്റ്റുണ്ടായിരുന്നു. അദ്ദേഹം

പറഞ്ഞത് ഇവിടെ ഒരു ഭാഗത്ത് ഇൻവെസ്റ്റർ മീറ്റും മറുഭാഗത്ത് ഇൻവെസ്റ്റർ പരാലിസിസുമാണ് നടക്കുന്നതെന്നാണ്. വ്യവസായികളെ ബുദ്ധിമുട്ടിക്കുകയും അവരെ മൊത്തത്തിലൊരു മാന്ദ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണ് ഇവിടെ നടക്കുന്നതെന്ന് കാണാതിരിക്കാൻ കഴിയില്ല. പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എൺപത്തഞ്ചിലേറെ യൂണിറ്റുകളുണ്ട്. റോഡുപോലും അവിടെയില്ല, കുടിവെള്ളക്ഷാമം നേരിടുന്നു, ചുറ്റുമതിലില്ല; ഇത്തരം അവസ്ഥയാണ് ഇതുപോലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് ആരെയാണ് സംരക്ഷിക്കുന്നത്. ഏറ്റവും ഒടുവിലല്ലേ വ്യവസായ വകുപ്പ് ഡയറക്ടറും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുമായ ശ്രീ. കെ. ബിജുവിനെ രായ്ക്കുരാമാനം ഈ ഗവൺമെന്റ് സ്ഥലം മാറ്റിയത്. ക്യാബിനറ്റുപോലും ചർച്ച ചെയ്യാതെ ഇത്ര തിടുക്കത്തിൽ ആ ഉന്നത ഉദ്യോഗസ്ഥനെ സ്ഥലം മാറ്റേണ്ട കാര്യമെന്തായിരുന്നു. അദ്ദേഹത്തിന്റെ ഔദ്യോഗികമായിട്ടുള്ള ട്രാക്ക് റിക്കാർഡ് നമുക്കറിയാം. അദ്ദേഹത്തിന് ഈ ഗവൺമെന്റിലെ മന്ത്രിമാരിലുള്ള മറ്റ് തരത്തിലുള്ള സ്വാധീനവും നമുക്കറിയാം. എന്നിട്ടുപോലും ആ ഉദ്യോഗസ്ഥനെ ഏത് ലോബിക്ക് വേണ്ടിയാണ് ഈ ഗവൺമെന്റ് സ്ഥലം മാറ്റിയതെന്ന്

പരിശോധിക്കുമ്പോൾ കരിമണൽ ലോബിക്ക് വേണ്ടിയിട്ടാണെന്ന് നമുക്ക് കാണാൻ സാധിക്കും. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപിതമായിട്ടുള്ള പ്രകടന പത്രികയിലെ മുദ്രാവാക്യമാണ് സ്വകാര്യ മേഖലയിൽ ഖനനാനുമതി ഇല്ല, ഖനനം പൊതുമേഖലയിലേക്ക് മാറ്റുമെന്നുള്ളത്. എന്നിട്ടാണ് സ്വകാര്യ മേഖലയിലെ കമ്പനികളെ സഹായിക്കുന്നതിനുവേണ്ടി, അതിനെതിരായി നിന്ന കേന്ദ്ര നിയമങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട്, അതിൽ കൃത്യമായ നിലപാടെടുത്ത ഉദ്യോഗസ്ഥനെ രായ്ക്കുരാമാനം സ്ഥലം മാറ്റുന്നത്. അതോടൊപ്പംതന്നെ വനാതിർത്തിയിൽ പത്ത് കിലോമീറ്റർ വരെയുള്ള പാറമടകൾക്ക് നിരോധനം നൽകണമെന്നുള്ള നിർദ്ദേശം നിലനിൽക്കുമ്പോൾ അതിനെ മറികടക്കുന്നതിനും ഈ ഉദ്യോഗസ്ഥനാണ് തടസ്സം എന്നുള്ളതുകൊണ്ടാണോ ഇദ്ദേഹത്തെ സ്ഥലം മാറ്റുന്നത് എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഇവിടെ നേരത്തെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം അഴിമതിയെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് CAMPCO (Central Arecanut and Cocoa Marketing and Processing Co-operative Limited) ഡയറക്ടർക്കെതിരെ ആരംഭിച്ച വിജിലൻസ് അന്വേഷണം ഈ സർക്കാർ അട്ടിമറിച്ച് പൂർണ്ണമായും

ഇല്ലാതാക്കിയിരിക്കുകയാണ്. അങ്ങനെ അഴിമതിക്കാരെ സംരക്ഷിക്കുകയും അഴിമതിക്ക് ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്യുന്ന ഒരു വകുപ്പായി ഈ ഗവൺമെന്റിന്റെ വ്യവസായ വകുപ്പ് മാറിയിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട ചെയറിന് അഴിമതി ആരോപണം ഉന്നയിക്കാനുള്ള അനുവാദം ചോദിച്ചുകൊണ്ട് എഴുതി നൽകിയിട്ടുണ്ട്. കേരളത്തിൽ എത്രയോ കാലങ്ങളായി നിലനിൽക്കുന്ന, വലിയ രീതിയിൽ നമ്മളൊക്കെ പ്രതീക്ഷയോടെ നോക്കിക്കൊണ്ടിരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കെൽട്രോൺ. ഇന്ന് കെൽട്രോണിന്റെ അവസ്ഥ എന്താണ്; കെൽട്രോൺ ഒരു മൊട്ടുസൂചിപോലും ഇന്ന് മര്യാദക്ക് ഉൽപ്പാദിപ്പിക്കുന്നുണ്ടോ? ഒരു കാലത്ത് കേരളത്തിന്റെ വ്യാവസായിക വിപ്ലവത്തിന്റെ പ്രതീക്ഷയായി നിലകൊണ്ടിരുന്ന ആ സ്ഥാപനം ഇന്ന് അഴിമതിയുടെ കൂത്തരങ്ങായി മാറിക്കൊണ്ടിരിക്കുകയാണ്. പല കമ്പനികളുടേയും സാധനങ്ങൾ വെറുതെ വാങ്ങിച്ചുകൂട്ടി അതിൽ സ്റ്റിക്കർ ഒട്ടിച്ച് കൂടിയ വിലയ്ക്ക് മറിച്ച് കൊടുക്കുന്ന ദല്ലാൾ പണിയല്ലാതെ കെൽട്രോണിൽ എന്തെങ്കിലും നടന്നിട്ടുണ്ടോ? ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കും എം.ഡി. മാരെയും മറ്റുള്ളവരെയും നിയമിച്ചപ്പോൾ മുതൽ വിവാദം തുടങ്ങിയതാണ്.

കെൽട്രോണിന്റെ എം.ഡി.-യായി നിയമിച്ചതാരെയാണ്? എച്ച്.എം.ടി.-യിൽ യാതൊരുതരത്തിലുള്ള പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളും ചെയ്തു ശീലിച്ച് പരിചയമില്ലാത്ത ഒരാളെയാണ് കെൽട്രോണിന്റെ എം.ഡി.-യായി നിയമിച്ചത്. അവർക്ക് ജോലിയിൽ താൽപ്പര്യമില്ല, ശ്രദ്ധിക്കാനും കഴിയുന്നില്ല. ഈ അവസരം മുതലെടുത്തുകൊണ്ടാണ് വലിയ ദല്ലാളൻമാർ കെൽട്രോണിന്റെ മറവിൽ വലിയ ഡീലുകൾ നടത്തികൊണ്ടിരിക്കുന്നത്. പോലീസുമായി ബന്ധപ്പെട്ട് കെൽട്രോൺ നടത്തികൊണ്ടിരിക്കുന്ന ഡീലുകളെകുറിച്ച് ഞാൻ പറയേണ്ട കാര്യമില്ല. സി.എ.ജി. റിപ്പോർട്ട് അതിനുള്ള തെളിവാണ്. കെൽട്രോൺ പ്ലസ് ശ്രീ. ലോകനാഥ് ബെഹ്റ പ്ലസ്, സ്വകാര്യ കമ്പനികൾ...... ഇതാണ് പോലീസുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സമവാക്യം. Panasonic toughpad-മായി ബന്ധപ്പെട്ട് കെൽട്രോണും പാനസോണിക്കും തമ്മിൽ അയച്ച കത്തിടപാടുകൾ ഇവിടെ സഭയിലടക്കം ചർച്ചയായി വന്നതാണ്. ശ്രീ. ലോകനാഥ് ബെഹ്റ പ്രതീക്ഷിക്കുന്നത് ഒരുലക്ഷം രൂപയ്ക്കിത് വാങ്ങണമെന്നുള്ളതാണ്. അതിനനുസരിച്ച് ഞങ്ങളുടെ ലാഭത്തിൽ കുറവ് വരുത്താതെ എത്രയാണെന്ന് വച്ചാൽ നിങ്ങൾ വിലയിട്ടശേഷം അത് ഞങ്ങൾ ശ്രീ. ലോകനാഥ് ബെഹ്റയെ കൊണ്ട്

വാങ്ങിപ്പിച്ചോളാം എന്ന് കെൽട്രോൺ പറയുന്ന തരത്തിൽ കെൽട്രോൺ അധഃപതിക്കാൻ പാടുണ്ടോ? വ്യവസായ വകുപ്പ് മന്ത്രിയുടെ കീഴിലുള്ള സ്ഥാപനമല്ലേ; കെൽട്രോണിന്റെ ഇത്തരത്തിലുള്ള ഇടപാടുകൾ ഇവിടെമാത്രം നിൽക്കുകയാണോ; ഉപകരണങ്ങളുടെ സംഭരണത്തിലുള്ള ദർഘാസ് നടപടിയെ നിഷ്ഫലമാക്കിയെന്നും കെൽട്രോൺ, പാനാസോണിക്, പോലീസ് വകുപ്പ് എന്നിവയുമായി അവിശുദ്ധ ബന്ധമാണെന്ന് സി.എ.ജി. റിപ്പോർട്ടിൽ വ്യക്തമായി പറയുകയാണ്. ഇത് മാത്രമാണോ; Voice logger വാങ്ങിയതിൽ 1.72 ലക്ഷത്തിന് law abiding technology നൽകാമെന്ന് പറഞ്ഞ് സാധനം 3 ലക്ഷം രൂപയ്ക്കാണ് കെൽട്രോൺ വാങ്ങി പോലീസിന് നൽകുന്നത്. X-ray baggage inspection system-ൽ ഇതുപോലെ ലക്ഷക്കണക്കിന് രൂപയാണ് കൂട്ടിവച്ചുകൊണ്ട് അഴിമതി നടത്തുന്നത്. ശബരിമലയുടെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയതിൽപ്പോലും ഏതാണ്ട് ഒന്നരക്കോടി രൂപ അധികം നൽകി നഷ്ടം വരുന്ന സാഹചര്യം ഇവിടെയുണ്ടായി. മൂന്നുനാല് ഇരട്ടിയാണ് ഓരോ സാധനത്തിനും കെൽട്രോൺ വില ഈടാക്കുന്നത്. Metal Detector 57 ലക്ഷം രൂപയ്ക്കാണ് വാങ്ങാൻ തീരുമാനിച്ചത്, എന്നാൽ 19 Multizone Door Frame Metal Detector കെൽട്രോൺ വാങ്ങികൊടുക്കുന്നത് 1 കോടി 22

ലക്ഷത്തിനാണ്. മൂന്ന് Non Linear Junction Detector 30 ലക്ഷം രൂപയ്ക്ക് വാങ്ങാമായിരുന്നത് കെൽട്രോൺ വാങ്ങി നൽകിയത് 1 കോടി 4 ലക്ഷത്തിനാണ്. കെൽട്രോണിന്റെ ഓഫീസിൽ പലരീതിയിൽ ഇങ്ങനെ വാങ്ങിക്കൂട്ടിയ അഞ്ഞൂറിലേറെ Tablet Personal Computer-കൾ അവിടെ യാതൊരുതരത്തിലും ഉപയോഗിക്കാതെ കേടായി കിടക്കുകയാണ്. ഇതിലൊക്കെ വലിയരീതിയിലുള്ള അഴിമതി നടന്നിട്ടുണ്ടെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിനുശേഷം സ്വന്തമായി ലാപ്ടോപ് നിർമ്മിക്കാൻ 'coconics laptop' എന്നുപറയുന്ന ഒരു സ്ഥാപനം തുടങ്ങാൻവേണ്ടി കെൽട്രോൺ തീരുമാനിച്ചു. ഇതിനുവേണ്ടി കെൽട്രോണിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും അതിലെ കെട്ടിടവും സ്വകാര്യ കമ്പനികൾക്ക് തീറെഴുതാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഗൗരവമായി കാണണ്ടേ? കെൽട്രോൺ മൂന്നരക്കോടി രൂപ ലോൺ എടുത്ത് മൺവിള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പി.സി.ബി. യൂണിറ്റായി പ്രവർത്തിച്ചിരുന്ന പഴയ ഇടിഞ്ഞുപൊളിഞ്ഞു വീഴാറായ കെട്ടിടം പുതിയ കെട്ടിടം കെട്ടാതെ പുതുക്കിപ്പണിയുന്നു. അതോടൊപ്പം രണ്ടേകാൽ ഏക്കർ സ്ഥലം ഈ പദ്ധതിക്കുവേണ്ടി നീക്കിവയ്ക്കുന്നു. എന്നിട്ട് ഇത് പൊതുസ്ഥാപനമാണെന്ന്

പറയുന്നു. യഥാർത്ഥത്തിൽ എത്രയാണ്? കെൽട്രോണിന് വെറും 26 ശതമാനം ഓഹരി മാത്രമാണുള്ളത്. ബാക്കി 51 ശതമാനം യു.എസ്.ടി. ഗ്ലോബലിനാണ്. എന്നിട്ട് സംഭവിക്കുന്നത് എന്താണ്? ഉൽപ്പന്നങ്ങൾ ചൈനയിൽ പോയി വാങ്ങിയിട്ടുപോലും ഇവിടെ നിർമ്മിക്കുന്നില്ല. ചൈനീസ് ഉൽപ്പന്നം വാങ്ങി സ്റ്റിക്കർ ഒട്ടിച്ച് നൽകുന്നതിനുവേണ്ടി സ്വകാര്യ കമ്പനിക്ക് 51 ശതമാനം ഓഹരി പങ്കാളിത്തം അനുവദിച്ചുകൊണ്ടുള്ള ഒരു വലിയ അഴിമതിയാണ് കെൽട്രോൺ കേന്ദ്രീകരിച്ച് നടന്നുകൊണ്ടിരിക്കുന്നത്. ഇതിനായി അഴിമതിയില്ലാതെ ചൈനായാത്ര നടക്കുന്നു. ശ്രീ. പി. കെ. ബഷീർ എം.എൽ.എ. ഇപ്പോൾ നിയമസഭയിലില്ല. അദ്ദേഹം കഴിഞ്ഞ പത്താം സമ്മേളനത്തിൽ ഇതുമായി ബന്ധപ്പെട്ടൊരു ചോദ്യം ചോദിച്ചു. യു.എസ്.ടി. ഗ്ലോബലിനുള്ള സ്ഥലം നൽകില്ലെന്നാണ് സഭയിൽ വ്യവസായ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ പറയുന്നത്. അതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ മുന്നോട്ടുപോകുന്നു. ഇതിനുവേണ്ടി ഒൻപതാം സമ്മേളനത്തിൽ അതേ എം.എൽ.എ. 05-02-2018-ന് എം.ഡി.-യുടെ ചൈനായാത്രയുമായി ബന്ധപ്പെട്ട് ഒരു ചോദ്യം ചോദിച്ചു. ഉദ്യോഗസ്ഥൻമാർ ഇങ്ങനെ സർക്കാർ അനുമതിയില്ലാതെ വിദേശരാജ്യങ്ങളിൽ സന്ദർശിക്കാൻ പാടുള്ളതല്ലെന്ന്

05-02-2018-ൽ ഉത്തരം പറയേണ്ടിയിരുന്നതിന്റെ മൂന്നു ദിവസം മുൻപ് രണ്ടാം തീയതി അനുമതി ratify ചെയ്തുകൊണ്ട് സർക്കാർ ഉത്തരവിറങ്ങുകയാണ്. ഇങ്ങനെ സഭയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ നുണപറഞ്ഞുകൊണ്ട് ഈ രീതിയിൽ വലിയ അഴിമതികൾ നടക്കുമ്പോൾ ഇതിനുപുറകിലുള്ള ആളുകൾ ആരാണെന്നാണ് ഈ ഗവൺമെന്റ് വ്യക്തമാക്കേണ്ടത്? സിംസും ഗ്യാലക്സോണുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ സഭയിൽ ചർച്ച ചെയ്യേണ്ടതാണ്. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. പക്ഷേ ഇതിലൊക്കെ കെൽട്രോണിന്റെ ഇടപെടലാണ് കാണുന്നത്. ആരാണ് ഗ്യാലക്സോണിന്റെ പ്രവർത്തനം നടത്തുന്നത്? ബർനാഡ് രാജന് ഗവൺമെന്റും മന്ത്രിമാരും മുഖ്യമന്ത്രിയുമായുള്ള ബന്ധമെന്താണ്; ഇത് കേരളം അറിയേണ്ടതല്ലേ; വിദേശരാജ്യങ്ങളിൽ പലപ്പോഴും ഈ മന്ത്രിമാർ അനുഗമിക്കുന്നത് ബർനാഡ് രാജാണെന്നുള്ള ആക്ഷേപം പലരീതിയിൽ പുറത്തുവരുന്നു. അതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. കെൽട്രോണുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമഗ്രമായി അന്വേഷിക്കണം. അക്കാര്യത്തിൽ അഞ്ചോ പത്തോ വർഷമെടുത്ത് അന്വേഷിച്ചാലും ഞങ്ങൾക്ക് വിരോധമില്ല. ഇത് രാഷ്ട്രീയമെന്ന് പറയണ്ട.

കഴിഞ്ഞ പത്തുവർഷത്തെ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമഗ്രമായി അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇപ്പോൾ കെൽട്രോണിനെതിരെ മാത്രമാണ് പറയുന്നതെങ്കിലും ഈ അന്വേഷണത്തിന് വിമുഖത കാണിക്കുകയാണെങ്കിൽ ഈ ഗവൺമെന്റിനും മന്ത്രിമാർക്കും അതിൽ നേരിട്ട് പങ്കുണ്ടെന്ന് നാം വിശ്വസിക്കേണ്ടതായി വരും. അതുകൊണ്ട് ഇതിൽ ഗവൺമെന്റ് അന്വേഷണം പ്രഖ്യാപിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ആ ആവശ്യത്തെ ഒന്നുകൂടി അടിവരയിട്ട് ഓർമ്മപ്പെടുത്തികൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ച് ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഒരു ചുക്കും ചുണ്ണാമ്പും ചെയ്യാത്തവരാണ്. ശ്രീ. വി. ടി. ബൽറാമിനെ പോലുള്ള ആളുകൾ വാചക കസർത്ത് നടത്തുകയാണ്. ഇവിടെ ഏറ്റവും ഒടുവിൽ അദ്ദേഹം പറഞ്ഞ് നിർത്തിയത് വിദേശയാത്രകളെകുറിച്ചാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കയർ തൊഴിലാളികളുടെയും കശുവണ്ടി തൊഴിലാളികളുടെയും പാവപ്പെട്ട മനുഷ്യരുടെയും പണം നൽകാതെ

വിദേശയാത്ര ചെയ്തവരാണ്; അനധികൃതമായി നിരവധി യാത്രകൾ ചെയ്തവരാണ് ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗമായി സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ട് യാത്രകളെ അധിക്ഷേപിച്ച് സംസാരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, 'ഗെയിൽ പദ്ധതി' നിങ്ങളുടെ ഭരണകാലത്ത് ഉപേക്ഷിച്ച പദ്ധതിയാണ്. ആ പദ്ധതിക്ക് ജീവൻ നൽകി കേരളത്തിന്റെ മണ്ണിൽ നടപ്പാക്കാൻ ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ച സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ 11 പൊതുമേഖലാ സ്ഥാപനങ്ങളെ കുളംതോണ്ടി ഇല്ലായ്മചെയ്ത് നശിപ്പിച്ച് വലിയ നഷ്ടത്തിലാക്കി. ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും കേരളത്തിന്റെ ബഹുമാന്യനായ വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ വൻ കുതിച്ചുചാട്ടം നടത്തിയ നാലുവർഷക്കാലമാണ് പിന്നിടാൻ പോകുന്നത്. കേരള സംസ്ഥാനത്തിന്റെ വികസനത്തിന് കാർഷിക മേഖല കഴിഞ്ഞാൽ അനന്തമായ സാധ്യതകളുള്ളത് നമ്മുടെ വ്യാവസായിക മേഖലയാണ്; ആ വ്യാവസായിക മേഖലയുമായി ചേർന്നുനിൽക്കുന്ന, പരസ്പരം ബന്ധപ്പെടുത്താൻ

പറ്റുന്ന, ചേർത്തുവയ്ക്കുന്ന മേഖലയാണ് വിദ്യുച്ഛക്തി മേഖല. യഥാർത്ഥത്തിൽ ഈ സർക്കാരിന്റെ ഇരുധ്രുവങ്ങളിലെ രണ്ടുശക്തി കേന്ദ്രങ്ങളാണ് ശ്രീ. എം. എം. മണിയും ശ്രീ. ഇ. പി. ജയരാജനും. ഈ സർക്കാരിന്റെ ഇരുധ്രുവങ്ങളിലുള്ള കിങ്മേക്കേഴ്സാണ് ഇരുവരുമെന്ന് പറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമാണുള്ളത്. കേരളത്തിൽ വിദേശത്തുനിന്നും മടങ്ങിയെത്തുന്ന നിരവധി പ്രവാസികൾ ഒരു ചെറുകിട സംരംഭം ആരംഭിക്കണമെന്ന് ആഗ്രഹിച്ചാൽ അതിനനുകൂലമായ അന്തരീക്ഷം ഈ സംസ്ഥാനത്ത് സൃഷ്ടിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ സുസ്ഥിര വികസന സൂചികയിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തിയെങ്കിൽ വ്യാവസായിക മേഖലയിൽ, പൊതുമേഖലയിലുള്ള ശക്തമായ ഇടപെടലുകളാണെന്ന് അതിന് കാരണമെന്ന് കാണാൻ കഴിയും. ഒരു സൗഹൃദ സംസ്ഥാനമായി കേരളം ഇന്ന് മാറിയിട്ടുണ്ട്. കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾക്ക് ജീവവായു നൽകിയ ഒരു ഗവൺമെന്റാണിത്. പരമ്പരാഗത വ്യവസായ മേഖലയിൽ വലിയ തകർച്ച ഉണ്ടായ സന്ദർഭത്തിൽ നിന്നും ആ മേഖലയെ സാവധാനം പിടിച്ചുയർത്തി മുന്നിലേയ്ക്ക് കൊണ്ടുവരുന്നതിൽ വ്യവസായിക വകുപ്പ് നിർണ്ണായകമായ സംഭാവനകൾ നൽകിയിട്ടുണ്ട് എന്ന് കാണാൻ കഴിയും. 2015-16 -ലെ കണക്കുകൾ

പരിശോധിച്ചാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ 131.60 കോടി രൂപയുടെ നഷ്ടം പൊതുമേഖലാ വ്യവസായങ്ങൾക്കുണ്ടായിരുന്നുവെങ്കിൽ അത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് 2016-17 -ൽ നഷ്ടം 80.67 കോടിയായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. 2017-18 -ൽ 5.11 കോടി ലാഭത്തിലേക്ക് എത്തിക്കുവാൻ കഴിഞ്ഞു. 2018-19- ൽ വീണ്ടും ഉയർന്ന് 8.26 കോടി ലാഭത്തിലേയ്ക്ക് എത്തുകയാണ്. അങ്ങനെ ഈ സംസ്ഥാനത്തെ നിരവധിയായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്കെത്തിച്ചു. ട്രാവൻകൂർ ടൈറ്റാനിയം ലാഭത്തിലായി; അടച്ചുപൂട്ടുമെന്ന് കരുതിയ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ലാഭത്തിലായി; അങ്ങനെ പറയുവാൻ നിരവധിയായിട്ടുള്ള സ്ഥാപനങ്ങളുണ്ട്. KERALA CERAMICS, TRACO, KEL, SILK, KMML, KELTRON, TITANIUM തുടങ്ങി ലാഭത്തിൽ നിന്നും വീണ്ടും വീണ്ടും ഉയർന്ന ലാഭത്തിലേയ്ക്ക് കൊണ്ടുപോകുന്ന ഒരു മികച്ച മാനേജ്മെന്റ് പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ന് ഉണ്ടാകുന്നുവെന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വലിയ സംഭാവന നൽകുന്ന കൈത്തറി മേഖലയിൽ വലിയ മാറ്റമാണ് കഴിഞ്ഞ നാല് വർഷക്കാലത്തിനകത്ത് ഉണ്ടാക്കാൻ

കഴിഞ്ഞിട്ടുള്ളത്. അതിൽ 233 കൈത്തറി സംഘങ്ങൾ സജീവമാകുന്ന സ്ഥിതി വിശേഷമുണ്ടായി. ചേന്ദമംഗലം കൈത്തറിയെ പുനരുജ്ജീവിപ്പിച്ചു. പ്രളയത്തെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് വ്യവസായിക മേഖലയിലുണ്ടായിട്ടുള്ള പരിക്കുകൾ, അതിനെ ഭേദപ്പെടുത്തുവാൻ കേരളത്തിന്റെ വ്യാവസായിക മേഖലയിൽ പ്രളയവുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടായിട്ടുള്ള പരിമിതികളെയും പോരായ്മകളെയുമൊക്കെ പരിഹരിച്ച് മുന്നേറാൻ കഴിയുന്നു എന്നുള്ളത് ഏറെ സന്തോഷകരമായ കാര്യമാണ്. നിങ്ങൾ ശ്രദ്ധിക്കുക, ഈ രാജ്യത്തെ കേന്ദ്ര ഗവൺമെന്റ് ആയിക്കൊള്ളട്ടെ നിരവധിയായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. നിരവധിയായിട്ടുള്ള സ്ഥാപനങ്ങളുണ്ട്. BPCL (Bharat Petroleum Corporation Ltd.) രാജ്യത്തെ രണ്ടാമത്തെ വലിയ പൊതുമേഖലാ സ്ഥാപനമാണ്. 53.29% ഓഹരിയും വിൽക്കുവാൻ വേണ്ടി തീരുമാനിക്കപ്പെടുമ്പോൾ അതിനെതിരെ സന്ധിയില്ലാത്ത പോരാട്ടങ്ങൾ നടത്തുന്നത് ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലാണെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. അങ്ങനെ ലാഭത്തിൽ പ്രവർത്തിക്കുന്ന നിരവധിയായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കുവാൻ ഈ രാജ്യത്തെ ഭരണാധികാരികൾ, ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തുമ്പോൾ കോൺഗ്രസ്

ഇക്കാര്യത്തിൽ സ്വീകരിക്കുന്ന സമീപനമെന്താണ്? കോൺഗ്രസിന്റെ ഭരണകാലത്ത് യു.പി.എ.- യുടെ ഭരണകാലത്ത്, മൻമോഹൻസിംഗിന്റെ ഭരണകാലത്ത് രാജ്യത്തെ എടുത്തു പറയാവുന്ന NALCO (National Aluminium Company Ltd.) -യും BALCO (Bharat Aluminium Company Ltd.) -യും ഉൾപ്പെടെ രാജ്യത്തെ നിരവധിയായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കണമെന്ന് തീരുമാനിച്ചത് U.P.A (United Progressive Alliance) -യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റായിരുന്നു. ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ ബി.ജെ.പി.-യും കോൺഗ്രസും ഭരണത്തിൽ വരുമ്പോൾ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഓരോന്നോരോന്നായി വിൽക്കുക എന്നത് ഒരു ശീലമായി മാറുകയാണ്. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ നികുതിപ്പണം കൊണ്ട് പടുത്തുയർത്തിയ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്കുവേണ്ടി വിൽക്കുന്നതിലേക്ക് കാര്യങ്ങൾ പോവുകയാണ്. അങ്ങനെ വിൽക്കപ്പെടുമ്പോൾ അംബാനിമാരുടെയും അദാനിമാരുടെയുമൊക്കെ വസതികളിൽ കിടന്നുറങ്ങുവാൻ അമിത് ഷായും നിർമ്മലാ സീതാരാമനും മോദിയുമെല്ലാം ശ്രമിക്കുമ്പോൾ, അതിനെതിരെ ഏറ്റവും ശക്തമായ പ്രതിരോധത്തിന്റെ/സമരത്തിന്റെ ഐക്യനിര ഉയർന്നു വരേണ്ടതുണ്ടെന്ന് കാണാൻ കഴിയും. കേരളത്തിന്റെ വിദ്യുച്ഛക്തി മേഖലയിൽ വലിയ മാറ്റമുണ്ടായ

നാളുകളാണിത്. സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. പവർകട്ടും ലോഡ് ഷെഡ്ഡുമില്ലാത്ത സംസ്ഥാനമായി കേരളം മാറിയിട്ടുള്ളത് രാജ്യത്തിനുതന്നെ മാതൃകയാണ്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്, വിതരണ നഷ്ടം കുറയ്ക്കുന്നതിന്, 12.47-ലേയ്ക്ക് പ്രസരണ നഷ്ടവും വിതരണ നഷ്ടവും 9 ശതമാനത്തിൽ താഴെ എത്തിക്കുന്നതിൽ വിദ്യുച്ഛക്തി വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നത് ഒരു മികച്ച ടീം വർക്കാണ്. 20 ലക്ഷത്തിൽ പരം വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് സൗകര്യമൊരുക്കുന്നതിന്, വാഹനങ്ങൾ പുറത്തിറക്കി വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന്, 14 ലക്ഷം കുടുംബങ്ങൾക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള ധീരോദാത്തമായിട്ടുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. കേരളത്തിനാവശ്യമായിട്ടുള്ള മുഴുവൻ വൈദ്യുതിയും നമുക്കിവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ലെന്ന പ്രശ്നവുമുണ്ട്. വൈദ്യുതി പലപ്പോഴും ഇതര സംസ്ഥാനങ്ങളിൽ നിന്നും മറ്റ് കേന്ദ്രങ്ങളിൽ നിന്നും വാങ്ങേണ്ടി വരികയാണ്. പക്ഷേ അത്തരം പരിമിതികൾക്കകത്തു നിന്നുകൊണ്ടും കേരളത്തിന്റെ ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും ഇവിടെ 205 മെഗാവാട്ട് വൈദ്യുതി അധികം ഉല്പാദിപ്പിക്കുന്നതിനും കൂടുതൽ സാധ്യതകൾ ആരായുന്നതിനും പഠനം

നടത്തുന്നതിനും ഗവേഷണം നടത്തുന്നതിനും മുന്നോട്ട് പോകുന്നതിനും വിദ്യുച്ഛക്തി വകുപ്പിനെ ഏറ്റവും മികച്ച നിലയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നു എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. 1000 കോടി മുതൽ മുടക്കുള്ള ട്രാൻസ്ഗ്രിഡ് പദ്ധതിയുൾപ്പെടെ ഇ-സേഫ് പദ്ധതി, ദ്യുതി പദ്ധതി, പുരപ്പുറ സൗരോർജ്ജ പദ്ധതി എന്നിവ ഉൾപ്പെടുന്നു. ഫിലമെന്റ് ബൾബുകൾ നീക്കി പകരം 2.50 കോടി LED ബൾബുകൾ കഴിഞ്ഞ ഒരു വർഷക്കാലത്തിനകം സംസ്ഥാനത്ത് വിതരണം ചെയ്തതുൾപ്പെടെയുള്ള ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് വിദ്യുച്ഛക്തി മേഖലയിൽ നടന്നിട്ടുള്ളത്. വൈദ്യുതി വകുപ്പ് മന്ത്രി ശ്രദ്ധിക്കാൻ വേണ്ടി സൂചിപ്പിക്കാനുള്ളത്; പലപ്പോഴും നമ്മുടെ ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുന്നതിന് ഒരു സംവിധാനം/ഒരു കൺട്രോൾ റൂം ഉണ്ടാകേണ്ടതാണ്; എറണാകുളത്തും തിരുവനന്തപുരത്തുമെല്ലാം കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. ക്രഷർ യൂണിറ്റുകൾ സ്വിച്ച് ഓഫ് ചെയ്യുന്നത് വളരെ പൊടുന്നനെയാണെങ്കിലോ അതിനൊരു കൺട്രോളിംഗ് സിസ്റ്റമില്ലായെങ്കിലോ പലപ്പോഴും സംഭവിക്കുന്നത് കല്ലുകൾ കൺവെയർ ബെൽറ്റിനകത്ത് പിടിക്കാറുണ്ട്. സ്വിച്ച് ഓഫ് ചെയ്യപ്പെട്ട് കഴിഞ്ഞാൽ പിന്നെ ഈ കല്ല് താഴെ ഇട്ടതിനുശേഷം വീണ്ടും അതിന്റെ പ്രവർത്തനം ആരംഭിക്കേണ്ടി വരുമ്പോൾ ഇത്തരം സ്ഥാപനങ്ങൾക്ക് വലിയ പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്.

അതുകൊണ്ട് ഇലക്ട്രിക്കൽ സർക്കിൾ തലത്തിലോ/ജില്ലാ തലത്തിലോ ഒരു കൺട്രോൾ റൂം സിസ്റ്റം, തിരുവനന്തപുരത്തും എറണാകുളത്തും നഗരങ്ങളിൽ ചെയ്യുന്നതുപോലെയുള്ള മാതൃക സ്വീകരിക്കുന്നത് നന്നായിരിക്കും എന്നുള്ള ഒരു അഭിപ്രായം ഈ സന്ദർഭത്തിൽ രേഖപ്പെടുത്തട്ടെ.

അതോടൊപ്പം ഇലക്ട്രിക്കൽ സെക്ഷനുകളിൽ ജീവനക്കാരുടെ എണ്ണം ജനറലായിട്ടാണുള്ളത്. ഒരു സ്ഥലത്ത് ഒരു ഇലക്ട്രിക്കൽ സെക്ഷനിൽ 12 ജീവനക്കാരാണെങ്കിൽ മറ്റൊരു സ്ഥലത്തും 12 ആകും. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വളരെ കൂടുതലായിരിക്കും. ഇതിന്റെ അതിർത്തിയുടെയുമൊക്കെ പ്രശ്നം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ഇലക്ട്രിക്കൽ സെക്ഷനുകളിൽ ജോലിയുടെ ഭാരത്തിനനുസൃതമായി ഉള്ള ജീവനക്കാരെ പുനഃക്രമീകരിക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു ഇടപെടൽ നടത്തണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റ് ശ്രദ്ധിച്ച ഒരു പ്രധാനപ്പെട്ട കാര്യം, ഇടുക്കി ജില്ലയിലെ മിനി പ്രോജക്ടുകളായ തൊട്ടിയാറും പള്ളിവാസലും പദ്ധതികളുടെ പ്രവർത്തനം ഗവൺമെന്റ് പുനരാരംഭിച്ചിട്ടുള്ളതിനെ ഈ സന്ദർഭത്തിൽ സ്വാഗതം ചെയ്യുകയാണ്. മൂവാറ്റുപുഴയിൽ ഇലക്ട്രിക്കൽ സെക്ഷൻ നമ്പർ 1-ഉം ഇലക്ട്രിക്കൽ സബ് ഡിവിഷൻ മൂവാറ്റുപുഴയും ഇലക്ട്രിക്കൽ ഡിവിഷൻ ഇവ മൂന്നും ഉൾപ്പെടുത്തിക്കൊണ്ട്

മൂവാറ്റുപുഴയിൽ ഒരു വൈദ്യുതി ഭവൻ സ്ഥാപിക്കണമെന്ന് ഈ ചർച്ചയുടെ ഭാഗമായി ചേർത്തുകൊള്ളട്ടെ. മൂവാറ്റുപുഴയിലെ തൃക്കളത്തൂരിൽ ഒരു സെക്ഷൻ ഓഫീസ് അത്യന്താപേക്ഷിതമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വിദ്യുച്ഛക്തി മേഖലയിലും വ്യാവസായിക മേഖലയിലും സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിച്ച ഒരു കാലയളവാണിതെന്നുള്ളതാണ് ഏറെ സന്തോഷം. വലിയ പ്രതിസന്ധികൾക്കിടയിലും എല്ലാ വിഭാഗം ജനങ്ങളുമായി ബന്ധപ്പെട്ട് ഈ സംസ്ഥാനത്തിനുണ്ടാകാൻ പോകുന്ന വികസന മുന്നേറ്റത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളായിട്ടുള്ള ഈ രണ്ട് വകുപ്പുകളും ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മികച്ച പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുന്നുവെന്നുള്ളത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. യു.ഡി.എഫ്-നെ സംബന്ധിച്ച് അവർക്ക് അവരുടെ ഭരണകാലത്ത് പറയുവാൻ യാതൊരു നേട്ടവുമില്ലാതെയിരിക്കുന്ന ഈ സന്ദർഭത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ, ആരോഗ്യ മേഖലയിൽ, ലൈഫ് ഭവന പദ്ധതിയിൽ, ഈ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ, പട്ടയം നൽകുന്നതിൽ, ഭക്ഷ്യവിതരണ വകുപ്പിന്റെ പ്രവർത്തനത്തിൽ, സംസ്ഥാനത്തിന്റെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനവുമായി ബന്ധപ്പെട്ടുകൊണ്ട് കായിക മേഖലയിൽ നടത്തിയിട്ടുള്ള

പ്രവർത്തനങ്ങളിലൂൾപ്പെടെ, ഒട്ടേറെ മേഖലകളിൽ സജീവമായ സാന്നിദ്ധ്യവും പ്രവർത്തനവുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് മുന്നോട്ട് പോകുന്ന ഈ സന്ദർഭത്തിൽ ജനങ്ങളുടെ ഇടയിൽ നിന്ന് സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് എന്ന ഏറ്റവും വലിയ സൽപ്പേര് നേടിയിരിക്കുന്ന കാലയളവാണിത്; എന്റെ വാക്കുകൾ ഉപസംഹരിക്കട്ടെ. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് ഞാൻ വാക്കുകൾ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ ഇന്നത്തെ കാര്യവിവരപ്പട്ടിക അനുസരിച്ച് ഒരു മണി മുതൽ രണ്ടു മണിവരെ ധനവിനിയോഗ ബില്ലിന്റെ ചർച്ച നടത്തേണ്ടതുണ്ട്. അതിനാൽ ധനാഭ്യർത്ഥന ചർച്ച ഇപ്പോൾ നിർത്തിവച്ച് ധനവിനിയോഗ ബില്ലിന്റെ ചർച്ചയ്ക്കുശേഷം തുടരുന്നതായിരിക്കും.

## (2) 2020-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2020 - ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, 2020-ലെ ധനവിനിയോഗ ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ജെയിംസ് മാത്യു: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് ഈ സഭയിൽ പ്രസംഗിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയുകയുണ്ടായി. സാധാരണ അദ്ദേഹം സാമാന്യം സമചിത്തതയോടെ കാര്യങ്ങൾ പറയുന്ന ഒരു നിലയാണ് സ്വീകരിച്ചുവരാറുള്ളത്. എന്നാൽ എന്തുകൊണ്ടാണെന്നറിയില്ല കഴിഞ്ഞ ദിവസം അദ്ദേഹം സഭയിൽ പറഞ്ഞത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നുപറയുന്നത് നുണയാണ്, പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ആർദ്രം മിഷൻ നടത്തുന്നുവെന്ന് പറയുന്ന പ്രവൃത്തികളെല്ലാം നുണയാണ്, വ്യവസായ വകുപ്പ് നല്ല വളർച്ച നേടിയെന്ന് പറയുന്നതും നുണയാണ്, ലൈഫ് മിഷൻ 2,14,000 കുടുംബങ്ങൾക്ക് വീട് നൽകിയെന്ന് പറയുന്നത് പെരുംനുണയാണ് എന്നാണ്. സത്യം പറഞ്ഞാൽ അദ്ദേഹത്തിന് എന്താണ് സംഭവിച്ചതെന്ന് ഒട്ടും മനസ്സിലായില്ല. എന്തിനാണ് അദ്ദേഹം ഇങ്ങനെ കാര്യങ്ങൾ അവതരിപ്പിച്ചതെന്ന് എത്ര ആലോചിച്ചിട്ടും

മനസ്സിലാകുന്നില്ല. അദ്ദേഹം അതിന്റെ തുടർച്ചയായി ഒരു കാര്യംകൂടി പറഞ്ഞു, പെയ്ഡ് ന്യൂസുകളാണ് വരുന്നത്. ഈ സർക്കാർ പത്രമാധ്യമങ്ങളെ കൂട്ടുപിടിച്ച് പെയ്ഡ് ന്യൂസ് വരുത്തിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. ഇത് രണ്ടുംകൂടി ചേർത്ത് കേൾക്കുമ്പോൾ എന്തോ ഒരു പന്തികേട് പ്രതിപക്ഷനേതാവിന് സംഭവിച്ചിട്ടുണ്ടെന്നാണ് എനിക്കും തോന്നിയത്. പക്ഷെ, തൊട്ടടുത്ത ദിവസം പത്രം വന്നപ്പോഴാണ് അദ്ദേഹത്തിന്റെ ഈ അഭിപ്രായ പ്രകടനങ്ങൾക്ക് എന്താണ് ചേതോവികാരമെന്ന് മനസ്സിലായത്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി, അദ്ദേഹം ഏതാണ്ട് നാലുവർഷം തികയുന്നതിനിടയിലുള്ള കാലയളവിൽ ഈ സഭയിൽ അങ്ങനെ സംസാരിച്ച് കണ്ടിട്ടേയില്ല. അദ്ദേഹം ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾ ചോദിക്കാറില്ല, സബ്മിഷൻ അവതരിപ്പിക്കാറില്ല, അടിയന്തരപ്രമേയം അവതരിപ്പിക്കാറില്ല, അദ്ദേഹം പൊതുചർച്ചകളിൽ പങ്കെടുത്തതായി ഞാൻ കാണാറില്ല. ഇനി എന്റെ കുറവുകൊണ്ടാണോയെന്നറിയില്ല. പക്ഷെ അദ്ദേഹം സഭയ്ക്ക് പുറത്ത് ഒരു പത്രസമ്മേളനം നടത്തി ചില കാര്യങ്ങൾ പറയുകയുണ്ടായി. ആ പത്രസമ്മേളനത്തിന് ആധാരമാക്കിയ കാര്യങ്ങളാണ്, അല്ലെങ്കിൽ ആ രീതിയാണ് പ്രതിപക്ഷനേതാവിനെ പ്രകോപിപ്പിച്ചതെന്നാണ് ഞാൻ

മനസ്സിലാക്കുന്നത്. കാരണം, നമ്മുടെ പ്രതിപക്ഷനേതാവ് നാലുകൊല്ലമായി അശ്രാന്ത പരിശ്രമം നടത്തിയിട്ടും സാധിക്കാത്ത കാര്യം ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഒരൊറ്റ പത്രസമ്മേളനംകൊണ്ട് സാധിച്ചെടുത്തു. അതുകണ്ടാൽ ആർക്കും അസൂയ തോന്നും. അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത് ഇത് നുണയാണ്, നുണയാണ്, നുണയാണ്, പെരുംനുണയാണെന്ന്. എന്നാൽ മുൻ മുഖ്യമന്ത്രി എന്താണ് പറഞ്ഞത്? അദ്ദേഹം വളരെ സമർത്ഥനാണ്. ഇദ്ദേഹത്തിന് മൂന്നേമുക്കാൽ കൊല്ലം ഇതിനുള്ളിൽ സാധിക്കാത്തത്, അദ്ദേഹം സഭയിൽ അതിനായി ശ്രമിക്കാതിരിക്കുകയും പുറത്ത് പോയി പറയുകയും ചെയ്തു 214000 വീട് നിർമ്മിച്ചുനൽകിയെന്ന് പറയുന്നത് വെറും കളവാണെന്ന്. എന്റെ കാലത്ത് 4,34,282 വീടുകൾ കൊടുത്തിരുന്നു. എല്ലാ പത്രങ്ങളിലും വാർത്ത വന്നു, വലിയ വാർത്തയായിരുന്നു. അദ്ദേഹം തുടർന്ന് വിശദീകരിച്ചു. അദ്ദേഹത്തിന്റെ വിശദീകരണമെല്ലാം ചേർത്ത് പത്രത്തിൽ വന്ന വാർത്ത പരിശോധിച്ചാൽ കാണാൻ സാധിക്കുന്നത് ഇദ്ദേഹത്തിന്റെ അഞ്ചുവർഷക്കാലത്ത് ഏതാണ്ട് 4,34,000 വീടുകൾ പൂർത്തിയാക്കിയെന്നാണ്. ഞാൻ വളരെ ലളിതമായ ഒരു കണക്ക് ചോദിക്കുകയാണ്. ഞാൻ കണക്കിൽ ഒട്ടും വിദഗ്ദ്ധനല്ല, എങ്കിലും ചോദിക്കുകയാണ്. 4,34,282 വീടുകളിൽ

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ലഭിക്കാവുന്ന തുക കഴിഞ്ഞ്, അത് ഒരു ലക്ഷം രൂപയിൽ താഴെയേയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2 ലക്ഷം രൂപയാണ് കൊടുത്തത്. ഒരു ലക്ഷം രൂപ വീതം കൊടുത്തുവെന്നിരിക്കട്ടെ, കൊടുക്കണമല്ലോ. അഞ്ച് വർഷംകൊണ്ട് ഈ എണ്ണം വീടുകൾ പൂർത്തീകരിക്കാൻ ഒരു ലക്ഷം രൂപ വീതം കൊടുത്തെങ്കിൽ, ആ അഞ്ച് വർഷം നമ്മളെല്ലാം ഈ സഭയിലുണ്ടായിരുന്നു. ബഡ്ജറ്റിൽ എവിടെയെങ്കിലും അങ്ങനെയൊരു പ്രൊവിഷനുണ്ടെന്ന് കാണിച്ചുതരാൻ സാധിക്കുമെങ്കിൽ..., രണ്ടുപേരും ഇപ്പോൾ ഇവിടെയില്ല. പ്രത്യേകിച്ച് മുൻമുഖ്യമന്ത്രിയുടെ പ്രായവും അദ്ദേഹത്തിന്റെ പാർലമെന്ററി പാരമ്പര്യവുമെല്ലാം കണക്കിലെടുത്ത് അദ്ദേഹത്തെ ഇതൊന്ന് തെളിയിക്കാൻവേണ്ടി..., ഇന്നലെ ശ്രീ. പി. ടി. തോമസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞ ആ കാര്യം ഞാനിപ്പോൾ പറയുകയാണ്. അതുപോലെ ഞാനും ചെയ്യാൻ തീരുമാനിക്കുകയാണ്. അതുകൊണ്ട് ബഹുമാന്യനായ വി. ഡി. സതീശനും സണ്ണി ജോസഫുമെല്ലാം ബഹുമാന്യനായ മുൻമുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സഭയിൽ വരുമ്പോൾ പറയണം 4,34,282 വീടുകൾക്ക് നിങ്ങൾ ഒരു ലക്ഷം രൂപ വീതം കൊടുത്ത് പൂർത്തീകരിച്ചെങ്കിൽ ആ തുക ബഡ്ജറ്റിൽ ഏത് വർഷം, ഏത് ഹെഡ് ഓഫ്

അക്കൗണ്ടിലാണ് പ്രൊവിഷൻ വച്ചതെന്ന് പറയണമെന്ന് പറഞ്ഞാൽ മതി. അങ്ങനെയൊരു സംഭവമുണ്ടായിട്ടേയില്ല. ഇവിടെ നുണ, നുണ, പെരുംനുണ എന്നെല്ലാം പറയാൻ ഇടയാക്കിയത് ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ. നൽകിയ ഒരു ചോദ്യത്തിന് സർക്കാർ ഉത്തരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ്. പക്ഷെ സർക്കാർ ഉത്തരം കൊടുത്തതിന് ശേഷമുള്ള ദിവസങ്ങളിൽ ഓരോന്നിലും പൂർത്തീകരിച്ച വീടുകളുടെ എണ്ണമെടുത്ത് പറഞ്ഞുകൊണ്ട്, ഈ 2,14,000 വീട് 29-ാം തീയതിയാണെന്നും 2-ാം തീയതിയും 3-ാം തീയതിയും ആകുമ്പോഴേക്കും അത് 2,14,000 കഴിഞ്ഞ് 16,000-വും 18,000-വുമായെന്ന് ബഹുമാന്യരായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞല്ലോ. അത് പറയുക മാത്രമാണോ ചെയ്തത്. ഓൺലൈനിൽ പരിശോധിച്ചാൽ ഏത് പഞ്ചായത്തിൽ ആർക്ക് വീട് ലഭിച്ചെന്ന് അറിയാം. നിങ്ങൾ പരിശോധിക്കൂ. അത് പരിശോധിക്കാതെ ഒരാൾ ഇവിടെ പറയുകയാണ് നുണ, നുണ, പെരുംനുണ എന്ന്. മറ്റേയാളോ, ഇതെല്ലാം വെറുതെ പറയുകയാണ്, എന്റെ കാലത്ത് 4,34,282 എന്ന്. ഞാൻ ചോദിക്കുന്നത്, ലാൻഡ് റവന്യൂ കമ്മീഷണർ പറഞ്ഞ കണക്കുണ്ട്. അദ്ദേഹം പറഞ്ഞ കണക്ക് നമുക്ക് വിട്ടേയ്ക്കാം. ബഹുമാന്യനായ മുൻമുഖ്യമന്ത്രി

ഉമ്മൻചാണ്ടി പറഞ്ഞ ഉത്തരമെടുക്കാം. ഞാൻ ചോദ്യം വായിക്കാം. പതിമൂന്നാം കേരള നിയമസഭ, പതിനാറാം സമ്മേളനം, 24-02-2016 -ാം തീയതി. ചോദ്യം ചോദിച്ചത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ. (എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്രപേർക്ക് സർക്കാർ പദ്ധതികളിലൂടെ പാർപ്പിടം നൽകി; ഇപ്പോഴും പാർപ്പിടമില്ലാത്ത എത്ര കുടുംബങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; (ബി) ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കിയ ഭവനപദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതികളിൽ എത്രപേർ ഗുണഭോക്താക്കളായിട്ടുണ്ട്; വിശദമാക്കാമോ? ഈ രണ്ട് ചോദ്യങ്ങൾക്കുമുള്ള ഉത്തരം, അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു, അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു. ഇനി അനുബന്ധത്തിലേയ്ക്ക് പോകാം. അനുബന്ധം 1 - സുരക്ഷ ഭവന പദ്ധതി - 2011-12 - 414 വീട്; 2012-13 - 114 വീട്; 2013-14 - 122 വീട്; 2014-15 - 29 വീട്; 2015-16 - 19 വീട്; ആകെ - 698 വീടുകൾ. സുരക്ഷ ഭവന പദ്ധതിക്കായി കൊടുത്ത പണം 1,69,22,000/- രൂപ. ബഹുമാന്യനായ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് പറഞ്ഞതായതുകൊണ്ട് തീർച്ചയായും ഞാൻ വിശ്വസിക്കുകയാണ്, ശരിയായിരിക്കണം. ഇതിന്റെ കൂടെ എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരമുള്ള

പുനർനിർമ്മാണംകൂടി ഉൾപ്പെടുത്താം. 2011-12 - 1460 വീട്; 2012-13 - 498 വീട്; 2013-14 - 142 വീട്; 2014-15 - 61 വീട്; 2015-16 - 30 വീട്; ആകെ - 2191 വീടുകൾ. കൊടുത്തതാകട്ടെ 18,78,35,600/- രൂപ. പിന്നെയുള്ളത് അറ്റകുറ്റപ്പണിയാണ്. 772 വീടുകളുടെ അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്. അതും വീടിന്റെ പുനർനിർമ്മാണമായി കൂട്ടിക്കോളൂ. പിന്നെയുള്ളത് പാവപ്പെട്ട പത്രപ്രവർത്തകർക്ക് കൊടുത്ത സബ്സിഡിയാണ്. അത് കുറച്ച് കടന്നകയ്യാണ്. പത്രപ്രവർത്തകർ അവരുടെ കയ്യിലെ പണംകൊണ്ട് വീടുനിർമ്മിച്ചാൽ 50,000/- രൂപ കൊടുക്കും. അത് പിന്നീട് നിങ്ങളുടെ കാലത്ത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അതുകൂടി കണക്കിലെടുത്താൽപോലും ആകെ കൊടുത്തിരിക്കുന്നത് ഏതാണ്ട് 3343 വീടുകളാണ്. 3343 വീടുകളേ കൊടുത്തിട്ടുള്ളുവെന്ന് 2016-ൽ നിങ്ങളുടെ സർക്കാരിന്റെ ഭരണം അവസാനിക്കുന്നതിന് മൂന്ന് മാസംമുമ്പ് ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണന് കൊടുത്ത ഉത്തരത്തിൽ പറഞ്ഞിട്ട് നാണമില്ലാതെ മുൻമുഖ്യമന്ത്രി പറയുകയാണ് എന്റെ കാലത്ത് 4,34,282 വീടുകൾ കൊടുത്തു എന്ന്. അത് പത്രങ്ങൾ ഏറ്റുപിടിച്ചപ്പോൾ പ്രതിപക്ഷനേതാവിന് സമനില തെറ്റി. സ്ഥലകാല വിഭ്രാന്തിയായി. അദ്ദേഹം വന്നുപറയുകയാണ്, നുണ,

നണ, പെരുംനണ. ആകുമോ, ഇത് പെരുംനണയാകുമോ; ആകില്ല. നിങ്ങൾ വസ്തുതകൾക്ക് നേരെ കണ്ണടയ്ക്കരുത്. ഞാൻ വെല്ലുവിളിക്കുന്നു, വളരെ മിതമായ ഭാഷയിൽ അദ്ദേഹത്തിന്റെ പ്രായവും പാർലമെന്ററി പാരമ്പര്യവുമെല്ലാം കണക്കിലെടുത്തുകൊണ്ട് ബഹുമാന്യനായ കേരളത്തിന്റെ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ഞാൻ വെല്ലുവിളിക്കുന്നു. തന്റെ അഞ്ച് വർഷക്കാലത്ത് 4,34,282 വീടുകൾ പൂർത്തീകരിച്ചുവെന്ന് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി തെളിയിച്ചാൽ രാഷ്ട്രീയപ്രവർത്തനവും പൊതുപ്രവർത്തനവും അവസാനിപ്പിക്കാൻ തയ്യാറാണ്. അവസാനിപ്പിച്ചുപോകും ആരും. കാരണം, ആടിനെ പട്ടിയാക്കുന്ന, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്ന ഈ നയം നിങ്ങൾ സ്വീകരിക്കുമ്പോൾ ആർക്കാണ് പൊതുപ്രവർത്തനം നടത്താൻ പറ്റുന്നത്. ആർക്കാണ് ഈ രാജ്യത്ത് രാഷ്ട്രീയ പ്രവർത്തനം നടത്താൻ പറ്റുന്നത്. ചങ്കെടുത്ത് കാണിച്ചാൽ ചെമ്പരത്തിപ്പൂവെന്ന് പറയുന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിക്കുന്നത്. നിങ്ങൾക്ക് ഇതിനോട് സഹകരിക്കാതിരിക്കാം, നിങ്ങൾക്ക് ഇതിനോട് മുഖംതിരിഞ്ഞ് നിൽക്കാം. പക്ഷെ ഇത് ചെയ്യരുത്. 2,14,000 കുടുംബങ്ങൾക്ക് കയറിക്കിടക്കാൻ ഒരിടമുണ്ടാക്കിക്കൊടുത്ത സർക്കാരിനെ നോക്കി പറയുന്ന ഞങ്ങളുടെ കാലത്താണ് 4,34,282

കുടുംബങ്ങൾക്ക് വീടുണ്ടാക്കിക്കൊടുത്തതെന്ന്. അങ്ങനെയെങ്കിൽ നിങ്ങളുടെ ഭരണം അവസാനിച്ചപ്പോൾ ഭവനരഹിതരായി ആരും ഉണ്ടാകുമായിരുന്നില്ലല്ലോ. എന്നിട്ടെന്തേ നിങ്ങളുടെ സർക്കാരിന്റെ ഭരണം അവസാനിച്ചപ്പോഴും നാല് ലക്ഷത്തോളം കുടുംബങ്ങൾ ഭവനരഹിതരായി തുടരുന്നു. ഇവിടെ നിങ്ങൾക്ക് കുറേ നേരം സംസാരിക്കാൻ കിട്ടുമല്ലോ. ഇവിടെയിപ്പോൾ തൽക്കാലം ആളുകളുടെ എണ്ണം കുറവാണെങ്കിലും ഉള്ളവർ തീരെ മോശക്കാരല്ലല്ലോ. നിങ്ങൾ നല്ല ഗുണപ്പാടുള്ള ആളുകളാണ് ഇരിക്കുന്നത്. അതുകൊണ്ട് നിങ്ങൾക്ക് സംസാരിക്കാനുള്ള അവസരം കിട്ടുമ്പോൾ അവിടെ പ്രതിപക്ഷനേതാവ് എണ്ണിയെണ്ണി പറഞ്ഞ നുണകളെന്ന് വിശേഷിപ്പിച്ചതും ഇവിടെ മുൻമുഖ്യമന്ത്രി പറഞ്ഞ തന്റെ കാലത്തെ നേട്ടവും വസ്തുതകളെ അടിസ്ഥാനപ്പെടുത്തി ഒന്ന് വിശദീകരിക്കണം. അവസാനമായി ഒരു കാര്യവുംകൂടി പറഞ്ഞ് ഞാൻ നിർത്തുകയാണ്. ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം മിഷൻ, വ്യവസായ വകുപ്പ്, കാർഷിക വകുപ്പ് തുടങ്ങി സംസ്ഥാനത്തിന്റെ സമസ്ത വകുപ്പുകളും നേടിയ നേട്ടം നിങ്ങൾ അഞ്ച് വർഷംകൊണ്ട് നേടിയതിനേക്കാൾ അധികമാണ് ഈ നാല് വർഷം കൊണ്ട് നേടിയതെന്ന് ഏത്

വകുപ്പിനെക്കുറിച്ചും ഞങ്ങൾ തെളിയിക്കാൻ തയ്യാറാണ്. അതിന് ഞങ്ങളുടെ മന്ത്രിമാർ വേണ്ട, ഞങ്ങൾ എം.എൽ.എ.-മാർ നിങ്ങളുടെ മണ്ഡലത്തിൽ വന്ന്, നിങ്ങളുടെ മണ്ഡലത്തിലെ പ്രവർത്തനംവച്ച് തെളിയിച്ചുതരും. തന്റേടമുണ്ടെങ്കിൽ, ധൈര്യമുണ്ടെങ്കിൽ, ആത്മവിശ്വാസമുണ്ടെങ്കിൽ തിരിച്ചൊരു വെല്ലുവിളി നടത്താൻ നിങ്ങൾ തയ്യാറാകുമോ? നിങ്ങളുടെ മണ്ഡലത്തിൽ വരാം. എന്നിട്ട് ഞങ്ങൾ  ബോധ്യപ്പെടുത്തി തരാം. കേരളത്തിലെവിടെയും ഞങ്ങളത് ബോധ്യപ്പെടുത്തി തരാൻ തയ്യാറാണ്. ഇതൊന്നും ചെയ്യാതെ അടിയന്തരപ്രമേയത്തിന്റെ സമയത്ത്  എന്തുംപറഞ്ഞ്, ഈ സഭയ്ക്കകത്ത് എന്തൊരു അവസ്ഥയാണ്. ശ്രീ. പി. ടി. തോമസിനെയും ശ്രീ. അൻവർ സാദത്തിനെയും ശ്രീ. റോജി എം. ജോണിനെയുംപോലെ കുറച്ച് ആളുകൾ, എന്തൊരു പ്രകടനപരതയാണ്. നിങ്ങൾക്ക് രാഷ്ട്രീയ അന്തസ്സുണ്ടെങ്കിൽ നിങ്ങൾക്ക് രാഷ്ട്രീയമായ തന്റേടമുണ്ടെങ്കിൽ ഈ കാര്യത്തെക്കുറിച്ച് നിങ്ങൾ ഈ സഭയ്ക്കകത്തോ പുറത്തോ ഞങ്ങളോട് ചർച്ചയ്ക്ക് തയ്യാറുണ്ടെങ്കിൽ വരൂ, അതല്ലേ കാണേണ്ടത്, ശ്രീ. ഷാഫി പറമ്പിലിനോടാണ് പറയുന്നത്. ഇരുന്ന് തരാം. ഒന്ന് വിശദീകരിക്കൂ. അൽപമെങ്കിലും ഇതിനെക്കുറിച്ച് പറയാനുള്ള ആർജ്ജവമുണ്ടെങ്കിൽ  ഒന്ന് വിശദീകരിക്കണം. ഒന്നും നിങ്ങളുടെ അടുത്തില്ല.

നിങ്ങളുടെ അടുത്തുള്ളത് എന്താണെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല, പറഞ്ഞാൽ മോശമായി പോകും. അതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. എന്റെ നാട്ടിൽ കുറച്ചുകാലം മുമ്പ് കുഞ്ഞാപ്പു എന്ന ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന് ചായ കച്ചവടമായിരുന്നു ജോലി. സദാസമയവും തുറക്കുന്ന ഒരു കട. ഒരിക്കലും അത് പൂട്ടാറില്ല. 24 മണിക്കൂറും തുറക്കും. ആരെങ്കിലും പോയി ഒരു ചായ ചോദിച്ചാൽ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് പറയും പഞ്ചസാരയില്ലെന്ന്. എന്നാൽ സാരമില്ല പഞ്ചസാരയില്ലാത്ത ചായ മതിയെന്ന് പറഞ്ഞാൽ പറയും പാലില്ലെന്ന്. എന്നാൽ സാരമില്ല ചായപ്പൊടിയിട്ട് ചൂടുവെള്ളം മതി ദാഹിക്കുന്നുവെന്ന് പറഞ്ഞാൽ പറയും ചായപ്പൊടി ഇപ്പോൾ കഴിഞ്ഞതേയുള്ളൂവെന്ന്. അതേ രീതിയിലാണ് നമ്മുടെ ട്രഷറിയുടെ ഇന്നത്തെ അവസ്ഥ. ട്രഷറി തുറന്നുവച്ചിട്ടുണ്ട്, 2 ലക്ഷം രൂപയുടെ ബിൽ കൊടുത്താൽ ഒരു ലക്ഷം രൂപയേ

തരാൻ പറ്റൂ, 2 ലക്ഷം രൂപ പറ്റില്ലെന്ന് പറയും, ഒരു ലക്ഷത്തിന്റെ വേറൊരു ബിൽ കൊടുക്കുമ്പോൾ ഒരു ലക്ഷം രൂപ പറ്റില്ല 50,000/- രൂപ തരാം എന്നുപറയും, എന്നാൽ 50,000/- രൂപയുടെ വേറൊരു ബിൽ കൊടുക്കുമ്പോൾ ഇപ്പോൾ പണം തീർന്നു നാളെ വരാൻ പറയും. ഇതാണ് ട്രഷറിയുടെ അവസ്ഥ. എന്തിനാണ് ഇതുപോലുള്ള ഒരു ധനവിനിയോഗ ബിൽ; ഈ സാമ്പത്തികവർഷം അവസാനിക്കാൻ ആഴ്ചകൾ മാത്രം ബാക്കിനിൽക്കെ വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവ് വെറും 64 ശതമാനം മാത്രമാണ്. അത്തരത്തിൽ അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാതെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കടക്കം വിഹിതം വെട്ടിക്കുറച്ചും അവയ്ക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമൊരുക്കിയ ഒരു സർക്കാരിന് എന്തിനാണ് ഇനിയൊരു ധനാഭ്യർത്ഥന? ചെലവാക്കാൻ അങ്ങയുടെ കയ്യിൽ കാശെവിടെയാണ്? സി. ആന്റ് എ.ജി. റിപ്പോർട്ടുപ്രകാരം 15,000 കോടി രൂപയോളമാണ് ടാക്സ് ഇനത്തിൽ പിരിച്ചെടുക്കാനുള്ളത്. അതിൽ 5,500 കോടി രൂപയോളം അഞ്ചുകൊല്ലം പഴക്കമുള്ളതാണ്. വിൽപ്പന നികുതി ഏകദേശം 4300 കോടി രൂപ, വാഹന നികുതി 590 കോടി രൂപ, ഭൂനികുതി 378 കോടി രൂപ, സ്വർണ്ണത്തിന്റെ വെട്ടിപ്പ്, ലോട്ടറി ടാക്സ് വെട്ടിപ്പ് എന്നിങ്ങനെ

എല്ലാ വകുപ്പുകളും നികുതി പിരിവിൽ വളരെ പിന്നിലാണ്. ഇത് നികുതി വകുപ്പിന്റെ കെടുകാര്യസ്ഥത തന്നെയാണ്, ജി.എസ്.ടി.-യെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അഴിമതിയാണെങ്കിൽ ഗംഭീരമായി നടക്കുന്നു, പോലീസിൽ അഴിമതി, വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽവരെ അഴിമതിയാണ്. സി.പി.എം.-കാരെ അറസ്റ്റ് ചെയ്തത് അറിഞ്ഞില്ലേ? സി.പി.ഐ.-ക്കാരെയല്ല. വലിയൊരു ലിസ്റ്റുണ്ടായിരുന്നു, കുറേ സമയമെടുക്കുമെന്നുള്ളതുകൊണ്ട് പറയുന്നില്ല. ഇപ്പോൾ ഏകദേശം 33,000 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അതിൽത്തന്നെ 25,000 കോടി രൂപയിലധികവും റിസർവ് ബാങ്കിന്റെ വെയ്സ് ആൻഡ് മീൻസ് ചെലവുകളും ഓവർഡ്രാഫ്റ്റ് അഡ്ജസ്റ്റ്മെന്റും ചെയ്യുന്നതിന് വേണ്ടിയാണ്. മുമ്പെങ്ങുമില്ലാത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ് നമ്മുടെ സംസ്ഥാന സർക്കാരെന്നതിന്റെ കൃത്യമായ തെളിവാണിത്. മുൻ മന്ത്രി ശിവദാസമേനോന്റെ കാലത്തേയ്ക്കാണ് ഈ സർക്കാരിന്റെ പോക്കെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പോരാത്തതിന് ഇപ്പോൾ അങ്ങയുടെ തലയിൽ കൊറോണയും വന്നു. നീതിനിർവ്വഹണം എന്ന ഡിമാന്റിൽ പോക്സോ കേസുകൾ

കൈകാര്യം ചെയ്യുന്നതിനുള്ള 28 അതിവേഗ കോടതികൾക്ക് കേന്ദ്ര വിഹിതത്തിന്റെ മാച്ചിംഗ് ഗ്രാന്റിനുവേണ്ടി 6.3 കോടി രൂപയുടെ ഡിമാന്റ് അവതരിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7,924 പ്രതികളുൾപ്പെടെ 6,934 പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 4,971 കേസുകളിൽ മാത്രമാണ് കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. പ്രതികൾക്ക് ശിക്ഷ കിട്ടിയതാകട്ടെ 90 കേസുകളിൽ മാത്രമാണ്. രാജ്യത്തുതന്നെ കുട്ടികൾക്കെതിരെ ഏറ്റവും കൂടുതൽ അതിക്രമം നടക്കുന്ന സംസ്ഥാനങ്ങളിലൊന്നായി നമ്മുടെ സംസ്ഥാനം മാറി, ഇതുകൊണ്ടാണ് സുപ്രീംകോടതി 56 കോടതി വേണമെന്ന് പറഞ്ഞിട്ട് 28 കോടതിക്ക് നമ്മൾ പോകുന്നത്. വേറൊരു കാര്യം പറയാനുള്ളത്, നമ്മുടെ നാട്ടിൽ മിൽമ പാൽ കിട്ടാനില്ല, ലൈഫ് പദ്ധതിയുടെ പാലുകാച്ചാണ് കാരണം. 2.14 ലക്ഷം വീടുകൾ, ഒരു പഞ്ചായത്തിന് ആവറേജ് 200 വീടുകളുണ്ടാകണം. പെരിന്തൽമണ്ണ ബ്ലോക്കിലെ 8 പഞ്ചായത്തുകളിൽ ആകെ കിട്ടിയത് 531 വീടുകൾ, ഒരു പഞ്ചായത്തിന് ആവറേജ് 60 വീടുകൾ. മലപ്പുറം ജില്ലയിൽ 94 പഞ്ചായത്തുകളിൽ ആകെ കിട്ടിയത് 5150 വീടുകൾ, എന്നാൽ നിങ്ങളുടെ കണക്ക് 17,994 - പറയുന്നതിന് ഒരു മയം വേണ്ടേ?

റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (RERA)-ക്കുവേണ്ടി ഒരു ഡിമാന്റ് അവതരിപ്പിച്ചിട്ടുണ്ട്, 2015-ൽ കേന്ദ്ര നിയമത്തിലെ അപ്രായോഗിക വകുപ്പുകൾ ഒഴിവാക്കി നമ്മുടെ സംസ്ഥാനം മാതൃകാപരമായ ഒരു നിയമം അസംബ്ലിയിൽ പാസ്സാക്കിയിരുന്നു. പാർലമെന്റിൽപ്പോലും ഈ നിയമത്തെക്കുറിച്ച് ചർച്ച ചെയ്തിരുന്നു, പക്ഷെ, രണ്ടുവർഷത്തിനുശേഷം 2017-ൽ ഫണ്ടും അധികാരവും നൽകാതെ പ്രവർത്തനം സ്തംഭിപ്പിച്ചു. സർക്കാർ നിയമിച്ചവർക്ക് ഇതുവരെ ശമ്പളംപോലും കൊടുത്തിട്ടില്ല. ഇപ്പോൾ കേന്ദ്രനിയമമായി വീണ്ടും സർക്കാർ RERA ആരംഭിച്ചിരിക്കുന്നു. ഈ നിയമങ്ങൾ മുഴുവനും ഒരിക്കലും കേരളത്തിൽ നടപ്പിലാക്കാൻ കഴിയാത്തതാണ്. RERA-യിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ ഇൻകം ടാക്സ് റിട്ടേൺ, ബാലൻസ് ഷീറ്റ്, അഞ്ചുകൊല്ലത്തെ പരിചയം, പാസ്സ് ബുക്ക് എന്നിങ്ങനെയുള്ള 27 ഡോക്യുമെന്റുകൾ വേണം. ഭാഗ്യത്തിന് എൻ.ആർ.സി. രജിസ്റ്ററിലുള്ള നമ്പർ മാത്രം ചോദിക്കുന്നില്ല, ബാക്കിയെല്ലാം ചോദിക്കുന്നുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്, ഏകജാലകം തുടങ്ങിയ പല കാര്യങ്ങളും സംസാരിക്കുന്ന ഈ കാലഘട്ടത്തിൽ എന്തിനാണ് ഇത്രയധികം ഡോക്യുമെന്റുകൾ? RERA-യെ കൊണ്ടുദ്ദേശിക്കുന്നതെന്താണ്? വാങ്ങുന്നവർക്ക് എഗ്രിമെന്റിൽ പറഞ്ഞ പ്രകാരം കൃത്യമായി ഫ്ലാറ്റുകളോ

വില്ലകളോ ലഭിക്കുന്നുണ്ടെന്ന് പരിശോധിക്കുക, അവർ ചതിക്കപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തുക തുടങ്ങിയവയാണ്. പക്ഷെ RERA വേറൊരു സെക്രട്ടേറിയറ്റുപോലെ ആകുകയാണ്. രജിസ്ട്രേഷൻ ഫീസ് സ്ക്വയർമീറ്ററിന് 50/- രൂപവരെയാണ്. 100 ഫ്ലാറ്റുകളുള്ള ഒരു ബിൽഡിംഗിന് 7.50 ലക്ഷം രൂപ രജിസ്ട്രേഷന് വേണം. കോർപ്പറേഷൻ ടാക്സ്, മറ്റുള്ള ടാക്സ് തുടങ്ങിയവയ്ക്ക് പുറമെയാണിത്. എന്തെങ്കിലും പ്രശ്നം വരുമ്പോൾ ഇടപെടേണ്ട RERA-ക്ക് എന്തിനാണ് ഇത്രയും വലിയ രജിസ്ട്രേഷൻ ഫീസ്? ആപ്ലിക്കേഷൻ ഫോറംതന്നെ കേന്ദ്ര ഭരണ പ്രദേശമായ ഛത്തീസ്ഗഡിലേതാണ്. യാതൊരു മാറ്റവും വരുത്താതെ കേരളത്തിൽ അതെങ്ങനെ ഉപയോഗിക്കാൻ കഴിയും? ധാരാളം പ്രശ്നങ്ങൾ അതിലുണ്ട്. കേരളത്തിന്റെ രീതിയനുസരിച്ച് അത് മാറണമെന്നാണ് എനിക്ക് പറയാനുള്ളത്. കോമൺ ഏരിയ Residents Association-ന് register ചെയ്ത് നൽകണമെന്നാണ് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (RERA) ആവശ്യപ്പെടുന്നത്. എന്നാൽ അസോസിയേഷൻ പ്രവർത്തനം ആരംഭിക്കുന്നത് ഫ്ലാറ്റുകൾ വിറ്റ് താമസം ആയതിനുശേഷമാണ്. അതുകൊണ്ട് ഫ്ലാറ്റ് വാങ്ങുന്നവർക്ക് അൺ ഡിവൈഡഡ് ഷെയറായി രജിസ്റ്റർ ചെയ്ത് നൽകാനായി റൂൾസിൽ മാറ്റം വേണം. RERA കംപ്ലീഷൻ ആൻഡ് ഒക്യുപൻസി

സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നുണ്ട്. മുനിസിപ്പാലിറ്റികൾക്ക് ബിൽഡിംഗ് റൂൾ കൊടുക്കാൻ മാത്രമേ നിയമമുള്ളൂ. അവർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റോ മറ്റുള്ള സർട്ടിഫിക്കറ്റുകളോ ഒന്നും നൽകാനുള്ള നിയമമില്ല. ഇല്ലാത്ത സർട്ടിഫിക്കറ്റ് എങ്ങനെയാണ് RERA ആവശ്യപ്പെടുന്നത്. റൂൾസ് ഇല്ലാതെ എങ്ങനെയാണ് മുന്നോട്ട് പോകുന്നത്. ലോകം മുഴുവനും പ്രത്യേകിച്ച് കേരളത്തിൽ റിയൽ എസ്റ്റേറ്റ് ബിസിനസ് വളരെ പ്രതിസന്ധിയിലാണ്. കൃഷിക്കാർ ആത്മഹത്യ ചെയ്യതുപോലെ ബിൽഡേഴ്സ് ആത്മഹത്യ ചെയ്യുന്ന വാർത്ത കേൾക്കാതിരിക്കട്ടേയെന്ന് പ്രാർത്ഥിക്കുകയാണ്. ഇപ്പോഴത്തെ പുതിയ നിബന്ധനകൾ പ്രകാരം നിർമ്മാണ ചെലവ് ഇനിയും വർദ്ധിപ്പിക്കും. ഇതൊക്കെ സഹിക്കേണ്ടി വരുന്നത് സാധാരണക്കാരാണ്. ഫ്ലാറ്റിൽ താമസിക്കുന്നവരിൽ പലരും ശരാശരിക്കാരാണ്. അവരെ സഹായിച്ചില്ലെങ്കിലും ദ്രോഹിക്കാതിരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതിക്കായി മൂന്ന് കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബാറുകളുടെ എണ്ണം 29-ൽ നിന്ന് 594 എണ്ണമാക്കി വർദ്ധിപ്പിച്ചു. എല്ലാവരും വന്നു കുടിച്ചോയെന്ന് പറഞ്ഞിട്ട് അവസാനം ഇനി കുടിക്കരുതെന്ന് പറയുകയാണ്. ഇത് ആർക്കെങ്കിലും മനസ്സിലാക്കാൻ സാധിക്കുമോ.

ഇതിന്റെ ഗുണം എത്ര ആലോചിച്ചിട്ടും മനസ്സിലാക്കാൻ സാധിക്കുന്നില്ല. വിമുക്തിയിൽ ഇപ്പോഴുള്ളത് കട്ട സഖാക്കളാണ്. അവർക്ക് കുറച്ച് ജോലി കൊടുക്കുക മാത്രമാണ് ഇതിന്റെ ഉദ്ദേശം. അതല്ലാതെ മറ്റൊരു ഉദ്ദേശവുമില്ല. ഞാൻ ഈ ധന വിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ധനവിനിയോഗ ബില്ലിനെ സന്തോഷപൂർവ്വം ഞാൻ പിന്തുണയ്ക്കുന്നു. നമ്മുടെ രാജ്യം സാമ്പത്തികമായി വലിയ പ്രതിസന്ധിയെ നേരിടുന്ന സന്ദർഭത്തിൽ, ആ പ്രതിസന്ധിയുടെ നടുവിലും കേരളം പച്ചതുരുത്തായി സാമ്പത്തിക വിനിമയ കാര്യങ്ങളിൽ നിലനിൽക്കുന്നത് ധനകാര്യ വകുപ്പിന്റെ വിദഗ്ദ്ധമായ മാനേജ്മെന്റിന്റെ അടിസ്ഥാനത്തിലാണ്. ലോകം ഇന്ന് കൊറോണ വൈറസിന്റെ ഭീതിയിലാണ്. അതുകൂടി വന്നു കഴിഞ്ഞപ്പോൾ ലോകമെമ്പാടും സാമ്പത്തിക നില പരിതാപകരമായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് വൈര്യനിര്യാതന ബുദ്ധിയോടുകൂടിയാണ് കേരളത്തെ നോക്കി കണ്ടു കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ന്യായമായ ആവശ്യങ്ങൾ പോലും നിരാകരിക്കുന്ന സമീപനം അടിക്കടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. രണ്ട് പ്രളയത്തെ അഭിമുഖീകരിക്കേണ്ടി വന്ന സംസ്ഥാനമാണ് കേരളം. നിർഭാഗ്യവശാൽ, ആ പ്രളയം വരുത്തിവച്ച ദുരന്തത്തെക്കുറിച്ച് കാണാൻ ഇപ്പോഴും കണ്ണില്ലാത്ത

അവസ്ഥയിലാണ് യു.ഡി.എഫ്. നിൽക്കുന്നത്. പ്രളയ ദുരന്തത്തിന്റെ കെടുതികളിൽ നിന്നും കേരളത്തെ സംരക്ഷിക്കുവാൻ കഴിഞ്ഞത് നാടിനോടുള്ള പ്രതിബന്ധതയും ജനങ്ങളോടുള്ള ഉത്തരവാദിത്വബോധവും കൊണ്ടാണ്. ഈ പ്രയാസങ്ങളുടെയെല്ലാം നടുവിലും ക്ഷേമപ്രവർത്തനങ്ങൾക്ക് യാതൊരുവിധ അവധിയും കൊടുത്തിട്ടില്ല. എന്നുമാത്രമല്ല, യു.ഡി.എഫ്. അധികാരമൊഴിയുമ്പോൾ പാവങ്ങൾക്ക് കിട്ടികൊണ്ടിരുന്ന ക്ഷേമ പെൻഷനുകളിൽ എത്ര മാസത്തെ കുടിശ്ശിക വരുത്തിയിട്ടാണ് പോയത്? ആ കുടിശ്ശിക തീർത്ത് കൊടുത്തെന്ന് മാത്രമല്ല, അന്നുണ്ടായിരുന്നതിന്റെ ഇരട്ടിയിലധികം തുകയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞ ഗവൺമെന്റാണിത് എന്നുള്ളതുകൊണ്ടാണ് ഇവർ എന്തെല്ലാം അപവാദങ്ങൾ പറഞ്ഞ് പ്രചരിപ്പിക്കുവാൻ ശ്രമിക്കുമ്പോഴും ജനങ്ങൾ ഈ ഗവൺമെന്റിന്റെ പിന്നിൽ അണിനിരക്കുന്നത്. അസൂയയ്ക്ക് മരുന്നില്ലെന്ന് നാട്ടിലൊരു ചൊല്ലുണ്ട്. യു.ഡി.എഫ്.-ന് ബാധിച്ചിരിക്കുന്നത് അതാണ്. അസൂയ മൂത്ത്, പ്രത്യേകിച്ച് തെരഞ്ഞെടുപ്പുകൂടി ആസന്നമായപ്പോൾ എന്തും പറയാവുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ആ അവസ്ഥയിൽ നിന്നാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പോലും അദ്ദേഹത്തിന്റെ ഭരണകാലത്ത് നാല് ലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചുകൊടുത്തു എന്ന പൊള്ളയായ അവകാശവാദം ഉന്നയിക്കാൻ

നിർബന്ധിതരാകുന്നത്. ജനങ്ങളെ കബളിപ്പിക്കാമെന്നാണ് ഇനിയും അവർ കരുതുന്നത്. ജനങ്ങൾ ഇതെല്ലാം അപ്പോൾതന്നെ അറിഞ്ഞു കൊണ്ടിരിക്കുകയാണ്. പഴയ കാലമല്ല, ഒരുപാട് പ്രസംഗിക്കുകയും പ്രചരണം നടത്തുകയും ചെയ്യേണ്ട കാര്യമില്ല. ജനങ്ങൾ കണ്ണാടിയിൽ കാണുന്നതുപോലെ നന്മ തിന്മകൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ കാലഘട്ടത്തിലാണ് നമ്മൾ എത്തപ്പെട്ടിരിക്കുന്നതെന്ന വിവേകപൂർവ്വമായ ചിന്ത എപ്പോഴെങ്കിലും ധരിക്കുമെങ്കിൽ അവർക്ക് നല്ലതെന്ന് മാത്രമേ അതുസംബന്ധിച്ച് ഞാൻ പറയുന്നുള്ളൂ.

ട്രഷറി തുറന്ന് ഇരിക്കുന്നതേയുള്ളൂ ആർക്കും ഒന്നും ലഭിക്കുന്നില്ലായെന്നാണ് ട്രഷറിയെ സംബന്ധിച്ച് പറഞ്ഞത്. ട്രഷറി തുറന്ന് ഇരിക്കുന്നല്ലോ; നിങ്ങളുടെ കാലത്ത് എത്ര ദിവസമാണ് അടച്ചിട്ടിരുന്നത്. നിങ്ങളുടെ ഭരണകാലത്ത് യാതൊരുവിധ ധനവിനിമയവുമില്ലാതെ കൃത്യമായി അടയ്ക്കപ്പെടുന്ന സ്ഥാപനമായി കേരളത്തിലെ ട്രഷറികൾ മാറിയിരുന്നു. അത് നിങ്ങൾ മറന്നുപോകരുത്. ആ ട്രഷറികൾ ഒരു ദിവസം പോലും അടയ്ക്കാൻ ഇടം കൊടുക്കാതെ ഈ പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും മുന്നിൽ തുറന്ന് വയ്ക്കുന്നു എന്നുള്ളത് മാത്രമല്ല, സാധ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ... കേരളത്തിൽ കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ നടന്ന വികസന

പ്രവർത്തനങ്ങളിൽ വിനിയോഗിച്ച, ചെലവഴിച്ച തുകയും മുൻകാലങ്ങളിലെ തുകയും തമ്മിൽ താരതമ്യം ചെയ്യാൻ നിങ്ങൾ തയ്യാറുണ്ടോ; ഓരോ മണ്ഡലവും മേഖലയും എടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. ഏത് മേഖലയിലാണ് മാറ്റങ്ങൾ ഉണ്ടാകാതിരുന്നിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായതുപോലുള്ള മാറ്റം ഏത് കാലത്തുണ്ടായിട്ടുണ്ട്. നിങ്ങളുടെ കാലത്ത് ഉണ്ടായിട്ടുണ്ടോ? ആരോഗ്യ രംഗത്ത് - ആശുപത്രികൾ ഓരോന്നെടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും മണ്ഡലങ്ങൾ എടുത്ത് താരതമ്യം ചെയ്താൽ മനസ്സിലാകും. എന്തായിരിക്കും അനുഭവം. ഏത് രംഗത്താണ് മാറ്റങ്ങളുണ്ടാകാത്തത്. ഈ മാറ്റങ്ങൾ നമ്മുടെ സാമ്പത്തികമായ തകർച്ചയുടെ നടുവിൽ നിന്നുകൊണ്ടാണ് വരുത്തിയിട്ടുള്ളത് എന്നത് വിസ്മരിക്കുവാൻ പാടില്ലാത്ത കാര്യമാണ്. സാധാരണക്കാരെ കണ്ടുകൊണ്ട് അവരുടെ ജീവിതഭദ്രത ഉറപ്പുവരുത്തുവാൻ വേണ്ടിയുള്ള പരിശ്രമങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തുന്നത്. ആ ഗവൺമെന്റിനെ തിരിച്ചറിയുവാൻ ജനങ്ങൾക്ക് സാധ്യമാകുന്ന എന്നതുകൊണ്ടാണ് നുണപ്രചരണങ്ങളെ അതിജീവിച്ചും ജനങ്ങളുടെ പിന്തുണ നാൾക്കുനാൾ വർദ്ധിപ്പിച്ചും മുന്നോട്ട് പോകാൻ സാധിക്കുന്നതെന്ന് അഭിമാനപൂർവ്വം ഞാൻ ഓർക്കുകയാണ്.

ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ പ്രതിബന്ധതയോടെ മുന്നോട്ടുവരുന്നു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മറ്റൊരു പ്രത്യേകത. ഇന്ന് ലോക കമ്പോളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. സ്വർണ്ണത്തിന്റെ വില പവന് 41,000/- രൂപയായി വർദ്ധിച്ചു. മുമ്പ് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? സാമ്പത്തികമായ സ്ഥിതിഗതികൾ എങ്ങനെ നിൽക്കുന്നു എന്നുള്ളതിന് വേറെ അന്വേഷണം നടത്തേണ്ട ആവശ്യമില്ല. അപ്രതീക്ഷിതമായി ഉണ്ടാകുന്ന സംഭവങ്ങളെ അതിജീവിക്കാൻ ലോകമിന്ന് വല്ലാതെ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണ്.

കേന്ദ്ര ഭരണാധികാരികൾ ഇന്ത്യൻ ജനതയെ ഭിന്നിപ്പിച്ചുകൊണ്ട് നിക്ഷിപ്തമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ ഹിന്ദുത്വം സ്ഥാപിക്കുവാൻ വല്ലാതെ പരിശ്രമിക്കുകയാണ്. അതിന്റെ ഏറ്റവും അവസാനത്തെ സംഭവവികാസങ്ങളാണ് ഡൽഹിയിൽ കാണാൻ കഴിയുന്നത്. കലാപങ്ങൾ അഴിച്ചുവിടുക, ജനങ്ങളെ ഒന്നോടെ കൊന്നൊടുക്കാൻ പരിശ്രമിക്കുക എന്നിവ ബി.ജെ.പി. ഗവൺമെന്റിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ കാലഘട്ടത്തിൽ കേരളം എന്ന കൊച്ചു സംസ്ഥാനത്തിനകത്തുനിന്നു കൊണ്ട് രാജ്യത്തെ കാണാതെ പോകുന്ന അവസ്ഥ ആരും സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. വർഗ്ഗീയ വിഷം വമിക്കുന്ന

അന്തരീക്ഷം രാജ്യത്ത് വളർന്ന് വരുമ്പോൾ ഫാസിസം രാജ്യത്ത് അടിച്ചേൽപ്പിക്കാനുള്ള പരിശ്രമം നടക്കുമ്പോൾ അതിനെ പ്രതിരോധിക്കേണ്ടത് ജനാധിപത്യ വിശ്വാസികളുടെയും മതനിരപേക്ഷ പ്രസ്ഥാനങ്ങളുടെയും പ്രഥമ ബാധ്യതയാണ്. അതിനെ തുരങ്കം വയ്ക്കുന്ന തരത്തിലുള്ള നിലപാടുകളും നടപടികളും നമ്മളെ എവിടെയും എത്തിക്കാൻ പോകുന്നില്ല. ഈ രാജ്യത്തിന്റെ ഭാവി ഏറെ വെല്ലുവിളിക്കപ്പെടുന്ന സന്ദർഭത്തിന്റെ രാഷ്ട്രീയ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് യോജിപ്പിന്റെ അന്തരീക്ഷമുണ്ടാക്കുകയും ആ യോജിച്ച നിലപാടുകൾ സ്വീകരിച്ചുകൊണ്ട് കേന്ദ്രത്തിന്റെ ജനവിരുദ്ധവും ദേശവിരുദ്ധവുമായ നിലപാടുകളെ ചെറുത്തുതോൽപ്പിക്കുവാനുള്ള ജനകീയമായ മുന്നേറ്റം മുന്നോട്ട് കൊണ്ടുവരികയും ചെയ്യേണ്ട സന്ദർഭമാണെന്ന് മനസ്സിലാക്കികൊണ്ട് തന്നെയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അതിന്റെ ഓരോ ചുവടുവയ്പ്പും മുന്നോട്ടുപോകുന്നത് എന്നുള്ളത് വിസ്മരിക്കുവാൻ പാടില്ലായെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിക്കുള്ളിൽ

നിന്നുകൊണ്ട് എല്ലാ പ്രധാനപ്പെട്ട വകുപ്പുകളുടെയും പ്രവർത്തനങ്ങൾക്ക് പരമാവധി തുക അനുവദിച്ചിട്ടുള്ള ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ മാസം അവതരിപ്പിച്ചതെന്ന് നമുക്ക് കാണാൻ കഴിയും. ഒന്നുരണ്ട് നിർദ്ദേശങ്ങളാണ് എനിക്ക് പറയാനുള്ളത്. കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായ സംരംഭമാണ് കശുവണ്ടി വ്യവസായം. ബഡ്ജറ്റിൽ അതിന് നല്ല പരിഗണന നൽകിയിട്ടുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും കശുവണ്ടി വ്യവസായ സംരംഭം ആരംഭിക്കുന്നതിന് 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അത് വെറുതെയാണ്. അതിന് ഭരണാനുമതിയുണ്ടോ?

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, നിങ്ങൾ ബഡ്ജറ്റ് വായിച്ചുനോക്കിയാൽ അതിലുണ്ടെന്ന് കാണാൻ സാധിക്കും. അതിനുള്ള ഭരണാനുമതി ധനകാര്യ വകുപ്പുമന്ത്രി നൽകും. ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ആരും വിഷമിക്കേണ്ട കാര്യമില്ല. ഭരണ-പ്രതിപക്ഷ അംഗങ്ങൾക്ക് ഭരണാനുമതി നൽകുന്ന വർക്കുകൾ നൽകുമെന്നതിൽ ഒരു സംശയവും വേണ്ട.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നാല് വർഷമായി ഇങ്ങനെ പറയുന്നുണ്ട്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, പത്തിരുപത് വർഷമായി ഞാൻ അപ്പുറത്തും ഇപ്പുറത്തും ഇരുന്നിട്ടുണ്ട്. ഞാൻ യു.ഡി.എഫ്.-ൽ ആയിരുന്നപ്പോൾ എത്ര തുക നൽകിയെന്ന് എനിക്ക് വളരെ നന്നായി അറിയാം. ഈ ഗവൺമെന്റ് അതാണോ ചെയ്യുന്നത്? വകുപ്പ് നോക്കാതെ, കൊടിയുടെ നിറം നോക്കാതെ, കോൺഗ്രസ്സാണോ ലീഗാണോ എന്നൊന്നും നോക്കാതെയല്ലേ ധനകാര്യ വകുപ്പുമന്ത്രി നിങ്ങളുടെ മണ്ഡല വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപ അനുവദിച്ചുനൽകിയത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടൂർ മണ്ഡലത്തിലെ എം.എൽ.എ. ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ ധാരാളം കട്ട് ഔട്ടുകൾ അവിടെ കണ്ടിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം കോട്ടയത്തിന്റെ എം.എൽ.എ.-യാണ്. ഞാൻ കഴിഞ്ഞ മാസം കോട്ടയത്ത് ഒരു പരിപാടിക്ക് പോയപ്പോൾ അവിടെ ടൗണിലെല്ലാം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വലിയ കട്ട് ഔട്ടുകൾ വച്ചിരിക്കുകയാണ്. ഈ സർക്കാർ അനുവദിച്ചുനൽകിയ തുക ഉപയോഗിച്ചല്ലേ അങ്ങ് വികസന പ്രവർത്തനങ്ങളൊക്കെ ചെയ്തത്. അങ്ങനെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങൾക്കും വാരിക്കോരിത്തന്ന

ധനകാര്യ വകുപ്പുമന്ത്രിയെ നിങ്ങൾ കേരളത്തിൽ എന്നെങ്കിലും കണ്ടിട്ടുണ്ടോ? നിങ്ങൾ കണ്ടിട്ടില്ല. കശുവണ്ടി മേഖലയ്ക്ക് കുറച്ചുകൂടി തുക അനുവദിച്ചാൽ ഈ മേഖലയെ ധന്യമാക്കി കൊണ്ടുപോകാൻ കഴിയും. വകുപ്പുകളുടെ ഏകോപനക്കുറവുണ്ടെന്നുള്ളത് ഞങ്ങൾ സമ്മതിക്കുന്നു. അതിന്റെ ഫലമായി റോഡുകൾ വളരെ പെട്ടെന്ന് നിർമ്മിക്കാനോ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനോ കഴിയുന്നില്ല. വകുപ്പുകൾ തമ്മിലുള്ള ഏകോപനം അനിവാര്യമാണ്, അതുണ്ടാകണം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അപ്പോൾ പോരായ്മയുണ്ടെന്ന് നിങ്ങൾക്കുതന്നെ അറിയാം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ചില നിർദ്ദേശങ്ങൾ ഞങ്ങളും നിങ്ങളും വയ്ക്കുമല്ലോ? പോരായ്മയുണ്ടെന്നല്ല പറയുന്നത്. ചില വകുപ്പുകൾ തമ്മിൽ ശീതസമരമുണ്ടെങ്കിൽ സമയബന്ധിതമായി അത് മാറ്റിയെടുത്ത് വർക്കുകൾ പൂർത്തീകരിക്കാൻ കഴിയണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നാല് വർഷമായി ആവശ്യപ്പെടുന്ന അഷ്ടമുടി കായലിന് തുക വച്ചിട്ടില്ല.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, അഷ്ടമുടി കായലല്ല, ശാസ്താംകോട്ട

കായലാണ്. അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുക വച്ചിട്ടുണ്ട്. അത് ഇന്നത്തെ പ്രസംഗത്തിൽ അദ്ദേഹം പറയും.

ശ്രീ. അൻവർ സാദത്ത്: സർ, അങ്ങൊരു ശപഥം എടുത്തിട്ടില്ലേ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ആ ശപഥമൊക്കെ നിറവേറ്റാൻ പോകുകയാണ്. ശാസ്താംകോട്ട കായൽ ഇപ്പോൾ പൂർണ്ണമായും സംരക്ഷിക്കപ്പെടും. അതിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ളതെല്ലാം സമയബന്ധിതമായി നടക്കും. ഇപ്പോൾ കെട്ടിടനികുതിയും ഭൂ നികുതിയും അതത് വർഷമാണ് അടച്ചുകൊണ്ടിരിക്കുന്നത്. ബഡ്ജറ്റ് ചർച്ചയിലും ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. 5 വർഷത്തേയ്ക്കുള്ള കെട്ടിട നികുതിയും ഭൂ നികുതിയും അഡ്വാൻസായി അടയ്ക്കണമെന്ന നിർദ്ദേശം വച്ചാൽ ധാരാളം സാമ്പത്തികം വന്നുചേരും. അങ്ങ് അതിനെക്കുറിച്ച് ആലോചിച്ചാൽ ഫിനാൻസ് ക്രൈസിസ് ഒരു പരിധിവരെ മാറ്റിയെടുക്കാൻ കഴിയും. അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ട്രഷറികളിൽ പണത്തിന്റെ അപര്യാപ്തതയുണ്ട്, ഇല്ലെന്ന് പറയുന്നില്ല. പാവപ്പെട്ട ആളുകൾക്ക് ചികിത്സാ ധനസഹായം നൽകുന്നുണ്ട്. അത് ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് വരുന്നത്. അതുപോലെ 59 വയസ്സിനുതാഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ട കുടുംബനാഥൻ മരിച്ചാൽ 2 ലക്ഷം രൂപ നൽകുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 50,000 രൂപയാണ് കൊടുത്തിരുന്നത്. ബഹുമാനപ്പെട്ട എ. കെ. ബാലൻ അത് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. എന്റെ മണ്ഡലത്തിലെ ഇരുപത്തിയൊന്നോളം ആളുകൾക്ക് ആ തുക അനുവദിച്ചതായുള്ള അറിവുണ്ട്. പക്ഷേ ട്രഷറിയിൽ പണമില്ലാത്തതുകൊണ്ട് അവർക്ക് തുക ലഭ്യമാകുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. അതുപോലെ അപകടമരണ സഹായവും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിന്റെ കാർഷിക മേഖലയിലും വിദ്യാഭ്യാസ മേഖലയിലും വലിയ മാറ്റങ്ങളാണുണ്ടായിട്ടുള്ളതെന്ന് കാണാൻ കഴിയും. പൊതുറോഡുകൾ - 54,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് കേരളത്തിലിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആരോഗ്യം, വ്യവസായം, വൈദ്യുതി, പട്ടികജാതി പട്ടികവർഗ്ഗം, തൊഴിൽ, ഫിഷറീസ് എന്നീ മേഖലകളിൽ ഇന്നുവരെ കാണാത്ത തരത്തിലുള്ള വലിയ വികസന പ്രവർത്തനങ്ങളാണ് കേരളത്തിലിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ചോദിച്ചുവാങ്ങാൻ കോൺഗ്രസ്സിനെന്തുകൊണ്ട് കഴിയുന്നില്ല; ഒരു വാക്കുപോലും കോൺഗ്രസ്

പറയുന്നില്ലല്ലോ; ഇന്ത്യൻ പാർലമെന്റിൽ നിങ്ങൾ എന്തെങ്കിലും പറയുന്നുണ്ടോ? ഇവിടെയുള്ള പ്രതിപക്ഷനേതാവ് അടക്കം ഏതെങ്കിലും യു.ഡി.എഫ്. നേതാക്കൾ ബി.ജെ.പി. നയിക്കുന്ന കേന്ദ്രഭരണത്തിനെതിരായി സമരം നടത്തുന്നുണ്ടോ? ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ശാസ്താംകോട്ട കായൽ നന്നാക്കണമെന്ന് ശ്രീ. കോവൂർ കുഞ്ഞുമോൻ ഈ സഭയിൽ വന്ന നാൾമുതൽ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയും കാലമായി ശാസ്താംകോട്ട കായലിന് മോചനമുണ്ടായിട്ടില്ലെന്ന ഒറ്റ കാര്യംകൊണ്ട് ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് ഉറപ്പാകുകയാണ്. അദ്ദേഹത്തിന്റെ കല്യാണംപോലും മുടങ്ങിയിരിക്കുകയാണ്. ശാസ്താംകോട്ട കായൽ നന്നാക്കിയതിനുശേഷം മാത്രമേ കല്യാണം കഴിക്കുകയുള്ളൂവെന്ന് അദ്ദേഹം ഈ സഭയിൽത്തന്നെ പ്രതിജ്ഞ ചെയ്തുപോയി. ഇനി ഒരു വർഷം മാത്രമേയുള്ളൂ. അതിനുള്ളിൽ അദ്ദേഹത്തിന്റെ കല്യാണം നടക്കണമെന്നോർത്തെങ്കിലും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശാസ്താംകോട്ട കായൽ നന്നാക്കി കൊടുക്കേണ്ടത്

ആവശ്യമാണ്. അദ്ദേഹത്തിന് അത് പറയാൻ വിഷമമുള്ളതുകൊണ്ട് പറഞ്ഞില്ല. ഇപ്രാവശ്യമെങ്കിലും അതിന് തുക കിട്ടുമെന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. എല്ലാ വർഷങ്ങളിലും ഇങ്ങനെ പ്രതീക്ഷിച്ചിരിക്കുന്നതല്ലാതെ നടക്കുന്നില്ല. എല്ലാ കാര്യങ്ങളും ബഡ്ജറ്റിലുണ്ട്, ട്രഷറിയിൽ ചെല്ലുമ്പോൾ പണമില്ലെന്ന് ശ്രീ. കോവൂർ കുഞ്ഞുമോൻതന്നെ ഇവിടെ പറഞ്ഞു. ട്രഷറിയിൽ പണമില്ലാത്തതാണ് ഇന്നത്തെ പ്രതിസന്ധിയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇക്കാര്യം ശ്രീ. മഞ്ഞളാംകുഴി അലിയും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തെ വികസന സ്തംഭനത്തിലേയ്ക്ക് കൊണ്ടുപോയ സാഹചര്യം ഇന്നുണ്ടായിരിക്കുകയാണ്. എം.എൽ.എ. ഫണ്ടിന്റെ കാര്യംതന്നെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. കടുത്തുരുത്തി മണ്ഡലത്തിലെ വിവിധ ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനായി എം.എൽ.എ. ഫണ്ടിൽ നിന്നും 2 കോടി രൂപ അനുവദിച്ചിട്ട് രണ്ടുവർഷമായി. ഇത് നടപ്പാക്കാൻ വിവിധ ഏജൻസികൾക്ക് ഫണ്ട് കൊടുക്കാത്തതുകൊണ്ട് രണ്ട് വർഷമായി അതിന്റെ പ്രവൃത്തി നടക്കുന്നില്ല. ഇതെങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. എം.എൽ.എ. ഫണ്ടുപോലും ലഭിക്കാത്ത അവസ്ഥയാണെന്നുപറയുമ്പോൾ എങ്ങനെയാണ് കേരളത്തിന്റെ മറ്റ് വികസന

കാര്യങ്ങൾ നടക്കുക. ആസ്തിവികസന ഫണ്ടും അസ്സറ്റ് ഡെവലപ്മെന്റ് ഫണ്ടും ലഭിക്കുന്നതിന് പരിഹാരമുണ്ടാക്കണമെന്നത് ആവശ്യമാണ്. ഇതിനുമുമ്പ് കൊടിയുടെ നിറം നോക്കാതെ, പാർട്ടി നോക്കാതെ, മണ്ഡലം നോക്കാതെ ആരെങ്കിലും തുക കൊടുത്തിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ ചോദിച്ചു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കെ. എം. മാണി സാർ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് ഇപ്പോൾ നമ്മൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 5 കോടി രൂപയുടെ അസ്സറ്റ് ഡെവലപ്മെന്റ് ഫണ്ട് എന്ന സ്കീമിന് കേരളത്തിൽ തുടക്കംക്കുറിച്ചത്. 140 എം.എൽ.എ.-മാർക്കും തുക കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യം കേരളത്തിലുണ്ടാക്കി. ഇന്നും അതല്ലേയുള്ളൂ. ബഡ്ജറ്റ് വർക്കുകൾ ബഡ്ജറ്റിൽ വന്നിട്ടുണ്ടെന്നല്ലാതെ വർക്ക് നടക്കുന്നില്ല.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, എത്രയോ സ്ഥലത്ത് വർക്ക് നടക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കുറച്ച് വർക്കുകൾ നടക്കുന്നുണ്ടാകും. നടക്കാത്തതായ എത്രയോ വർക്കുകളുണ്ട്. ബഡ്ജറ്റ് അവതരിപ്പിക്കുന്ന ആദ്യത്തെ ദിവസം പുസ്തകത്തിൽ വരും. പിന്നീട് ഒന്നിനും പണമില്ല. ഇവിടെ കർഷകരുടെ കാര്യം പറഞ്ഞു. എന്റെ അടുത്ത സുഹൃത്തും ഞങ്ങൾക്കെല്ലാം

വേണ്ടപ്പെട്ടതുമായ കടുത്തുരുത്തിയിലെ ഒരു കർഷകൻ കടബാദ്ധ്യതയാൽ കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്തു. കേരളത്തിൽ കർഷക ആത്മഹത്യ വീണ്ടും സംജാതമാകുകയാണ്. നെൽകർഷകർക്ക് കൊടുക്കാനുള്ള ഉല്പാദന ബോണസ് കഴിഞ്ഞ മൂന്നുവർഷമായി ഒരു പൈസപോലും നൽകാൻ കഴിഞ്ഞിട്ടില്ല. ഹരിതകേരളത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. വിവിധ പദ്ധതികൾ മുഖേന കർഷകർക്ക് പ്രോത്സാഹനം നൽകുന്നു. അത് നല്ല കാര്യം. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് റബ്ബറിന് വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തിയത്. അതുവഴി 150 രൂപയുടെ ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്ന സാഹചര്യമുണ്ടായി. കഴിഞ്ഞ ഒരു വർഷമായി റബ്ബർ വിലസ്ഥിരതാ ഫണ്ടിന്റെ സബ്സിഡി നൽകാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പരിശോധിക്കണം. എന്തെല്ലാം പ്രശ്നങ്ങളാണ് ഇവിടെ നിലനിൽക്കുന്നത്. സംസ്ഥാനത്തെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല. റോഡ് നിർമ്മാണം നടക്കുന്നില്ല. നിർമ്മാണ മേഖലയുടെ ഇന്നത്തെ അവസ്ഥയെന്താണ്? കരാറുകാർക്ക് നൽകാനുള്ള 3000 കോടി രൂപയുടെ കുടിശ്ശിക കിടക്കുകയാണ്. ഇവിടത്തെ വികസന പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകും.

കേരള വാട്ടർ അതോറിറ്റിയിൽ വലിയ തോതിലുള്ള കുടിശ്ശിക കിടക്കുന്നു. വാട്ടർ കണക്ഷനുകൾ വിച്ഛേദിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ഒരാഴ്ചത്തെ സാവകാശം കൊടുക്കാൻ മാർഗ്ഗമില്ല. വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക നൽകാത്തതുകൊണ്ട് അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ്. അതുപോലെ എൽ.എസ്.ജി.ഡി.-യിലെ വികസന കാര്യങ്ങൾ എങ്ങനെ നടപ്പിലാക്കാൻ കഴിയും. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പറഞ്ഞ കേരളം ഇപ്പോൾ അധികാരങ്ങൾ തിരിച്ചെടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വെട്ടിമുറിക്കുന്ന, പ്രതിസന്ധിയിലാക്കുന്ന സാഹചര്യമുണ്ടാക്കിയിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത വിധത്തിൽ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവയ്ക്കുന്ന സ്ഥിതിവിശേഷം ഇന്ന് കരാറുകാരുടെയും ജനങ്ങളുടെയും ഭാഗത്തുനിന്നും ഉണ്ടായിരിക്കുകയാണ്. ഇതിനൊരു പരിഹാരം കാണണ്ടേ? ഇപ്പോൾ ഈ ധനവിനിയോഗ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും അത്യാവശ്യം ധനക്രമീകരണത്തിന് മാത്രമുള്ള ഒരു നടപടിക്രമം എന്നതിനപ്പുറം എന്ത് റിസൾട്ടാണുള്ളത്? ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി, വിവിധ വകുപ്പുകളിൽ വന്നിരിക്കുന്ന

കരാറുകാരുടെയടക്കം കുടിശ്ശികകൾ ഈ മാർച്ച് മാസം 31-ന് മുമ്പ് കുറെയെങ്കിലും കൊടുത്തുതീർക്കാൻ കഴിഞ്ഞില്ലെങ്കിൽ മാർച്ച് മാസം കഴിയുമ്പോൾ പരിപൂർണ്ണ സ്തംഭനത്തിലേയ്ക്ക് കടക്കാൻ പോകുന്നുവെന്നതാണ് കേരളത്തിന്റെ വികസനരംഗത്ത് സംഭവിക്കാൻ പോകുന്ന കാര്യം. ഇത്തരം പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണണം.

ഭവനനിർമ്മാണരംഗത്തെ കാര്യങ്ങളെക്കുറിച്ച് ശ്രീ. ജെയിംസ് മാത്യു പറഞ്ഞു, ഞങ്ങളാരും എതിർക്കുന്നില്ല. ഗവൺമെന്റ് ഇത്രയും വീടുകൾ നിർമ്മിച്ച് നൽകിയത് നല്ല കാര്യം തന്നെ. പക്ഷേ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ വീടുകൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കുമ്പോഴും നമ്മുടെ സംസ്ഥാനത്ത് ഭവനനിർമ്മാണരംഗത്ത് ഇന്നും ലക്ഷക്കണക്കിനാളുകളുടെ അപേക്ഷകൾ തുറന്നുനോക്കാൻപോലും കഴിയാത്ത വിധത്തിൽ അവശേഷിക്കുന്നുവെന്ന കാര്യത്തെക്കുറിച്ചുകൂടി ഗവൺമെന്റ് പറയണം, അത് പറയുന്നില്ല. ഇവിടെ ഒരു ഗ്രാമസഭയിൽ ഒരു വീട് നിർമ്മിച്ച് നൽകുകയാണ്. അതിനപ്പുറത്തേയ്ക്ക് നൽകുന്നുണ്ടോ? നമ്മുടെ സംസ്ഥാനത്ത് രണ്ട് പ്രളയങ്ങളിലായി വീടുകൾ തകർന്നുപോയ പാവങ്ങൾക്ക് വീടുകൾ നന്നാക്കിക്കൊടുക്കുന്ന കാര്യം ശ്രീ. പി. ജെ. ജോസഫ് എത്ര തവണ ഇവിടെ

പറഞ്ഞു. തകർന്നുപോയ വീടുകൾ നന്നാക്കാനുള്ള നടപടികൾ ഇവിടെ ഉണ്ടാകുന്നില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മൂന്നരക്കോടി മലയാളികളുടെ മനസ്സിൽ സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്ത് നാല് വർഷം പിന്നിട്ടിരിക്കുകയാണ്. നോട്ട് നിരോധനംമൂലമുള്ള സാമ്പത്തിക ഞെരുക്കം, ജി.എസ്.ടി. വഴിയുള്ള റവന്യൂ വരുമാനക്കുറവ് ഇതെല്ലാം നമ്മുടെ സാമ്പത്തിക സ്ഥിതി വളരെ മോശമാക്കിയിരിക്കുകയാണ്. എന്നിട്ടും പാവങ്ങൾക്ക് അല്ലലില്ലാത്ത ജീവിതം നൽകുന്ന ഒരു സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ഈ സർക്കാർ ഇന്ത്യക്ക് ബദൽ ഉയർത്തുന്ന സർക്കാരാണെന്നുള്ള കാര്യം നമുക്ക് കാണാൻ കഴിയും. കേന്ദ്ര സർക്കാരിന്റെ അവഗണന രൂക്ഷമായി തുടരുകയാണ്. സംസ്ഥാനത്തിന്റെ കഴുത്തുഞെരിക്കുന്ന ധനസമീപനമാണ് കേന്ദ്രം എടുക്കുന്നത്. വായ്പ, ഗ്രാന്റ് തുടങ്ങിയവ വെട്ടിക്കുറയ്ക്കുന്നു, ജി.എസ്.ടി.

നഷ്ടപരിഹാരം നൽകുന്നില്ല, നെൽകർഷകർക്ക് നൽകാനുള്ള നെല്ലിന്റെ സംഭരണവിലയായ 1035 കോടി രൂപ നൽകുന്നില്ല. ഈ സാമ്പത്തിക ഞെരുക്കത്തിനിടയിലും പാവപ്പെട്ടവന്റെ കഞ്ഞിയിൽ മണ്ണുവാരിയിടുന്ന സമീപനമല്ല ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നത്. സമസ്ത ക്ഷേമ പെൻഷനുകളും 1300 രൂപയാക്കുന്നു, തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതിസഹായം 24 ശതമാനത്തിൽനിന്നും 25.93 ശതമാനമാക്കി വർദ്ധിപ്പിക്കുന്നു, തീരദേശ പാക്കേജിന് 1000 കോടി രൂപ നൽകുന്നു, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 4 വർഷംകൊണ്ട് 1216 കോടി രൂപ, മൂലധനച്ചെലവ് വൻതോതിൽ വർദ്ധിപ്പിക്കുന്നു. അതുപോലെ റോഡുകൾ, പാലങ്ങൾ, ആരോഗ്യമേഖലയിലെ പദ്ധതികൾ എന്നിവയ്ക്ക് ചെലവഴിക്കുന്ന തുക വൻതോതിൽ വർദ്ധിപ്പിച്ചിരിക്കുന്നു. 3 വർഷംകൊണ്ട് പൊതുവിദ്യാലയങ്ങളിൽ 5 ലക്ഷത്തോളം പുതിയ വിദ്യാർത്ഥികൾ വന്നുചേർന്നിരിക്കുകയാണ്. യു.ഡി.എഫ്. ഭരണത്തിലായിരുന്നെങ്കിൽ 5 ലക്ഷത്തോളം കുട്ടികൾ പിറകോട്ടുപോകുന്ന ഒരു സ്ഥിതിവിശേഷമായിരുന്നു. അതുപോലെ നെൽവയൽ വിസ്തൃതി വൻതോതിൽ ഉയർന്നിരിക്കുകയാണ്. നെൽകർഷകർക്ക് റോയൽറ്റിയടക്കം പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ഒരേയൊരു

സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അതിനുവേണ്ടി 40 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ഹെക്ടറിന് 2000 രൂപ വീതം നൽകുന്ന രീതി വരികയാണ്. 'ലൈഫ്' പദ്ധതിയെപ്പറ്റിയും പി.എസ്.സി. നിയമനം സംബന്ധിച്ചും ഇവിടെ പറഞ്ഞുകഴിഞ്ഞു. വികസനത്തിന്റെ വൻകുതിപ്പിലാണ് ഇപ്പോൾ കേരളം പോയിക്കൊണ്ടിരിക്കുന്നത്. ദേശീയ പാത വികസനം, ഇടമൺ-കൊച്ചി പവർ ഹൈവേ പദ്ധതി, ഗെയിൽ പദ്ധതി തുടങ്ങി പ്രതിപക്ഷം നടക്കില്ലായെന്ന് സ്വപ്നം കണ്ട ചില പദ്ധതികളുണ്ട്. ദേശീയ പാത വികസനത്തിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഈ കാര്യത്തിനുവേണ്ടി മുഖ്യമന്ത്രി എത്രപ്രാവശ്യം ഡൽഹിയിൽ പോയി. എന്തുകൊണ്ടാണ് ഫയൽ നീങ്ങാത്തത് എന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയാണ് ചോദിച്ചത്. പിറ്റേദിവസം കരാർ ഒപ്പിടുകയും ഇപ്പോൾ ഇടമൺ-കൊച്ചി പവർ ഹൈവേ പൂർത്തീകരിക്കുകയും ചെയ്തു. 1267 കിലോമീറ്റർ മലയോര ഹൈവേ, 657 കിലോമീറ്റർ തീരദേശ ഹൈവേ, കോവളം-ബേക്കൽ ദേശീയ ജലപാത എന്നിവ പൂർത്തിയായി. സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിന് ഇതിൽപ്പരം മറ്റെന്തുവേണം. ചുരുങ്ങിയ കാലയളവിൽ രാജ്യത്തിനാകെ മാതൃകയാകാൻ കേരളത്തിന്

കഴിഞ്ഞു.

മുന്നോക്കക്കാരിൽ 4 ലക്ഷത്തിന് താഴെ വരുമാനമുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി ജോലിയിലും വിദ്യാഭ്യാസത്തിലും 10 ശതമാനം സംവരണം ഏർപ്പെടുത്തിയും മാനദണ്ഡങ്ങൾ നിശ്ചയിച്ചും ഉത്തരവിറക്കി കഴിഞ്ഞു. 420 ഏക്കർ മെത്രാൻ കായൽ റക്കൻഡോ ഗ്രൂപ്പിന് നൽകാനാണ് യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചതെങ്കിൽ ഈ സർക്കാർ ആ ഉത്തരവ് റദ്ദാക്കിയെന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ കേരളത്തെപ്പറ്റിയാണ് നവാഗതയായ ഒരു മെമ്പർ സഭയിൽ 'മണ്ണുതിന്നുന്ന കുഞ്ഞുങ്ങൾ ജീവിക്കുന്ന കേരളം' എന്ന് വിശേഷിപ്പിച്ചത്. മണ്ണുമാത്രമല്ല, കമ്പിയും സിമന്റും കോൺക്രീറ്റുമെല്ലാം ആർത്തിയോടെ വിഴുങ്ങുന്ന ഇപ്പോൾ അജീർണ്ണം ബാധിച്ച പാലാരിവട്ടത്തെ കുഞ്ഞിനെപ്പോലുള്ളവർ ജീവിക്കുന്ന ഒരു കേരളമായി ഈ കേരളം മാറിയെന്നുള്ളത് കുട്ടികൾപോലും പാടുന്ന ഒരു പാട്ടാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്നിൽനിന്ന് ഒരു പല്ലിക്കുഞ്ഞിന്റെ ശബ്ദംപോലെ ഇന്നലെ സഭയിൽ ഒരു ശബ്ദം കേൾക്കുകയുണ്ടായി. ലീഗ് ഹൗസ്സിനെപ്പറ്റിയായിരുന്നു ചർച്ച. എ.കെ.ജി. സെന്ററിനെപ്പോലെയല്ല ലീഗ് ഹൗസ് എന്നാണ് പറയുന്നത്. അത് 100 ശതമാനവും ശരിയാണ്,

തർക്കമൊന്നുമില്ല. രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളിലെ പ്രധാനപ്പെട്ട ചർച്ച രാഷ്ട്രീയ പ്രശ്നങ്ങളാണ്. കോഴി ബിരിയാണി കഴിച്ച് ഏമ്പക്കം വിട്ടിട്ട് 'തങ്ങളെ, ഇനി എല്ലാം നിങ്ങൾ തീരുമാനിക്കൂ' എന്നുപറയുന്ന ചർച്ചയല്ല എ.കെ.ജി. സെന്ററിൽ നടക്കുന്നത്. ഇവിടെ നാടിന്റെ മതനിരപേക്ഷത തകർക്കുന്ന മോദി സർക്കാരിന്റെ അവസാനത്തെ നടപടിയാണ് പൗരത്വനിയമഭേദഗതി എന്ന് നമുക്ക് കാണാൻ കഴിയും. ആർ.എസ്.എസ്.-ന്റെ ഹിന്ദുരാഷ്ട്ര വാദത്തിനെതിരെ മതനിരപേക്ഷതയുടെ അടിസ്ഥാനത്തിൽ പ്രതിരോധം സംഘടിപ്പിക്കണമെന്നാണ് ഞങ്ങൾ ചർച്ച ചെയ്യുന്നത്.

ആർ.എസ്.എസ്.-ന്റെ ഹിന്ദുരാഷ്ട്രം പോലെ ഇസ്ലാമിക രാഷ്ട്രത്തിനായി നിലകൊള്ളുന്ന ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. എന്നീ സംഘടനകളുമായി ചേരുന്നത് ആർ.എസ്.എസ്.-ന്റെ വളർച്ചയ്ക്ക് വളം നൽകുമെന്നാണ് ഞങ്ങൾ പറയുന്നത്. എന്നാൽ വർഗ്ഗീയ തീവ്രവാദ ശക്തികൾക്കെതിരെ മതവിശ്വാസികളും മതനിരപേക്ഷ ചിന്താഗതിക്കാരും ചേർന്ന് മനുഷ്യമഹാശൃംഖല പോലെയുള്ള മഹാപ്രതിരോധനിര പടുത്തുയർത്താനുള്ള ഗൗരവതരമായ ചർച്ചകളാണ് എ.കെ.ജി. സെന്ററിൽ നടക്കുന്നത്. അതിനുവേണ്ടി മനുഷ്യരെ അണിനിരത്തുന്ന

പ്രവർത്തനത്തിനുവേണ്ടിയാണ് ഞങ്ങൾ ഇടപെടുന്നത്. എന്നാൽ ലീഗ് ഹൗസിൽ നടക്കുന്നത്, വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ നാല് വോട്ടും നാല് സീറ്റും അതിൽപ്പരം വേറെയൊന്നുമില്ല. അതിനായി ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. തുടങ്ങിയ ഭീകരവാദ സംഘടനകളുമായി മുന്നണിയുണ്ടാക്കുന്ന കാര്യമാണ് അവർ ചർച്ച ചെയ്യുന്നത്. ഒരു സാധാരണ മുസ്ലീം മതവിശ്വാസിയുടെ പ്രശ്നം ചർച്ച ചെയ്യാൻ നിങ്ങൾ തയ്യാറല്ല എന്ന കാര്യം മണ്ണാർക്കാട് എം.എൽ.എ.-യുടെ പ്രസംഗത്തിൽനിന്ന് കേട്ടതാണ്. മറ്റെല്ലാ മതവിഭാഗങ്ങളിലുമുള്ളവർ ഭാര്യമാരെ മൊഴി ചൊല്ലിയാൽ അത് കേവലം ഒരു സിവിൽ കേസ് മാത്രമായി പരിഗണിക്കുമ്പോൾ ഒരു മുസ്ലീം ഭാര്യയെ മൊഴി ചൊല്ലിയാൽ ക്രിമിനൽ കുറ്റവാളിയായി ജയിലിൽ കിടക്കേണ്ടി വരുന്ന മുത്തലാഖ് ബിൽ പാർലമെന്റിൽ വോട്ടിനിടുന്ന സമയത്ത് മുസ്ലീം സമുദായത്തിനുവേണ്ടി പ്രവർത്തിക്കുന്ന പാർട്ടിയെന്ന് അവകാശപ്പെടുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രധാനപ്പെട്ട നേതാവും വോട്ട് ചെയ്യാൻ ബാധ്യതപ്പെട്ടയാളുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ നിങ്ങൾ വേറെ ഏതോ പണിക്കായി പറഞ്ഞയച്ചുവെന്നുള്ള കാര്യമാണ് ഞങ്ങൾ സൂചിപ്പിച്ചത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, (........മൈക്ക് ഓഫ്.........)

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, സമയമില്ല പിന്നീട് വഴങ്ങാം. നിങ്ങൾക്ക് മുസ്ലീം സമുദായത്തിനെതിരായ മുത്തലാഖ് ബില്ലിന് വോട്ട് ചെയ്യുന്നതിനേക്കാൾ പ്രധാനപ്പെട്ട കാര്യമെന്താണ്? നിങ്ങൾ ലീഗ് ഹൗസിൽ ചർച്ച ചെയ്യുന്നത് രാഷ്ട്രീയ പ്രശ്നങ്ങളല്ലല്ലോ? ഇതാണ് എ.കെ.ജി. സെന്ററും ലീഗ് ഹൗസും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസം. ഇവിടെ യു.ഡി.എഫ്.-ഉം മുസ്ലീം ലീഗും പരസ്പരസഹായ സംഘങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത് എന്നതിൽ തർക്കമില്ല. കോട്ടയ്ക്കൽ നഗരസഭാ ചെയർമാൻ ശ്രീ. കെ. കെ. നാസർ സംഘപരിവാറിന്റെ പ്രധാനപ്പെട്ട സംഘടനയായ ഭാരതീയ വിചാരകേന്ദ്രത്തിന്റെ വാർഷികം ഉദ്ഘാടനം ചെയ്യുകയാണ്. ഇപ്പുറത്ത് മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. എം. എം. ഹസ്സൻ തിരുവനന്തപുരം അട്ടക്കുളങ്ങരയിൽ എസ്.ഡി.പി.ഐ. പരിപാടിയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിക്കുന്നു. ഇതാണ് നിങ്ങൾ തമ്മിലുള്ള അന്തർധാര. ആർ.എസ്.എസ്.-നെയും എസ്.ഡി.പി.ഐ.-യെയും പോലുള്ള എല്ലാ തീവ്രവാദ വർഗ്ഗീയ സംഘടനകളെയും കൂട്ടുപിടിച്ചുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിൽ വോട്ട് കിട്ടുമോയെന്നുള്ള ദുഷ്ടലാക്ക് വച്ചുകൊണ്ടാണ് നിങ്ങൾ മുന്നോട്ടുപോകുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം പരിശോധിച്ചാൽ ഇടതുപക്ഷ

ജനാധിപത്യ മുന്നണി സഖാവ് പിണറായി വിജയൻ നിയന്ത്രിക്കുന്ന കടിഞ്ഞാണിൽ പടക്കുതിരയെപ്പോലെ മുന്നോട്ടുകുതിക്കുന്ന കാഴ്ചയാണ് നിങ്ങൾ കാണുന്നത്. അതുകൊണ്ട് ലീഗ് ഹൗസിലും കെ.പി.സി.സി. ഓഫീസിലും തീവ്ര ഇടതുപക്ഷ-വലതുപക്ഷ ഐക്യമുണ്ടാക്കി രക്ഷപ്പെടാനുള്ള ഒരു കുതന്ത്രം മെനയുന്നത് ജനങ്ങൾ നന്നായി കാണുന്നുണ്ട്. ബി.ജെ.പി.-ക്കെതിരെ ഇനി ഞങ്ങളാണ് ബദൽ എന്നാണ് കോൺഗ്രസ് പറയുന്നത്. ഇന്നലത്തെ ചർച്ചയിൽ മങ്കട മെമ്പർ കോൺഗ്രസ് വലതുപക്ഷ നയങ്ങളാണ് പിന്തുടരുന്നതെന്ന് പറഞ്ഞു. ശ്രീ. രമേശ് ചെന്നിത്തല അതിനെ പിന്തുണയ്ക്കുന്ന രൂപത്തിൽ ഞങ്ങൾക്ക് ദൗർബല്യങ്ങളും കുറവുകളുമുണ്ടെന്നുംപറഞ്ഞു. ഇതുതന്നെയാണ് ഞങ്ങളും നാട്ടുകാരും പറയുന്നത്. നിങ്ങളുടെ കുറവുകളും ദൗർബല്യങ്ങളുംമൂലമാണ് ഇവിടെ ബി.ജെ.പി. അധികാരത്തിൽ വന്നത്. ആ ദൗർബല്യങ്ങളും കുറവുകളും തിരുത്തണ്ടേ; നിങ്ങളുടെ ദൗർബല്യങ്ങളും കുറവുകളും ബി.ജെ.പി.-യെ അധികാരത്തിലെത്തിച്ചകാര്യം കാണുന്നില്ലേ; നിങ്ങളുടെ നയങ്ങളല്ലേ നിങ്ങളെക്കാൾ തീവ്രമായി ഇപ്പോൾ മോദി നടപ്പാക്കുന്നത്? ബി.ജെ.പി.-യും കോൺഗ്രസ്സും ഒരേ തൂവൽ പക്ഷികളായാണ് കാണാൻ കഴിയുന്നത്.

ഇടതുപക്ഷത്തിന് പിന്തുണ ഉണ്ടായിരുന്നതുകൊണ്ട് ഒന്നാം യു.പി.എ. സർക്കാരിന് സ്വകാര്യവൽക്കരണ നയങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല. രണ്ടാം യു.പി.എ. സർക്കാർ അറവുശാലയിൽനിന്ന് കയർ പൊട്ടിച്ച്, എല്ലാം തകർത്തോടുന്ന ചുവപ്പുകണ്ട കാളയെപ്പോലെ രാജ്യത്തെയാകമാനം തകർത്ത് മുന്നേറുകയാണുണ്ടായത്. രണ്ടാം യു.പി.എ. പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻസിംഗ് അധികാരമേറ്റശേഷം പറഞ്ഞത്, 'എന്റെ കൈകൾ സ്വതന്ത്രമായി' എന്നാണ്. ആ പറഞ്ഞതിന്റെ അർത്ഥം ഒന്നാം യു.പി.എ.-യിൽ ഇടതുപക്ഷം കൈപിടിച്ച് നിയന്ത്രിച്ചുവെന്നല്ലേ? അതുകൊണ്ട് സ്വകാര്യവൽക്കരണം നടപ്പാക്കാൻ കഴിഞ്ഞില്ല. ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാതായപ്പോൾ നിങ്ങൾ നേരത്തെ പറഞ്ഞതുപോലെ കയർ പൊട്ടിയ കാളയെപ്പോലെ മദിച്ചോടി ആ നയങ്ങൾ നടപ്പാക്കി. ആ നയങ്ങൾ നിങ്ങളെ പരാജയപ്പെടുത്തുകയും അത് മുതലെടുത്തുകൊണ്ട് ബി.ജെ.പി. സർക്കാർ അധികാരത്തിൽ വരികയും ചെയ്തു. ഇപ്പോൾ ആ ബി.ജെ.പി. നിങ്ങളെക്കാൾ തീഷ്ണമായി ഈ നയങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. കേരളം വളർന്നുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി

ഭരണത്തിൻകീഴിൽ ഇക്കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സമസ്ത മേഖലകളിലും വമ്പൻ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് കേരളം മുന്നോട്ടുപോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ കാർഷിക-വ്യവസായ-തൊഴിൽ മേഖലകൾ തുടങ്ങി സമസ്ത മേഖലകളെയും മുന്നോട്ട് നയിക്കാനുള്ള 4 കർമ്മപരിപാടികൾ ആവിഷ്കരിച്ച് അവ പ്രാവർത്തികമാക്കി കേരളം മുന്നോട്ടുപോകുമ്പോൾ ജനം ആ കർമ്മ പരിപാടികൾക്കുമുമ്പിൽ ഒന്നുചേരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിൽ യു.ഡി.എഫ്.-ന് പരിഭ്രാന്തിയുണ്ട്, കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷമുള്ള അവസ്ഥ പരിശോധിച്ചാൽ, യു.ഡി.എഫ്. പിറകോട്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു കുതിപ്പിൽ മുന്നോട്ടുംപോയിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. കേരളം വളരുന്നത് സംബന്ധിച്ച് പാലാ നാരായണൻ നായർ എഴുതിയ ഒരു കവിതയുണ്ട്.

'കേരളം വളരുന്ന പശ്ചിമഘട്ടങ്ങളെ-

ക്കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ

ഇവിടെപ്പിറക്കുന്ന കാട്ടുപുല്ലിലുമുണ്ട്

ഭുവനം മയക്കുന്ന ചന്തവും സുഗന്ധവും

ഇവിടെക്കിടക്കുന്ന കാട്ടുകല്ലിലുമുണ്ട്

വിവിധ സനാതന ചൈതന്യ പ്രതീകങ്ങൾ'

പശ്ചിമഘട്ടങ്ങളും കടന്ന് ഇന്ത്യയ്ക്ക് മാതൃകയായി കേരളം വളരുകയാണ്, മുന്നേറുകയാണ്. ആർക്കും ഈ മുന്നേറ്റത്തെ തടുക്കാൻ സാധിക്കുകയില്ല. സിരകളിൽ ചോര വറ്റുംവരെ ഈ ബദൽ സംരക്ഷിക്കാനും ഇന്ത്യയാകെ വ്യാപിക്കാനാവശ്യമായ പോരാട്ടവും ഇടതുപക്ഷം തുടരുമെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകേണ്ട കാര്യമില്ല. അതിൽ വിഷമിച്ചിട്ടും കാര്യമില്ല. ശ്രീ. മഞ്ഞളാംകുഴി അലി ഒരു ചായക്കടയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അതൊരു ചായക്കടയാകില്ല, ഏതെങ്കിലും ഭ്രാന്തൻ ഉപയോഗിക്കുന്ന വീടാകാനേ വഴിയുള്ളൂ. ചായപ്പൊടിയും പഞ്ചസാരയും വെള്ളവും പാലുമില്ലാതെ കച്ചവടം ചെയ്യുന്നുണ്ടെങ്കിൽ അതിനെ ചായക്കട എന്ന് വിളിക്കാൻ സാധിക്കുമോ; അതൊരു ഭാവനാ ചായക്കടയാണ്, അത്തരമൊരു ഭാവനാ സൃഷ്ടിയിലൂടെയാണ് അദ്ദേഹം ട്രഷറിയെപ്പറ്റി പറഞ്ഞത്. അദ്ദേഹത്തിന്റെ ഭാവനയിൽ നിന്നുവന്ന സൃഷ്ടിമാത്രമാണ് അതെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. വളരുന്ന കേരളത്തെ, ഇന്ത്യയാകെ പടരുന്ന കേരളത്തെ

തകർക്കാൻ നിങ്ങൾ എത്രയെത്ര വെടികളാണ് പൊട്ടിച്ചത്; എല്ലാം ഉണ്ടയില്ലാ വെടികളായിരുന്നു. സി.ഐ.ഡി. മൂസ എന്ന സിനിമയിൽ ചവറ്റ് കുട്ടയിൽ നിന്ന് സലിംകുമാർ തോക്കുമായി ഉയർന്നുവന്ന് ആളുകളെ വെടിവയ്ക്കുന്ന ഒരു രംഗമുണ്ട്. എന്നാൽ ഒരാൾക്കും ഒരു വെടിയും കൊള്ളുന്നില്ല. കഴിഞ്ഞ നാല് വർഷമായി അടിയന്തരപ്രമേയങ്ങളായും മറ്റു പല രൂപത്തിലും ഇടതുപക്ഷ സർക്കാരിനെതിരെ ഉണ്ടയില്ലാ വെടികൾ പൊട്ടിക്കുന്ന നിങ്ങളുടെ ദയനീയമായ കാഴ്ചകണ്ട് കേരള ജനത രസിക്കുകയാണ്. ഇവിടെ കേരളം പിറകോട്ട് പോകുകയല്ല, മുന്നോട്ട് പോകുകയാണ്. നിങ്ങൾ ഏത് രൂപത്തിൽ ഇടതുപക്ഷത്തെ തകർക്കാനുള്ള പരിശ്രമങ്ങൾ നടത്തിയാലും വർഗ്ഗീയതയ്ക്കെതിരെ, കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾക്കെതിരെ, അതുപോലെ നാടിനെ ഭിന്നിപ്പിക്കാനാവശ്യമായ പൗരത്വ നിയമഭേദഗതിക്കെതിരെ അങ്ങനെ നാനാവിധ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോകാനുള്ള കാര്യങ്ങളാണ് എ.കെ.ജി. സെന്ററിലും മറ്റ് ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാന പാർട്ടി ഓഫീസുകളിലും ചർച്ച ചെയ്യപ്പെടുന്നത്. മറിച്ച് അടുത്ത് വരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും നാല് വോട്ടും

നാല് സീറ്റും ലഭിക്കുന്നതിനാവശ്യമായ നടപടികളെക്കുറിച്ചാണ് നിങ്ങൾ ആലോചിക്കുന്നത്. ഇവിടെ സി.ആൻഡ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് ചർച്ച നടന്നല്ലോ; ആ ചർച്ചയിൽ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത് എന്താണ്; സി.ആൻഡ് എ.ജി. റിപ്പോർട്ട് പ്രകാരമുള്ള നടപടികളിലേയ്ക്ക് പോകുമെന്ന് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞ കാര്യമാണ്. ആ വാക്ക് പാലിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോകുന്നത്. പർച്ചേസ് മാന്വലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷനെ നിയമിച്ച് ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ആ നിലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നു, ജനപിന്തുണ നേടികൊണ്ട് മുന്നോട്ടുപോകുന്നു. അങ്ങനെ മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ യു.ഡി.എഫ്. എസ്.ഡി.പി.ഐ.-യെയോ ജമാഅത്തെ ഇസ്ലാമിയെയോ പോലുള്ള തീവ്രശക്തികളെ കൂട്ടുപിടിച്ചാലും തകർക്കാൻ കഴിയില്ല. ജനമനസ്സിൽ ഇടം നേടി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ടുനിർത്തുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. നമ്മുടെ നിയമസഭ ബഡ്ജറ്റും സപ്ലിമെന്ററി ഗ്രാന്റും ധനവിനിയോഗ ബില്ലുമൊക്കെ പാസ്സാക്കിക്കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അവരവരുടെ വകുപ്പുകളിലേയ്ക്ക് പണം ലഭ്യമായി അത് ചെലവഴിക്കുന്നതിനുള്ള അംഗീകാരമാണ് ധനവിനിയോഗ ബിൽ നൽകുന്നത്. 'ഇല്ലത്തുനിന്ന് പുറപ്പെട്ടു, അമ്മാത്ത് എത്തിയതുമില്ല' എന്ന് നമ്മൾ പറയാറുണ്ട്. സഭ എല്ലാം പാസ്സാക്കി കൊടുക്കുന്നുണ്ട്. ഇങ്ങനെ പാസ്സാക്കുന്നതിന്റെ എത്ര ശതമാനം തുക അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഇവിടത്തെ ബഹുമാനപ്പെട്ട മന്ത്രിമാർ പറയട്ടെ, ഒന്ന് പരിശോധിച്ചാൽ മതി. ഭരണപക്ഷ എം.എൽ.എ.-മാർ ഈ ഗവൺമെന്റിനെക്കുറിച്ച് പറയാൻ ബാദ്ധ്യസ്ഥരാണ്, അതാണ് നിങ്ങൾ പറഞ്ഞതും. ബഡ്ജറ്റിൽ എത്ര തുക വകയിരുത്തുന്നു, ഓരോ വകുപ്പിനും എത്ര തുക കൊടുക്കുന്നു, അതിന്റെ അവസാന വർഷം വരുമ്പോൾ എത്ര തുകയാണ് ലഭ്യമാകുന്നതെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പരിശോധിച്ച് ഇവിടെ പറയേണ്ട; പാർട്ടി യോഗങ്ങൾ കൂടുമ്പോൾ അവിടെയെങ്കിലും പറയാൻ നിങ്ങൾക്ക് കഴിയണം. എന്നാൽ നിങ്ങൾക്ക്

യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കാണാൻ കഴിയും. ശ്രീ. എ. കെ. ബാലനും ബഹുമാന്യനായ കെ. കൃഷ്ണൻകുട്ടിയുമൊക്കെ പണം ലഭ്യമാകുന്നില്ലെന്ന് പറഞ്ഞു. ശ്രീ. കോവൂർ കുഞ്ഞുമോൻ ട്രഷറികളിൽനിന്നും പണം ലഭ്യമാകുന്നില്ലെന്ന് പറഞ്ഞു. അങ്ങനെ പരസ്യമായി തുക ലഭിക്കുന്നില്ലെന്ന് പല മന്ത്രിമാർക്കും പറയാൻ കഴിയില്ല. യാഥാർത്ഥ്യം എന്താണ്; ബഡ്ജറ്റിലൂടെ വലിയൊരു തുക സഭയിൽ പറയുന്ന അത് നമ്മൾ പാസ്സാക്കുന്നു. പക്ഷേ ഓരോ വകുപ്പിനും അത് കിട്ടാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിമാരെല്ലാം നിസ്സഹായരും നിരാലംബരുമാണ്. ഞാൻ എന്റെ എതിർപ്പ് അവർക്കുമുന്നിൽ സമർപ്പിക്കുകയാണ്. കാരണം അവരെ സംബന്ധിച്ചിടത്തോളം വകുപ്പുണ്ട്, മന്ത്രിയുണ്ട്, പക്ഷേ ചെലവഴിക്കാൻ പണമില്ലാത്ത സാഹചര്യമാണ് ഈ ഗവൺമെന്റിന്റെ കീഴിലുള്ളത് എന്ന ഒരു കാര്യം ആമുഖമായി അങ്ങയോട് സൂചിപ്പിക്കുകയാണ്.

സാമ്പത്തികമായി ഇതുപോലെ ഞെരുക്കമുണ്ടായ കാലഘട്ടമുണ്ടായിട്ടില്ല. അങ്ങ് 2013-ലെയും 2014-ലെയും സാമ്പത്തിക പ്രതിസന്ധിയെപ്പറ്റി പറഞ്ഞു. അതിനുമുമ്പ് 1998-ലാണ് ഏറ്റവും വലിയ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായത്. ഇപ്പോൾ നമ്മൾ അതിനെക്കാൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്.

ഞാൻ എല്ലാം ഈ ഗവൺമെന്റിന്റെ തെറ്റാണെന്ന് പറയുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ പിടിപ്പുകേട് നന്നായിട്ടുണ്ട്. അവരുടെ സാമ്പത്തിക നയങ്ങളിലെ വീഴ്ചകൾ, സാമ്പത്തിക രീതി നടപ്പാക്കുന്ന കാര്യത്തിലുള്ള വീഴ്ചകളുമൊക്കെ അതിലുണ്ട്. അതൊക്കെ പറഞ്ഞിരിക്കേണ്ടതാണോ സംസ്ഥാന ഗവൺമെന്റ്? സംസ്ഥാന ഗവൺമെന്റിനും ചില ഉത്തരവാദിത്തങ്ങളുണ്ട്. ആ ഉത്തരവാദിത്തങ്ങൾ പ്രയോജനപ്പെടുത്തി ഈയൊരു സാമ്പത്തിക ഞെരുക്കത്തെ നേരിടുന്നതിൽ എന്തെങ്കിലും ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടോ; ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറയുന്നതിൽ എത്രമാത്രം ശരിയുണ്ടെന്ന് ഏറ്റവും കൂടുതൽ അറിയുന്ന ആൾ അങ്ങ് ആണല്ലോ; നിയമസഭയ്ക്ക് പുറത്ത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പോയി അന്വേഷിച്ചാലുള്ള സ്ഥിതി എന്താണ്; കേരളത്തിന്റെ സാമ്പത്തിക ഞെരുക്കം ഇന്ന് സാമ്പത്തിക രംഗം ചർച്ച ചെയ്യുന്നവരെ മാത്രം ബാധിക്കുന്ന ഒന്നല്ല. നമ്മുടെ നാട്ടിൻപുറങ്ങളിൽ, സാധാരണക്കാരന്റെ വീടുകളിൽ അത് ബാധിക്കുന്നു. 40 ശതമാനം കച്ചവടം കുറഞ്ഞുവെന്നാണ് വ്യാപാരി വ്യവസായികളുമായി ബന്ധപ്പെട്ട് ഒരു പ്രസ്താവന വന്നത്. ഏതാണ്ട് 15 ശതമാനത്തോളം വരുന്ന സ്ഥാപനങ്ങൾ

അടച്ചുപൂട്ടിയെന്നാണ് പറയുന്നത്. 350 പേർ ഇപ്രാവശ്യം രജിസ്ട്രേഷൻ പുതുക്കിയില്ലെന്നാണ് മഞ്ചേരിയിലെ വ്യാപാരി വ്യവസായി ഭാരവാഹി എന്നോട് പറഞ്ഞത്. അതിനർത്ഥം ആ സ്ഥാപനങ്ങളൊക്കെ അടച്ചുപൂട്ടിയെന്നാണ്. എല്ലാംകൊണ്ടും കേരളം ശരിയായ ദിശയിൽ പോകുന്നുവെന്ന് നിങ്ങൾ പറയുന്നു. നിങ്ങൾ നിങ്ങളുടെ ടൗണുകളിൽ, അങ്ങാടിയിൽ എന്താണ് സ്ഥിതിയെന്ന് അന്വേഷിച്ച് നോക്കൂ. ദയനീയമായ സാഹചര്യമാണ് കാണാൻ കഴിയുന്നത്. ഡീസലിന്റെ നികുതി കുറയുന്ന സാഹചര്യം അത്യപൂർവ്വമല്ലേ; എന്തുകൊണ്ടാണ് കുറയുന്നത്; ആളുകൾ യാത്ര ചെയ്യുന്നില്ല. ജനങ്ങളുടെ കയ്യിൽ പണമില്ലാത്ത സാഹചര്യം ഇന്ന് മറ്റെന്തിനെക്കാളും ഉണ്ടായിരിക്കുകയാണ്. ആയിരക്കണക്കിന് ഹോട്ടലുകൾ അടച്ചുപൂട്ടിയെന്നാണ് ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് ഭാരവാഹികൾ പറയുന്നത്. അങ്ങ് ഇതൊക്കെ കാണണ്ടേ; ഇവിടെ എല്ലാം ശരിയാണ് എന്ന് പറയുന്നിടത്താണോ നമ്മുടെ സാമ്പത്തിക മാനേജ്മെന്റ് നടത്തേണ്ടത്, അല്ലല്ലോ; നമ്മുടെ സാമ്പത്തിക രംഗം നല്ല രീതിയിൽ നിലനിർത്തിക്കൊണ്ട് കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കണം. ഇന്ന് എന്താണ് സ്ഥിതി; തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചെറുകിട

വ്യവസായവുമായി ബന്ധപ്പെട്ട കാര്യങ്ങളെടുത്ത് പരിശോധിച്ചുനോക്കൂ. എത്ര മേഖലയിലാണ് തൊഴിൽ നഷ്ടമുണ്ടായിട്ടുള്ളത്. ഇന്ന് എല്ലാ രംഗത്തും സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമാണ്. മിനിഞ്ഞാന്ന് അങ്ങ് സഭയിൽ പറയുന്നത് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. അങ്ങ് പറഞ്ഞതെന്താണ്? ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഡ്ജറ്റിന് പുറത്തുനിന്നും 4500 കോടി രൂപ കിഫ്ബിയിലൂടെ കണ്ടെത്തുന്നുവെന്ന്. ഈ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കുന്നതിന് ബഡ്ജറ്റിന് പുറത്തുനിന്നും പണം കണ്ടെത്തി ചെലവഴിക്കുമെന്നാണ് ഇനി അങ്ങ് പറയാൻ പോകുന്നത്. എനിക്ക് അങ്ങയോടുള്ള ചോദ്യം, സ്വാഭാവികമായി സാമ്പത്തികപ്രതിസന്ധിയെ നേരിടേണ്ടത് ബഡ്ജറ്റിലൂടെയാണല്ലോ? ബഡ്ജറ്റാണ് നമ്മുടെ കയ്യിലുള്ള പ്രധാനപ്പെട്ട ആയുധം. അതിലൂടെ അങ്ങ് ചെയ്യുന്നതെന്താണ്? ഞാൻ കൂടുതൽ വർഷങ്ങളിലേയ്ക്ക് പോകുന്നില്ല. 2018-19-ലെ ബഡ്ജറ്റിൽ 28,622 കോടി രൂപ പറഞ്ഞിരുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ വന്നപ്പോൾ 24,816 കോടി രൂപയായി. എന്നാൽ 2018-19-ലെ ആഡിറ്റഡ് അക്കൗണ്ടിൽ അങ്ങ് പറയുന്നത് 21,997 കോടി രൂപ എന്നാണ്. അതായത് ബഡ്ജറ്റ് എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് 7000 കോടി രൂപ അന്ന്

ചെലവഴിച്ചില്ല. അത്രയും രൂപ വെട്ടിക്കുറച്ചു. 2019-2020-ലെ ബഡ്ജറ്റിൽ പറഞ്ഞത് 30,657 കോടി രൂപയും ആർ.ഇ. 22,073 കോടി രൂപയുമാണ്. അക്കൗണ്ടിംഗ് കഴിഞ്ഞിട്ടില്ല. അത് ഈ സാമ്പത്തികവർഷം കഴിഞ്ഞതിനുശേഷമേ വരികയുള്ളൂ. പക്ഷേ ഇപ്പോൾ തന്നെ ഏതാണ്ട് 8000 കോടി രൂപ ഈ രണ്ട് ബഡ്ജറ്റുകളിലായി അങ്ങ് വെട്ടിക്കുറച്ചു. എന്റെ അറിവുകേടും വിവരക്കേടും കൊണ്ടായിരിക്കാം എനിക്ക് മനസ്സിലാകാത്ത ഒരു കാര്യം, ഈ രണ്ട് ബഡ്ജറ്റികളിലൂടെ 15000 കോടി രൂപ വെട്ടിക്കുറച്ചതിനുശേഷം 4500 കോടി രൂപ കിഫ്ബിയിലൂടെ മാർക്കറ്റിലേയ്ക്കോ അല്ലെങ്കിൽ കൺസ്ട്രക്ഷൻ രംഗത്തേയ്ക്കോ ഒഴുക്കിക്കഴിഞ്ഞാൽ എങ്ങനെയാണ് സാമ്പത്തികമാന്ദ്യത്തെ നേരിടാൻ കഴിയുന്നത്? ഈ ബഡ്ജറ്റിൽ പറഞ്ഞ പദ്ധതികൾ ഞങ്ങൾ പൂർത്തീകരിച്ചുവെന്നാണ് അങ്ങ് പറയേണ്ടിയിരുന്നത്. അതിനുപുറമെ ഏതാണ്ട് 4500 കോടി രൂപ കൊണ്ടുവന്നുവെന്ന് പറഞ്ഞാൽ എനിക്ക് മനസ്സിലാകും. പക്ഷേ അങ്ങ് അതല്ല ചെയ്തത്. 15000 കോടി രൂപ വെട്ടിക്കുറച്ചതിനുശേഷം 4500 കോടി രൂപ കൊണ്ട് ഞങ്ങൾ ഈ സാമ്പത്തിക മാന്ദ്യത്തെ നേരിടുമെന്ന് പറയുകയാണ്. സമയപരിമിതികൊണ്ട് കൂടുതൽ വിശദാംശങ്ങളിലേയ്ക്ക്

കടക്കുന്നില്ല. 1100 കോടിയിലധികം രൂപയുടെ പുതിയ നികുതി കൊണ്ടുവന്നു. നികുതി കൊണ്ടുവരാൻ സാധിക്കുന്ന സാഹചര്യമാണോ ഇന്നുള്ളത്? നികുതി കൊണ്ടുവന്നിട്ടുള്ളത് ഭൂമിയുടെ പേരിലാണ്. സാമ്പത്തികമാന്ദ്യമുണ്ടാകുമ്പോൾ കൺസ്ട്രക്ഷൻ മേഖലയെയും ക്രയവിക്രയങ്ങളെയും ഭൂമി കച്ചവടങ്ങളെയും അത് ബാധിക്കും. അവിടെ കുറച്ചുകൂടി റിലാക്സ് ചെയ്യുന്ന സാഹചര്യമുണ്ടാകണം. അങ്ങ് എന്താണ് ചെയ്തത്? അവിടെയാണ് ഏതാണ്ട് 200 കോടി രൂപയ്ക്ക് ന്യായവിലയിൽ 10 ശതമാനം കൂടുതൽ നികുതി ചുമത്തിയത്. ഇതൊക്കെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങളാണ്. സാമ്പത്തിക പ്രതിസന്ധി വന്നപ്പോൾ നരേന്ദ്രമോദി ഗവൺമെന്റ് ചെയ്തതുപോലെ യഥാർത്ഥത്തിൽ കൂടുതൽ കരുത്തുറ്റ കാര്യങ്ങളൊക്കെ, അതായത് കരുത്തുറ്റ എന്ന് ഞാൻ പറയുന്നത് എല്ലാ രീതിയിലും ആശങ്കയുണ്ടാക്കുന്ന, പണം മാർക്കറ്റിൽ കൊണ്ടുവന്നാൽ അവരെ ഭയപ്പെടുത്തുന്ന രീതിയിലുള്ള നിയമം കൊണ്ടുവന്നു. ഇവിടെയും അങ്ങ് ചെയ്യുന്നത് അതാണ്. കച്ചവടങ്ങളും കൺസ്ട്രക്ഷനും നടക്കുന്നതിനുള്ള സാഹചര്യമാണ് അങ്ങ് ഇവിടെ ഉണ്ടാക്കേണ്ടത്. എം.എൽ.എ.-മാർ പറയുന്നത് കേട്ടിരുന്നാൽ നമ്മുടെ നാടിന്റെ സ്ഥിതിയെന്താകും? അതുകൊണ്ട് അങ്ങേയ്ക്ക്

നികുതിയുടെ കാര്യത്തിൽ വലിയ വീഴ്ചയുണ്ടായി. ഈ നികുതി പിരിച്ചെടുക്കുമ്പോൾ അങ്ങ് ഉദ്ദേശിച്ച 200 കോടി രൂപ അങ്ങേയ്ക്ക് കിട്ടില്ല. അതിന് യാതൊരു തർക്കവുമില്ല. അങ്ങേയ്ക്ക് ഒരു കാര്യംചെയ്യാമായിരുന്നു. എന്റെ കയ്യിലുള്ള ബഡ്ജറ്റ്-ഇൻ-ബ്രീഫിൽ 2005-ലെ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടുപ്രകാരം അങ്ങ് എല്ലാ കാര്യങ്ങളും കൊടുത്തിരിക്കുന്നു. ഡിസ്പ്യൂട്ടുള്ള തുകയെക്കുറിച്ച് ഞാൻ പറയുന്നില്ല. അതല്ലാതെ പിരിച്ചെടുക്കാവുന്ന വലിയ തുകയുണ്ട്. അത് പിരിച്ചെടുക്കാനെങ്കിലും ശ്രമം നടത്തണം. പത്തോ അഞ്ചൂറോ കോടി രൂപ പിരിച്ചെടുക്കാനുള്ള ശ്രമം നടത്തിയിരുന്നെങ്കിൽ ഇത്രയും വലിയ നികുതി അങ്ങേയ്ക്ക് ചുമത്തേണ്ടിവരുമായിരുന്നോ? ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. സ്വർണ്ണനികുതി തട്ടിപ്പിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അതൊക്കെ ചെയ്താൽ പോരേ എന്നല്ല ചോദിക്കുന്നത്. കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ അങ്ങയുടെ വകുപ്പിന്റെ പരാജയം ഇന്ന് നമ്മുടെ നാട് ഏറ്റെടുത്തിരിക്കുകയാണ്. അത് ഇവിടത്തെ മന്ത്രിമാരും ജനങ്ങളും സഹിക്കേണ്ടിവരികയാണ്. അങ്ങ് പറയുന്നതൊന്നും ഇവിടെ നടക്കുന്നില്ല. എല്ലാം ഭംഗിയായി പോകുന്നുവെന്ന്

പറയുന്നു, ഒന്നും ഭംഗിയായി പോകുന്നില്ല. അങ്ങേയറ്റത്തെ പ്രയാസത്തിലാണ് പോകുന്നത്. അത് തിരിച്ചറിഞ്ഞ് അതനുസരിച്ചുള്ള ഒരു നയം രൂപീകരിക്കുന്നതിന് പകരം നികുതി കൂടുതൽ കൊണ്ടുവന്ന് ടൈറ്റൻ ചെയ്യുകയാണ്. അത്തരം കാര്യങ്ങളിൽ മാറ്റം വരുത്തിയില്ലെങ്കിൽ, എം.എൽ.എ.-മാർ എന്തൊക്കെ പറഞ്ഞിരുന്നാലും വലിയ അപകടത്തിലേയ്ക്കുമാത്രമേ നമ്മുടെ സംസ്ഥാനം പോകുകയുള്ളൂ എന്നകാര്യത്തിൽ സംശയമില്ല. എന്റെ അടുത്ത സുഹൃത്തായ ശ്രീ. ജെയിംസ് മാത്യു പൊതുപ്രവർത്തനം അവസാനിപ്പിക്കണമെന്ന് ഒരിക്കലും ആഗ്രഹിക്കാത്ത ആളാണ് ഞാനെന്ന് അദ്ദേഹത്തിന് അറിയാം. പക്ഷേ ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയൊരു പത്ര സമ്മേളനത്തെക്കുറിച്ച് 'ഇതൊന്ന് തെളിയിച്ചാൽ ഞാൻ പൊതുപ്രവർത്തനം അവസാനിപ്പിക്കാമെന്ന്' അദ്ദേഹം പറഞ്ഞു. അങ്ങനെ പറയാമോ? അങ്ങ് ഒരിക്കലും പൊതുപ്രവർത്തനം അവസാനിപ്പിക്കരുത്, അങ്ങ് നല്ല സാമാജികനാണ്. അതിലൊന്നും ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. അങ്ങിൽ നിന്ന് നിരവധി സേവനം നാടിന് ലഭിക്കാനുണ്ട്. പക്ഷേ അങ്ങയുടെ അറിവിലേയ്ക്കായി പറയുകയാണ്. ....ഇതൊന്നും ലൈഫ് പദ്ധതിയുടെ ഭാഗമല്ല, ഞങ്ങൾ എല്ലാം

കൂടി കൊണ്ടുവന്നു, ലൈഫ് പദ്ധതിയെന്ന് പറഞ്ഞ് രണ്ടര ലക്ഷം വീടുണ്ടാക്കിയതിന് പാലുകാച്ചാൻ അന്നത്തെ കേരള മുഖ്യമന്ത്രിയോ മന്ത്രിമാരോ പോയിട്ടില്ല. അത് മറ്റൊരുവിഷയം ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, ഇന്ദിര ആവാസ് യോജനയുടെ ഭാഗമായി 2,37,438 വീടുകൾ നിർമ്മിച്ചുകൊടുത്തു. അത് അങ്ങ് പരിശോധിക്കണം. മുൻഗവൺമെന്റിന്റെ കാലത്തെ 91,929 സ്പിൽ ഓവർ വർക്ക് ഞങ്ങൾ പൂർത്തീകരിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് 38,340 വീടുകളും ഞാൻ ചുമതല വഹിച്ചിരുന്ന പട്ടികജാതി വികസന വകുപ്പ് 24214 വീടുകളും ഫിഷറീസ് വകുപ്പ് 19,212 വീടുകളും നഗരസഭകൾ സ്വന്തമായി 12,938 വീടുകളും കോർപ്പറേഷൻ സ്വന്തമായി 12,815 വീടുകളും ഉൾപ്പെടെ ആകെ 4,37,282 വീടുകൾ പൂർത്തീകരിക്കുകയുണ്ടായി. ഈ കണക്കാണ് ശ്രീ. ഉമ്മൻ ചാണ്ടി പത്രസമ്മേളനത്തിൽ പറഞ്ഞത്. അദ്ദേഹം എന്തിനാണ് കള്ളം പറയുന്നത്. അഞ്ച് വർഷമായി ഉമ്മൻ ചാണ്ടി ഗവൺമെന്റ് നടപ്പാക്കിയ കാര്യങ്ങളാണ്, ഇപ്പോൾ നിങ്ങളാണല്ലോ ഭരിക്കുന്നത്, കണക്കുകളെടുത്ത് പരിശോധിച്ചാൽ നിങ്ങൾക്കത് കിട്ടും. ഇത്രയും കാര്യങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയതാണ്. ഞങ്ങൾ ഇതിന് ലൈഫ് എന്ന്

പേരിട്ടില്ല. ഞങ്ങൾ വിവിധ പദ്ധതികളിലൂടെ നടപ്പാക്കാനുള്ളവ ആ വകുപ്പുകൾ മുഖേന നടപ്പാക്കി. ഇന്നലെ ബഹുമാന്യയായ മത്സ്യബന്ധന വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞു. കഴിഞ്ഞ വർഷം ലൈഫ് പദ്ധതിയിലൂടെ പട്ടികജാതി വികസന വകുപ്പ് 400 കോടി രൂപ കൊടുത്തു. അതുപോലെ ഫിഷറീസ് വകുപ്പും കൊടുത്തു. ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോഗ്രാമാണ് ഭവന പദ്ധതി. പക്ഷെ കഴിഞ്ഞ കാലങ്ങളിൽ ഭരിച്ചിരുന്നത് ഇടതുപക്ഷമായാലും വലതുപക്ഷമായാലും അത്തരമൊരു പദ്ധതി നടപ്പാക്കുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. പക്ഷേ ലൈഫ് പദ്ധതിയിലേയ്ക്ക് വന്നപ്പോൾ ഈ മാനദണ്ഡങ്ങൾ ടൈറ്റൻ ചെയ്തു. പലർക്കും അന്ന് വീട് കിട്ടാൻ സാഹചര്യമുണ്ടായിരുന്നു. ലൈഫ് പദ്ധതിയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന കൊടുത്തിരുന്ന വീട് ഇന്ന് ലഭ്യമാകാത്തത് അതിലെ മാനദണ്ഡങ്ങൾ വളരെ കർക്കശമാക്കിയതിനാലാണ്. വീട് കിട്ടേണ്ടവർക്ക് അത് കിട്ടാത്ത സാഹചര്യമുണ്ടായി. അതാണ് ഇന്നലെ ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞത്. ഫിഷറീസ് വകുപ്പിലും മാനദണ്ഡങ്ങൾ കർക്കശമാക്കിയതുകൊണ്ട് ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു. നിങ്ങളെന്തിനാണ് ഇത് ചെയ്തത്? ഫിഷറീസ് വകുപ്പിന്റെ പദ്ധതികളും പട്ടികജാതി വികസന വകുപ്പിന്റെ

പദ്ധതികളും അതത് വകുപ്പുകൾ നടപ്പാക്കിയശേഷം അവരിൽനിന്നും ആ ലിസ്റ്റ് വാങ്ങി ലൈഫിന്റെ ഭാഗമായി ഇത്ര വീടുകൾ കൊടുത്തുവെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കില്ലേ? ഇപ്പോൾ വരുന്ന ബുദ്ധിമുട്ടെന്താണ്? ഇപ്പോൾ ഇതിനെല്ലാത്തിനും ഒരേ മാനദണ്ഡമാണുള്ളത്. അവ വകുപ്പുകളുടെ മാനദണ്ഡത്തിനേക്കാൾ കൂടുതൽ കർക്കശവുമാണ്. അതുകൊണ്ട് വീട് കൊടുക്കാൻ സാധിക്കുന്നില്ല. മാത്രമല്ല, ഞാൻ ഒരുകാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ പ്രത്യേകത എന്നുപറയുന്നത്, എസ്.സി. വിഭാഗങ്ങൾക്ക് വീട് കൊടുത്തിരുന്നത് മുൻഗണനാക്രമത്തിലായിരുന്നു. അന്ന് എസ്.സി. വിഭാഗങ്ങൾക്ക് മൂന്ന് ലക്ഷം രൂപയാണ് കൊടുത്തിരുന്നത്. അപ്പോൾ ജനറൽ വിഭാഗത്തിന് കൊടുത്തിരുന്നത് ഇതിനേക്കാൾ കുറഞ്ഞ തുകയായിരുന്നു. ഇപ്പോൾ എസ്.സി. വിഭാഗത്തിനും ജനറൽ വിഭാഗത്തിനും ഒരേ തുകയാണ് കൊടുക്കുന്നത്. ഇരുവിഭാഗങ്ങൾക്കും ഒരുപോലെ പണം കൊടുക്കുന്നതുകൊണ്ട് കുറച്ചുനാളുകൾക്ക് ശേഷം പരിശോധിച്ചാൽ ആ വീടുകൾ പൂർത്തിയായിട്ടില്ലെന്ന് കാണാൻ കഴിയും. അങ്ങനെ പൂർത്തിയാകാത്ത ധാരാളം വീടുകൾ ലൈഫ് പദ്ധതിയുടെ ഭാഗമായി നമുക്ക് കാണാൻ കഴിയും. എൽ.ഡി.എഫ്.

ഗവൺമെന്റുകളുൾപ്പെടെയുള്ള മുൻ ഗവൺമെന്റുകൾ എസ്.സി. വിഭാഗത്തിന് നൽകിയിരുന്ന പ്രത്യേക പരിഗണന നിങ്ങൾ ഒഴിവാക്കി. അതുകൊണ്ട് എസ്.സി. വിഭാഗത്തിന് ജനറൽ വിഭാഗത്തേക്കാൾ തുക കൂട്ടിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, അങ്ങ് പറഞ്ഞതുപോലെ ഫിഷറീസ് വകുപ്പും പട്ടികജാതി വികസന വകുപ്പും വീടുകൾ ലൈഫ് പദ്ധതിയിലേയ്ക്ക് മെർജ് ചെയ്തപ്പോൾ ആദ്യഘട്ടങ്ങളിൽ കുറച്ചുപ്രശ്നമുണ്ടായിരുന്നുവെന്നത് ഞങ്ങൾ അംഗീകരിക്കുന്നു. മുമ്പ് നൂറ് വീടുകളാണ് കൊടുത്തിരുന്നതെങ്കിൽ ഇപ്പോൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റും പട്ടികജാതി വകുപ്പും അവരുടേതായ ലെവലിൽ ലൈഫ് മിഷൻ വഴി വീടിന്റെ ലിസ്റ്റ് കൊടുത്ത് ഒരു വീട് നൽകുന്നിടത്ത് മൂന്ന് വീട് എന്ന അർത്ഥത്തിൽ മുന്നൂറ് വീടുകൾ കൊടുക്കുന്ന തരത്തിലേയ്ക്കാണ് വന്നിരിക്കുന്നത്. അവർ ഒരു വർഷം കൊണ്ട് ചെയ്തത് ഞങ്ങൾ രണ്ട് വർഷം കൊണ്ട് ചെയ്യുകയും ആദ്യഘട്ടത്തിലുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ഈ വർഷം മുതൽ കൃത്യമായി എല്ലാവർക്കും പാർപ്പിടമെന്ന നിലയിൽ പോകുന്നുവെന്നതും

അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, നിങ്ങളുടെ ഭരണം വന്നിട്ട് നാല് വർഷം കഴിഞ്ഞല്ലോ? ഇന്നലെ പറഞ്ഞതും ഇന്ന് പറയുന്നതും രണ്ടും രണ്ടാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 2011-ൽ യു.ഡി.എഫ്.-ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എസ്.സി. വിഭാഗത്തിന് വീട് നിർമ്മിക്കാനായി ഒരു ലക്ഷം രൂപയാണ് കൊടുത്തിരുന്നതെന്നാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത്. ഞങ്ങളത് മൂന്ന് ലക്ഷം രൂപയാക്കി ഉയർത്തി. ഇപ്പോൾ നിങ്ങളത് ഒരു ലക്ഷം രൂപ കൂടികൂട്ടി നാല് ലക്ഷം രൂപയാക്കി. അതോടൊപ്പം ജനറൽ വിഭാഗത്തിനുള്ള തുകയും നിങ്ങൾ ഉയർത്തി. എസ്.സി. വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയില്ല, മത്സ്യത്തൊഴിലാളികൾക്കും എസ്.സി. വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന വേണമെന്നാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ രണ്ട് ഗവൺമെന്റുകളും തീരുമാനിച്ചിരുന്നത്. അതുകൂടി ഇതിനകത്തുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. ജെയിംസ് മാത്യു ഇതിന് മറുപടി പറയേണ്ട, ഞാൻ ഓർമ്മിപ്പിച്ചെന്നേയുള്ളൂ. അങ്ങ് രാജിവയ്ക്കേണ്ട കാര്യമില്ലെന്നുകൂടി സൂചിപ്പിച്ച് ഈ ധനവിനിയോഗബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സർക്കാർ ഖജനാവിന്റെ സാമ്പത്തിക ധനകാര്യ സ്ഥിതിയെക്കുറിച്ചാണ് പ്രതിപക്ഷത്തുനിന്നുണ്ടായ പ്രധാനപ്പെട്ട വിമർശനം. അത് ആർക്കും തർക്കിക്കാൻ പറ്റാത്ത കാര്യമാണ്. ട്രഷറി റെസ്ട്രിക്ഷൻസുണ്ട്, പ്ലാൻ ചെലവ് 30 ശതമാനം ഔപചാരികമായി കുറച്ചിട്ടുണ്ട്, പല ചെലവുകളും നമ്മൾ അടുത്ത വർഷത്തേയ്ക്ക് മാറ്റിവയ്ക്കേണ്ടിവരുന്നുണ്ട്. ഇതൊക്കെ യാഥാർത്ഥ്യമാണ്. യാതൊരു സംശയവുമില്ല. അതിന്റെ ഫലമായി സ്തംഭനത്തിലേയ്ക്കൊന്നും വന്നിട്ടില്ല. 3000 കോടി രൂപ പി.ഡബ്ല്യു.ഡി. കുടിശ്ശികയുണ്ടെന്നാണ് ശ്രീ. മോൻസ് ജോസഫ് പറഞ്ഞത്. കരാറുകാർക്ക് കുടിശ്ശികയില്ല. നിങ്ങളുടെ ഭരണകാലത്ത് എന്നപോലെ തന്നെ ഇന്നും പി.ഡബ്ല്യു.ഡി. കരാറുകാർ ബാങ്കിൽ ചെന്നാൽ ഡിസ്കൗണ്ട് ചെയ്തെടുക്കാം. കാശില്ലാത്തതുകൊണ്ട് അത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയതാണ്. അതുതന്നെ തുടരുന്നു. ബാങ്കിന് പണം കൊടുക്കുന്നതിനുള്ള കാലാവധി 6 മാസത്തേയ്ക്ക് നീട്ടിയിട്ടുണ്ട് എന്നതാണ് ഞങ്ങളാകെ ചെയ്തിട്ടുള്ളത്. കരാറുകാരെ സംബന്ധിച്ചിടത്തോളം അവരുടെ പണം കൃത്യമായി കിട്ടുന്നുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി.-യിൽ പ്രശ്നമുണ്ട്. അതുപോലെതന്നെ എം.എൽ.എ.-എ.ഡി.എസ്. ഫണ്ട്

തുടങ്ങിയവയൊന്നും ഇതിൽ വന്നിരുന്നില്ല. ഇപ്പോൾ അവയെല്ലാം ഇങ്ങനെ ഡിസ്കൗണ്ട് ചെയ്യാം എന്നുവന്നതോടുകൂടി കരാറുകാരുടെ പ്രശ്നങ്ങൾ വളരെ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എൽ.എസ്.ജി.ഡി. ഡിസ്കൗണ്ടിംഗിന് ചെന്ന് കഴിഞ്ഞപ്പോൾ പ്രശ്നം ഉടനെ തീർന്നില്ല. പ്രശ്നങ്ങൾ ഉടനെ തീരുമെന്ന് ഞാൻ കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞു. കാരണം, ബാങ്കുകളുമായി പലവട്ടം ചർച്ച ചെയ്യേണ്ടിവന്നു. അവരെല്ലാം ഇപ്പോൾ സർക്കാരുമായി പൂർണ്ണ സഹകരണത്തിലാണ്. ഡിസ്കൗണ്ട് ചെയ്ത് പണം പോകുന്നുണ്ട്. ബാക്കി നിരവധി ബില്ലുകൾ മാറ്റിവയ്ക്കുന്നുണ്ട്. അനന്തമായിട്ടൊന്നുമല്ല, അടുത്ത മാസം കൊടുക്കും. അത്രയേയുള്ളൂ. ഈ മാർച്ച് മാസം കൊടുക്കുകയില്ല. ഏപ്രിൽ, മേയ് മാസങ്ങളിൽ കൊടുക്കും. കൊടുക്കുമെന്ന് ഇങ്ങനെ ഉറപ്പ് പറയുന്നത് എന്തുകൊണ്ടാണ്; നമുക്ക് അടുത്ത വർഷത്തെ ബോറോയിംഗ് ആദ്യഗഡുവായി ...... അംഗീകരിക്കുമ്പോൾ പകുതി ആട്ടോമാറ്റിക്കായി അനുവദിക്കും. അത് ഫ്രണ്ട്ലോഡ് ചെയ്ത് വായ്പ എടുത്തുകഴിഞ്ഞാൽ ഇപ്പോൾ കുടിശ്ശികയായിരിക്കുന്ന മുഴുവൻ തുകയും കൊടുത്ത് തീർക്കാൻ സാധിക്കും. അങ്ങനെ കൊടുത്തുകഴിഞ്ഞാൽ ബാക്കിയുള്ള മാസങ്ങളിൽ എങ്ങനെയാണ് ചെലവ് നടത്തുക എന്ന് അപ്പോൾ ചോദിച്ചേക്കാം. അതിനും കണക്കുകൂട്ടലുണ്ട്.

ആ കണക്കുകൂട്ടൽ എന്താണെന്ന് ചോദിച്ചുകഴിഞ്ഞാൽ നിങ്ങളുടെ ഭരണകാലത്ത് ഫിനാൻസ് കമ്മീഷൻ ആദ്യ വർഷത്തിൽ 5800 കോടി രൂപയാണ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകിയെങ്കിൽ ഇപ്പോൾ 15,000 ചില്വാനം കോടി രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷേ നിങ്ങളുടെ കാലത്തുനിന്നും വ്യത്യസ്തമായി റവന്യൂ നികുതിയുടെ വിഹിതം കുറച്ചിട്ടുണ്ട്. ആ കുറവിനെക്കാൾ കൂടുതൽ വിഹിതം അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് എന്തോ അങ്ങോട്ട് തകർന്നുവീഴാൻ പോകുകയാണെന്ന മനപ്പായസം ഉണ്ടെങ്കിൽ വേണ്ട. അടുത്ത വർഷം സാധാരണ നിലയിൽ കാര്യങ്ങൾ വരും എന്ന് നല്ല ഉറപ്പാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ബാങ്കിന്റെ ഡിസ്കൗണ്ടിംഗ് സമ്പ്രദായം പി.ഡബ്ല്യു.ഡി.-യിൽ നടക്കുന്നുണ്ട്. പക്ഷേ എൽ.എസ്.ജി.ഡി.-യിൽ നടക്കുന്നില്ല. എൽ.എസ്.ജി.ഡി.-യിലെ കോൺട്രാക്ടർമാർക്കെല്ലാം ബാങ്കുകളിൽ ഒ.ഡി. ഉണ്ട്. ഒരു ബാങ്കുകാരും ഒ.ഡി. ഉള്ള ആളിന്റെ ബിൽ മാറി കൊടുക്കുന്നില്ല. അതുകൊണ്ട് ഫലത്തിൽ ഏതാണ്ട് 1071 കോടി രൂപ പെൻഡിംഗിലാണ്. അത് അങ്ങ് മനസ്സിലാക്കണം. അങ്ങ് ഇവിടെ പറയുന്നുവെങ്കിലും എൽ.എസ്.ജി.ഡി.-യിൽ നടക്കുന്നില്ല. ഈ മാർച്ച് 31-ന് മുമ്പായി നൽകുന്ന എല്ലാ ബില്ലുകളും ഇത്തവണത്തെ അക്കൗണ്ടിൽപ്പെടുത്തി

ക്യാഷ് കൊടുക്കുമോ എന്ന് അങ്ങേയ്ക്ക് പറയാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മാർച്ച് 31-ന് തരുന്ന എല്ലാ ബില്ലുകളും വാങ്ങി വയ്ക്കുകയും ഏപ്രിൽ, മേയ് മാസങ്ങളിലായി കൊടുക്കുകയും ചെയ്യും. നിങ്ങൾ എത്ര ബാലിശമായിട്ടാണ് വെല്ലുവിളി നടത്തുന്നത്? അടുത്ത വർഷം കൊടുക്കുന്ന പണം  ഈ വർഷത്തിലെ കണക്കിൽ കൊടുക്കുമോ എന്ന് ചോദിച്ചാൽ എങ്ങനെയാണ്  ശ്രീ. കെ.സി. ജോസഫ് ഞാൻ കൊടുക്കാമെന്ന് പറയുന്നത്; അറിഞ്ഞുകൊണ്ട് വെറുതെ ഇങ്ങനെ rhetoric പറയരുതേ; മൈതാനത്ത് പ്രസംഗിക്കൂ, ഇവിടെ ഇങ്ങനെ പറയരുത്. പ്രതിപക്ഷ നേതാവേ, ഞാൻ പറയുന്നത് ശരിയല്ലേ; അടുത്ത വർഷം കൊടുക്കാമെന്ന് പറയുന്ന പണം ഈ വർഷത്തെ കണക്കിൽപ്പെടുത്തി കൊടുക്കണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് കൊടുക്കാൻ സാധിക്കുന്നത്; നമ്മൾ അപ്പുറത്തും ഇപ്പുറത്തും ആണെങ്കിലും എന്നോട് ദയ കാണിക്കണം.  ഇങ്ങനെ ചോദിച്ചാൽ എങ്ങനെയാണ് ശരിയാവുന്നത്;  അതുകൊണ്ട് ഞാൻ ഉറപ്പിച്ച് സഭയോട് പറയുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ഇതിനൊക്കെ ഒരു പരിഹാരമുണ്ടാക്കിയാൽ  മതി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഉറപ്പായും.  അങ്ങ്

പറഞ്ഞിട്ടുള്ളതിൽ ഏതിനാണ് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാതിരുന്നിട്ടുള്ളത്. ഇനിയും അങ്ങനെതന്നെ ആയിരിക്കും. ഉദാഹരണത്തിന്, നമ്മുടെ PSUs, പ്രിയദർശിനി മിൽ അടക്കം ബാക്കി പല മില്ലുകൾക്കും പണം നൽകാൻ കഴിഞ്ഞിട്ടില്ല. നമ്മൾ എന്തുചെയ്തു; കെ.എഫ്.സി.-ക്ക് 200 കോടി രൂപ ഷെയർ ക്യാപ്പിറ്റൽ അധികം നൽകി, അവർ 2000 കോടി രൂപ സർക്കാർ ഗ്യാരണ്ടിയിൽ പുറത്തുനിന്ന് വായ്പ എടുക്കുന്നു, അവർ നൽകാനുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്ത്, ഡിസ്കൗണ്ട് ചെയ്തില്ലെങ്കിലും കെ.എസ്.എഫ്.ഇ.-യുടെ അക്കൗണ്ടിലേയ്ക്ക് കൊടുത്തുകഴിഞ്ഞിട്ടുണ്ടെങ്കിൽ.....കെ.എഫ്.സി. ഈ പണത്തിൽ നിന്ന് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കും. കൈത്തറി മേഖലയിൽ താമസം വന്നുവെന്നത് ശരിയാണ്. ഇപ്പോൾ 48 കോടി രൂപ കൈത്തറി മേഖലയിലെ കൂലിയായി കെ.എഫ്.സി. വഴി നമ്മൾ അനുവദിച്ചുകഴിഞ്ഞു. ഇന്നോ നാളെയോ അതിന്റെ പണം പോകും. ഗൗരവമായിട്ടുള്ള ധനകാര്യ ഞെരുക്കം ഉണ്ടായിട്ടുണ്ട്. അത് മാനേജ് ചെയ്യുന്നതിന് ഞങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്. മേയ് മാസത്തോടുകൂടി കാര്യങ്ങൾ പൂർണ്ണമായും ചെയ്യും. മേയ് മാസം എന്നുപറയുന്നതിന് കാരണം, ഏപ്രിൽ മാസത്തിലാണ് നമ്മുടെ വായ്പ അനുവദിച്ചുകിട്ടുന്നത്. അത് റിസർവ്

ബാങ്കിൽ ലേലം കൊള്ളണം. അത് എടുത്ത് കൊടുക്കണം. അതിന് താമസമുണ്ടാകും. അതുകൊണ്ട് മേയ് മാസത്തിനുള്ളിൽ എല്ലാ കാര്യങ്ങളും സാധാരണ രീതിയിലേയ്ക്ക് വരും.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ എന്തെങ്കിലും പറഞ്ഞുകഴിഞ്ഞാൽ അങ്ങ് rhetoric ആണെന്ന് പറയും. ഇന്നലെയും ഇതുതന്നെ പറഞ്ഞു. ശരിക്കും you are always beating around the bush. ഏത് കാര്യം അങ്ങയോട് ചോദിച്ചാലും അങ്ങ് തെറ്റിദ്ധരിപ്പിച്ചുകൊണ്ടുപോകും. ശ്രീ. കെ. സി. ജോസഫ് ലോക്കൽ ബോഡി സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ പറഞ്ഞത് ഇതല്ലായിരുന്നല്ലോ; 10-ാം തീയതി മുതൽ ഇതെല്ലാം കൊടുത്തുതുടങ്ങും, കൃത്യമാണെന്നാണ് പറഞ്ഞത്. എപ്പോഴും തെറ്റിദ്ധരിപ്പിക്കുകയാണ്. അങ്ങയുടെ കൂടെയുള്ള ഈ മന്ത്രിസഭയിലെ സീനിയർ മന്ത്രിമാർ അവരുടെ വകുപ്പുകളെക്കുറിച്ച് പറയാതെ പറഞ്ഞുവച്ച, അവർ സംസാരിച്ചപ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിച്ചത് എന്താണ്; ഒരു വകുപ്പിലും ഒരു കാര്യവും നടക്കുന്നില്ല എന്നാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രമാത്രം നീണ്ടുനിന്ന കാലയളവിൽ ട്രഷറി നിരോധനം ഉണ്ടായിരുന്ന ഒരു സമയം ഉണ്ടായിട്ടുണ്ടോ എന്നാണ് ഞാൻ അങ്ങയോട് ചോദിക്കുന്നത്;

ഏതെങ്കിലും മേഖലയിൽ ഏതെങ്കിലും വകുപ്പുകളിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി. ഡി. സതീശനുള്ള മറുപടി എന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ആദ്യഭാഗത്ത് കൃത്യമായി കൊടുത്തിട്ടുണ്ട്. ഓരോ മേഖലയിലും എത്ര പേർക്ക് പെൻഷൻ, എത്ര കുട്ടികൾ അധികം സ്കൂളിൽ, എത്ര കിലോമീറ്റർ റോഡ്, എത്ര വാട്ടർ കണക്ഷൻ, എത്ര വൈദ്യുതി കണക്ഷൻ എന്നിവയിലൊക്കെ അഞ്ചുവർഷംകൊണ്ട് നിങ്ങളുടെ സർക്കാരുണ്ടാക്കിയ റിക്കാർഡിനേക്കാൾ കൂടുതൽ നാലുവർഷം കൊണ്ട് ഈ ഗവൺമെന്റ് നേടി. അതുതന്നെയാണ് പറഞ്ഞത്. തുകയല്ല പറഞ്ഞത്. ഫിസിക്കൽ അച്ചീവ്മെന്റ്സ്. ഇടയ്ക്കൊരു തുക പറഞ്ഞുപോയതുകൊണ്ട് ശ്രീ. വി. ഡി. സതീശന് ഏതുനേരവും അതിനെ വലിച്ചിഴച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയല്ല. എന്നാൽ ഫിസിക്കൽ അച്ചീവ്മെന്റ്സുണ്ട്. എന്നാൽ ഇപ്പോൾ ഏതെങ്കിലും കാലത്ത് ഇത്രയും ഉണ്ടായിട്ടുണ്ടോ എന്ന് ചോദിക്കുമ്പോൾ ഏതെങ്കിലും കാലത്ത് ഒരു വർഷത്തേയ്ക്ക് അനുവദിച്ചതിന്റെ ബോറോയിംഗിന്റെ പകുതി വെട്ടിക്കുറച്ചതിന്റെ അനുഭവമുണ്ടായിട്ടുണ്ടോ; നികുതിയുടെ കോമ്പൻസേഷൻ ഇനി കാശുണ്ടാകുമ്പോൾ മാത്രമേ നൽകൂ എന്ന് ഏതെങ്കിലും

കേന്ദ്ര സർക്കാർ പറഞ്ഞിട്ടുണ്ടോ; എനിക്ക് മുമ്പ് കേന്ദ്ര സർക്കാരിൽനിന്ന് നമുക്ക് ലഭിക്കേണ്ട നികുതി വിഹിതം മാർച്ച് മാസം ആകുമ്പോൾ ഡബിൾ കിട്ടും. എന്നാൽ സാധാരണഗതിയിൽ തരാവുന്ന നികുതി വിഹിതംപോലും തരില്ല എന്നുപറയുന്നൊരു കാലം ഉണ്ടായിട്ടുണ്ടോ? ഡൽഹിയിൽ ഇരിക്കുന്ന സർക്കാർ വേറെയാണ്. അത് ഇങ്ങനെയാണ് കാണുന്നത്. സംസ്ഥാനങ്ങളോട് പൊതുവിൽ ഇങ്ങനെ പെരുമാറുന്ന സർക്കാരാണ്. പ്രളയ പുനർ നിർമ്മാണത്തിന് വായ്പ എടുക്കുമ്പോൾ അത് സാധാരണ വായ്പയിൽ തട്ടിക്കിഴിച്ചുകൊള്ളണം എന്നുപറഞ്ഞുകഴിഞ്ഞാൽ ഇവരുടെ അനുവാദം വാങ്ങാൻ പോകേണ്ട കാര്യമെന്താണ്; എസ്.എൽ.ആർ. ബോണ്ട് ബാങ്കിൽ നിന്ന് വാങ്ങി കൊടുത്താൽ പോരേ; ഇത് പ്രത്യേകമായി പ്രളയ പുനർ നിർമ്മാണത്തിനുള്ള വായ്പയാണ്. അത് എടുക്കുമ്പോൾ നിങ്ങളുടെ സാധാരണ വായ്പയിൽ അത് ഉൾക്കൊള്ളിച്ചുപോകണം. ഇങ്ങനെ ഏതെങ്കിലും കാലം ഉണ്ടായിട്ടുണ്ടോ ശ്രീ. വി. ഡി. സതീശൻ; ഇത് നല്ലൊരു അനുഭവമാണ്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറെടുപ്പോടുകൂടി അടുത്ത വർഷത്തേയ്ക്ക് നമ്മൾ പോകും. ഞാൻ സംസാരിച്ച് തുടങ്ങിയത് തന്നെ 10-ാം തീയതിക്കുള്ളിൽ തീർക്കുമെന്ന് പറഞ്ഞിട്ടല്ലേ; ഞാൻ ഇന്ന് പറഞ്ഞല്ലോ; ഒളിച്ചുവയ്ക്കുകയൊന്നുമല്ല.

10-ാം തീയതികളളിൽ കൊടുത്തുതുടങ്ങുമെന്ന് പറഞ്ഞെങ്കിലും എൽ.എസ്.ജി.ഡി.-യെ ഇതുവരെയും ബാങ്കുകാർ എടുത്തിട്ടില്ല. അവർക്കുള്ളത് വലിയ തുകയല്ല. ട്രാൻസാക്ഷൻ കോസ്റ്റ് കൂടും. പി.ഡബ്ല്യു.ഡി.-യുടെ മരാമത്ത് പണികൾ കോടിക്കണക്കിന് രൂപയുടേതാണ്. എൽ.എസ്.ജി.ഡി.-യിൽ 15 ലക്ഷം, 10 ലക്ഷം അങ്ങനെയുള്ള പണികൾക്ക് ഒരുപാട് പേരുടെ ബിൽ വരുമ്പോൾ മടുപ്പുണ്ടാകാം. അവരെ രണ്ടുവട്ടം വിളിച്ചു സംസാരിച്ചു. അവർ സഹകരിക്കാൻ തയ്യാറായി. പണം കൊടുത്തുകൊണ്ടിരിക്കുന്നു. ബാക്കിയുള്ളത് അടുത്ത വർഷം കൊടുക്കും. പ്രശ്നമുണ്ട്. ഇല്ല എന്നൊന്നും മറച്ചുവച്ചിട്ടില്ല.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ഇവിടെ എന്റെ സുഹൃത്ത് ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ അങ്ങ് നല്ല വാചാലനായി സംസാരിക്കുന്നുണ്ട്. ഞാൻ ഇന്നലെ പുറത്ത് നിൽക്കുമ്പോൾ ഇടുക്കി ജില്ലാ പഞ്ചായത്ത് മെമ്പർ ഇൻഫെന്റ് തോമസ് ഒരു നിവേദനവുമായി വന്നു. നിവേദനത്തിലെ ചുരുക്കമിതാണ്. വയനാട് ജില്ലയിൽ പാമ്പുകടിയേറ്റ് ഒരു കുട്ടി മരിച്ചതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടെടുത്ത് സ്കൂളുകൾ നവീകരിക്കുന്നതിനായി ചെലവഴിച്ച തുക കൃൂവിൽനിന്നും ഒന്ന് മോചിപ്പിച്ച് കിട്ടണമെന്നതായിരുന്നു ആ കത്തിലെ ആവശ്യം. അത്

കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മാച്ചിംഗ് ഗ്രാന്റ് കൊടുക്കാത്തതുകൊണ്ട് അത് കിട്ടുന്നില്ല. ഈ ദുരവസ്ഥയുടെയൊക്കെ മുന്നിൽ അങ്ങ് നായകനായി നിൽക്കുന്നതിൽ എന്ത് അഭിമാനമാണുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അദ്ദേഹം ഈ ആവശ്യമുന്നയിച്ച് എന്റെയടുത്ത് വന്നാൽ ഞാൻ പറയും ബിൽ ഡിസ്കൗണ്ട് ചെയ്യുന്നതിന് ഏതെങ്കിലും ബാങ്ക് നിങ്ങളോട് സഹകരിക്കുന്നില്ലെങ്കിൽ ആ വിവരം എന്നെ അറിയിച്ചാൽ അവരോട് ഞാൻ സംസാരിക്കാം. അങ്ങനെയാണ് ചെയ്യേണ്ടത്. കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതത്തിൽ എന്തൊക്കെ ബുദ്ധിമുട്ടുകളുണ്ടെങ്കിലും അതിനെല്ലാം പണം അനുവദിക്കുന്നുണ്ട്. പ്രശ്നങ്ങളുണ്ട്, ആ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് പോകുകയാണ്. അതിൽ ഇവിടെ വെല്ലുവിളികൾക്കൊന്നും ഞാൻ നിൽക്കുന്നില്ല. എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ മുന്നിൽ നിരത്തിയിരിക്കുന്ന കണക്കുകൾ, ഫിസിക്കൽ അച്ചീവ്മെന്റ് സംബന്ധിച്ച കണക്കുകളെപ്പറ്റി ഇതുവരെ ആരും ചോദ്യം ചോദിച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ആര് പറഞ്ഞു, അതിനെപ്പറ്റി നിരവധി തവണ ചോദ്യങ്ങളുന്നയിച്ചിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : സർ, I am challenging you on the

floor of this House. ഇനിയും ഡിമാന്റ് ചർച്ച തീർന്നിട്ടില്ല. അതിൽ ഏതെങ്കിലും കണക്കുകൾ തെറ്റാണെങ്കിൽ ഇവിടെ പറയുക മാത്രമല്ല, Move a privilege. നിങ്ങളുടെ ആകെയുള്ള വിമർശനം, ഞങ്ങൾ അന്നത്തെക്കാലത്തെ അപേക്ഷിച്ച് ബഡ്ജറ്റ് തുക എത്രയോ കൂടിയിരിക്കുന്നുവെന്നതാണ്. അപ്പോൾ തുകയിൽ വർദ്ധനവുണ്ടായെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളതെന്നേ ചോദിച്ചിട്ടുള്ളൂ. ഏത് തുകയെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ സർക്കാർ ഭരിച്ച അഞ്ചുവർഷക്കാലം ചെലവഴിച്ചതിന്റെ ഇരട്ടിവരുന്ന ചില തുകയുമുണ്ട്. അത് എത്ര തുക വരുന്നുണ്ടെന്ന് പറഞ്ഞാൽ അത്രയും ഫിസിക്കൽ അച്ചീവ്മെന്റ് കൂടുതലായിരിക്കും. അതുമാത്രമെ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് ആ കണക്കുകളെപ്പറ്റി ശ്രീ. വി. ഡി. സതീശൻ You should move a privilege. ഇങ്ങനെ സഭയെ മുഴുവൻ തെറ്റിദ്ധരിപ്പിച്ചിട്ട് എന്നെ പോകാൻ അനുവദിക്കരുത്, നിങ്ങൾ അത് കണ്ടുപിടിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഏറ്റവും രസകരമായി ചെയ്തത്, ഓരോ വർഷത്തെയും ടോട്ടൽ അലോക്കേഷനും 2011-ലെ സാമ്പത്തിക സ്ഥിതിയും 2016-ലെ സാമ്പത്തിക സ്ഥിതിയും തമ്മിലുള്ള വ്യത്യാസം, ഓരോ ഗവൺമെന്റും മാറി മാറി അധികാരത്തിൽ വരുമ്പോഴും ഓരോ

പ്ലാനിലുമുണ്ടാകുന്ന വ്യത്യാസമെന്താണ്? ഇപ്പോൾ 2006-2011-ൽ ഭരണം നടത്തിയിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റിനേക്കാളും 2011-2016 കാലയളവിൽ ഭരണം നടത്തിയിരുന്ന ഗവൺമെന്റിന്റെ എല്ലാ കാര്യങ്ങളിലുമുള്ള ഫിസിക്കൽ അച്ചീവ്മെന്റ് കൂടുതലായിരിക്കും, ഇതെല്ലാം ആളുകളെ കബളിപ്പിക്കാൻ പറയാമെന്നല്ലാതെ... കഴിഞ്ഞ അഞ്ച് ഗവൺമെന്റുകളുടെ സ്ഥിതിവിവരക്കണക്കുകൾ ഹാജരാക്കാം. ഇക്കാര്യത്തിൽ ഞങ്ങൾ അങ്ങയെ ചലഞ്ചുചെയ്യുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെയാണ് യുക്തിരാഹിത്യമെന്ന് പറയുന്നത്. ഓരോ വർഷം കഴിയുമ്പോഴും ബഡ്ജറ്റ് വിഹിതം കൂടും, ഏത് സർക്കാർ ഭരിച്ചാലും ചെലവഴിക്കുന്ന തുകയിൽ വർദ്ധനവുണ്ടാകും, എടുക്കുന്ന വായ്പയുടെ അളവ് കൂടിക്കൊണ്ടിരിക്കും. പക്ഷെ റിയൽ എക്സ്പെന്റിച്ചർ കൂടിയാൽ മാത്രമെ ഫിസിക്കൽ അച്ചീവ്മെന്റ് കൂടുകയുള്ളൂ. വിലക്കയറ്റം മാറ്റി നിർത്തിയാൽ, ഒരു കി.മീ. ദൂരം റോഡ് പണിയുന്നതിനുള്ള തുകയിൽ കുറവുണ്ടാകുമോ? ഇല്ല. വിലക്കയറ്റം എങ്ങനെ നിയന്ത്രിച്ചുനിർത്തിയാലും അന്നും ഇന്നും റോഡ് പണിയുന്നതിന് ചെലവാകുന്ന തുക ഒന്നുതന്നെ. ഇന്ന് ബി.എം.& ബി.സി. റോഡുകളായതുകൊണ്ട് അതിന്റെ

ചെലവ് കൂടുകയേയുള്ളൂ. അപ്പോൾ ഞാൻ പറയുന്നത്, പി.ഡബ്ല്യൂ.ഡി. നിങ്ങളുടെ കാലഘട്ടത്തിൽ നിർമ്മിച്ചതിനേക്കാൾ ഇരട്ടി ദൂരം റോഡ് പണി ചെയ്തിരിക്കുന്നു. ഇതുപോലെ ഓരോയിനത്തിലും, ഇനി ഞാൻ ഇതിനെപ്പറ്റി കൂടുതൽ സംസാരിക്കുന്നില്ല. ഞാൻ ശ്രീ. ഷാഫി പറമ്പിലിന് വഴങ്ങുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ബഹുമാന്യനായ മുൻ പട്ടികജാതി വികസന വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞ ഒരു കാര്യം, 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഭവന നിർമ്മാണത്തിനായി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയിരുന്നത് ഒരു ലക്ഷം രൂപയായിരുന്നു. പ്രസ്തുത തുക ആ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്ന സമയത്ത് മൂന്നുലക്ഷമായി വർദ്ധിപ്പിച്ചു. ഐ.എ.വൈ. (ഇന്ദിര ആവാസ് യോജന) പദ്ധതിയിൽ രണ്ടുലക്ഷം രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്. ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ അനുവദിച്ചിരുന്ന സമയത്തും പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയുണ്ടായിരുന്നു. ഇപ്പോൾ ജനറൽ വിഭാഗത്തിനുള്ള തുക നാലുലക്ഷം രൂപയായി വർദ്ധിപ്പിച്ച്, പട്ടിക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകാതെ ആ തുകകൂടി ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് പൂൾ

ചെയ്ത്, അവരേയും നാല് ലക്ഷം രൂപയിലേയ്ക്ക് ലിമിറ്റ് ചെയ്തത് അവർക്ക് കൊടുക്കേണ്ട പ്രത്യേക പരിഗണന നൽകാതെയുള്ള തീരുമാനമല്ലേ അതുമൂലം ഉണ്ടായതെന്നാണ് ഒന്നാമതായി ചോദിക്കാനുള്ളത്. രണ്ട്, 80 ശതമാനത്തിലധികം ഭിന്നശേഷിക്കാരായിട്ടുള്ള ആളുകൾക്ക് പെൻഷൻ കൊടുക്കുന്ന കാര്യത്തിലും യു.ഡി.എഫ്. ഗവൺമെന്റ് ഇതുപോലെ പ്രത്യേക പരിഗണന ഭിന്നശേഷിക്കാർക്ക് കൊടുത്തിരുന്നു. ബെഡ് റിഡ്ഡണായിരുന്നതിനാൽ പരസഹായമില്ലാതെ ഒന്നുംചെയ്യാൻ കഴിയാത്ത ആളുകളായിരുന്നു അവർ. ജനറൽ വിഭാഗത്തിന് കൊടുത്തിരുന്ന പെൻഷനേക്കാൾ അധികമായിരുന്നു ഭിന്നശേഷിക്കാർക്ക് നൽകിയിരുന്ന പെൻഷൻ. ഇപ്പോൾ അതും ജനറലൈസ് ചെയ്തിരിക്കുകയാണ്. അവർക്കും പ്രത്യേകം പരിഗണന കൊടുക്കുന്നില്ല. ഈ രണ്ട് കാര്യങ്ങളും പരിശോധിച്ച് ആ തെറ്റ് തിരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: 600 രൂപയായിരുന്ന പെൻഷൻ ഇപ്പോൾ 1300/- രൂപയായി വർദ്ധിപ്പിച്ചു. ആ തോത് വച്ച് നേരത്തെ ഉണ്ടായിരുന്ന ചില പരിഗണനകൾ വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന് ഫിനാൻഷ്യൽ ആംഗിൽ നോക്കിയിട്ട് തീരുമാനിക്കാം. പിന്നെ ഒരു ലക്ഷം

രൂപയിൽനിന്നും മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞത് ശരിയല്ല, സർക്കാർ അധികാരത്തിൽവന്ന സമയത്ത് രണ്ട് ലക്ഷം രൂപയായിരുന്നത് രണ്ടര ലക്ഷമായിട്ടാണ് വർദ്ധിപ്പിച്ചത്. അതിൽ ആർക്കെങ്കിലും തർക്കമുണ്ടോ? ഞാൻ പറയുന്നത് എസ്.റ്റി. വിഭാഗങ്ങളുടെ കാര്യമല്ല, ജനറൽ വിഭാഗത്തിന്റെ കാര്യമാണ്. അപ്പോൾ എസ്.റ്റി. വിഭാഗങ്ങൾക്ക് നൽകിയിരുന്ന രണ്ട് ലക്ഷം രൂപയിൽ അൻപതിനായിരം രൂപയുടെ വർദ്ധനവ് വരുത്തി രണ്ടര ലക്ഷം രൂപയായി കൊടുക്കാമായിരുന്നു, അന്ന് രണ്ടര ലക്ഷം രൂപ മൂന്ന് ലക്ഷമാക്കി വർദ്ധിപ്പിച്ചു, അത്രയേയുള്ളൂ.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ശ്രീ. ഷാഫി പറമ്പിൽ ചോദിച്ച ചോദ്യം വളരെ സ്പഷ്ടമാണ്. അദ്ദേഹം ചോദിച്ചത് 2011-ലെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എസ്.സി. വിഭാഗങ്ങൾക്കുള്ള തുക രണ്ട് ലക്ഷത്തിൽനിന്നും മൂന്ന് ലക്ഷമായി വർദ്ധിപ്പിച്ചു. ഞാൻ അന്ന് മന്ത്രിയായിരുന്ന എളിയ ഒരാളായതുകൊണ്ടാണ് വ്യക്തമായി പറയുന്നത്. ഇപ്പോൾ നിങ്ങൾ ആ മൂന്ന് ലക്ഷം രൂപയോടൊപ്പം ഒരു ലക്ഷംരൂപയുടെ വർദ്ധനവുകൂടി വരുത്തി നാലുലക്ഷം രൂപയാക്കി. എസ്.സി. വിഭാഗങ്ങളുടെ തുകയിൽ വർദ്ധനയുണ്ടായപ്പോൾ ജനറൽ വിഭാഗങ്ങളുടേതും നാലുലക്ഷം

രൂപയായി ഉയർത്തി. പൊതുവെ എസ്.സി. വിഭാഗങ്ങൾക്ക് ഒരു പരിഗണന കൂടുതൽ കൊടുത്തിരുന്നു. നാലുലക്ഷം രൂപ ജനറൽ വിഭാഗങ്ങൾക്ക് കൊടുക്കുമ്പോൾ എസ്.സി. വിഭാഗങ്ങൾക്കുള്ള ഫണ്ടിൽനിന്നും അവർക്ക് ഒരു ലക്ഷം രൂപ കൂടുതലായി കൊടുക്കുന്നതിൽ ഒരു തെറ്റുമില്ല. മുൻകാല ഇടതുപക്ഷ ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും കൊടുത്തുകൊണ്ടിരുന്നതാണ്. അതിപ്പോൾ ലൈഫ് മിഷൻ ഭവന പദ്ധതി വന്നപ്പോൾ അങ്ങ് ഇല്ലാതാക്കി. അതിൽ ഒരു അന്തരം കൂട്ടി കൂടുതൽ പരിഗണന എസ്.സി. വിഭാഗങ്ങൾക്ക് കൊടുക്കുമോയെന്നതാണ് ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഫ്ലാറ്റിനുവേണ്ടി ചെലവാകുന്ന ശരാശരിതുക പത്തുലക്ഷം രൂപയാണ്. ഇപ്പോൾ മുട്ടത്തറയിലായാലും ബാക്കിയുള്ള സ്ഥലങ്ങളിലായാലും ഭൂരഹിതരായവർക്കുവേണ്ടി പണിത ഫ്ലാറ്റുകൾക്ക് പത്തുലക്ഷം രൂപയാണ് അനുവദിച്ചത്. അതിന്റെ മൊത്തത്തിലുള്ള കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. ശ്രീ. കോവൂർ കുഞ്ഞുമോൻ രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒന്ന്, കശുവണ്ടി വ്യവസായത്തെക്കുറിച്ചാണ്. അക്കൗണ്ടിൽ പറഞ്ഞതിനേക്കാൾ 60 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകകൊള്ളിച്ചിട്ടുണ്ട്. ഇനിയും തുക

വേണ്ടിവരുമെന്നുണ്ടെങ്കിൽ ധനസ്ഥിതി പരിശോധിച്ചതിനുശേഷം പിന്നീട് തീരുമാനിക്കാം. അങ്ങനെ പറയാൻ കാരണം സർക്കാരിന്റെ പ്രതിബദ്ധത കാണിക്കുന്നതിനുവേണ്ടിതന്നെയാണ്. ആ വ്യവസായത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുകതന്നെ ചെയ്യും. യഥാർത്ഥത്തിൽ ഈ കൊറോണ വൈറസ് ബാധിക്കാതിരുന്നെങ്കിൽ ഒരു വിസ്മയമായ കാര്യത്തിന് കേരളം സാക്ഷ്യം വഹിക്കുമായിരുന്നു. കാപ്പെക്സ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ കൊറോണ വൈറസ്മൂലം അവസാനം ലേലം വിളിച്ച രണ്ട് ലോട്ട് തോട്ടണ്ടിയുടെ വിലയിടിഞ്ഞതുകൊണ്ടാണ് നഷ്ടത്തിൽതുടരുന്നത്. അതിനെടുത്ത ചില നടപടികളുണ്ട്. ആ നടപടികൾ കശുവണ്ടി കോർപ്പറേഷന് സ്വീകരിക്കാൻ കഴിഞ്ഞാൽ ഈ പൊതുമേഖലാ സ്ഥാപനം ലാഭത്തിലാകും. ഞാൻ ഒരു പ്രശ്നവും കാണുന്നില്ല. ഒരു പതിനയ്യായിരം തൊഴിലാളികൾക്കുകൂടി തൊഴിൽ കൊടുക്കാൻ കഴിയും. കാരണം അതിനുള്ള തോട്ടണ്ടി വാങ്ങുന്നതിനുള്ള പണം കാഷ്യൂ ബോർഡിന് ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ട് കശുവണ്ടി വ്യവസായത്തിൽ ഇത് ഒരു വഴിത്തിരിവായിരിക്കുമെന്ന് കോവൂർ കുഞ്ഞുമോന് ഉറപ്പുതരികയാണ്. ശ്രീ. മോൻസ് ജോസഫ് റെക്കമെന്റ് ചെയ്ത അദ്ദേഹത്തിന്റെ മണ്ഡലത്തിലെ

ശാസ്താംകോട്ട തടാകത്തിന്റെ കാര്യം, ഈ നിയമസഭാ സമ്മേളനം നടക്കുമ്പോൾത്തന്നെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഒരു മീറ്റിംഗ് വിളിക്കുന്നുണ്ട്, ആ യോഗത്തിൽവച്ച് നമുക്ക് തീർപ്പുണ്ടാക്കാം. അവർ പറഞ്ഞത് ശരിയാണ്. എല്ലാ വർഷവും അദ്ദേഹം ഇങ്ങനെ പ്രസംഗിക്കുന്നു, അത് ഇങ്ങനെ തുടരുന്നു. എന്താണ് കാരണമെന്ന് എനിക്ക് അറിയില്ല. അതിന് പരിഹാരമുണ്ടാക്കുമെന്ന് അദ്ദേഹത്തിനുവേണ്ടി ഞാൻ ഉറപ്പുതരികയാണ്. ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി എന്നെപ്പറ്റി ഒരു തമാശ പറഞ്ഞത് മാറ്റി നിർത്തിയാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മുഖ്യഭാഗവും റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയെപ്പറ്റിയായിരുന്നു. അതിൽ ഗൗരവമായിട്ടുള്ള കാര്യങ്ങളെപ്പറ്റി,..... സത്യം പറഞ്ഞാൽ ഞാൻ ആ കാര്യങ്ങളെപ്പറ്റി പഠിച്ചിട്ടില്ല. അങ്ങ് പറഞ്ഞ കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്, പ്രായോഗികമായി എന്തുചെയ്യണമെന്ന കാര്യം റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുമായി ചർച്ച ചെയ്യുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ജലസേചന വകുപ്പുമന്ത്രിയുടെ കാര്യം പറഞ്ഞതുകൊണ്ട് പറയുകയാണ്, ജലസേചന വകുപ്പിൽ വാട്ടർ അതോറിറ്റിയുടെ സ്ഥിതിയെന്താണെന്ന് അറിയാമോ? കഴിഞ്ഞ രണ്ടര

വർഷമായി പൈപ്പ് നന്നാക്കിയ ആളുകൾക്ക് ഇതുവരെ ഒരു രൂപപോലും കൊടുത്തിട്ടില്ല. അവർ ഇപ്പോൾ സമരത്തിലാണ്. എവിടെ പൈപ്പ് പൊട്ടിയാലും ഒരു കരാറുകാരനും വരാതെ സംസ്ഥാനത്തുടനീളം പൈപ്പുപൊട്ടി വെള്ളം ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഒരു നയാപൈസപോലും കൊടുക്കാനില്ലാത്തതിനാൽ നന്നാക്കാൻപോലും ആരും വരുന്നില്ല. എത്രമാത്രം പേയ്മെന്റ് വാട്ടർ അതോറിറ്റി അവർക്ക് കൊടുക്കാനുണ്ട്? വാട്ടർ അതോറിറ്റി ഇപ്പോഴത്തെ കറന്റ് പ്രോജക്ടുകളെല്ലാം പിൻവലിച്ചിരിക്കുകയാണ്. ഇവിടെ എം.പി.-മാരുടെയും,...... മിനിസ്റ്റർ പങ്കെടുത്തോയെന്ന് എനിക്ക് അറിയില്ല, മീറ്റിംഗ് വിളിച്ചുചേർത്ത് സ്റ്റാർട്ട് ചെയ്യാത്ത എല്ലാ പ്രോജക്ടുകളും നിർത്തിവയ്ക്കാൻ വാട്ടർ അതോറിറ്റി ഉത്തരവ് കൊടുത്തിരിക്കുകയാണ്. അങ്ങേയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. പണിക്കാർക്ക് നൽകാൻ പണമില്ലാത്തതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഇങ്ങനെയുള്ള കാര്യങ്ങളാണ് വാട്ടർ അതോറിറ്റിയിൽ നടക്കുന്നത്. ഒരു പൈപ്പ് പൊട്ടിയാൽ അത് നന്നാക്കാനുള്ള പണംപോലും വാട്ടർ അതോറിറ്റി കൊടുക്കുന്നില്ല. ഈ വിവരങ്ങളെപ്പറ്റി അങ്ങേയ്ക്ക് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് അന്വേഷിക്കാവുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പഞ്ചായത്ത് തലത്തിൽ ജലജീവൻ മിഷനിൽ വരാൻ പോകുന്ന പദ്ധതികളാണ് നിർത്തലാക്കിയത്. അല്ലാത്തവ നിർത്തലാക്കിയിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, വാട്ടർ അതോറിറ്റിക്ക് നിലവിലുള്ള പൈപ്പുകളുടെ എക്സ്റ്റൻഷനും മറ്റ് വർക്കുകൾക്കുംവേണ്ടി വിവിധ സ്കീമുകളിലായി ഇപ്പോൾ ലഭിക്കുന്ന തുക സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഏതാണ്ട് 6,000-7,000 കോടി രൂപയാണ് നൽകുന്നത്. ജലജീവൻ മിഷൻ വരുമ്പോൾ നിലവിലുണ്ടായിരുന്ന ചില പ്രോജക്ടുകൾ അതിലേയ്ക്ക് ലോഡ് ചെയ്യുന്നുണ്ട്. കാരണമെന്തെന്നാൽ, കേന്ദ്ര സർക്കാരിന്റെ പണം വരുമ്പോൾ നമ്മൾ അതിലേയ്ക്ക് ചിലത് മാറ്റി വയ്ക്കുന്നുണ്ട്. അതിനുവേണ്ടിയാണ് നിയന്ത്രണം വച്ചിരിക്കുന്നത്.

കരാറുകാർക്ക് നൽകാനുള്ള പണം സംബന്ധിച്ച്, വാട്ടർ അതോറിറ്റിക്കും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. എന്നുപറഞ്ഞാൽ, ആ ബില്ലുകൾ പേ ചെയ്യാനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുകയാണ്. ബിൽ ഡിസ്കൗണ്ടിംഗ് എത്രയും പെട്ടെന്ന് കൊണ്ടുവരും. അതിലൂടെ ഇങ്ങനെയുള്ള പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ കഴിയുമെന്നാണ്

കരുതുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എം.എൽ.എ.മാർ എല്ലാവരും പറയുന്ന കാര്യമാണ്, ബഹുമാനപ്പെട്ട മന്ത്രിയുടെ കുറ്റമല്ല പറയുന്നത്. കുടിവെള്ളത്തിന്റെ പ്രശ്നം വളരെ ഗുരുതരമാണെന്ന് അങ്ങേയ്ക്കും അറിയാമല്ലോ. പൈപ്പ് പൊട്ടിയിട്ട് ഒരു സ്ഥലത്തും നന്നാക്കാൻ വരാത്തതിന്റെ കാരണം അവർക്ക് പണം ലഭിക്കാത്തതിനാലാണ്. അങ്ങ് ജലജീവൻ പദ്ധതിയെക്കുറിച്ച് പറഞ്ഞു. അതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. ഇതുവരെ ജലജീവൻ പദ്ധതിയെക്കുറിച്ച് ക്ലാരിറ്റി വന്നിട്ടില്ല. അതിനുവേണ്ടി ഇപ്പോഴേ നമ്മൾ പദ്ധതികൾ നിർത്തലാക്കേണ്ട കാര്യമെന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഞാൻ പറയുന്നത്, പുതിയ പ്രോജക്ടുകൾക്കുവേണ്ടി കൊടുത്തിരിക്കുന്ന പണം സർവ്വകാല റെക്കോർഡാണ്. ഒരു കാലത്തും ഇല്ലാത്തവിധത്തിൽ ഏഴായിരത്തോളം കോടി രൂപയുടെ പ്രോജക്ടുകൾക്ക് അനുവാദം നൽകിയിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏഴായിരം കോടിയൊന്നും വേണ്ട. എങ്ങനെയെങ്കിലും കോൺട്രാക്ടർമാർക്ക് നൽകാനുള്ള പണം നൽകിയാൽ

മതി.

ഡോ. ടി. എം. തോമസ് ഐസക്: സർ, അവിടെയും ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം കൊണ്ടുവരികയാണ്. എത്രയുംപെട്ടെന്ന് അവിടത്തെ പ്രശ്നം പരിഹരിക്കാൻ സാധിക്കും. അതാണ് അക്കാര്യത്തിൽ ചെയ്യാൻ പോകുന്നത്. എത്രയും പെട്ടെന്ന് നിലവിലുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, രണ്ട് മന്ത്രിമാരും ഇവിടെയുള്ളതുകൊണ്ട് പറയുകയാണ്. ഞാൻ കഴിഞ്ഞ ശനിയാഴ്ച മണ്ഡലത്തിലുള്ളപ്പോൾ വെണ്ണല-പുതിയറോഡിൽ പൈപ്പ് പൊട്ടി. ഉത്തരവാദിത്വപ്പെട്ട എഞ്ചിനീയർമാരോടൊക്കെ പറഞ്ഞപ്പോൾ ഒരു കോൺട്രാക്ടറും വരില്ല. ഞാൻ തന്നെ എനിക്കറിയാവുന്ന ഒരു കോൺട്രാക്ടറെ വിളിച്ചു. അയാൾ പറഞ്ഞു, 'എം.എൽ.എ. ഇടപെട്ട് ഈ പണം വാങ്ങിത്തരണം, ഞങ്ങളാരും ചെയ്യില്ല' എന്നാണ്. വെള്ളം ഒഴുകിപ്പൊയ്ക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം ഇവിടെ കിടക്കും. വെള്ളം ഒഴുകിപ്പോകുകയും ചെയ്യും. ഇത് കേരളം മുഴുവനുമുള്ളതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്താണ് ചെയ്യാൻ

പോകുന്നതെന്ന് ഞാൻ പറഞ്ഞു. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം കൊണ്ടുവരുന്നതിലൂടെ അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഞാൻ നിർത്തുകയാണ്. ഏഴ് മിനിട്ട് സമയം ഞാൻ കൂടുതലെടുത്തു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സൂചിപ്പിക്കുകയും ചെയ്തു. വിമർശനങ്ങളൊക്കെ ഗൗരവത്തിലെടുത്തിട്ടുണ്ട്. പാതാളത്തിലേയ്ക്ക് പോയി എന്നൊക്കെ പറഞ്ഞ് പേടിപ്പിക്കുകയൊന്നും വേണ്ട. അങ്ങനെ മനപ്പായസം ഉണ്ണുകയും വേണ്ട. ഒരു പ്രശ്നവുമില്ല. കാര്യങ്ങൾ ഭംഗിയായിത്തന്നെ പോകും. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് രണ്ടാഴ്ചയ്ക്കുള്ളിൽ ചെലവാക്കാനുള്ള പണമല്ല. ഇതിനകം അധികമായി ചെലവഴിച്ച പണം റെഗുലറൈസ് ചെയ്യലാണ്, അപൂർവ്വം ചില കാര്യങ്ങളൊഴിച്ച്. അത് സഭ ചെയ്തുതരണം. ചെലവഴിച്ച കാര്യങ്ങൾക്ക് എന്തിനാണ് നിങ്ങൾ തർക്കിക്കുന്നത്; ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2020-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>രണ്ടും മൂന്നും വകുപ്പുകൾ</u>

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല.)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന  പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, 2020-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2020-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ

14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീമതി ഗീതാ ഗോപി

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജെയിംസ് മാത്യു

20. ശ്രീ. ഇ. പി. ജയരാജൻ

21. ശ്രീ. കെ. യു. ജനീഷ് കുമാർ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കെ. കൃഷ്ണൻകുട്ടി

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. വി. കെ. സി. മമ്മത് കോയ

28. ശ്രീ. എം. എം. മണി

29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

32. ശ്രീ. എ. സി. മൊയ്തീൻ

33. ശ്രീ. മുഹമ്മദ് മുഹസിൻ പി.

34. ശ്രീ. എം. മുകേഷ്

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. എ. പ്രദീപ്കുമാർ

39. ശ്രീ. വി. കെ. പ്രശാന്ത്

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. എസ്. രാജേന്ദ്രൻ

46. ശ്രീ. ആർ. രാജേഷ്

47. ശ്രീ. റ്റി. വി. രാജേഷ്

48. ശ്രീ. കെ. രാജു

49. ശ്രീ. ആർ. രാമചന്ദ്രൻ

50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

51. ശ്രീ. മുല്ലക്കര രത്നാകരൻ

52. ശ്രീ. എസ്. ശർമ്മ

53. ശ്രീ. സി. കെ. ശശീന്ദ്രൻ

54. ശ്രീ. പി. കെ. ശശി

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. എ. എൻ. ഷംസീർ

57. ശ്രീ. ജി. സുധാകരൻ

58. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

59. ശ്രീ. എം. സ്വരാജ്

60. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

61. ശ്രീ. പി. തിലോത്തമൻ

62. ഡോ. ടി. എം. തോമസ് ഐസക്

63. ശ്രീ. പി. ഉണ്ണി

64. ശ്രീമതി വീണാ ജോർജ്ജ്

65. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. കെ. അബ്ദു റബ്ബ്

2. ശ്രീ. മഞ്ഞളാംകുഴി അലി

3. ശ്രീ. അനിൽ അക്കര

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. വി. ടി. ബൽറാം

8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

9. ശ്രീ. ടി. വി. ഇബ്രാഹിം

10. ശ്രീ. കെ. സി. ജോസഫ്

11. ശ്രീ. പി. ജെ. ജോസഫ്

12. ശ്രീ. കെ. എൻ. എ. ഖാദർ

13. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

14. ശ്രീ. ഉമ്മൻ ചാണ്ടി

15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

16. ശ്രീ. രമേശ് ചെന്നിത്തല

17. ശ്രീ. റോഷി അഗസ്റ്റിൻ

18. ശ്രീ. കെ. എസ്. ശബരീനാഥൻ

19. ശ്രീ. വി. പി. സജീന്ദ്രൻ

20. ശ്രീ. എൻ. ഷംസുദ്ദീൻ

21. ശ്രീ. വി. ഡി. സതീശൻ

22. ശ്രീ. ഷാഫി പറമ്പിൽ

23. ശ്രീമതി ഷാനിമോൾ ഉസ്മാൻ

24. ശ്രീ. സണ്ണി ജോസഫ്

25. ശ്രീ. പി. ടി. തോമസ്

26. ശ്രീ. പി. ഉബൈദുള്ള

27. ശ്രീ. എം. ഉമ്മർ

28. ശ്രീ. എം. വിൻസെന്റ്

29. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ- 65

പ്രതികൂലിക്കുന്നവർ- 29

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ... ഓർഡർ.. ധനാഭ്യർത്ഥന ചർച്ച തുടരുന്നു.

**ധനകാര്യം** (തുടർച്ച)

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വ്യവസായങ്ങൾ, വൈദ്യുതപദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തന ഫലമായി കേരളം ഈ മേഖലകളിൽ നന്നായി മുന്നേറി എന്നതിനോട് എനിക്ക് യാതൊരു യോജിപ്പുമില്ല. വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

വൈദ്യുതിയുടെ ചാർജ് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിബന്ധനപ്രകാരം വൈദ്യുതി വിതരണം ബോർഡുതന്നെ നേരിട്ട് നടത്തുമ്പോൾ, സ്വകാര്യ കമ്പനികൾക്ക് വില്പനയ്ക്ക് നൽകാൻവേണ്ടി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുണ്ട്. അത് പാലിക്കുകയാണെങ്കിൽ വൈദ്യുതി വില്പന നടത്തി ഭീമമായ സംഖ്യ ധാരാളം സമാഹരിക്കാൻ സ്വകാര്യ കമ്പനികൾക്ക് സാധിക്കുന്നൊരു സാഹചര്യം വരും. അതിന് ഈ സർക്കാർ അനുവാദം നൽകരുത്. കോർപ്പറേറ്റുകൾക്ക് ലാഭം കൊയ്യാനുള്ളൊരു പുതിയ സൗകര്യംകൂടി കേന്ദ്ര സർക്കാർ ഇതുവഴി ഏർപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ നേരത്തെ പലരും സൂചിപ്പിച്ചതുപോലെ, കോൺട്രാക്ടർമാർക്ക് പണം കൊടുക്കാത്തതിന്റെ പ്രശ്നം വൈദ്യുതി മേഖലയിലും അനുഭവിക്കുന്നുണ്ട്. ജലസേചന വകുപ്പിൽ മാത്രമല്ല, ജലസേചനത്തിനും അതുപോലെ വൈദ്യുതി വിതരണ കാര്യങ്ങൾക്കുമൊക്കെ കോൺട്രാക്ടർമാർ പ്രവർത്തിക്കാൻ തയ്യാറല്ലാത്തതുകൊണ്ട് പല പദ്ധതികളും മുടങ്ങിക്കിടക്കുന്നുണ്ട്. കേരളത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കാൻ സാധിച്ചുവെന്ന അവകാശവാദം പുനഃപരിശോധിക്കേണ്ടതാണ്. നമ്മൾ ഇങ്ങനെ വ്യാപകമായും വാചാലമായും ഇതിനെക്കുറിച്ച് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ പുതിയ വ്യവസായങ്ങൾ

എത്രകണ്ട് ആരംഭിക്കാൻ സാധിച്ചുവെന്ന് പരിശോധിച്ച് ബഹുമാനപ്പെട്ട മന്ത്രി വാസ്തവത്തിൽ മറുപടി പറയേണ്ടതാണ്. ഇപ്പോഴും നിക്ഷേപകർ അന്യസംസ്ഥാനങ്ങളിൽ ചേക്കേറുന്ന ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. സാമ്പത്തികത്തകർച്ച ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധികൾ കേരളം വല്ലാതെ അഭിമുഖീകരിക്കുന്നുണ്ട്. ഇവിടെ നേരത്തെ പലരും സൂചിപ്പിച്ചതുപോലെ, കച്ചവട സ്ഥാപനങ്ങളിൽ കച്ചവടം നടക്കുന്നില്ല, വ്യവസായശാലകളിൽ ഉൽപ്പാദനം നടക്കുന്നില്ല, വൈദ്യുതി ബിൽ കൊടുക്കാൻ സാധിക്കാതെ വ്യവസായ സ്ഥാപനങ്ങളുടെ ഫ്യൂസ് ഊരുന്ന സാഹചര്യം നിലവിലുണ്ട്. പല വകുപ്പുകളും തമ്മിൽ ഏകോപനമില്ലാത്തതിന്റെ പ്രശ്നമുണ്ട്. ഇങ്ങനെയുള്ള പല കാരണങ്ങളാൽ, നമ്മൾ പ്രതീക്ഷിച്ചതുപോലുള്ള മാറ്റം വ്യാവസായിക രംഗത്ത് വരുത്താൻ വലിയ പരിശ്രമം നടത്തിയെങ്കിൽപ്പോലും സാധിച്ചിട്ടില്ലായെന്ന സാഹചര്യമുണ്ട്. അതിന് കേന്ദ്രവും കേരളവും അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഒരു പ്രധാന കാരണമാണ്. നമ്മുടെ ഏറ്റവും മികച്ച കച്ചവടസ്ഥാപനങ്ങളിൽപ്പോലും കച്ചവടം പഴയതുപോലെ നടക്കുന്നില്ല. ആളുകളുടെ ക്രയശേഷി കുറഞ്ഞുവരികയാണ്. പർച്ചേസിംഗ് കപ്പാസിറ്റി കുറഞ്ഞതുകൊണ്ട് പഴയതുപോലെ നല്ല ക്വാളിറ്റി ഉൽപ്പന്നങ്ങൾ വാങ്ങാൻ

ഇപ്പോൾ ഉപഭോക്താക്കൾ തയ്യാറാകുന്നില്ല. അതുപോലെ ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി കുറച്ച് വാങ്ങുകയും വിലകുറഞ്ഞത് വാങ്ങുകയും വാങ്ങുന്നതിന്റെ ക്വാണ്ടിറ്റി കുറയ്ക്കുകയും ചെയ്യുന്ന രീതി ഹോട്ടലുകളിലായാലും കച്ചവട സ്ഥാപനങ്ങളിലായാലും വ്യവസായ സ്ഥാപനങ്ങളിലായാലും കണ്ടുകൊണ്ടിരിക്കുകയാണ്. ധാരാളം കൺസ്ട്രക്ഷൻ കമ്പനികളും റിയൽ എസ്റ്റേറ്റ് കമ്പനികളും ഉൾപ്പെടെ എല്ലാം പൊട്ടിത്തകരുന്നതിന്റെ ദയനീയ ചിത്രം കേരളത്തിൽ എവിടെപ്പോയാലും നമുക്ക് കാണാൻ സാധിക്കും. നമ്മൾ ഈ പറയുന്നത് ഏതോ അദൃശ്യമായ ലോകത്തിരുന്ന് സംസാരിക്കുന്നതുപോലെയാണ്. ജനമദ്ധ്യത്തിൽ ഇറങ്ങിച്ചെന്നാൽ കേരളം സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുകയാണെന്ന് കാണാം. അത് വ്യവസായ വകുപ്പിന്റെ മാത്രം പ്രശ്നമാണെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല, എങ്കിലും ഭീമമായ തകർച്ച കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. വലിയ ടെക്സ്റ്റൈൽ ഷോപ്പുകളിലും സ്വർണ്ണക്കടകളിലും ധാരാളം ആളുകൾ ഇരച്ചുകയറിയിരുന്ന വൻകിട ഹോട്ടലുകളിലും കച്ചവടമില്ല. അതുപോലെ ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടിട്ട് അത് വാങ്ങാൻ ആളില്ലാത്ത അവസ്ഥ, റിയൽ എസ്റ്റേറ്റ് ബിസിനസൊന്നും നടക്കാത്ത അവസ്ഥ, രജിസ്ട്രേഷൻ കുറഞ്ഞുപോയ

സാഹചര്യം, കൈമാറ്റങ്ങൾ നിലച്ചുപോയ സാഹചര്യം, എല്ലാ സ്ഥലത്തും ഭൂമിയും വസ്തുവകകളും വിൽക്കാനുണ്ട് വാങ്ങാൻ ആളില്ലാത്ത സാഹചര്യം, അങ്ങനെ വമ്പിച്ച തോതിലുള്ള സാമ്പത്തികത്തകർച്ച കേരളമാകെ അഭിമുഖീകരിക്കുകയാണ്. ആ തരത്തിൽ അത് മനസ്സിലാക്കി തക്കതായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ട് വന്നിട്ടില്ലെന്നാണ് എന്റെയൊരു അഭിപ്രായം.

വ്യാവസായിക രംഗത്ത്, പഴയതുപോലെ വലിയ പുകക്കുഴലുകളുള്ള വ്യവസായങ്ങൾ സ്ഥാപിക്കാനല്ല ഐക്യജനാധിപത്യ മുന്നണിയുടെ കാലത്ത് ആലോചിച്ചിരുന്നത്. ഐ.ടി. വ്യവസായംപോലുള്ള പുതിയ വ്യവസായങ്ങളാണ് നമ്മൾ ആരംഭിച്ചിരുന്നത്.

ടൂറിസം കേരളത്തെ സംബന്ധിച്ച് നല്ലൊരു വ്യവസായമാക്കാവുന്നതാണ്. അതിനനുസരിച്ച് പണം ടൂറിസത്തിനുവേണ്ടി ഗവൺമെന്റ് നീക്കിവയ്ക്കാത്തതിന്റെ പ്രശ്നം കഴിഞ്ഞ ബഡ്ജറ്റിലുണ്ട്. ടൂറിസംപോലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. ആരോഗ്യമേഖലയെത്തന്നെ വ്യവസായികമായ തരത്തിൽ നമുക്ക് കൊണ്ടുവരാൻ സാധിക്കും. അതിനുള്ള ശ്രമങ്ങൾ ഇവിടെ വേണ്ടത്ര നടന്നിട്ടില്ല.

പശ്ചിമഘട്ടത്തിന്റെ സാനുക്കളിൽ ഔഷധസസ്യങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നട്ടുവളർത്തി കേരളീയമായ ഒരു അന്തരീക്ഷത്തിൽ അതിൽനിന്ന് ലാഭമുണ്ടാക്കാനും നല്ലൊരു വ്യവസായമാക്കാനും സാധിക്കുമായിരുന്നു. അത്തരം കാര്യങ്ങളെക്കുറിച്ച് നമ്മൾ ആലോചിക്കുന്നില്ല. അതുപോലെ, ടെക്സ്റ്റൈൽ മില്ലുകൾ വളരെയധികം കഷ്ടപ്പാടുകൾ സഹിക്കുന്നുണ്ട്. പരമ്പരാഗത വ്യവസായത്തിന്റെ കൂട്ടത്തിൽ ഖാദി റിബേറ്റ് ഇപ്പോഴും കൊടുത്തുതീർക്കാൻ ബാക്കിയുണ്ട്. അടുത്തകാലത്ത് യൂണിഫോം നെയ്ത്തിന്റെ പൈസ കൊടുത്തുവെന്ന് ടെലിവിഷൻ ചാനലുകളിലൊക്കെ വന്നു. അത് ഗുരുതരമായ പ്രശ്നമായപ്പോഴാണ് കുറച്ച് പേർക്കെങ്കിലും യൂണിഫോം നെയ്ത്തിന്റെ കൂലിയും മറ്റും കൊടുക്കുന്ന സാഹചര്യമുണ്ടായത്. മറ്റൊരു പ്രശ്നമുള്ളത്, ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ അവരുടെ ഓൺലൈൻ സൈറ്റുകൾവഴി ധാരാളമായി കേരളീയ കരകൗശല വസ്തുക്കൾ വിറ്റഴിക്കുന്നുണ്ട്. അത് വലിയ വിലയ്ക്കാണ് അവർ വിറ്റഴിക്കുന്നത്. വാസ്തവത്തിൽ കേരളത്തിന്റെ തനതായ കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിച്ചിട്ട്, നല്ല ഡിമാന്റുള്ള സാധനങ്ങളാണ്, കേരള ഗവൺമെന്റിനുതന്നെ ഇതിനേക്കാൾ പകുതി വിലയ്ക്ക് അത് വിറ്റഴിക്കാനും

ലാഭമുണ്ടാക്കാനും കഴിയുന്ന സാഹചര്യമുണ്ടാകും. അതുമായി ബന്ധപ്പെട്ട് അനവധി തൊഴിലാളികൾക്ക് വലിയ നേട്ടം കൈവരിക്കാൻ സാധിക്കുന്ന സംഗതിയാണ്. ഇങ്ങനെ ഒരുപാട് വിഷയങ്ങളുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയം, അത് നിസ്സാരമായി തള്ളിക്കളയാവുന്ന സംഗതിയല്ല. ഇന്ത്യയെ മുഴുവൻ വിൽപ്പനയ്ക്കുവച്ച ഒരു സ്ഥിതിവിശേഷമാണുള്ളത്. അത് ബാങ്കിംഗ്, എൽ.ഐ.സി., പ്രതിരോധം, വിമാന കാര്യങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും വിറ്റഴിക്കൽ വളരെ ശക്തമായി കേന്ദ്ര ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് രാജ്യംതന്നെ മുടിഞ്ഞുപോകുകയാണ്. ഈ അടുത്ത ദിവസം ശ്രീ. ഡോണൾഡ് ട്രംപ് ഇന്ത്യയിൽ വന്നു. അമേരിക്കയുമായി വലിയൊരു കരാറിൽ ഒപ്പുവച്ചു, വലിയ നേട്ടമുണ്ടായി, ഡിഫൻസ് 26,000 കോടി രൂപയ്ക്ക് പ്രതിരോധ ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചുവെന്ന് പറഞ്ഞാൽ, കേൾക്കുമ്പോൾ നമുക്കുതോന്നും അമേരിക്കയിലെ പൊതുമേഖലാ സ്ഥാപനത്തിൽനിന്നെവിടെനിന്നോ സാധനം വാങ്ങുകയാണെന്ന്. എന്നാൽ അങ്ങനെയല്ല, അമേരിക്കയിലെ മുതലാളി ഉണ്ടാക്കിയ സാധനം ഇവിടുത്തെ മുതലാളിക്ക് വാങ്ങിക്കൊടുക്കുന്ന രണ്ട് ഏജന്റുമാരാണ് ശ്രീ. ഡൊണാൾഡ്

ട്ടംപും ശ്രീ. നരേന്ദ്ര മോദിയും. അവർ അതിന്റെ കച്ചവടം ഉറപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ. അമേരിക്കൻ മുതലാളി നിർമ്മിച്ച സാധനം ഇന്ത്യയിലെ മുതലാളിക്ക് വാങ്ങിക്കൊടുക്കുന്ന ഒരു ഏർപ്പാടല്ലാതെ അത് അമേരിക്കയും ഇന്ത്യയും തമ്മിലുള്ള ഒരു വലിയ സംഭവമായി നമുക്ക് കാണാൻ സാധിക്കുകയില്ല. 5000 വർഷത്തെ പാരമ്പര്യമുള്ള ഇന്ത്യ, 200 വർഷത്തെ പഴക്കം മാത്രമുള്ള അമേരിക്കയുടെ മുമ്പിൽ ഇങ്ങനെ കുത്തുപാളയെടുത്ത് നിൽക്കുന്നൊരു സാഹചര്യം ഇന്ത്യയുടെ വലിയ നാശത്തിന്റെ ലക്ഷണമാണെന്ന് നമുക്ക് കാണാൻ സാധിക്കും. ആ പ്രശ്നങ്ങൾകൊണ്ട്, സ്വകാര്യമേഖലയെ ഇങ്ങനെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് ഇന്ത്യയ്ക്കുണ്ടായ നഷ്ടം ചില്ലറയല്ല. ആ സമയത്ത് നമ്മൾ ഇതൊന്നും അറിയാത്തതുപോലെ ഇവിടെ വലിയ വികസനം നടന്നുകൊണ്ടിരിക്കുകയാണ്, വലിയ സംഭവമായിക്കൊണ്ടിരിക്കുകയാണ് എന്നൊക്കെ പൊങ്ങച്ചം പറയും. ഇവിടെ നേരത്തെ പലരും സംസാരിച്ചപ്പോൾ, ധനവിനിയോഗ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിലൊക്കെ പറഞ്ഞു. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് മുഴുവൻ ശരിയായ കാര്യങ്ങളാണെന്ന് എനിക്ക് തോന്നുന്നില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് എം.എൽ.എ. ഫണ്ട് എന്നുപറയുന്ന

സംഭവം കേരളത്തിലുണ്ടായത്. അന്ന് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നു. അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് 5 കോടി രൂപ ആസ്തി വികസന ഫണ്ടുണ്ടായത്. ഈ 5 കോടി രൂപകൊണ്ടാണ് വാസ്തവത്തിൽ ഈ എം.എൽ.എ.-മാർ മനുഷ്യരുടെ മുഖത്ത് നോക്കുന്നത്. ബഡ്ജറ്റ് എന്നുപറയുന്നത് വെറും പാരമ്പര്യമായിട്ടുള്ള ചടങ്ങ്, ആചാരമായി മാറിയിട്ടുണ്ട്. 100 രൂപ മാത്രം വകയിരുത്തിയിട്ടുള്ള, ബഡ്ജറ്റിനൊന്നും ഒരു വിലയുമില്ല. പണ്ടൊക്കെ ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രി വരുന്നു, ഒരു പെട്ടി അതിന്റെ പിന്നാലെ പത്രക്കാർ, എല്ലാപേരുംകൂടി ചേർന്ന്, അദ്ദേഹം എന്തോ സംഭവം കൊണ്ടുവരുന്നുവെന്നാണ്. ഇന്ന് മല എലിയെ പ്രസവിച്ചതുപോലെ, അദ്ദേഹത്തിന്റെ പെട്ടിക്കകത്ത് എന്തായിരുന്നാലും നാട്ടുകാർക്ക് ഒരു പ്രയോജനവുമില്ലായെന്നുള്ളതാണ് സംഗതി. ബഡ്ജറ്റിലെ ഒരു പരിപാടിയും നടക്കുന്നില്ല. അതുകൊണ്ട് ആ പെട്ടിയെ കോൺസെൻട്രേറ്റ് ചെയ്ത് ദൃശ്യമാധ്യമങ്ങളൊക്കെക്കൂടി അദ്ദേഹം എന്തോ, കോവളത്ത് മുറിയെടുത്ത് ഒറ്റയ്ക്കിരുന്ന് എഴുതി; അദ്ദേഹം ഒറ്റയ്ക്കല്ല, ബസ് സ്റ്റാൻഡിലിരുന്ന് എഴുതിയാലും ഒരു ഉപയോഗവും നാട്ടുകാർക്കില്ലാത്തൊരു സ്ഥിതിയാണ് ബഡ്ജറ്റിൽ ഇപ്പോഴുള്ളത്. അതിൽനിന്നും ഒന്നും പ്രതീക്ഷിക്കാൻ വയ്യ.

കിഫ്ബിയാണെങ്കിലോ, ഇല്ലത്തുനിന്നും വിട്ടു, അമ്മാത്ത് എത്തിയതുമില്ല എന്നുപറഞ്ഞതുപോലെ, ബഡ്ജറ്റിൽനിന്ന് പോകുകയും ചെയ്തു. ആസ്തിവികസന ഫണ്ടിൽപ്പോലും നടപ്പിലാക്കാൻ ഉദ്ദേശിച്ച കാര്യങ്ങൾ, എന്റെ നിയോജക മണ്ഡലത്തിലുൾപ്പെടെ, ഞാൻ ഓരോന്നും പറഞ്ഞ് സമയം കളയുന്നില്ല. ബസ് വാങ്ങാനൊക്കെയുള്ള പൈസ, ഇതൊന്നും ഗവൺമെന്റ് നൽകാത്തൊരു സാഹചര്യമുണ്ട്. അതുകൊണ്ട് സാമ്പത്തികമായി വലിയ പ്രതിസന്ധിയാണ് നമ്മൾ അഭിമുഖീകരിക്കുന്നത്. ആ യാഥാർത്ഥ്യം മനസ്സിലാക്കി പരിഹാരം തേടുകയാണ് വാസ്തവത്തിൽ വേണ്ടത്. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ തകർച്ചയിൽനിന്ന് കരകയറ്റാൻ എന്താണ് മാർഗ്ഗമെന്നുള്ളതിനെക്കുറിച്ച് വാസ്തവത്തിൽ ഒരു സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്യേണ്ട സാഹചര്യം നിലവിലുണ്ട്. അതിനിടയിൽ നമ്മൾ രക്ഷപ്പെട്ടുപോകുന്നത് ഇപ്പോൾ പൗരത്വ നിയമമുള്ളതുകൊണ്ടും അതുപോലെ വർഗ്ഗീയകലാപങ്ങൾക്കൊക്കെ നേതൃത്വം കൊടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനംകൊണ്ടുമാണ്. ഡൽഹിയിലുണ്ടായത് ഒരു വർഗ്ഗീയ കലാപമാണെന്ന് പറയാൻ പറ്റുകയില്ല. ആസൂത്രിതമായി ഒരു വിഭാഗത്തെ ഉൻമൂലനം ചെയ്യാൻവേണ്ടി നടപ്പിലാക്കിയ ഒരു പദ്ധതിയാണ്. വർഗ്ഗീയകലാപമെന്ന്

പറയുമ്പോൾ രണ്ടുകൂട്ടരും അങ്ങോട്ടുമിങ്ങോട്ടും ഏറ്റുമുട്ടുമ്പോഴാണ് അത് പറയുന്നത്, അതല്ല ഉണ്ടായത്.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മുസ്ലീംലീഗിന്റെ ദേശീയ ജനറൽ സെക്രട്ടറി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നേതൃത്വത്തിൽ അവിടെ ആളുകളെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് ഓരോ ലക്ഷം രൂപവീതം കൊടുക്കുന്ന സാഹചര്യമുണ്ടായി. അതിനിടയിൽ ഇവിടെ പല പ്രശ്നങ്ങളുമുണ്ട്. ഇവിടുത്തെ ഗവൺമെന്റ് പല കാര്യങ്ങളിലും സ്വീകരിക്കുന്ന സമീപനം ഒട്ടും ശരിയല്ല. പോളണ്ടിനെക്കുറിച്ച് ഒരക്ഷരം മിണ്ടരുതെന്ന് പണ്ടൊക്കെ പറയാറുണ്ടായിരുന്നു. ഇപ്പോൾ ശ്രീ. ലോക്നാഥ് ബെഹ്റയെക്കുറിച്ച് ഒരക്ഷരം മിണ്ടരുതെന്നാണ് പറയുന്നത്. പോളണ്ടിനെക്കുറിച്ച് പറഞ്ഞാലും കുഴപ്പമില്ല, ബെഹ്റയെക്കുറിച്ച് ഒരക്ഷരം മിണ്ടരുതെന്നുള്ള രീതിയിലേയ്ക്ക് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരെയും ഡിപ്പാർട്ടുമെന്റിനെയുമൊക്കെ സഹായിക്കുന്ന ഒരു നിലപാട് വാസ്തവത്തിൽ സ്വീകരിക്കാൻ പാടില്ലാത്തതാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേന്ദ്ര

ഗവൺമെന്റിന് 35 ശതമാനം വോട്ട് മാത്രമേ കിട്ടിയിട്ടുള്ളൂ. 65 ശതമാനം നോൺ ബി.ജെ.പി. വോട്ടാണ്. ബി.ജെ.പി. ഇതര പാർട്ടികൾക്കാണ് 65 ശതമാനം വോട്ട് കിട്ടിയത്. ആ 65 ശതമാനം വോട്ട് കിട്ടിയ ആളുകളെ എങ്ങനെ ഭിന്നിപ്പിച്ചു നിർത്താമെന്നാണ് ശ്രീ. അമിത് ഷാ പരിശോധിക്കുന്നത്. അതിനിടയിൽ നമ്മൾ ഭിന്നിച്ചുനിൽക്കാൻ സ്വയം തീരുമാനിച്ചാൽ അത് ശ്രീ. അമിത് ഷായുടെ കുതന്ത്രങ്ങൾ വിജയിക്കാൻ സഹായകരമാകുമെന്നല്ലാതെ ഒന്നും പറയാൻ വയ്യ. കർണ്ണാടകയിലും മഹാരാഷ്ട്രയിലുമൊക്കെ അതിന് വിട്ടുവീഴ്ച ചെയ്തിട്ട് ആ ഐക്യം നിലനിർത്തുന്നതിനുവേണ്ടി ഒരുപാട് പരിശ്രമങ്ങൾ നടത്തിയ ഒരു പാർട്ടിയാണ് കോൺഗ്രസ്സ്. ഞാൻ പറയുന്നത് എന്താണെന്നുവച്ചാൽ, നമ്മൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഇന്ത്യയിൽ ഭാരതീയ ജനതാപാർട്ടി അധികാരത്തിൽനിന്നും പോയാൽ പിന്നെ അധികാരത്തിന് നേതൃത്വം കൊടുക്കാനുള്ള ഒരു പാർട്ടി കോൺഗ്രസ്സ് മാത്രമാണ്. ഇഷ്ടപ്പെട്ടോ ഇല്ലയോയെന്ന് പറഞ്ഞിട്ട് കാര്യമില്ല. ആ കോൺഗ്രസ്സ് പാർട്ടിയുടെ നേതൃത്വത്തിൽ ഒരു ഭരണം ഇന്ത്യയിലുണ്ടാക്കാനും നമ്മുടെ മതേതരത്വവും ഭരണഘടനയുമൊക്കെ സംരക്ഷിക്കാനും സാധിക്കണമെങ്കിൽ നമ്മൾ ഒരുമിച്ച് നിൽക്കേണ്ടത് അത്യാവശ്യമായ ഒരു കാര്യമാണെന്ന് ഞാൻ മുമ്പും

പറഞ്ഞിട്ടുള്ളതാണ്. ഇപ്പോഴും ആവർത്തിച്ച് പറയുകയാണ്. അതിന്റെ അർത്ഥം മാർക്സിസ്റ്റ് പാർട്ടിയുടെ എല്ലാ നിലപാടുകളോടും ഞങ്ങൾക്ക് യോജിപ്പുള്ളതുകൊണ്ടോ കോൺഗ്രസ്സിന്റെ നിലപാടുകളോട് നിങ്ങൾക്ക് യോജിപ്പുള്ളതുകൊണ്ടോ അല്ല. നമ്മുടെ മുഖ്യശത്രുവിനെ നേരിടാൻ മറ്റ് യാതൊരു മാർഗ്ഗവുമില്ലെന്നുള്ള സ്ഥിതിവിശേഷമാണ്. 100 വർഷം കൂടിയാലോചിച്ച് തീരുമാനിച്ച് നിശ്ചയിച്ചുറച്ച പദ്ധതിയാണ് അവർ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പാർലമെന്റിനകത്ത് കുമാരി രമ്യാ ഹരിദാസിനെ തല്ലി.

മി. ചെയർമാൻ: രണ്ടുമിനിട്ട് കഴിഞ്ഞു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പാർലമെന്റിനകത്ത് കുമാരി രമ്യാ ഹരിദാസിനെപ്പോലെയുള്ള ഒരു എം.പി.ക്ക് രക്ഷയില്ല, അവർക്കെതിരായി വർത്തമാനം പറഞ്ഞതിന് അടിക്കുകയാണ്. അതുകഴിഞ്ഞ് ശ്രീ. അതുൽ കുമാർ അൻജൻ അവിടെ സംസാരിച്ചതിന് അദ്ദേഹത്തിന്റെ ഓഫീസിൽപ്പോയി ആക്രമിക്കുകയാണ്. ശ്രീ. കപിൽ മിശ്രയുടെ പേരിൽ കേസ്സെടുക്കണമെന്ന വർത്തമാനം പറഞ്ഞതിന് ഡൽഹി ഹൈക്കോടതി ജഡ്ജിയെ രാത്രിക്കുരാത്രി സ്ഥലം മാറ്റുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, അവർക്ക് തോന്നുന്നില്ലല്ലോ, അവർ ഇതിനെ എങ്ങനെ പൊളിക്കാൻ കഴിയുമെന്ന് വിചാരിച്ചിട്ടല്ലേ നടക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നമ്മൾ ഓരോ പാർട്ടിയുടെയും പഴയകാല ചരിത്രം പരിശോധിച്ച് ആ കുറ്റം പറഞ്ഞ് അതിൽ അഭിരമിച്ച് സന്തോഷിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും പറയാൻ സാധിക്കും. ഞാൻതന്നെ ഇവിടെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാടുകളെക്കുറിച്ച് എത്ര ശക്തമായ വിമർശനങ്ങൾ ഉന്നയിച്ച ആളാണ്. അതൊന്നും ഞാൻ മറന്നിട്ടില്ല, അതിലേറെ കാര്യങ്ങൾ പറയാൻ എനിക്ക് ഇപ്പോഴും കഴിയും. ഇന്ത്യയിലെ ചരിത്രപരമായി പ്രാധാന്യമുള്ള ഒരു പാർട്ടിയാണ് കോൺഗ്രസ്സ്. ഒരു ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാണ്. മഹാത്മാഗാന്ധിയുടെ പാർട്ടിയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ലാൽബഹാദൂർ ശാസ്ത്രി, ഗുൽസാരിലാൽ നന്ദ, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി മുതൽ ശ്രീ. മൻമോഹൻസിംഗ് വരെയുള്ള ആളുകൾ, ഇന്ത്യയിൽ മതേതരത്വം നിലനിർത്താൻവേണ്ടി പരിശ്രമിച്ചവരുടെ ഗവൺമെന്റാണ്.

മി. ചെയർമാൻ: പ്രസംഗം അവസാനിപ്പിക്കണം. അടുത്ത അംഗത്തെ

വിളിക്കാൻ പോകുകയാണ്.

ശ്രീ. കെ. എൻ.എ. ഖാദർ: സർ, ആ ഗവൺമെന്റിന് എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് ഇങ്ങനെ എടുത്തുപറയേണ്ട ഒരു സമയമാണോ ഇപ്പോൾ? അതിങ്ങനെ എടുത്തുപറയേണ്ട സമയം അല്ല. അതുകൊണ്ട് നമ്മൾ ഹിഡൻ ടൈപ്പ് പോളിസി എടുത്ത് ഭാരതീയ ജനതാ പാർട്ടിയെ പരാജയപ്പെടുത്താനോ അധികാരത്തിൽനിന്ന് മാറ്റാനോ ശ്രമിച്ചില്ലെങ്കിൽ നമ്മൾ ആരും രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷ നിങ്ങൾക്കാർക്കും വേണ്ട.

മി. ചെയർമാൻ: അതുപറഞ്ഞ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. എൻ.എ. ഖാദർ: സർ, ഒരു കൂട്ടർമാത്രം, ഒരു മുസ്ലീം കമ്മ്യൂണിറ്റി അല്ലെങ്കിൽ ഏതെങ്കിലും ഒരു കമ്മ്യൂണിറ്റി മാത്രം ഇല്ലാതാകുമെന്ന് വിചാരിക്കേണ്ട. ഒന്നുകിൽ നമ്മൾ ഒന്നായി മുങ്ങും അല്ലെങ്കിൽ ഒന്നായി പൊങ്ങും. ഞങ്ങൾക്ക് മാത്രമായി ഇവിടെയൊന്നും സംഭവിക്കാനില്ല. അതുകൊണ്ട് വളരെ ഗുരുതരമായ സാഹചര്യമാണുള്ളത്. നമ്മൾ ചെറിയ കാര്യങ്ങൾ ഉപേക്ഷിച്ചിട്ട് ഈ പൊതുവായ വലിയ കാര്യത്തിനുവേണ്ടി ഒരുമിച്ച് നിന്നില്ലെങ്കിൽ മഹാഅപകടമാണ് സംഭവിക്കാൻ പോകുന്നത്. ഇവിടെ ജുഡീഷ്യറിയില്ല, എക്സിക്യൂട്ടീവ് ഇല്ല, വ്യോമസേനയ്ക്ക് ഒരു മേധാവി, കരസേനയ്ക്ക്

ഒരു മേധാവി, നാവികസേനയ്ക്ക് ഒരു മേധാവി അതെല്ലാം മാറിയിട്ട് പറഞ്ഞാൽ അനുസരിക്കുന്ന ഒരാളെ സർവ്വസൈന്യാധിപനായി നിയമിച്ചു. പുതിയ ബില്ലുകൾ കൊണ്ടുവന്നു, എൻ.ഐ.എ.യെ കൊണ്ടുവന്നു.

മി. ചെയർമാൻ: അടുത്ത ആളിനെ വിളിക്കുകയാണ്, ശ്രീ. പുരുഷൻ കടലുണ്ടി, അങ്ങേയ്ക്ക് 11 മിനിട്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സി.ബി.ഐ.യെ കൊണ്ടുവന്നു, പല ബില്ലുകൾ കൊണ്ടുവന്നിട്ട് അവർ ജനാധിപത്യത്തെ അട്ടിമറിക്കുന്നൊരു സാഹചര്യമുണ്ടായിരിക്കുകയാണ്, അപ്പോൾ ആ ......(മൈക്ക് ഓഫ്)......

മി. ചെയർമാൻ: അങ്ങയോട് പ്രസംഗം അവസാനിപ്പിക്കാൻ പറഞ്ഞതാണ്, നാല് മിനിട്ട് കഴിഞ്ഞു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2020-21 വർഷത്തെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. വികസനപാതയിൽ കേരളം കുതിക്കുകയാണ്. എന്തെല്ലാം പ്രതിസന്ധികളുണ്ടെങ്കിലും പ്രാരാബ്ധങ്ങളുണ്ടെങ്കിലും വീട്ടിനെ പട്ടിണിക്കിടില്ല എന്ന വിശ്വാസമാണ് നമ്മുടെ പഴയ കാരണവൻമാർ നമ്മളെ പഠിപ്പിച്ചത്. അതുകൊണ്ട് ഈ വീടിനെ.......

മി. ചെയർമാൻ: ശ്രീ. പുരുഷൻ കടലുണ്ടി ഒരു മിനിട്ട്, ശ്രീ. കെ.

എൻ.എ. ഖാദർ പ്രസംഗം അവസാനിപ്പിച്ചോട്ടെ.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ശ്രീ. പുരുഷൻ കടലുണ്ടി എന്റെ അടുത്ത സുഹൃത്താണ്. അദ്ദേഹം കണ്ടറിഞ്ഞുതന്നെ വേണമെങ്കിൽ രണ്ട് മിനിട്ട് എനിക്ക് തരും. ശ്രീ. പുരുഷൻ കടലുണ്ടി കഴിയുമെങ്കിൽ ചെയറിനെ അനുസരിച്ചാൽ എനിക്ക് ഒരു വാക്ക് പറയാമായിരുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നുവെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2020-21 വർഷത്തെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. വികസന പാതയിൽ കേരളം കുതിക്കുകയാണ്. എന്തെല്ലാം പ്രതിസന്ധികളുണ്ടെങ്കിലും പ്രാരാബ്ധങ്ങളുണ്ടെങ്കിലും 'വീട്ടിനെ പട്ടിണിക്കിടില്ല' എന്ന വിശ്വാസമാണ് നമ്മുടെ പഴയ കാരണവന്മാർ നമ്മെ പഠിപ്പിച്ചത്. അതുകൊണ്ട് ഈ വീടിനെ പട്ടിണിക്കിടില്ലയെന്ന വിശ്വാസമുണ്ട്. ശക്തമായ നിക്ഷേപ സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ്. 'കുറച്ച് ഓടുമ്പോൾ കുറച്ച് കിതയ്ക്കും, കിതയ്ക്കുമ്പോൾ കുറച്ച് നിൽക്കും. നിന്നാൽ പിന്നെയും ഓടും, അല്ലെങ്കിൽ ഇരിക്കും'. അങ്ങനെയൊക്കെ പ്രയാസപ്പെടുമ്പോൾ ഇവിടെയുള്ള സാമ്പത്തിക സൗകര്യങ്ങളെല്ലാം ഉപയോഗിച്ചശേഷം ഇതിനെതിരെ കുറ്റം പറയുന്നവരാണ്. വിമർശിക്കുന്നത്

നല്ലതാണ്, തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാം. എന്നാൽ ഇത് ശരിയായ കാര്യമല്ല. വാണിജ്യരംഗത്ത് വമ്പിച്ച പുരോഗതിയുണ്ടാക്കി, വ്യവസായ മേഖല പ്രതിസന്ധികൾക്കിടയിലാണ് ഇങ്ങനെ മുന്നോട്ടുപോകുന്നത്. തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമൂഹ്യപ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി വ്യവസായ സ്ഥാപനങ്ങൾ സജീവമാകുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുന്ന രാജ്യത്തെ പത്ത് സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഉയർത്തുകയും ചെയ്തത് ഈ ഘട്ടത്തിലാണ്. ഈ പ്രതിസന്ധികളെല്ലാമുണ്ടായിട്ടും വ്യവസായമേഖല മുന്നോട്ടുകുതിക്കുന്നത് കാണാതെ കണ്ണടച്ച് ഇരുട്ടാക്കി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ വ്യവസായങ്ങളെ ഈ സാമ്പത്തിക പ്രതിസന്ധിയിലും ഉയർത്തിക്കൊണ്ടുവരുന്ന പ്രവർത്തനമാണ് ഈ അഴിമതിമുക്ത ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. 'ആന കയറിയ കരിമ്പിൻതോട്ടംപോലെ' വ്യവസായമേഖല കോർപ്പറേറ്റുകൾക്കുവേണ്ടി സ്വകാര്യവത്ക്കരിക്കുകയും സ്വകാര്യ മൂലധനശക്തികൾക്കുമുമ്പിൽ പണയപ്പെടുത്തുകയും സ്വന്തക്കാർക്ക് വിൽക്കാൻ ശ്രമിക്കുകയും ചെയ്ത ഒരു കാലഘട്ടം യു.ഡി.എഫ്. ഗവൺമെന്റിന്റെ

ഭരണകാലത്ത് നമുക്ക് ഉണ്ടായിരുന്നുവെന്ന കാര്യം ലജ്ജയില്ലാതെ ഓർക്കാൻ കഴിയുകയില്ല. ടൈറ്റാനിയം അഴിമതിയെപ്പറ്റി ഇപ്പോൾ ആരും മിണ്ടുന്നില്ലല്ലോ; വ്യവസായരംഗത്തുണ്ടായ ഏറ്റവും വലിയ അഴിമതിയായിരുന്ന ടൈറ്റാനിയം അഴിമതിയെക്കുറിച്ച് ആരെങ്കിലുമൊന്ന് സ്പർശിച്ചോ? പൊതുമേഖലാ സ്ഥാപനങ്ങൾ 123 കോടി രൂപ നഷ്ടത്തിലായിരുന്നതിൽനിന്നും 160 കോടി രൂപ ലാഭത്തിലാക്കി ഈ ഗവൺമെന്റ് മാറ്റി. ഇതെങ്ങനെ സാധ്യമാകുന്നു. Ease of doing business -ന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കാൻ 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി Kerala Investment Promotion and Facilitation Act-2018 പാസ്സാക്കിയതിൽ അഭിമാനമുണ്ട്. ലൈസൻസും മറ്റ് അനുമതികളും വേഗത്തിലാക്കാനായി ഏർപ്പെടുത്തിയ കെ-സ്വിഫ്റ്റ് ഓൺലൈൻ സംവിധാനം ആശ്വാസകരംതന്നെയാണ്. 30 ദിവസത്തിനകം അപേക്ഷകളിൽ തീരുമാനമായില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കി സംരംഭം തുടങ്ങാം എന്ന സാക്ഷ്യപത്രം കെ-സ്വിഫ്റ്റ് വഴി നൽകുന്നു എന്നുപറയുന്നത് അതിലുള്ള വിശ്വാസംകൊണ്ടാണ്. 10 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം തുടങ്ങാൻ കെ-സ്വിഫ്റ്റ് വഴി സാധിക്കും. 15 കോടി രൂപ വരെയുള്ളവയ്ക്ക് ജില്ലാ ബോർഡും

അതിനുമുകളിലുള്ളവയ്ക്ക് സംസ്ഥാന ബോർഡും അനുമതി നൽകുമെന്ന് പറയുന്നതും, വ്യവസായ ലൈസൻസുകളുടെ കാലാവധി ഒരു വർഷം മുതൽ മൂന്ന് വർഷം വരെ എന്നത് അഞ്ചുവർഷമായി വർദ്ധിപ്പിച്ചുകൊടുത്തതും ഇവരെ ആകർഷിക്കാൻ വേണ്ടിത്തന്നെയാണ്. ജില്ലാ വ്യവസായ കേന്ദ്രം മുഖേന എടുത്ത വായ്പകളിൽ മാർജിൻമണി കുടിശ്ശികയുടെ പിഴപ്പലിശ ഒഴിവാക്കുകയും പലിശയിനത്തിൽ 50% ഇളവ് നൽകുകയും ചെയ്തത് ജനങ്ങൾക്കുവേണ്ടിയാണ്. ജനപക്ഷ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്ന ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഞാൻ പിന്തുണ നൽകുകയാണ്. വ്യവസായ മാമാങ്കങ്ങൾ നടത്തി ചില വ്യവസായങ്ങൾ വില്പന നടത്തിയിരുന്ന കാലഘട്ടം കഴിഞ്ഞു. കഴിഞ്ഞകാലത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങുകയല്ല, പൂട്ടുകയാണ് ചെയ്തത്. കോഴിക്കോട്ടുള്ള മാവൂർ ഗ്വാളിയോർ റയോൺസ്, കുന്നത്തറ ടെക്സ്റ്റൈൽസ്, നാളികേര കോംപ്ലക്സ്, ചെറുവണ്ണൂർ ഓട്ടുകമ്പനി, സ്റ്റീൽ കോംപ്ലക്സ് തുടങ്ങി കേരള സോപ്സ് ലിമിറ്റഡ് വരെ സ്വന്തക്കാർക്ക് വിൽക്കാൻ അച്ചാരം വാങ്ങിയിരുന്നു. ഇവയൊക്കെ പൂട്ടി വില്പന നടത്താൻ തീരുമാനിച്ചിരുന്നു. ഈ ഗവൺമെന്റ് കൂടുതൽ മൂലധനം മുടക്കുക മാത്രമല്ല, ആധുനികവത്ക്കരിച്ചുകൊണ്ട് കേരള സോപ്പിനെ പൂർവ്വാധികം ശക്തിയിലാക്കുകയും ചെയ്തു. ലണ്ടൻ രാജ്ഞി

കുളിച്ചിരുന്ന സോപ്പുണ്ടാക്കിയ സ്ഥലമായിരുന്നു 'കേരള സോപ്പ്'. അവിടെനിന്നും ഇപ്പോഴും സോപ്പ് ലണ്ടനിലേയ്ക്ക് കൊണ്ടുപോകുന്നുവെന്നതാണ് യാഥാർത്ഥ്യം.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങ് പ്രസംഗിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ മാവൂർ ഗ്വാളിയോർ റയോൺസിനെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം അവിടുത്തെ ജീവനക്കാരനായിരുന്നുവെന്നാണ് തോന്നുന്നത്. ആ വ്യവസായ സ്ഥാപനം ഇപ്പോൾ അടഞ്ഞുകിടക്കുന്നതിനെ സംബന്ധിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. അത് പുനഃസൃഷ്ടിച്ചെടുക്കാനായി എന്തുനിർദ്ദേശമാണ് അവിടെയുള്ള ഒരു പൂർവ്വ തൊഴിലാളി എന്നനിലയിൽ അങ്ങേയ്ക്ക് നൽകാൻ സാധിക്കുക?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, മാവൂർ ഗ്വാളിയോർ റയോൺസിൽ 33 വർഷം നല്ല ഉദ്യാഗസ്ഥനായി, 9001 സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നുവെന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഒരു രൂപ വിലയ്ക്ക് മുള കൊടുത്ത് ആ ഭീമൻ വ്യവസായ സംരംഭത്തെ കേരളത്തിലേയ്ക്ക് കൊണ്ടുവന്നത് ഇ.എം.എസ്. ഗവൺമെന്റായിരുന്നു. അങ്ങനെ ചെയ്തത് കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയായിരുന്നു. 25000-ഓളം തൊഴിലാളികൾ അവിടെ ജോലി

ചെയ്തിരുന്നു. രാജ്യത്ത് പല സ്ഥലങ്ങളിലും ഇപ്പോഴും അവരുടെ സ്ഥാപനങ്ങളുണ്ട്. എന്തുകൊണ്ടാണ് ഇവിടെ ആ സ്ഥാപനം പൂട്ടിയത്? പൂട്ടിയ കാര്യങ്ങളെക്കുറിച്ച് ഇപ്പോൾ ഇവിടെ പറയുന്നില്ല, ഏതായാലും അടച്ചുപൂട്ടിയവ തുറക്കാനുള്ള സൗകര്യങ്ങൾ ചെയ്തില്ലെന്നുമാത്രമല്ല, പൂട്ടാനായുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ് യു.ഡി.എഫ്. ഗവൺമെന്റുകൾ പലപ്പോഴും ചെയ്തത്. എത്രയെത്ര ടെക്സ്റ്റൈൽ മില്ലുകൾ! തിരുവണ്ണൂർ കോട്ടൺ മിൽ എൽ.ഡി.എഫ് ഗവൺമെന്റ് തുറന്നുപ്രവർത്തിപ്പിച്ചു, തൊഴിലാളികൾ വലിയ ആഹ്ലാദത്തിലായി. സമയബന്ധിതമായി മുൻകയ്യെടുത്ത് ഇത്തരം വ്യവസായ രംഗങ്ങളെക്കുറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റല്ലാതെ യു.ഡി.എഫ്. ഗവൺമെന്റ് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതിൽ എനിക്കെന്ത് കിട്ടുമെന്ന ചിന്തയായിരുന്നു പലപ്പോഴും ഇവരെ ഭരിച്ചിരുന്നത്. വ്യവസായ സംരംഭകർക്കും പൊതുജനങ്ങൾക്കും കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018 -19 വർഷം മുതൽ വ്യവസായ – വാണിജ്യ ഡയറക്ടറേറ്റിലും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇ-ഓഫീസ് ഈ ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട്. സംരംഭകത്വ സഹായ പദ്ധതി, വ്യവസായ എസ്റ്റേറ്റുകളിൽ സ്ഥലം ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങൾ

ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. എന്റെ മണ്ഡലത്തിലും ഒരു വ്യവസായ ശൃംഖലയുണ്ട്, അവിടെ സംരംഭം തുടങ്ങാൻ മാത്രമല്ല, ഒരു റോഡ് വെട്ടുന്നതിനുകൂടി അനുവാദം കൊടുക്കാതിരുന്ന ഒരു ഗവൺമെന്റായിരുന്നു ഇവിടെ ഭരിച്ചിരുന്നത്. ഇപ്പോൾ അവിടെ കൂടുതൽ വ്യവസായങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാനുള്ള സജീവ നടപടികളുമായാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. KIED (Kerala Institute for Entrepreneurship Development)-നെ സംരംഭകത്വ വികസനത്തിലൂടെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. 2015-16-ൽ നഷ്ടം 131,60,00,000 രൂപ, 2016-17-ലെ നഷ്ടം 80,67,00,000 രൂപ, 2017-18 -ൽ 5 കോടി രൂപ ലാഭം, 2018-19-ൽ 8,26,00,000 രൂപ ലാഭം ഇങ്ങനെ പോകുന്നു കണക്കുകൾ. രണ്ട് പ്രളയത്തെ അതിജീവിച്ചിട്ടാണ് ഈ ഗവൺമെന്റ് നിൽക്കുന്നു എന്നുള്ളത് മനസിലാക്കണം. കേന്ദ്രം പൂട്ടാൻ തീരുമാനിച്ച പാലക്കാട് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡുള്ള സ്ഥാപനം തുടങ്ങി ഒട്ടേറെ കമ്പനികളുണ്ട്, പേര്

ഓർമ്മയില്ലാത്തതുകൊണ്ട് ഇപ്പോൾ പറയുന്നില്ല. ഇതൊക്കെ എങ്ങനെയെങ്കിലും ഓക്സിജൻ കൊടുത്ത് ജീവൻ വയ്പിക്കാനുള്ള ശ്രമത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എന്നുള്ള കാര്യം മനസിലാക്കണം. ടെക്സ്റ്റൈൽ മേഖല എടുത്താൽ, മലബാർ സ്പിന്നിംഗ് മിൽസിന്റെ കാര്യത്തിലും മറ്റ് ടെക്സ്റ്റൈൽ മേഖലയിലും ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം ശ്ലാഘനീയമാണ്. കുട്ടികൾക്കുള്ള എല്ലാ യൂണിഫോമുകളും നൽകാൻ തീരുമാനിച്ചതോടുകൂടി അവ സജീവമായി, ചെറുകിട വ്യവസായങ്ങളൊക്കെ സജീവമായി. എനിക്ക് പറയാനുള്ളത് കൈത്തറി പവർ ലൂം സഹകരണ സംഘങ്ങളെ ഗവൺമെന്റ് കൈവിടരുത് എന്നാണ്. പവർ ലൂമിന്റെ ഒരു ഫാക്ടറി എന്റെ മണ്ഡലത്തിലുമുണ്ട്. ആ സൊസൈറ്റിയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കാര്യമായി ശ്രദ്ധിക്കണം എന്ന് എനിക്ക് ഒരു അപേക്ഷയുണ്ട്. നൂറോളം സ്ത്രീകളടക്കം പണിയെടുക്കുന്ന സ്ഥാപനമാണ് സിഡ്കോ. അവിടെ നവീകരണങ്ങളും പുതിയ സംവിധാനങ്ങളും ഏർപ്പെടുത്തിയാൽ മാത്രമേ ആ വലിയ സ്ഥാപനത്തെയും ജനങ്ങളെയും സംരക്ഷിക്കാൻ കഴിയുകയുള്ളൂയെന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മെഷിനറി സംവിധാനം ഏർപ്പെടുത്തി

പൂട്ടലിന്റെ വക്കിൽ നില്ക്കുന്ന വ്യവസായത്തെ രക്ഷിച്ചെടുക്കേണ്ടതുണ്ട്. ട്രംപ് ഇവിടെ വന്നപ്പോൾ 'മിണ്ടരുത്, കേൾക്കരുത്, കാണരുത് ' എന്ന് സൂചിപ്പിക്കുന്ന മൂന്ന് കുരങ്ങൻമാരെ നൽകിയാണ് സ്വീകരിച്ചത്. നമ്മുടെ രാജ്യം എവിടേയ്ക്കാണ് പോകുന്നത്, ആരൊക്കെയാണ് ഇവിടെ വരുന്നത്, നമ്മുടെ സാമ്പത്തിക രംഗം എന്തായി മാറുന്നു എന്നീ കാര്യങ്ങളെക്കുറിച്ച് നമ്മൾ ഗൗരവമായി കൂട്ടായി ആലോചിക്കണം. ജാതി-മത-വർഗ്ഗ-വ്യത്യാസമില്ലാതെ നിന്ന കേരളത്തെ നമുക്ക് സംരക്ഷിക്കേണ്ടതുണ്ട്.

വൈദ്യുതിക്ക് ക്ഷാമമില്ലാതെ എല്ലാം തടസ്സങ്ങളും പഴങ്കഥകളായി മാറിയ, ഒരു കറുത്ത മനുഷ്യന്റെ പ്രകാശപൂരിതമായ കേരളമാണ് നാം ഇന്ന് കാണുന്നത്. പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിച്ച് വൈദ്യുതിമേഖല പ്രകാശം പരത്തി ഉയരങ്ങളിലേയ്ക്ക് കുതിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് മൂന്ന് പ്രാവശ്യം ചാർജ് വർദ്ധിപ്പിച്ചതുവഴി ജനങ്ങളെ ഇരുട്ടിലാക്കിയ കാലം കഴിഞ്ഞു. മഹാപ്രളയം വന്നപ്പോൾ, കക്കയം ഡാമിൽ ആറ് ടെർമിനലുകളാണ് പ്രളയത്തിൽ ഒലിച്ചുപോയത്. ബഹുമാനപ്പെട്ട മന്ത്രിയും എം.എൽ.എ.യും, തൊഴിലാളികളും അവിടെയെത്തി. എല്ലാവരും യോജിപ്പിന്റെ മേഖലയിൽനിന്ന് 10 ദിവസംകൊണ്ട് അത് പുനഃസ്ഥാപിച്ചു.

ഞാനിത് പത്രത്തിൽ വായിച്ചിട്ട് പറയുന്നതല്ല, നേരിട്ട് അനുഭവിച്ച ആളാണ്. പവർ കട്ടില്ലാതെ എല്ലാപേർക്കും വൈദ്യുതി എത്തിക്കാൻ അദ്ദേഹം നേരിട്ട് എത്തി. സരിതോർജ്ജമല്ല, സൗരോർജ്ജമാണ് പുരപുറത്തേയ്ക്ക് കയറ്റുന്നത്. 500 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രകാശം പരത്തുന്ന ഊർജ്ജം മിഷൻ മേഖലയ്ക്ക് 1765 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. വൈദ്യുതി ക്ഷാമം, വൈദ്യുതി തടസ്സം ഇവയൊക്കെ മറികടന്നുകൊണ്ട് 2000 മെഗാവാട്ടിന്റെ സ്ഥാപിതശേഷിയുള്ള തുല്യമായ വൈദ്യുതി പുറത്തുനിന്ന് കൊണ്ടുവരാനും 2000 മെഗാവാട്ടിന്റെ വൈദ്യുതി ആവശ്യത്തിന് ദീർഘിപ്പിക്കാനും ഇതുവഴി കഴിയുന്നതാണ്. വോൾട്ടേജിന് ക്ഷാമമില്ല, കറണ്ട് കട്ടില്ല ഇങ്ങനെയൊക്കെയുള്ള തടസ്സങ്ങൾ ഒഴിവാക്കി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ എല്ലാ അർത്ഥത്തിലും സഹായിക്കുകയും നമ്മുടെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ കൂട്ടായി നിൽക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി പിന്താങ്ങുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, വ്യവസായ പുരോഗതിയെക്കുറിച്ച് വർഷങ്ങളായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. കേരളത്തിൽ

കാർഷികാധിഷ്ഠിതമായ വ്യവസായങ്ങൾ, അഗ്രോ ഇൻഡസ്ട്രീസ് എന്നിവ വ്യാപിപ്പിക്കണം. പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, ചക്ക, പൈനാപ്പിൾ തുടങ്ങിയവയെല്ലാം ഈ മേഖലയിലാണ് ഏറ്റവും കൂടുതൽ സാധ്യതയുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അഞ്ച് ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കുന്നതാണെന്ന് പറഞ്ഞു. പട്ടന്നൂർ-പനയത്തൂർ പറമ്പിൽ 1000 ഏക്കറും തൊടുപുഴയിൽ 900 ഏക്കറും മങ്കടയിൽ 700 ഏക്കറും വിഴിഞ്ഞത്ത് 500 ഏക്കറും കാസർഗോഡ് 500 ഏക്കറും അങ്ങനെ മൊത്തം 5100 കോടി രൂപ ചെലവ് വരും, നടപ്പ് സാമ്പത്തിക വർഷം 1000 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് പറഞ്ഞതല്ലാതെ ഒരു രൂപപോലും ചെലവഴിച്ചില്ല. ഇതിന്റെ പ്രാധാന്യം എന്താണ്? തൊടുപുഴയിൽ 900 ഏക്കർ, മലങ്കര എസ്റ്റേറ്റ് 2000 ഏക്കറുള്ള ഒരു എസ്റ്റേറ്റിന്റെ ഭാഗമായിരുന്നു. അവിടെ 365 ദിവസവും വെള്ളം ഒഴുകുന്ന തൊടുപുഴയാറുണ്ട്. ഇത്രയും സ്ഥലം ഏറ്റെടുത്താൽ നെടുമ്പാശ്ശേരി എയർപോർട്ടിലേയ്ക്ക് പോകാൻ വെറും ഒരു മണിക്കൂർ മതിയാകും. അവിടെ കാർഷികാധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കുകയാണെങ്കിൽ വലിയ വിപണിയായിരിക്കും ഉണ്ടാകാൻ പോകുന്നത്. ഇക്കാര്യം പുനഃപരിശോധിച്ച്

അത് നടപ്പിലാക്കിയാൽ വലിയ മാറ്റങ്ങളായിരിക്കും വരാൻ പോകുന്നത്. ഇതിനായി ഒന്നും ചെയ്തിട്ടില്ല. കഴിഞ്ഞ ദിവസം ഇവിടെ സൂചിപ്പിച്ചൊരു കാര്യം, നാല്പതിനായിരം സ്ക്വയർ കി.മീറ്ററുള്ള നെതർലന്റ്സ്, ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി മാറിയിരിക്കുന്നു. കാർഷിക വികസനത്തിലൂടെയുള്ള മാറ്റമാണത്. അവിടെ 4 മാസം മാത്രമേ സൂര്യപ്രകാശം ലഭിക്കുകയുള്ളൂ. എന്നിട്ടും എങ്ങനെ ഇത് സാധിച്ചു; നമുക്കിവിടെ നല്ല സൂര്യപ്രകാശവും വെള്ളവും അനുകൂല സാഹചര്യങ്ങളുമാണുള്ളത്. അതുപോലെയുള്ള ഇൻവെസ്റ്റ്മെന്റ് കാർഷിക മേഖലയിൽ നടപ്പാക്കിയാൽ, 5 ഏക്കറിൽ നിന്ന് ചക്ക കൃഷി ചെയ്ത ഒരാൾക്ക് 25 ലക്ഷം രൂപയാണ് കിട്ടിയതെന്ന് ഇന്നലെ ഞാൻ ഇവിടെ പറഞ്ഞു. അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ് ഇവിടെ വന്നപ്പോൾ ആവശ്യപ്പെട്ട കാര്യം, ഞങ്ങൾക്ക് ഇന്ത്യൻ മിൽക്ക് വേണമെന്നാണ്. അതിനായി കൂടുതൽ അന്വേഷിച്ചപ്പോഴാണ് മനസിലായത് എ-2 മിൽക്ക് ഇന്ത്യൻ പശുക്കളിലാണെന്നാണ്. 80 ശതമാനം ഇതിന് വില കൂടുതലാണ്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന് 1 ലിറ്ററിന് 100 രൂപയാണ്. ടെട്രാപാക്ക് 6 മാസംവരെ കേടാകാതിരിക്കും. അങ്ങനെയുള്ളൊരു ഫാക്ടറി തൊടുപുഴയിൽ തുടങ്ങുകയാണെങ്കിൽ

ക്ഷീരകർഷകർക്ക് മൂന്നിരട്ടി വിലകിട്ടാൻ സാധ്യതയുണ്ട്. അത്തരം പുതിയ കാര്യങ്ങളിലേയ്ക്ക് പോകണം. ടെക്നോപാർക്ക് പോലെയുള്ള അഞ്ച് സെന്ററുകളുണ്ട്. അവിടെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിച്ചാൽ തീർച്ചയായും വലിയ രീതിയിൽ ഉല്പാദനം ഉണ്ടാക്കാൻ കഴിയും. അതിനുവേണ്ട പ്രാധാന്യം കൊടുത്ത് മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വൈദ്യുതിയുടെ കാര്യത്തിൽ, 1980-ൽ മിച്ചവൈദ്യുതിയുള്ള സംസ്ഥാനമായിരുന്നു കേരളം. അതിപ്പോൾ 30-40 ശതമാനം മാത്രമേയുള്ളൂ. 68 ശതമാനത്തിന്റെ കുറവുണ്ട്. ഉല്പാദനക്ഷമത എന്നതിനേക്കാൾ വളരെ അൺ-ഇന്ററപ്റ്റഡ് പവർ സപ്ലൈ കൊടുക്കാൻ കഴിയണം. അതുപോലെ ഇലക്ട്രിക് കാറുകൾ വരാൻ പോകുകയാണ്. അവിടെ വേണ്ടത് ഓട്ടോ സ്ലിപ്പ് അതായത്, ഇതിനുള്ള വൈദ്യുതി കുത്തിയെടുക്കാൻ പറ്റിയ സ്റ്റേഷനുകളുണ്ടാകണം. എയർ സ്ലിപ്പുകൾ ആവശ്യമാണ്. നാഷണൽ വാട്ടർവേ, കൊല്ലം മുതൽ കോട്ടപ്പുറംവരെയുള്ളത് ഞാൻ മന്ത്രിയായിരുന്നപ്പോൾ തീർത്തതാണ്. ബാക്കിയുള്ളത് യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കണം. ചെറിയ കപ്പലുകൾക്ക് അതുവഴി പോകാൻ കഴിയും. ട്രാൻസ്പോർട്ടേഷൻ നടക്കും. ഇടയ്ക്ക് ഇടയ്ക്കുള്ള സ്റ്റേഷനുകളിൽ ഇറങ്ങാം. ടൂറിസത്തിന് വലിയ

കുതിച്ചുചാട്ടമുണ്ടാക്കുന്ന ഒന്നാണ്. നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ നടക്കാത്തത് എന്തുകൊണ്ടാണെന്ന് നാഷണൽ വാട്ടർ അതോറിറ്റി ചോദിച്ചു. യുദ്ധകാലാടിസ്ഥാനത്തിൽ ഇതിന് തീർപ്പ് കൽപ്പിക്കേണ്ടിയിരിക്കുന്നു.

കെൽട്രോണിനെ പറ്റി കേൾക്കുന്ന ആക്ഷേപമുണ്ടല്ലോ; ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇ. കെ. നായനാർ മുഖ്യമന്ത്രിയും ശിവദാസമേനോൻ ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. എം. വിജയകുമാർ സ്പീക്കറുമായിരുന്ന സമയത്ത് നിയമസഭയിലെ സൗണ്ട് സിസ്റ്റം എങ്ങനെ വേണമെന്നുള്ള ചർച്ച നടന്നപ്പോൾ കെൽട്രോണിന് കൊടുക്കണമെന്ന നിർബന്ധം വന്നു. കെൽട്രോണിന് കൊടുക്കാമെന്ന് തീരുമാനിച്ച്, അന്വേഷിച്ചപ്പോൾ കെൽട്രോണല്ല ആ വർക്കുകൾ ചെയ്യുന്നത് മറ്റാർക്കെങ്കിലും കൊടുത്താണ് ചെയ്യിപ്പിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബാക്കിയുള്ളവരോടും പറഞ്ഞു ബെസ്റ്റ് ക്വാളിറ്റി സൗണ്ട് സിസ്റ്റം വേണം, അതിന് ഗ്ലോബൽ ടെണ്ടർ വിളിക്കണം. മുഖ്യമന്ത്രി അതിന് സമ്മതിച്ച് ഗ്ലോബൽ ടെണ്ടർ വിളിച്ചു. ഇന്ത്യയിൽ ഏറ്റവും വലിയ സൗണ്ട് സിസ്റ്റമുള്ളത്

കേരള നിയമസഭയിലാണ്. എവിടെ വേണമെങ്കിലും പരിശോധിക്കാം. ഒരു എക്കോയുമില്ല. നമ്മുടെ കണ്ടീഷൻ വച്ച് 5 വർഷത്തെ മെയിന്റനൻസ് അവർ ഏറ്റെടുത്തു. അതുകൊണ്ട് കെൽട്രോണിന് കൊടുക്കണമെന്നുള്ള പ്രിൻസിപ്പൽ ആകരുത്. ബെസ്റ്റ് ക്വാളിറ്റിക്കുവേണ്ടി ഇനിയും നില്ക്കണം. ആ കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ നമ്മുടെ മുൻമുഖ്യമന്ത്രി ഇ. കെ. നയനാരുടെ കാലത്തെ ഉദാഹരണങ്ങളുണ്ട്. ഇവിടെ കാണുന്ന തടി മുഴുവൻ ആദ്യം ഒരു വടക്കേ ഇന്ത്യൻ കമ്പനിയിൽ നിന്നും വാങ്ങാനായിരുന്നു തീരുമാനിച്ചത്, പിന്നീടത് മുഴുവനും തേക്കിൻതടിയാക്കി. 300 കൊല്ലം കഴിഞ്ഞാലും ഈ ഫർണിച്ചറൊന്നും മോശമാകില്ല. ക്വാളിറ്റി അടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞെന്നുള്ള ചാരിതാർത്ഥ്യം ഞാൻ രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത് അഗ്രോ ഇൻഡസ്ട്രീസിനെ ബെയ്സ് ചെയ്തുകൊണ്ട് വൻതോതിലുള്ള പുരോഗതിയുണ്ടാക്കാൻ കഴിയും. അതുകൊണ്ട് തൊടുപുഴയിലെ 900 ഏക്കർ ഉൾപ്പെടെ ബാക്കിയുള്ള 5 സ്ഥലങ്ങളും ഏറ്റെടുത്ത് മുന്നോട്ട് പോകാമെങ്കിൽ വ്യവസായ രംഗത്ത് കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയും. അതിനുള്ള നടപടി

സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

<u>ശ്രീ. സി. കെ. നാണു:</u> സർ, നമ്മുടെ സംസ്ഥാനത്ത് ഖാദി വസ്ത്രം ഉപയോഗിക്കുന്നത് നിലവിലുള്ളതിനേക്കാളും കുറെക്കൂടി മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. കാരണം ഒരു കാലത്ത് നമ്മുടെ നാട്ടിലെ സ്വാതന്ത്ര്യസമരസേനാനികളും രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരുമെല്ലാം ധരിച്ചിരുന്നത് ഖാദി വസ്ത്രമാണ്. എന്നാൽ കുറേക്കാലമായി ഖാദിയുടെ ഉപയോഗം കുറഞ്ഞിട്ടുണ്ട്. അത് മെച്ചപ്പെടുത്തിയെടുക്കാനുള്ള പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. ഖാദി നൂൽ ഉല്പാദിപ്പിക്കാനും ഖാദിയുമായി ബന്ധപ്പെട്ട് നല്ല രീതിയിലുള്ള പ്രചാരണങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ വടകരയിലെ ഖാദി യൂണിറ്റ് കുറേക്കൂടി വിപുലീകരിച്ച് അതിന്റെ പ്രവർത്തനം സംഘടിപ്പിക്കാനുള്ള വകുപ്പുതല ശ്രമങ്ങൾ നടക്കുന്നു. സ്വാഭാവികമായി കേരളത്തിലുടനീളം ആളുകൾ ഖാദി ഉല്പന്നങ്ങൾ വാങ്ങുന്നത് വർദ്ധിപ്പിക്കാനുള്ള സാഹചര്യമാണുള്ളതെന്ന് കരുതുന്നു. ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ കൈത്തറി ഉല്പന്നങ്ങളില്ല. വിദേശത്തേയ്ക്ക് കൈത്തറി ഉല്പന്നങ്ങൾ കയറ്റി അയച്ചിരുന്ന അനേകം സ്ഥാപനങ്ങൾ കണ്ണൂരിലും

തലശ്ശേരിയിലുമുണ്ടായിരുന്നു. ഈ കച്ചവടം ഇന്ന് മങ്ങിയ അവസ്ഥയിലാണ്. മലബാറിലെ കൈത്തറി വ്യവസായം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. നല്ലയിനം കൈത്തറി വസ്ത്രങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്ന കോഴിക്കോട്ടുണ്ടായിരുന്ന വലിയ കമ്പനികളൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആ മേഖലയെ ഏതുരീതിയിൽ മെച്ചപ്പെടുത്തിയെടുക്കാൻ സാധിക്കുമെന്ന് ആലോചിക്കണം. കൈത്തറി ഉല്പന്നങ്ങളുണ്ടാക്കുന്നത് പഠിപ്പിച്ചുകൊടുക്കാനുംമറ്റും കഴിവുള്ള ലോകപ്രശസ്തരായ ആളുകളുള്ള പ്രദേശമാണത്. എന്റെ നാട്ടിൽ കുട്ടികൾക്ക് കൈത്തറി യൂണിഫോം വന്നപ്പോൾ കുട്ടികളെക്കാളും ആഹ്ലാദിച്ചത് കൈത്തറി തൊഴിലാളികളാണ്. അതുമായി ബന്ധപ്പെട്ട് കൈത്തറിത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങളുണ്ടാകുന്നു. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഖാദി, കൈത്തറി വ്യവസായം മെച്ചപ്പെടുത്തുന്നതിനുള്ള സമീപനമുണ്ടാകണം. വളരെ ശക്തമായി മഴ പെയ്ത് നാശമുണ്ടായതിനെ തുടർന്ന് എന്റെ നിയോജകമണ്ഡലമായ വടകരയിലെ അഴിയൂർ പഞ്ചായത്തിലെ കൈത്തറി ചെറുകിട വ്യവസായ യൂണിറ്റുകളിലെ പല ഷോപ്പുകളിലും ജോലിയെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായി. ആ യൂണിറ്റുകൾ ഞാൻ സന്ദർശിച്ചിരുന്നു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക്

നിവേദനം നൽകിയിട്ടുണ്ട്. അത് മെച്ചപ്പെടുത്താൻ എങ്ങനെ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം. മറ്റൊന്ന്, ആദ്യകാലത്ത് വടകരയടക്കം പുഴകളുള്ള എല്ലാ പ്രദേശത്തും തൊണ്ട് വെള്ളത്തിൽ പൂഴ്ത്തി ചകിരി ഉത്പ്പാദിപ്പിക്കുന്നതും പിരിക്കുന്നതും വലിയൊരു തൊഴിലായിരുന്നു. മലബാർ മേഖലയിൽ അത് നിരോധിച്ചത് എന്തിനാണെന്നറിയില്ല. മറ്റുള്ള ഭാഗങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും കയറുപിരിക്കുന്നവരെയുമൊക്കെ കാണാൻ സാധിക്കും. ഒരു വലിയ വ്യവസായമായിരുന്ന ഇതിനെ മലബാർ ഭാഗത്തുമാത്രം നിരോധിച്ചിരിക്കുകയാണ്. നല്ല ചകിരി കിട്ടുന്നത് നമ്മുടെ നാട്ടിലായിരുന്നു. അത് പുനരാരംഭിക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ധാരാളം ചെറിയ പുഴകളും നദികളുമുള്ളതിനാൽ അവിടെയെല്ലാം തൊണ്ട് ഉപയോഗിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ജോലിയെടുക്കുന്നതിന് സാധിക്കുന്ന സൗകര്യപ്രദമായ പ്രദേശമാണത്.

ഇന്ന് നമ്മുടെ നാട്ടിൽ വൈദ്യുതി പ്രതിസന്ധിയില്ലാത്ത അവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ കാര്യക്ഷമമായ പരിശോധനയുടെ ഫലമായി വൈദ്യുതിയുടെ ഉത്പാദനം ഗണ്യമായി

വർദ്ധിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ് കുറയ്ക്കാവുന്ന രീതിയിലുള്ള പുതിയ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കണം. അത് ഏതെല്ലാം രീതിയിൽ ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം ആലോചിക്കേണ്ടതാണ്. സംസ്ഥാനത്ത് വ്യാവസായിക മേഖല പല തരത്തിലുള്ള വെല്ലുവിളികൾ നേരിടുകയാണ്. പല സംസ്ഥാനങ്ങളിലും ഐ.റ്റി. മേഖല പിന്നിലാണെങ്കിലും നമ്മുടെ സംസ്ഥാനത്ത് അത് വളർന്നുവരികയാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഭാഗങ്ങളിൽ ഐ.റ്റി. മേഖല വികസിച്ചുവരികയാണ്. ഐ.റ്റി. മേഖലയെ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം. അഭ്യസ്തവിദ്യരായ പുതിയ തലമുറയിൽപ്പെട്ടവർക്ക് കേരളത്തിൽത്തന്നെ തൊഴിൽ ലഭിക്കത്തക്കവിധത്തിൽ ഐ.റ്റി. മേഖല വളർന്നുവരികയാണ്. അതുകൊണ്ട് ഐ.റ്റി. വ്യവസായങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാൻ സാധിക്കണം. അതിന് സഹായകരമായ കാര്യങ്ങൾ ചെയ്ത് ഐ.റ്റി. മേഖലയെ വികസിപ്പിച്ചാൽ അഭ്യസ്തവിദ്യരായവർക്ക് നമ്മുടെ നാട്ടിൽത്തന്നെ കുടുംബത്തോടൊപ്പം കഴിയാനിടയാകുമെന്ന കാര്യവുംകൂടി പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് ഈ ധനാഭ്യർത്ഥനയെ

അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വ്യവസായങ്ങളുടെ വളർച്ചയല്ല തളർച്ചയാണ് ഇന്ന് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ധാരാളം സ്കീമുകൾ പ്രഖ്യാപിക്കുകയുണ്ടായി. അതിലൂടെയൊന്നും വ്യവസായങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിലേയ്ക്കോ മുന്നോട്ടുള്ള പ്രവർത്തനങ്ങളിലേയ്ക്കോ ആശാവഹമായി നീങ്ങാൻ കഴിയുന്നില്ല. K-SWIFT (Kerala-Single Window Inerface for Fast and Transparent Clearance) ഓൺലൈൻ പദ്ധതിയെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും വലിയ ആശയങ്ങളിലൊന്നായ K-SWIFT ഓൺലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം വഴി 43 അപേക്ഷകൾക്കാണ് ഇതുവരെ അനുമതി നൽകാൻ കഴിഞ്ഞിട്ടുള്ളത്. ഏകജാലക സംവിധാനത്തിൽ വരുന്ന സംരംഭകർക്ക് വേഗത്തിൽ നടപടികൾ സ്വീകരിക്കാൻ അതിന്റെ പ്രവർത്തനമെവിടെയാണെന്നത് സംബന്ധിച്ച് മറ്റെല്ലാ കാര്യങ്ങളും മാറ്റിവച്ച് ആത്മാർത്ഥമായി പരിശോധിച്ചുനോക്കണം. മുന്നൂറ്റിയഞ്ചിൽപരം അപേക്ഷകൾ കിട്ടിയതിൽ നാല്പത്തിമൂന്ന് എണ്ണത്തിനാണ്

അനുമതി നൽകാൻ കഴിഞ്ഞത്. വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കാൻ ഇപ്പോഴും സാധിക്കുന്നില്ലായെന്നുള്ളതാണ് അതിൽനിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. 2017-ലെ വ്യവസായ നയത്തിന്റെ ഭാഗമായി സ്വകാര്യ വ്യവസായ പാർക്കുകൾ പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമെന്നുപറഞ്ഞു. എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ട്? ഇതിന്റെ നിർവ്വഹണം കിൻഫ്ര വഴിയാണോ അതോ ഡിപ്പാർട്ടുമെന്റ് നേരിട്ടാണോ നടത്തുന്നത്? പ്രഖ്യാപിച്ച സ്വകാര്യ വ്യവസായ പാർക്കുകളൊന്നുംതന്നെ ഇതുവരെ മുന്നോട്ടുകൊണ്ടുപോകാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ചെറുകിട സംരംഭക മേഖല ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട ഒന്നാണ്. അവർക്ക് ഏറ്റവും ഫീസിബിളായ നിലയിൽ ടെക്നോളജി ലഭിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അവർക്ക് താങ്ങാൻ കഴിയാത്ത നിലയിൽ പലപ്പോഴും വലിയ ചെലവ് ഇതിനകത്ത് വരുന്നുണ്ട്. അങ്ങനെയുള്ള ചെറുകിട സംരംഭകർക്ക് ടെക്നോളജി വേഗം അക്സസ് ചെയ്യുന്നതിനുള്ള സാഹചര്യമുണ്ടാകാൻ നടപടികളുണ്ടാകണമെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ വ്യവസായികളുടെ ആത്മഹത്യ അടക്കമുള്ള നിരവധി വിഷയങ്ങളുംമറ്റും സഭാതലത്തിൽ ചർച്ച

ചെയ്തിട്ടുള്ളതാണ്. അത്തരത്തിലുള്ള വ്യവസായികളുടെ ആത്മഹത്യയും ദുരനുഭവവുമൊക്കെ ലോകത്തിന്റെ മുമ്പിൽ നിൽക്കുകയാണ്. എത്ര ലോക കേരള സഭകളും ഇൻവെസ്റ്റേഴ്സ് മീറ്റും നടത്തിയാലും കേരളത്തിലെ വ്യവസായികളെ/നിക്ഷേപകരെ പിന്തിരിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു സംഭവം മതിയാകും. അക്കാര്യത്തിൽ ഗവൺമെന്റിന് കൃത്യമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടില്ലെന്നതും സംരംഭകരെ പിന്നോട്ടടിക്കുന്ന സാഹചര്യം നിലവിലുണ്ടെന്നും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങയുടെ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്വാറികൾക്ക് അനുമതി നൽകുമ്പോൾ അത് പരിശോധനാ വിധേയമാക്കിതന്നെ നൽകണം. ഈ ഗവൺമെന്റ് വന്നതിനുശേഷം 300-ൽപ്പരം ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നാണ് രേഖാമൂലം അങ്ങ് നൽകിയ മറുപടി. പക്ഷെ അങ്ങ് പറഞ്ഞതും പത്രങ്ങളിൽ വരുന്ന കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രണ്ടും രണ്ട് രീതിയിലാണ് പറയുന്നത്. അതിൽ പതിനേഴ് ക്വാറികൾക്ക് പാരിസ്ഥിതിക അനുമതിയില്ലെന്ന് അങ്ങ് തന്നെ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള ക്വാറികൾക്കെതിരെ എന്തുകൊണ്ട് ഗവൺമെന്റിന്

നടപടിയെടുക്കാൻ കഴിയുന്നില്ല? അവരെ തടയാൻ കഴിയുന്നില്ല? മറ്റുള്ളവയെല്ലാം നിയമാനുസൃതമാണ് എന്നായിരിക്കും ഗവൺമെന്റിന്റെ അഭിപ്രായം. എന്നാൽ പാരിസ്ഥിതിക അനുമതിയില്ലെന്ന് അങ്ങ് തന്നെ ഈ സഭയിൽ പറഞ്ഞിട്ടുള്ള ക്വാറികളെ എന്തുകൊണ്ട് നടപടികൾക്ക് വിധേയമാക്കി അത് നിർത്താനുള്ള നടപടികൾ സ്വീകരിക്കുന്നില്ല എന്നാണ് ഞാൻ ചോദിക്കുന്നത്.

അതുപോലെതന്നെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെക്കുറിച്ച് പറഞ്ഞു. അങ്ങയുടെ ശ്രദ്ധയിലുള്ള കാര്യമായിരിക്കും, പിറവം ടൗണിൽതന്നെ സിഡ്കോയുടെ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുണ്ട്. അത് അങ്ങ് പരിശോധിക്കണം. പല സ്ഥലങ്ങളിലും സമാന അവസ്ഥയാണുള്ളത്. അവിടെ ഇപ്പോൾ മൂന്നോ നാലോ സ്ഥാപനങ്ങളേയുള്ളൂ. ബാക്കിയുള്ള സ്ഥലങ്ങൾ സിഡ്കോ പുറത്ത് വിൽക്കാനുള്ള രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അത് അംഗീകരിച്ചുകൊടുക്കാൻ കഴിയുന്ന ഒന്നല്ല. 1976-ൽ ആരംഭിച്ചതാണ് സിഡ്കോ. ആ കാലത്തുതന്നെ എടുത്ത ഈ സ്ഥലങ്ങൾ അവിടത്തെ സംരംഭകർ മുന്നോട്ടുവച്ചതാണ്. അത് ഇപ്പോൾ സിഡ്കോ ഏറ്റെടുത്ത് പുറത്ത് കൊടുക്കാൻ പോകുന്നു. അവിടെയുള്ള സംരംഭകർ തന്നെ ഇതിന് തയ്യാറാണ്.

ഇതുപോലുള്ള ചെറിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളെ മുന്നോട്ട് കൊണ്ടുവരാൻ കഴിയണം. അതിനോടൊപ്പം തന്നെ പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനെക്കുറിച്ച് ഞാൻ പലതവണ പറഞ്ഞിട്ടുള്ളതാണ്. അങ്ങ് ഈ അസംബ്ലിയിൽ നൽകുന്ന എല്ലാ മറുപടികളും പ്രതീക്ഷ നൽകുന്ന ഒന്നാണ്. ഒരു ചോദ്യത്തിനും അങ്ങ് പറ്റില്ല എന്നൊരു മറുപടി ഇതുവരെ നൽകിയിട്ടില്ല. സ്ഥലം ഏറ്റെടുക്കാൻ പോകുന്നു, അതിന്റെ വിവിധ ഘട്ടങ്ങളിലൂടെ നീങ്ങുന്നു, അത് ഏറ്റെടുത്തുകഴിഞ്ഞാൽ അതിന്റെ പ്രോജക്ടിന് ആരംഭം കുറിക്കും, അങ്ങനെയുള്ള മറുപടികളാണ് അങ്ങ് നൽകുന്നത്. അസെന്റ് 2019-ൽ ഇവിടെ നൽകിയതിനകത്തും ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. അസെന്റിൽ അവതരിപ്പിച്ച 100 കോടി രൂപയിൽ കൂടുതലുള്ള നിക്ഷേപ പദ്ധതികൾ ഏതാണ്? കേരളത്തിൽ 60 പദ്ധതികളിൽ ഒന്ന് ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കാണ്. എല്ലാ മറുപടികളും വളരെ കൃത്യമാണ്. പക്ഷെ ഒന്നും നടക്കുന്നില്ല. അവിടെ 41 കോടി രൂപ ഭൂമി ഏറ്റെടുക്കാൻ അനുവദിച്ചിട്ടുണ്ട്. അതുപോലും മുന്നോട്ട് നീങ്ങാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ സമ്മേളനത്തിൽ ഒരു ബില്ലിന്റെ ചർച്ചയിൽ അങ്ങ് 'അവിടെ വന്ന് നോക്കിക്കഴിഞ്ഞാൽ ഒരു വ്യവസായം തുടങ്ങാൻ

തോന്നുമോ' എന്നൊരു പരാമർശം നടത്തിയിരുന്നു. ഒരിക്കലും ഒരു വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് അത്തരത്തിലുള്ള പരാമർശം നടത്താൻ പാടില്ലായിരുന്നു. അങ്ങ് അങ്ങനെയല്ല മറുപടി പറയേണ്ടിയിരുന്നത്. നെടുമ്പാശ്ശേരി വിമാനത്താവളം സ്ഥിതിചെയ്യുന്ന പ്രദേശം വിമാനത്താവളം വരുന്നതിനുമുൻപ് അങ്ങ് കണ്ടിട്ടുണ്ടോ? ഇല്ലല്ലോ. കണ്ടിരുന്നെങ്കിൽ അങ്ങ് കരുതുമായിരുന്നോ അവിടെയൊരു വിമാനത്താവളം വരുമെന്ന്. ഭൂമി വികസിപ്പിച്ചെടുക്കുകയാണ് ചെയ്യുന്നത്. അങ്ങ് ആ ഫയൽ പരിശോധിക്കണം. ആ 100 ഏക്കർ ഭൂമി പൂർണ്ണമായും ചതുപ്പുനിലമല്ല. അവിടെ കരഭൂമിയുണ്ട്. ആ പ്രോജക്ട് നന്നായി ഡെവലപ് ചെയ്യാൻ കഴിയുന്ന സ്ഥലമാണത്. ഇക്കോ-ഫ്രണ്ട്‌ലിയായി അവിടത്തെ നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയൊക്കെ സംരക്ഷിച്ചുകൊണ്ട് അത് ഡെവലപ് ചെയ്യണമെന്ന് ഫയലിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. അയ്യായിരത്തിൽപ്പരം ആളുകൾക്ക് തൊഴിലവസരം ലഭിക്കുന്ന വലിയൊരു സംരംഭമാണത്. വളരെ പ്രയാസത്തോടെ ഞാൻ പറയുകയാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ നാല് വർഷമായി അക്കാര്യത്തിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ഇല്ലയോ എന്ന് അങ്ങ്

വ്യക്തമാക്കിയാൽ മതി. അല്ലാതെ ഞാൻ എഴുതിത്തരുന്ന ചോദ്യങ്ങൾക്ക് പറ്റും പറ്റും എന്ന് മറുപടി പറയുകയും ഒരു കാര്യവും മുന്നോട്ട് നീങ്ങാൻ കഴിയാത്ത സാഹചര്യവും ദയവായി ഉണ്ടാകരുത്. എന്താണ് നിങ്ങളുടെ ലക്ഷ്യമെന്ന് അങ്ങ് വ്യക്തമാക്കണം അല്ലെങ്കിൽ ഈ ഗവൺമെന്റിന്റെ നയം എന്താണെന്ന് അങ്ങ് മറുപടി പ്രസംഗത്തിൽ സൂചിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ആ പദ്ധതി ഉപേക്ഷിക്കാതെ അതുമായി മുന്നോട്ട് പോകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിച്ചു.

ശ്രീ. അനൂപ് ജേക്കബ്: സർ, പൊതുവായ വിഷയങ്ങളെ സംബന്ധിച്ച് നോക്കുമ്പോൾ ഈ രണ്ട് വകുപ്പുകളുടെ പ്രവർത്തനങ്ങളും ജനങ്ങൾക്ക് പ്രയോജനപ്രദമാകാത്ത നിലയിൽ മുന്നോട്ടുപോകുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്. അതിനാൽ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, 2020-21 ധനകാര്യ വർഷത്തെ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നവകേരളം എന്ന ആശയത്തിന്റെ വെളിച്ചം ഇന്ന് കേരളം അറിയുന്നുണ്ട്. കൈക്കുമ്പിളിലെ

തിരിനാളം കാറിലും കോളിലും പേമാരിയിലും പ്രളയത്തിലും കടന്നാക്രമണങ്ങളിലും അണഞ്ഞുപോകാതെ, ഉലഞ്ഞുപോകാതെ കാത്തുസൂക്ഷിക്കുന്ന നിതാന്ത ജാഗ്രതയാണ് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നേതൃത്വം. പ്രവർത്തിക്കുന്ന ഒരു പ്രത്യയശാസ്ത്രമായി ഈ ഗവൺമെന്റ് മാറിയിട്ടുണ്ട്. വോട്ട് രാഷ്ട്രീയത്തിന്റെ ഹ്രസ്വദൃഷ്ടി മാത്രമുള്ള വലതുപക്ഷ രാഷ്ട്രീയത്തിൽനിന്നും വിഭിന്നമായ ഒരു വികസന സംസ്കാരത്തിനാണ് കേരളം ഇന്ന് സാക്ഷ്യംവഹിക്കുന്നത്. വ്യവസായ സൗഹൃദ സംസ്ഥാനമല്ല കേരളം എന്നൊരു പേരുദോഷം നാം പേറിയിരുന്നു. അതിൽനിന്നും വളരെ ദൂരം മാറി വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിക്കാൻ കേരളത്തിന് ഇന്ന് കഴിയുന്നുണ്ട്. കേരളത്തിലെ വ്യാവസായിക മേഖലകളിൽ അഴിമതി മാത്രമായിരുന്നു വ്യവസായം. അടച്ചുപൂട്ടാൻ അവസരം കാത്തിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളും അവയിൽ ജോലി ചെയ്യുന്ന അരക്ഷിതാവസ്ഥയിലെത്തിയ തൊഴിലാളികളുമായിരുന്നു കേരളത്തിലുണ്ടായിരുന്നത്. എന്നാൽ ഇന്ന് ദീർഘവീക്ഷണമുള്ള, അതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം നടത്താൻ പറ്റുന്ന, അഴിമതി സ്പർശം ഇല്ലാത്ത, നിശ്ചയദാർഢ്യമുള്ള, സന്തുലിതമായ പദ്ധതി നിർവ്വഹണമുള്ള വ്യവസായ

വകുപ്പിനെത്തേടി ദേശീയ പുരസ്കാരങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ആഗോള നിക്ഷേപം ഇവിടെ നടന്നു. 138 പദ്ധതി നിർദ്ദേശങ്ങളിലായി 66,900 കോടി രൂപയുടെ നിക്ഷേപ സാധ്യതകളാണ് കേരളത്തിൽ രൂപപ്പെട്ടിരിക്കുന്നത്. സ്വദേശി-വിദേശി വൻകിട സംരംഭങ്ങൾ കേരളത്തിലേയ്ക്ക് എത്തുക വഴി ഒരു വലിയ കുതിപ്പ് ആ മേഖലയിലുണ്ടാകാൻ പോകുകയാണ്. കിതച്ച് നിൽക്കാനായുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുജ്ജീവനത്തിന്റെ പാതയിലാണ്.

എന്റെ മണ്ഡലത്തിനരികിലാണ് ബാലരാമപുരം സ്പിന്നിംഗ് മിൽ. അവിടത്തെ സൈറൺ കേട്ട് ഉണർന്നിരുന്ന ഒരു ജനതയുടെ നാടാണ് ബാലരാമപുരം. ആ പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടാൻ തീരുമാനിച്ചത് 2004-ലാണ്. അത് പിന്നീട് ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ചു. എന്നാൽ ഇന്ന് ബാലരാമപുരം സ്പിന്നിംഗ് മില്ലുകളിൽ നിന്നായി 39 കണ്ടയ്നറുകളിലായി 748800 കിലോ നൂലാണ് കയറ്റി അയയ്ക്കാനായത്. അതുമാത്രമല്ല യാൺ ബാങ്ക് ആരംഭിക്കാൻ കഴിഞ്ഞിരിക്കുന്നു. പുനരുജ്ജീവനത്തിന്റെയല്ല, കുതിച്ചുകയറ്റത്തിന്റെ നാളുകളിലൂടെയാണ് ആ സ്ഥാപനം ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ തിരുവനന്തപുരം

ജില്ലയിലെ കെൽപാം പുതിയ കാലത്തിന്റെ സവിശേഷതകൾ അനുസരിച്ചുള്ള പുതിയ കോളകൾ ഉൽപാദിപ്പിച്ചുകൊണ്ട് പുരോഗതിയിലേയ്ക്ക് കുതിക്കുകയാണ്. അടച്ചുപൂട്ടലിന്റെ വക്കിലെത്തിയിരുന്ന മറ്റൊരു പൊതുമേഖലാ സ്ഥാപനമാണ് കെ.എ.എൽ. എന്നാൽ ഇന്ന് ഇന്ത്യയിലാദ്യമായി കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിന് അനുമതി തേടാൻ കഴിഞ്ഞ ഒരു പൊതുമേഖലാ സ്ഥാപനമായി കെ.എ.എൽ. മാറിയിരിക്കുന്നു. ഐ.എസ്.ആർ.ഒ.-ക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്ന നവീന മെഷീൻ ഷോപ്പ് അവിടെ ഉൽപാദിപ്പിക്കുന്നു. ഇതാണ് വ്യവസായ വകുപ്പിന്റെ ഒരു നഖചിത്രം.

അതുപോലെ കേരളത്തിലെ വൈദ്യുതി വകുപ്പ് പ്രതിസന്ധികളിൽപ്പെട്ട് ഉലയാതെ കാത്തുസൂക്ഷിക്കാൻ കഴിയുന്ന ഒരു നേതൃത്വത്തിന്റെ സാന്നിദ്ധ്യമറിയുകയാണ്. പൊതുമേഖല എന്ന കാഴ്ചപ്പാടിനെ തകർത്ത് അവയെ സ്വകാര്യവത്ക്കരണത്തിനുവേണ്ടിയുള്ള കോൺഗ്രസ് ബി.ജെ.പി. ഗവൺമെന്റുകളുടെ ശ്രമങ്ങൾ തുടങ്ങിയ ഘട്ടങ്ങളിൽ അതിനെയെല്ലാം ചെറുത്ത് തോൽപ്പിക്കാൻ ഇടതുപക്ഷത്തിന് മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. 2003-ലെ എ. ബി. വാജ്പേയ് സർക്കാർ കൊണ്ടുവന്ന ഇലക്ട്രിസിറ്റി ആക്ട് സ്വകാര്യവത്ക്കരണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടങ്ങിയപ്പോൾ അതിനെ

പ്രതിരോധിച്ചത് കേരളം മാത്രമാണ്. എല്ലാ വ്യവസായങ്ങളുടെയും അടിസ്ഥാന വ്യവസായമായ വൈദ്യുതി മേഖലയ്ക്ക് കാർഷിക മേഖല ഉൾപ്പെടെയുള്ളവയെ സംരക്ഷിക്കാൻ കഴിയുന്നുണ്ട്. വികസനത്തിന്റെ ചാലകശക്തിയാക്കി കേരളത്തിലെ വൈദ്യുതി വകുപ്പിനെ മാറ്റാൻ നമുക്ക് ഇന്ന് കഴിയുന്നുണ്ട്. സംസ്ഥാനത്താവശ്യമായ വൈദ്യുതിയുടെ 30 ശതമാനം മാത്രമാണ് ജലവൈദ്യുതിയിൽനിന്നും നമുക്ക് ലഭ്യമാകുന്നത്. വരുംകാല ആവശ്യങ്ങൾക്ക് അത് തികയില്ലെന്ന ഉത്തമബോധ്യത്തിൽ നിന്നാണ് സോളാർ വൈദ്യുതിയിലേയ്ക്ക് നമ്മൾ നീങ്ങുന്നത്. 2021 ആകുമ്പോഴേയ്ക്കും 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്നും ഉൽപാദിപ്പിക്കുമെന്ന നിശ്ചയദാർഢ്യത്തോടെയുള്ള ചുവടുവയ്പുകൾ വൈദ്യുതി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയാണ്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ, മുടങ്ങാതെ എല്ലായിടത്തും ലഭ്യമാക്കുക എന്നത് നമുക്ക് സാക്ഷാത്കരിക്കാനായിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളം മാറിയത് അങ്ങനെയാണ്. ഹരിത കേരളത്തിന്റെ കാഴ്ചപ്പാടുകൾക്കനുസരിച്ച് കേരളത്തിലെ വൈദ്യുതി വകുപ്പ് സ്വീകരിച്ച 'ഫിലമെന്റ് രഹിത കേരളം' എന്ന സമീപനം തീർച്ചയായും

മെർക്കുറി പ്രകൃതിയിലും പരിസ്ഥിതിയും സൃഷ്ടിക്കുന്ന വിപത്തുകളിൽനിന്നും കേരളത്തെ രക്ഷിക്കുന്ന ഏറ്റവും ശരിയായ ഒരു നിലപാടായിരിക്കും. അതുപോലെതന്നെ വൈദ്യുതി മേഖലയിൽ ഈ അടുത്തകാലത്ത് സംഘടിപ്പിക്കപ്പെട്ട അദാലത്തുകൾ കെട്ടിക്കിടന്ന ഒട്ടനവധി ഫയലുകൾ വളരെ വേഗത്തിൽ തീർപ്പാക്കാനും അതുവഴി അതിന്റെ ആശ്വാസം ജനങ്ങൾക്ക് എത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ചുരുക്കിപ്പറഞ്ഞാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ദീർഘകാലാടിസ്ഥാനത്തിലും ദീർഘവീക്ഷണത്തോടുകൂടിയുമുള്ള കാഴ്ചപ്പാടുകളുടെയും വരും കാലത്തേയ്ക്കുള്ള കരുതി വയ്പ്പുകളുടെയും വെളിച്ചമാണ് ഈ രണ്ട് വകുപ്പുകൾ വഴി കേരളം കണ്ടത്. ഈ സമീപനത്തെ എതിർക്കാൻ യു.ഡി.എഫ്. നിർബന്ധിതരാകുമ്പോൾ അവരോട് സഹതപിക്കുകയല്ലാതെ നമ്മൾ എന്താണ് ചെയ്യുക? സാധാരണഗതിയിൽ മനസ്സ് തകർന്ന് ആത്മഹത്യയുടെ വക്കത്തെത്തിയ മനുഷ്യരെ ആശ്വസിപ്പിക്കാൻവേണ്ടി പറയുന്ന ഒരു കാര്യമുണ്ട്, 'നിങ്ങൾക്ക് പരിഹരിക്കാനാകാത്ത പ്രശ്നങ്ങളെക്കുറിച്ച് ചിന്തിച്ച് സമയം പാഴാക്കുന്നതിൽ അർത്ഥമില്ല എന്ന്.' കേരളത്തിന്റെ പ്രതിപക്ഷത്തോട് ഞങ്ങൾക്ക് പറയാനുള്ളത് ഇടതുപക്ഷ തുടർ ഭരണം എന്ന യാഥാർത്ഥ്യം

നമ്മുടെ മുന്നിലുണ്ട്, ആ യാഥാർത്ഥ്യം നിങ്ങളെ അലട്ടുന്നുണ്ട്. പക്ഷെ അത് ഒഴിവാക്കാനാവില്ലെന്ന് നിങ്ങൾ തിരിച്ചറിയണം. കാരണം ഇന്ന് ഈ രാജ്യം ഫാസിസ്റ്റ് ഭീഷണിയെ നേരിടുകയാണ്. അതിന് ചരിത്രപരമായ ഉത്തരവാദിത്തം നിർവ്വഹിക്കാൻ ബാധ്യതയുള്ള ഒരു പ്രസ്ഥാനമാണ് കോൺഗ്രസ്. പക്ഷെ കോൺഗ്രസ്സിന് അതിന് കഴിയുന്നുണ്ടോ? നമുക്ക് അറിയാവുന്ന ഒരു വസ്തുത, പാർലമെന്റ് ഹാളിനുള്ളിൽ വി. ഡി. സവർക്കറിന്റെ ഒരു ഛായാചിത്രമുണ്ട്. ആ ഛായാചിത്രം അനാച്ഛാദനം ചെയ്തത് അടൽ ബിഹാരി വാജ്പേയ് പ്രധാനമന്ത്രിയായിരിക്കുമ്പോഴാണ്. എന്നാൽ അതിനു മുമ്പ് വി. ഡി. സവർക്കറിന്റെ പേരിൽ ഒരു തപാൽ സ്റ്റാമ്പ് പുറത്തിറങ്ങിയിട്ടുണ്ട്. ആ തപാൽ സ്റ്റാമ്പ് പുറത്തിറങ്ങിയത് 1970 മേയ് മാസം 28-ാം തീയതിയായിരുന്നു. അന്ന് ഈ രാജ്യം ഭരിച്ചിരുന്നത് ബി.ജെ.പി. ആയിരുന്നില്ല; കോൺഗ്രസ്സായിരുന്നു എന്നുള്ളത് ചരിത്രത്തിന്റെ താളുകളിൽ തെളിയുന്ന ഒരു വസ്തുതയാണ്. എല്ലാ കാലത്തും ഇടതുപക്ഷ വിരോധം കാരണം വലതുപക്ഷ ശക്തികളോട് ഐക്യം കൂടാൻ, ഇടതുപക്ഷത്തെ തകർക്കുന്നതിനുവേണ്ടി ഏത് സമീപനവും സ്വീകരിക്കാൻ കോൺഗ്രസ് തയ്യാറായിട്ടുണ്ട് എന്ന് നമുക്കറിയാം. ഇന്ന് ഇപ്പോൾ ഫാസിസ്റ്റ് വിരുദ്ധ

പോരാട്ടത്തിന് ഐക്യത്തിന്റെ സന്ദേശം നൽകിയ ശബ്ദങ്ങൾ അപ്പുറത്തുനിന്നുമുണ്ടായി. എന്നാൽ നമ്മൾ കാണുന്ന കാഴ്ചയെന്താണ്? ഇടതുപക്ഷത്തോടുള്ള അന്ധമായ രാഷ്ട്രീയ വിരോധം കാരണം ഫാസിസ്റ്റ് വിരുദ്ധ പോരാട്ടങ്ങളെ ദുർബലപ്പെടുത്തുന്നതിനുള്ള സമീപനമല്ലേ അപ്പുറത്തു നിന്നുമുണ്ടാകുന്നത്. ഇടതുപക്ഷത്തിന്റെ പ്രകാശ ഗോപുരങ്ങളായ ചരിത്ര പുരുഷന്മാരെ യുക്തിയില്ലാതെ, ചരിത്രബോധമില്ലാതെ അവഹേളിക്കുന്ന സമീപനമല്ലേ അപ്പുറത്തുനിന്നുമുണ്ടാകുന്നത്. സംഘ പരിവാർ ഉൾപ്പെടെ ലോകത്തെവിടെയുമുള്ള ഫാസിസ്റ്റുകൾ ചരിത്രത്തെ നിഷേധിക്കുന്നവരാണ്, അത് നമുക്കൊക്കെ അറിയുന്ന ഒരു കാര്യമാണ്. ചരിത്രത്തിലെ ചില തീയതികൾ മറന്നുകൊണ്ട് നുണകൾ പ്രചരിപ്പിക്കുന്നവരാണ്. കോൺഗ്രസ്സിന്റെ പല നേതാക്കളും ആ പാത സ്വീകരിക്കുകയല്ലേ ചെയ്യുന്നത്. കേരളത്തിലെ തന്നെ ഏറ്റവും തല മുതിർന്ന ലോകാരാധ്യന്മാരായ നേതാക്കൾക്കെതിരായി അപ്പുറത്തുനിന്ന് എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവിടെ ഈ സഭയ്ക്കുള്ളിലാണ് സഖാവ് ഇ.എം.എസ്.-നെക്കുറിച്ച് സീനിയർ അംഗമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരിക്കലും ഈ നാടിന് പൊറുക്കാനാവാത്ത അസത്യം പ്രചരിപ്പിച്ചത്. 1942-

ലാണ് ക്വിറ്റ് ഇന്ത്യാ സമരം നടക്കുന്നത്, 1937-ലാണ് സഖാവ് ഇ.എം.എസ്. അറസ്റ്റ് വരിക്കുന്നത്. ക്വിറ്റ് ഇന്ത്യാ സമരത്തിനെ തള്ളിപ്പറഞ്ഞുവെന്ന പെരുംനുണയാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ കയ്യിൽ ചരിത്ര രേഖകളുണ്ടെന്നാണ് പറയുന്നത്. അദ്ദേഹത്തിന്റെ വാദം കേൾക്കുമ്പോൾ വിയറ്റ്നാം കോളനിയിലെ ശങ്കരാടി അവതരിപ്പിച്ച കഥാപാത്രം പറഞ്ഞ ഡയലോഗാണ് ഓർത്തുപോകുന്നത്. ശങ്കരാടിയുടെ കാലുകളിലുണ്ടായിരുന്നത് ഇരുമ്പ് ചങ്ങലകളായിരുന്നുവെങ്കിൽ അദ്ദേഹത്തെപ്പോലെയുള്ള, ഇടതുപക്ഷ തിമിരം ബാധിച്ച ഖദറിട്ട കോൺഗ്രസ് നേതാക്കളുടെ കാലുകളിലുള്ളത് ഫാസിസത്തിന്റെ ചങ്ങലക്കെട്ടുകളാണെന്ന് നമുക്ക് ബോധ്യമാകുകയാണ്. ഇവർക്ക് യോജിച്ച് സമരത്തിൽ പങ്കാളികളാകാൻ പറ്റുന്നുണ്ടോ. ഇടതുപക്ഷത്തെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്നവർ സ്വന്തം പാർട്ടിയിലെ പ്രവർത്തകരോട് സ്വീകരിക്കുന്ന സമീപനമെന്താണ്? തിരുവനന്തപുരം ജില്ലയിൽ കോൺഗ്രസ്സിന്റെ ജില്ലാ ജനറൽ സെക്രട്ടറി യൂത്ത് കോൺഗ്രസ് നേതാവിനെ എങ്ങനെയാണ് ഫാസിസ്റ്റ് വിരുദ്ധ സമരത്തിൽ കണ്ണി ചേർത്തത് എന്നത് നവമാധ്യമത്തിലൂടെ ലോകം കണ്ടു. ഒരു കെ.എസ്.യു. നേതാവ് മോർഫിംഗ് വഴി എങ്ങനെയാണ് ഫാസിസ്റ്റ് വിരുദ്ധ സമരം സംഘടിപ്പിച്ചത്

എന്ന് ഈ നാട് കണ്ടു. ഇവർക്ക് ആത്മാർത്ഥതയില്ല. ഇവർക്ക് അന്ധമായ ഇടതുപക്ഷ വിരോധമാണ്. അതിന്റെ പേരിൽ വലതുപക്ഷത്തെ എല്ലാ ഫാസിസ്റ്റ് ശക്തികളെയും യോജിപ്പിച്ചുകൊണ്ട് ഒരുമിച്ചുപോകാനാണ് ഇവർ ശ്രമിക്കുന്നത്. ഇവർ കേരളത്തെ പതിറ്റാണ്ടുകൾ പിറകിലേയ്ക്ക് വലിക്കാനാണ് ശ്രമിക്കുന്നത്. ഇവർ കേരളത്തിന്റെ എല്ലാ നന്മകളെയും മിതാകരിക്കാനാണ് ശ്രമിക്കുന്നത്. ജാതിമത സാമുദായിക ശക്തികളുടെ ദുഷിച്ച ബലത്തെ ഉപയോഗിച്ചുകൊണ്ട് ഇടതുപക്ഷത്തെയും കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പിനെയും തടയാൻ ശ്രമിക്കുന്ന പ്രതിപക്ഷം ഇനിയെങ്കിലും തെറ്റ് തിരിച്ചറിയണമെന്നും ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന നവകേരളം എന്ന കർമ്മ പരിപാടികളെ അനുകൂലിക്കാൻ കഴിഞ്ഞില്ലെങ്കിലും എതിർക്കാതെയെങ്കിലുമിരിക്കാൻ തയ്യാറാകണമെന്ന അഭ്യർത്ഥനയോടുകൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യത്തെ വലിയ സാമ്പത്തിക പ്രതിസന്ധിയിലും മറ്റ് പല പ്രതിസന്ധികളുടെയും ഇടയിൽ കേരളത്തിലെ ഗവൺമെന്റ് ഏറ്റവും മികച്ച

നിലയിൽ ഈ കേരളത്തെ മുന്നോട്ടുകൊണ്ടുപോകുകയാണ്. കേരളത്തിലെ തന്നെ മന്ത്രിസഭാംഗങ്ങളിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തുന്ന രണ്ട് മന്ത്രിമാരുടെ വകുപ്പുകളുടെ ചർച്ചയാണ് ഇന്ന് പ്രധാനമായി നടക്കുന്നത്. കേരളത്തിൽ അഭിമാനകരമായ ഒരു വൈദ്യുതി മന്ത്രിയായി കേരളത്തിലെ വൈദ്യുതി വകുപ്പുമന്ത്രി മാറിയിരിക്കുന്ന ഒരു കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെ ഒരു പ്രസംഗത്തിന്റെ പേരിൽ നാല് ക്രിമിനൽ കേസ്സുകളിൽ പ്രതിയാക്കി തളർത്താൻ ശ്രമിച്ചിട്ടുള്ള ഒരു മനുഷ്യനാണ് ഇന്ന് കേരളത്തിന്റെ അഭിമാനകരമായിട്ടുള്ള വൈദ്യുതി മന്ത്രിയായി മാറിയിരിക്കുന്നു എന്നുള്ളത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. വ്യവസായ വികസനത്തിനും ഈ കേരളത്തിൽ വലിയ മേൽക്കൈ വന്നിരിക്കുകയാണ്. ഏതൊരു നാട്ടിലും വ്യവസായ വികസനമുണ്ടാകണമെങ്കിൽ തീർച്ചയായും വൈദ്യുതി ഇടതടവില്ലാതെ ലഭിക്കേണ്ട സാഹചര്യവുമുണ്ടാകേണ്ടതുണ്ട്. അത്തരമൊരു സാഹചര്യമാണ് കേരളത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ ഉണ്ടായിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. നേരത്തെ പവർ കട്ടും ലോഡ്ഷെഡിംഗും അടക്കമുള്ള കാര്യങ്ങൾ കേരളത്തിലുണ്ടായിരുന്നു. പകൽ

സമയത്ത് മൂന്ന് മണിക്കൂറും രാത്രിയായാൽ ഒരു മണിക്കൂറുമൊക്കെ പവർ കട്ടും ലോഡ്ഷെഡിംഗുമുണ്ടായിരുന്ന ഒരു നാടായിരുന്നു കേരളം. അത് ഇന്ന് പഴങ്കഥയായി മാറിയിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇപ്പോഴുള്ളതെന്നത് അഭിമാനകരമായിട്ടുള്ള ഒരു വസ്തുതയായി നമുക്ക് കാണാൻ കഴിയും. വൈദ്യുതി ഉൽപാദനത്തിൽ മികച്ച കുതിച്ചുചാട്ടമുണ്ടാക്കാനും ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിരിക്കുകയാണ്. വൈദ്യുതി പ്രതിസന്ധി മറികടന്ന് സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനത്തിൽ 1047 മെഗാ വാട്ട് കൂടുതലായി ഉൽപാദിപ്പിക്കാൻ സാധിച്ചത് ശ്രീ. പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അതിനുശേഷം ഈ രംഗത്ത് ഏറ്റവും നിർണ്ണായകമായിട്ടുള്ള മുന്നേറ്റമുണ്ടാക്കാൻ ശ്രീ. എം. എം. മണിയുടെ നേതൃത്വത്തിൽ കഴിഞ്ഞുവെന്നും നമുക്ക് അഭിമാനകരമായി പറയാൻ കഴിയും. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ വേണ്ടി കൊച്ചി-ഇടമൺ 400 KV വൈദ്യുതി ലൈൻ നിർമ്മാണം മാത്രംമതി. ഇടമൺ-കൊച്ചി വൈദ്യുതി ഇടനാഴി ഈ അടുത്ത കാലത്തൊന്നും പൂർത്തിയാകുമെന്ന് നമ്മളാരും വിചാരിച്ചിരുന്നില്ല. പക്ഷെ വളരെ അഭിമാനകരമായി ആ പദ്ധതി

പൂർത്തീകരിക്കാനും പദ്ധതിയുടെ തൊണ്ണൂറ്റി ഏഴ് ശതമാനം പ്രവർത്തികളും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നുള്ളതും എടുത്തുപറയാൻ കഴിയുന്ന നേട്ടമാണ്. ഇടമൺ-കൊച്ചി വൈദ്യുതി ലൈൻ പ്രവർത്തനം പൂർണ്ണമായി വരുമ്പോൾ അതിലൂടെ 2000 മെഗാ വാട്ട് വൈദ്യുതി കേരളത്തിൽ ഉൽപാദിപ്പിക്കുന്നതിന് തുല്യമായിട്ടാണ് വരാൻ പോകുന്നത്. ഇത് അഭിമാനകരമായ നേട്ടമായി നമുക്ക് കാണാൻ കഴിയും. ഇതിന്റെ തുടർച്ചയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ പതിനായിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0-ന്റെ നിർമ്മാണ പ്രവർത്തനങ്ങളും നമ്മൾ ആരംഭിച്ചിരിക്കുകയാണ്. ഇത് പൂർത്തിയാകുമ്പോഴും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 2000 മെഗാ വാട്ടിന്റെ സ്ഥാപിതശേഷിക്ക് തുല്യമായിട്ടുള്ള വൈദ്യുതികൂടി സംസ്ഥാനത്ത് ലഭ്യമാകുന്ന ഒരവസ്ഥയാണുണ്ടാകുക. അതായത് 2040 വരെയുള്ള സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന സ്ഥിതിയാകും ഇതുമൂലം നമ്മുടെ സംസ്ഥാനത്ത് സംജാതമാകുക. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള ഇടപെടലും എടുത്തുപറയാൻ കഴിയുന്ന ഒരു കാര്യമാണ്. നമ്മുടെ സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി പ്രസരണ നഷ്ടം എക്കാലത്തേയും ഏറ്റവും കുറഞ്ഞ നിരക്കിലേയ്ക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

ഇന്ന് പ്രസരണ നഷ്ടം 3.74 ശതമാനവും വിതരണ നഷ്ടം 9.07 ശതമാനവും മാത്രമായി മാറ്റാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ടാണ് 'ദ്യുതി 2020' എന്ന വിതരണ നവീകരണ പദ്ധതി ഇപ്പോൾ ഗവൺമെന്റ് നടപ്പാക്കുന്നത്. 11 KV ട്രാൻസ്ഫോമറിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിൽ തടസ്സമൊഴിവാക്കുന്നതിനുള്ള നാലായിരം കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. അതുപോലെതന്നെ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ 500 മെഗാ വാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നടപടി പുരോഗമിക്കുകയാണ്. 2022-ൽ സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനത്തിന്റെ നാല്പത് ശതമാനവും 2026-ൽ അൻപത് ശതമാനവും നോൺ കൺവെൻഷണൽ എനർജി സ്രോതസ്സുകളിലൂടെ കണ്ടെത്തുന്നതിനുള്ള ഏറ്റവും മികച്ച ഇടപെടലുകളാണ് ഇതിന്റെ ഭാഗമായുണ്ടാകുക. സോളാർ എന്ന് പറയുമ്പോൾ നമുക്കെല്ലാവർക്കും ഓർമ്മ വരുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ള വിവാദങ്ങളാണ്. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റിന്റെ കാലത്ത് സോളാറുമായി ബന്ധപ്പെട്ട് വലിയ വിപ്ലവം തന്നെയുണ്ടാകാൻ പോകുകയാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ലക്ഷക്കണക്കിന് വീടുകളുടെ കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച്

വൈദ്യുതി ഉൽപാദിപ്പിക്കുന്ന പ്രവർത്തനവുമായി നമ്മൾ മുന്നോട്ടുപോകുകയാണ്. അതുപോലെതന്നെ ഫിലമെന്റ് രഹിത പഞ്ചായത്തുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. നേരത്തെ നടന്ന ചർച്ചയിൽ ശ്രീ. കെ. എൻ. എ. ഖാദർ അടക്കമുള്ള ആൾക്കാർ നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രിയെ പ്രശംസിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഒരു പ്രോഗ്രസ്സ് കാർഡായി തന്നെ അടിച്ച് നമ്മുടെയൊക്കെ കൈകളിൽ എത്തിച്ചിരിക്കുകയാണ്. ആ നിലയിൽ ഏറ്റവും സുദീർഘമായിട്ടുള്ള പ്രവർത്തനം വൈദ്യുതി വകുപ്പിന്റെ ഭാഗമായുണ്ടാകുന്നുവെന്നുള്ളത് നമുക്ക് എടുത്തുപറയാൻ കഴിയുന്ന ഒരു കാര്യമാണ്. ഞങ്ങളുടെയൊക്കെ മണ്ഡലത്തിൽ കോടിക്കണക്കിന് രൂപയുടെ വികസന പരിപാടികൾ വൈദ്യുതി വിതരണത്തിന്റെ ഭാഗമായി നടപ്പാക്കാൻ കഴിഞ്ഞുവെന്നുള്ളത് വളരെ അഭിമാനകരമായിട്ടുള്ള ഒരു കാര്യമാണ്. 2017-ൽ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി നമ്മുടെ കേരളം മാറിയിരിക്കുകയാണ്. പതിനൊന്ന് ലക്ഷത്തിലധികം പുതിയ വൈദ്യുതി

കണക്ഷനുകൾ കൊടുക്കാൻ സാധിച്ചു. പ്രതിമാസം ഇരുപത്തയ്യായിരം പുതിയ കണക്ഷനുകൾ എന്ന നിരക്കിലാണ് വൈദ്യുതി കണക്ഷനുകൾ നൽകിക്കൊണ്ടിരിക്കുന്നത്. ഊർജ്ജ മിഷനിൽ ഉൾപ്പെടുത്തിക്കൊണ്ട് ദ്യുതി, ട്രാൻസ്ഗ്രിഡ്, സൗര തുടങ്ങി വലിയ തോതിൽ മൂലധനം ആവശ്യമായിട്ടുള്ള ബൃഹത്ത് പദ്ധതികളും നടപ്പാക്കി വരികയാണ്. 200 മെഗാ വാട്ട് അധിക വൈദ്യുതി ഉൽപാദിപ്പിക്കാൻ നമുക്ക് സാധിച്ചിരിക്കുന്നു. ചെറുകിട ജലസേചന നിലയങ്ങൾ വഴി 30 മെഗാ വാട്ട് വൈദ്യുതിയും സൗരോർജ്ജ പാനലുകൾ വഴി 180 മെഗാ വാട്ട് വൈദ്യുതിയും കാറ്റിൽ നിന്നും 20 മെഗാ വാട്ട് വൈദ്യുതിയും ഇന്നിപ്പോൾ ഉൽപാദിപ്പിക്കുകയാണ്. കേരളത്തിലെ റിസർവോയറുകളിലെ സോളാർ പദ്ധതി, സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് 50 മെഗാ വാട്ട് ശേഷിയുള്ള കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ പുരോഗമിക്കുകയാണ്. ആ നിലയിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങളുമായി സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുന്ന ഒരു കാഴ്ചയാണ് കാണുന്നത്. പണ്ട് കാലങ്ങളിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടാൽ ഫോൺ വിളിച്ചാൽ ഫോൺ എടുത്ത് മറുപടി പറയാൻ പോലും കഴിയാതിരുന്ന ഒരു കാലഘട്ടം വൈദ്യുതി വകുപ്പിനുണ്ടായിരുന്നു. ഇപ്പോൾ അത് മാറിയില്ലേ.

വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടുകഴിഞ്ഞാൽ ആ സമയത്തുതന്നെ ബന്ധപ്പെട്ട വൈദ്യുതി ഓഫീസുകളിലേയ്ക്ക് വിളിച്ചാൽ ഉടനടി വൈദ്യുതി തടസ്സം മാറ്റുന്ന നിലയിൽ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നമുക്ക് സാധിച്ചിരിക്കുന്നു. വൈദ്യുതി പോകുന്ന ഭാഗം എവിടെയാണെന്ന് മനസ്സിലാക്കി അവിടത്തെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയുന്ന നിലയിലേയ്ക്ക് സുദീർഘമായി പ്രവർത്തിക്കുന്ന സംവിധാനങ്ങൾ നമുക്ക് പട്ടത്ത് കൊണ്ടുവരാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞു എന്നുള്ളതാണ് എടുത്തുപറയാൻ കഴിയുന്ന ഒരു കാര്യം. അതുപോലെ വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥന ഇതിന്റെ ഭാഗമായി വരികയാണ്. സംസ്ഥാനത്ത് വ്യവസായ വകുപ്പ് ഏറ്റവും മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഒരു കാഴ്ചയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് തുലക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. രാജ്യത്തിന്റെ അഭിമാന നവരത്ന കമ്പനികൾ ഓരോന്നായി വിറ്റഴിക്കപ്പെടുകയാണ്. മറുഭാഗത്ത് കേരളം ഒരു ബദൽ കാഴ്ചപ്പാടും നയവും പ്രഖ്യാപിച്ചുകൊണ്ട് നഷ്ടത്തിലാകുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാനും

കേന്ദ്രഗവൺമെന്റ് കൈയൊഴിയാൻ താൽപ്പര്യപ്പെടുന്ന സ്ഥാപനങ്ങളെപ്പോലും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാനും കഴിയുന്ന ഒരു നയം സൃഷ്ടിച്ചുകൊണ്ട് മുന്നോട്ട് വരികയാണ്. ആ ഒരു ബദൽ കാഴ്ചപ്പാട് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കെല്ലാവർക്കും മാതൃകയായിട്ടുള്ള നിലയിലാണ് കൊണ്ടുവരാൻ പരിശ്രമിക്കുന്നത്. ഭാരത് പെട്രോളിയം, എൽ.ഐ.സി., ബി.എസ്.എൻ.എൽ. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ഇന്ന് കേന്ദ്രഗവൺമെന്റ് വിറ്റഴിക്കുകയാണ്. കഴിഞ്ഞ വർഷം 1.05 ലക്ഷം കോടി രൂപയുടെ ഓഹരി വിൽക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചത്. 18000 കോടി രൂപയുടെ ഓഹരികൾ വിറ്റഴിക്കുകയും ചെയ്തു. ഈ വർഷത്തെ കേന്ദ്രഗവൺമെന്റ് ബഡ്ജറ്റിൽ 2.10 ലക്ഷം കോടി രൂപയുടെ ഓഹരി വിൽക്കാനാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിടുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും അദ്ദേഹത്തിന്റെ പരിവാരങ്ങളുമൊക്കെ ചേർന്ന് ഈ രാജ്യത്തിന്റെ അഭിമാനകരമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഒന്നൊന്നായി വിറ്റഴിക്കുകയാണ്. 1990 കാലഘട്ടങ്ങളിൽ യു.പി.എ. സർക്കാരടക്കം ഉദാരവൽക്കരണ സമീപനങ്ങൾ സ്വീകരിച്ചതിന്റെ ഭാഗമായി അന്ന് ഇടതുപക്ഷം ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. അന്നത്തെ സാമ്പത്തിക

പ്രതിസന്ധിയെ മറികടക്കാൻ അന്ന് ഇന്ത്യാ മഹാരാജ്യത്തെ സഹായിച്ചത് ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളും നവരത്ന കമ്പനികളുമാണെന്ന് ഞങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഇന്നിപ്പോൾ ശ്രീ. നരേന്ദ്ര മോദി സാമ്പത്തിക പ്രതിസന്ധിയുടെ പേരുപറഞ്ഞ് രാജ്യത്തെ എല്ലാ സ്ഥാപനങ്ങളും വിറ്റഴിക്കുന്ന നയ സമീപനമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങളിൽ കോൺഗ്രസ്സിന്റെയും മറ്റ് പ്രതിപക്ഷ കക്ഷികളുടെയും നിലപാട് എന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലിനെ നിങ്ങൾ അനുകൂലിക്കുകയാണോ? ഈ കേരളത്തിൽ അഭിമാനകരമായി പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളെ കേന്ദ്രഗവൺമെന്റ് വിൽക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അവിടെയെല്ലാം സംയുക്തമായ പ്രക്ഷോഭ രംഗത്തേയ്ക്ക് വന്നുകൊണ്ട് ആ സ്ഥാപനങ്ങളെ രക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികളിലേയ്ക്ക് ഒട്ടക്കെട്ടായി വരണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന കാര്യത്തിൽ ആ നയ സമീപനങ്ങളിൽനിന്നും മാറ്റംവരുത്താൻ തയ്യാറായാൽ നമുക്ക് വലിയനിലയ്ക്ക് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നുള്ളതാണ് ഞാൻ സൂചിപ്പിക്കാൻ

ആഗ്രഹിക്കുന്ന ഒരു കാര്യം. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലത്ത് സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങൾ 2015-16 യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ, വരുത്തിയ നഷ്ടം 131.60 കോടി രൂപയാണ്. ഇവയെല്ലാം ഇപ്പോൾ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ നമുക്ക് സാധിച്ചു. 2015-16-ൽ 131 കോടി രൂപ നഷ്ടമുണ്ടാക്കിയിട്ടുള്ള സമയത്ത് 2017-18 ആയപ്പോൾ 80.67 കോടി രൂപയുടെ ലാഭം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി ലഭിക്കുകയുണ്ടായി. 2018-19-ൽ 5.11 കോടി രൂപയുടെ ലാഭം. 13 സ്ഥാപനങ്ങൾ ലാഭത്തിലേയ്ക്ക് കൊണ്ടുവന്നു. ആ കാലഘട്ടത്തിലാണ് പ്രളയവും മറ്റ് കെടുതികളുമുണ്ടായതെന്നുള്ളത് എല്ലാവർക്കും അറിയാം. 2018-19-ൽ 8.26 കോടി രൂപയുടെ ലാഭം. 12 സ്ഥാപനങ്ങൾ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. 2018-19-ൽ വിറ്റുവരവ് 3,442 കോടി രൂപയിൽ മുൻവർഷത്തേക്കാൾ 17.8 ശതമാനത്തിന്റെ വർദ്ധവ് വരുത്താൻ സാധിച്ചു എന്നുള്ളതാണ്. നഷ്ടത്തിലുള്ള സ്ഥാപനങ്ങൾ നഷ്ടം കുറയ്ക്കാനും ലാഭത്തിലുള്ള സ്ഥാപനങ്ങൾ കൂടുതൽ ലാഭത്തിലേയ്ക്ക് കൊണ്ടുവരാനും ഈ ഗവൺമെന്റിന്റെ പ്രവർത്തനം മുഖാന്തിരം കഴിഞ്ഞുവെന്നുള്ളതാണ് എടുത്തുപറയാൻ കഴിയുന്ന ഒരു കാര്യം. ഈ സർക്കാർ വന്നതിനുശേഷം പൊതുമേഖലയിൽ

7443.51 കോടി രൂപയുടെ നിക്ഷേപം നടത്താൻ സാധിച്ചു. ഇതിലൂടെ 2,29,578 പേർക്ക് പുതുതായി തൊഴിൽ നൽകാൻ സാധിച്ചു. ഇത്തരം ഇടപെടലുകളുടെ ഫലമായാണ് സർക്കാരിന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചത്. സുസ്ഥിര വികസന സൂചികയിൽ വ്യാവസായിക വികസനത്തിന് കേരളത്തിന് ഒന്നാം സ്ഥാനമാണ് ലഭിച്ചിരിക്കുന്നത്. 2018-ൽ 68 പോയിന്റായിരുന്നെങ്കിൽ 2019-ൽ ആ നില മെച്ചപ്പെടുത്തിക്കൊണ്ട് 88 പോയിന്റിലേയ്ക്ക് നമുക്ക് മാറാൻ സാധിച്ചിട്ടുണ്ട്. ഈ നിലയിൽ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മികച്ച അടിസ്ഥാന സൗകര്യ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. ASCEND-ഒക്കെ ആ നിലയിലുള്ള കാര്യങ്ങളാണ്. ഞാൻ വിശദമായി ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതുപോലെ സംസ്ഥാന വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലാണ് കായിക യുവജന വകുപ്പ്. വളരെ അഭിമാനമുണ്ട്. കാരണം ഞങ്ങൾ ചെറുപ്പക്കാരുടെ പ്രതിനിധികളായിട്ടുള്ള നിരവധി ആളുകൾക്ക്, കായിക മേഖലയിൽ പ്രവർത്തിക്കുന്ന നിരവധിയായിട്ടുള്ള പ്രതിഭകൾക്ക് ഉദ്യോഗത്തിലേയ്ക്ക് നിയമനം നൽകുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം 195 മികച്ച

കായിക പ്രതിഭകൾക്കാണ് സംസ്ഥാന സർക്കാർ നിയമനം നൽകിയത് നമുക്ക് കാണാൻ കഴിഞ്ഞത്. ഇത് കേരള ചരിത്രത്തിൽ എടുത്തു പറയാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട നേട്ടമായി പറയാൻ സാധിക്കും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ഖാദി വ്യവസായ ബോർഡിന്റെ 50 സെന്റ് സ്ഥലം കിടക്കുകയാണ്. 2012-ൽ ശ്രീ. കെ. മുരളീധരൻ എം.എൽ.എ. ആയിരുന്നപ്പോൾ അവിടെ ഒരു ശിലാസ്ഥാപനം നടത്തി. ഖാദി വ്യവസായ ബോർഡിന്റെ ജില്ലാ ഓഫീസ് സ്ഥാപിക്കുമെന്നാണ് പറഞ്ഞത്. അവിടെ ഇപ്പോൾ കാട് പിടിച്ച് പാമ്പുംകയറി കിടക്കുന്ന ഒരവസ്ഥയാണ്. ആ സ്ഥാപനത്തെ ഏറ്റെടുത്തുകൊണ്ട് വേറെന്തെങ്കിലും ഒരു വ്യവസായ സംരംഭം ആരംഭിക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഈ നിലയിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ടാണ് ഈ രണ്ട് വകുപ്പുകളും മുന്നോട്ടുപോകുന്നതെന്ന് വളരെ അഭിമാനപുരസരം നമുക്ക് പറയാൻ കഴിയും. പ്രളയത്തിന്റെയും നിപയുടെയും ഓഖിയുടെയൊക്കെ പശ്ചാത്തലം ഈ സംസ്ഥാനത്തുണ്ട്. അതെല്ലാം മറികടന്നുകൊണ്ട് കേരള സംസ്ഥാനത്തെ

ഗവൺമെന്റ് ഏറ്റവും മികച്ച നിലയിൽ ക്ഷേമ പദ്ധതികൾ നടപ്പാക്കി മുന്നോട്ടുപോകുന്ന ഒരു കാര്യം എല്ലാവർക്കും കാണാൻ കഴിയുന്നതാണ്. കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത വികസനം ഈ രണ്ട് വകുപ്പുകളിൽ നടക്കുന്നു എന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നമസ്കാരം.

പ്രൊഫ. കെ. യു. അരുണൻ: സർ, വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തുമൊക്കെ തനതുമോഡലുകൾ സൃഷ്ടിച്ച് ലോകത്തിന്റെ ശ്രദ്ധ ആകർഷിച്ച കേരളം വൈവ്യവസായിക രംഗത്ത്, ഞാൻ ബോധപൂർവ്വം പ്രയോഗിക്കുന്നതാണ് 'വ്യാവസായികരംഗം' എന്നല്ല 'വൈവ്യവസായിക രംഗം' എന്നാണ് നമ്മുടെ പ്രൊഫ. എം. കൃഷ്ണൻ നായർ എന്നെ തിരുത്തിയത്. അതുകൊണ്ടാണ് ഞാനത് പറയുന്നത്, ഡോ. എൻ. ജയരാജനൊക്കെ അറിയാമല്ലോ; വൈവ്യവസായിക രംഗം, വ്യാവസായിക രംഗം അല്ലത്രേ. ആ രംഗത്ത് തനത് മോഡൽ സൃഷ്ടിച്ചുകൊണ്ട് തനതായ വഴി വെട്ടിക്കൊണ്ട്... വഴി വെട്ടുന്നവരോട് അക്കിത്തത്തിന്റെ ഒരു കവിതയിൽ: സൂക്ഷിക്കണം വഴിവെട്ടുന്നവരെ, അവസാനം അതിന്റെ നായകനെ പിടിച്ച് ബലി കൊടുക്കും.

അതുകൊണ്ട് വ്യാവസായിക മന്ത്രി സൂക്ഷിക്കണം. ലോകത്ത്, Alvin Toffler-ന്റെ 'The Third Wave' -ൽ ആദ്യത്തെ വേവ് അല്ലെങ്കിൽ ആദ്യത്തെ തരംഗം, ഏതോ ഒരു സ്ത്രീ നടന്നുപോകുമ്പോൾ ആ സ്ത്രീയുടെ മടിക്കത്തിൽനിന്ന് ഊർന്ന് വീണ വിത്ത് നനഞ്ഞ മണ്ണിൽ മുളച്ച് കാർഷികവൃത്തിയിലേയ്ക്ക് പതുക്കെ ലോകം വന്നു. കാർഷികവൃത്തിയിലേയ്ക്ക് മാനവരാശി എത്തിച്ചേരാൻ പതിനായിരം വർഷമെടുത്തു. പിന്നീട് വൈവ്യവസായിക യുഗം. അത് പതിനൊന്നാം നൂറ്റാണ്ടിൽ ആവി കപ്പൽ കണ്ടുപിടിച്ചതിനുശേഷമാണ് ആ യുഗം ആരംഭിക്കുന്നത്, അതാണ് സെക്കന്റ് വേവ്. മൂന്നാംതരംഗം അല്ലെങ്കിൽ തേർഡ് വേവ് എന്ന് പറയുന്നത് ചിപ്സിന്റെയും മറ്റും കമ്പ്യൂട്ടർ യുഗമാണ്. ആ യുഗത്തിലാണ് നമ്മളിപ്പോൾ നിതാന്തം, ഇടതടവില്ലാതെ, അനുസ്യൂതം വ്യാപരിച്ച് ഇടപെട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ ഒരു രീതിയിൽ വ്യാവസായിക മേഖലയിലെ പുതിയ രീതികളെ സംബന്ധിച്ചൊക്കെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നിങ്ങൾക്ക് എന്ത് ലഭിച്ചു, എന്ത് കിട്ടി എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നതിന് പകരം നമ്മുടെ ചെറുപ്പക്കാരൊക്കെ ഞങ്ങൾക്കാവശ്യമുള്ളത്, ഞങ്ങൾക്ക് പറ്റുന്നത്, ഞങ്ങൾക്ക് പറ്റിയ വഴിയിലൂടെ മുന്നോട്ടുപോകാൻ ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട്

മുന്നോട്ടുവരുന്ന ഒരു കാലമാണ്. അതുകൊണ്ട് അവർക്ക് കൃത്യമായി ചില കാര്യങ്ങളൊക്കെ ചെയ്തുകൊടുക്കുക എന്നുള്ളതാണ് പ്രധാനമായും ഒരു സർക്കാരിന് ചെയ്യാനുള്ള ജോലി. വ്യാവസായിക മേഖല അല്ലെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വൈവ്യവസായിക മേഖലയിലേയ്ക്ക് വരുമ്പോൾ ബോധവൽക്കരണത്തിനുള്ള സ്ഥാനം നമ്മൾ കൃത്യമായി കണ്ടെത്തണം. ഒരു വ്യവസായം അത് കാർഷികമേഖല, കച്ചവടം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ളതോ ആകട്ടെ, ഇതൊക്കെ വ്യത്യസ്തമാണല്ലോ; ട്രേഡ്, ബിസിനസ്സ്, ഇൻഡസ്ട്രി ഇതൊക്കെ വ്യത്യസ്തമാണ്. കച്ചവടം, അത് കച്ചവടം എന്ന് പറയണ്ട എന്നാണ്. കച്ചോടം എന്ന് പറഞ്ഞാൽ മതി. Graduation-ഉം Post Graduation-ഉം കഴിഞ്ഞ് വൈറ്റ് കോളർ ജോബ് അന്വേഷിച്ചുപോകുന്ന നമ്മുടെ കുട്ടികളുടെ ബാലിശമായ ചിന്താഗതിയെ കൃത്യമായി മാറ്റി താഴെത്തട്ടിലേക്ക് ഇറങ്ങിവന്നുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കാവശ്യമായത് കൈയ്യെത്താവുന്ന ദൂരത്ത് കിട്ടുന്ന വസ്തുക്കളെ സംഭരിച്ചുകൊണ്ട് അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ വ്യാപൃതരാകാനുള്ള കൃത്യമായ ഉപദേശവും ബോധവത്കരണവും നമ്മൾ കുട്ടികൾക്ക് നൽകണം. സോളാർ പദ്ധതിയുടെ അവിഹിതമായ ഭാഗങ്ങളിലേക്ക് ഞാൻ

തത്കാലം പ്രവേശിക്കുന്നില്ല. അതെല്ലാം വ്യക്തിപരമായ പ്രശ്നങ്ങളാണ്. അക്കാര്യത്തിൽ ഞാൻ കുറച്ചുകൂടി ഉയർന്ന രൂപത്തിലാണ് ചിന്തിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, പുതിയ തലമുറ ഗ്രാമങ്ങളിലേക്ക് മാറണമെന്നും കാർഷികവൃത്തിയിലേക്ക് തിരിയണമെന്നും ബഹുമാനപ്പെട്ട അംഗമിവിടെ പറഞ്ഞു. എന്നാൽ കാർഷിക മേഖലയാകെ ഇന്ന് പ്രശ്നങ്ങളാണ്. കൃഷി അനാദായകരമാണ്. ലാഭകരമായ ജോലിക്ക് മാത്രമേ ആളുകൾ പോകുകയുള്ളൂ. കൃഷി മുൻകാലങ്ങളിൽ ലാഭകരമായിരുന്നു. കാർഷികവൃത്തിയെ സമുദ്ധരിക്കാതെ പുതിയ തലമുറ കൃഷിയിലേക്ക് തിരിയുമോ?

പ്രൊഫ. കെ. യു. അരുണൻ: സർ, കാർഷികവൃത്തി വിജയകരമായി നടത്തി കേരളത്തിന് മുന്നോട്ട് പോകണമെന്നുണ്ടെങ്കിൽ കൃത്യമായ ബോധവത്കരണം നടത്തണമെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. ഞാൻ കൃഷിചെയ്യുന്ന ആളാണ്. 50 ഏക്കറിൽ നിലക്കടല കൃഷിചെയ്താൽ വിളവെടുപ്പിന്റെ സമയമാകുമ്പോൾ മണ്ണിന് പുറത്തുള്ള ചെടി മാത്രം പിഴുത് വരും കടല മണ്ണിനടിയിൽ തന്നെ കിടക്കും. ആ സമയത്ത് നൂറോളം തൊഴിലാളികളെ കിട്ടില്ല. സ്വയം വിമർശനപരമായി പറയുകയാണെങ്കിൽ, നമ്മുടെ നാട് പുരോഗമിച്ചു. പലതരത്തിലുള്ള സംവരണത്തിന്റെ അടിസ്ഥാനത്തിൽ പത്താം ക്ലാസുവരെ പഠിക്കുകയോ പത്താം

ക്ലാസ് ജയിക്കുകയോ ചെയ്താൽ, സാധാരണയായി കൂടുതൽ ആൾക്കാർ കൃഷിപ്പണിക്ക് വരുന്ന അധ:സ്ഥിത ജനവിഭാഗങ്ങളിൽപ്പെടുന്നവർ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരായിക്കഴിഞ്ഞു. ആ സാഹചര്യത്തിലാണ്, 6 രൂപ നിത്യക്കൂലിക്ക് പണിയെടുക്കാനായി തമിഴ്നാട്ടിൽ നിന്നും അനവധി സ്ത്രീകൾ എത്തുന്നത്. ശ്രീ. പി. ഉണ്ണിയുടെ നിയോജകമണ്ഡലത്തിലുള്ള ഗോവിന്ദപുരം, ഗോപാലപുരം തുടങ്ങിയ സ്ഥലങ്ങളിൽ ഇത് നമുക്ക് കാണാൻ സാധിക്കും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് പറഞ്ഞ കാര്യം ശരിയാണ്. അതിനാലാണ് വ്യാവസായികരംഗത്ത് കാർഷികാധിഷ്ഠിത ഉത്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആധുനിക കാലഘട്ടത്തിലെ വ്യവസായ സംരംഭം ആരംഭിക്കുന്നത്. റൈസ് പാർക്കിൽ ഇപ്പോൾ നെല്ല് വാങ്ങി കുത്തി അരി മാത്രമാണ് എടുക്കുന്നത്. എന്നാൽ അതിന്റെ തവിടിൽ നിന്ന് ഓയിൽ ഉത്പാദിപ്പിക്കാൻ കഴിയും. അതിന്റെ ഉമിയിൽ നിന്ന് കരി ഉത്പാദിപ്പിച്ച് കയറ്റുമതി ചെയ്യാൻ കഴിയും. ഇവ രണ്ടിന്റെയും വില കൂടി ചേർത്തു നോക്കു, നെല്ലിന്റെ വില വർദ്ധിക്കും. നാളികേരത്തിൽ നിന്ന് ഏതാണ്ട് 83 പ്രോഡക്ടുകൾ ഉണ്ടാക്കാൻ കഴിയും. ഇപ്പോൾ പ്രധാനമായും വെളിച്ചെണ്ണ മാത്രമാണ്

നാളികേരത്തിൽനിന്ന് ഉണ്ടാക്കുന്നത്. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കാനുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചാൽ ഇവയുടെയെല്ലാം വില വർദ്ധിച്ചു വരും. ഇപ്പോൾ ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ ഉത്പന്നങ്ങൾ പാലിൽ നിന്ന് ഉണ്ടാക്കാൻ സാധിക്കും. ഇന്നത്തെ കാലഘട്ടത്തിൽ അഗ്രി ഇൻഡസ്ട്രീസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇത്തരം കാര്യങ്ങളാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് അംഗീകരിക്കാൻ കഴിയാവുന്നതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമായ കാര്യമാണ്.

പ്രൊഫ. കെ. യു. അരുണൻ: സർ, നെല്ലിൽ നിന്ന് Value added products ഉണ്ടാക്കാനായി കാത്തുനിൽക്കാനുള്ള ഒരവസ്ഥ കർഷകന് ഇല്ല: കാരണം കർഷകൻ പട്ടിണിയിലാണ്. കർഷകൻ മുണ്ട് മുറുക്കി ഉടുത്തിരിക്കുകയാണ്. എന്തെങ്കിലും ലഭിച്ചില്ലെങ്കിൽ അത് കവി പാടിയപോലെ 'താനെ അഴിഞ്ഞുപോകും'. പിന്നെ വേശ്യാലയങ്ങളിലാണ് ആൾക്കാരെ കാണാൻ സാധിക്കുക. അവരെ സൃഷ്ടിക്കുന്നത് നമ്മളാണ്. റസ്ക്യൂ ഷെൽട്ടറിലേക്ക് നമ്മൾ ആളുകളെ തള്ളിവിടുന്നു. സഹകരണ സംഘങ്ങളെ ഏൽപ്പിച്ചതിനാൽ നെല്ല് കൊടുക്കുമ്പോൾ ഇപ്പോൾ തുക കൃത്യമായി ലഭിക്കുന്നുണ്ട്. എന്നാൽ മുമ്പ് നെല്ല് നൽകിയാലും മൂന്ന് മാസം കഴിഞ്ഞ ശേഷമേ അതിനുള്ള തുക ലഭിക്കുകയുള്ളൂ. അന്ന് ഒരു കിലോ നെല്ലിന് 17

രൂപയാണ് ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് വർദ്ധിപ്പിച്ച് 25 രൂപയാണ് ഒരു കിലോ നെല്ലിന് ലഭിക്കുന്നത്. എങ്കിലും നെല്ല് ഉത്പാദിപ്പിക്കുന്നവരെ സംബന്ധിച്ചിടത്തോളം, ഗുണകരമായ മുന്നേറ്റത്തിന് ഇത് പ്രാപ്തമല്ല. നമ്മുടെ ഗവൺമെന്റ് ഇത്തരക്കാരെ സംരക്ഷിക്കുന്നതിനായി ഇനിയും മുന്നോട്ട് വരണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വൈദ്യുതിയുടെ പ്രസരണവും ചാനലിംഗുമെല്ലാം വളരെ കൃത്യമായും ഭംഗിയായും നടത്തിക്കൊണ്ട് പോകുന്ന ശ്രീ. എം. എം. മണിയെപ്പോലൊരു മന്ത്രി ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. അതിനാവശ്യമായ സാമർത്ഥ്യവും ജനസമ്പർക്കവും ജനങ്ങളുമായി നിതാന്ത സമ്പർക്കം നടത്തുമ്പോൾ ലഭിക്കുന്ന അനുഭവങ്ങളിൽ നിന്നുള്ള അറിവും തദനുസൃതമായ കഴിവും ഒരു സംസ്ഥാനത്തിന്റെ മുന്നേറ്റത്തിനുള്ള വൈകാരിക ഇന്ധനമാക്കി മാറ്റാനുള്ള കഴിവ് പ്രകടിപ്പിക്കുന്ന സഖാവ് ശ്രീ. എം. എം. മണിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വൈദഗ്ദ്ധ്യമേറിയ മറ്റ് ചർച്ചകളിൽ കൂടുതൽ സംസാരിക്കാമെന്ന് വിനയപൂർവ്വം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ജീവശ്വാസം പോലെ ഭൂമിയുടെ

ചലനത്തിനുപോലും ഇന്ന് വൈദ്യുതി ഒരാവശ്യ ഘടകമായി മാറിയിരിക്കുകയാണ്. ഊർജ്ജ കേരള മിഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഇന്ന് നടന്നുവരുന്നുണ്ട്. സ്മാർട്ടായ ആധുനിക വൈദ്യുത ശൃംഖല സൃഷ്ടിക്കുന്നതിനുള്ള കഠിന പരിശ്രമത്തിലാണ് ഊർജ്ജ കേരള മിഷൻ. ഹരിത സ്രോതസ്സുകളിൽ നിന്നും 2021-ഓടെ അൻപത് ശതമാനം ഊർജ്ജം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ ഊർജ്ജ മിഷൻ നടത്തുന്നത്. ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള വലിയ പരിശ്രമം കെ.എസ്.ഇ.ബി.-യുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അതിന് നേതൃത്വപരമായ പങ്ക് ബഹുമാനപ്പെട്ട മന്ത്രി വഹിക്കുന്നുണ്ട്. സൗരോർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട്, പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ യൂട്ടിലിറ്റി സെന്ററായി കെ.എസ്.ഇ.ബി. മാറിയിരിക്കുകയാണ്. 400 കെ. വി.-യുടെ മൂന്ന് സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 220 കെ.വി.-യുടെ 22 സബ്സ്റ്റേഷനുകൾ അവയുടെ പ്രവർത്തനവുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. വൈദ്യുത തരംഗം ആധുനികവത്കരിക്കുന്നതിനുള്ള 'ദ്യുതി 2021' എന്ന പദ്ധതി പുരോഗമിച്ച് വരുകയാണ്. നവകേരള നിർമ്മിതിക്ക് അനുസൃതമായി സുസ്ഥിരമായ വൈദ്യുത വികസനം ലക്ഷ്യംവച്ചുകൊണ്ടാണ്

വൈദ്യുത വകുപ്പ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. കുട്ടികളുടെ പരീക്ഷാ കാലത്ത് പവർകട്ടും ലോഡ് ഷെഡിംഗും ഒഴിവാക്കിയതിന് നന്ദി അറിയിക്കുന്നു. കുട്ടികൾക്ക് പരീക്ഷകൾക്കായി പഠിക്കുന്നതിനാവശ്യമായ എല്ലാ സപ്പോർട്ടും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. വൈദ്യുതി വകുപ്പിനെ വിഭജിച്ച് കമ്പനികളാക്കിക്കൊണ്ടുള്ള ഇടപെടലുകളാണ് പല സംസ്ഥാനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ അതിനെ ഒറ്റപൊതുമേഖലാ സ്ഥാപനമായി നിലനിർത്തി മുന്നോട്ടുകൊണ്ട് പോകുന്നതിന് കെ.എസ്.ഇ.ബി.-ക്ക് വലിയൊരു വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ നേട്ടങ്ങൾ പലവട്ടം നമ്മൾ ചർച്ച ചെയ്തതാണ്. അതിൽ ഇടമൺ-കൊച്ചി പവർ ഹൈവേയുമായി ബന്ധപ്പെട്ടുണ്ടായ നേട്ടം സംസ്ഥാനത്തിന്റെ വിവിധ വൈദ്യുത പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്നുണ്ട്. ദീർഘവീക്ഷണത്തോടെ ഡാമുകളുടെ സുരക്ഷയും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് അതിനുള്ള പ്രവർത്തങ്ങൾ ആരംഭിച്ചിട്ടുണ്ട്. ANERT-ന്റെ (The Agency for Non-Conventional Energy and Rural Technology) ആഭിമുഖ്യത്തിൽ നൂതന ഊർജ്ജ മാതൃകകൾ പ്രവർത്തന മാതൃക സൃഷ്ടിക്കുന്നുണ്ട്. സാധാരണ കെ.എസ്.ഇ.ബി.-യിൽ ജീവനക്കാരുടെ അഭാവം

സംബന്ധിച്ച് നിരന്തരം പരാതികളായിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ 4741 ജീവനക്കാരെ നിയമിക്കാൻ അങ്ങയുടെ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അതിൽ ഏതാണ്ട് 3095 പേർ തൊഴിലാളികളും 944-ഓളം സബ് എഞ്ചിനീയർമാരും 386 കാഷ്യർമാരും 240-ഓളം അസിസ്റ്റന്റ് എഞ്ചിനീയർമാരും 56 ഓഫീസ് അസിസ്റ്റന്റുമാരുമാണുള്ളത്. എനർജി ടെക്നോളജിസ്റ്റായി 6 പേരെ സംസ്ഥാനത്ത് പ്രത്യേകമായി നിയമിച്ചിരിക്കുന്നു. അങ്ങനെ ഏതാണ്ട് 4741 ജീവനക്കാരെ പുതിയതായി നിയമിക്കാൻ കഴിഞ്ഞുവെന്നത് കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുന്നതിന് വലിയൊരു അടിസ്ഥാന ഘടകമാണ്. നമ്മുടെ തലയ്ക്കുമുകളിൽ എന്നും ഡെമോക്ലിസിന്റെ വാളുപോലെ തൂങ്ങിക്കിടക്കുന്ന മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിതാന്ത ജാഗ്രതയോടുകൂടി വരുംതലമുറയുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് മുല്ലപ്പെരിയാർ ഡാം എന്നും നമ്മുടെ മനസ്സിലുണ്ടാകണം, അതുമായി ബന്ധപ്പെട്ട അനുബന്ധ ചർച്ചകളും തീർച്ചയായും ഉയർന്നുവരേണ്ടതുണ്ട്.

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് 2018-ലാണ് കേരള വ്യവസായ വാണിജ്യ നയം പ്രഖ്യാപിച്ചത്. വ്യവസായ സൗഹൃദ അന്തരീക്ഷം

കേരളത്തിലില്ലെന്നൊരു പ്രചരണം പരക്കെ നമ്മുടെ നാട്ടിൽ മാത്രമല്ല രാജ്യത്തിനുപുറത്തുമുണ്ട്. അത് മാറ്റിയെടുക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു ഒന്നാംഘട്ടത്തിൽ നമ്മൾ നേരിട്ട വെല്ലുവിളി. അതിനുവേണ്ടിയാണ് ഈ ഗവൺമെന്റിന്റെ ആദ്യ കാലഘട്ടത്തിൽത്തന്നെ, 2018-ൽ വ്യവസായനയം കൊണ്ടുവന്നത്. നയം എന്നുപറയുന്നത് വളരെ പ്രധാനമാണ്. ആ നയം നടപ്പിലാക്കുന്നതിനുവേണ്ടി ഏകദേശം അരഡസ്സനോളം നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടാണ് ഒന്നാംഘട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. വ്യവസായ സാദ്ധ്യതകളെന്നുപറയുന്നത് ആഗോള മാർക്കറ്റിനെയും ആഗോള കരാറുകളെയും അടിസ്ഥാനമാക്കിയുള്ളതാണ്. 1980-90-കൾ പരിശോധിച്ചാൽ ധാരാളം ചെറുകിട വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചുവെങ്കിലും അതിന് മുന്നോട്ടുപോകാൻ കഴിയാത്തവിധം പല പ്രതിസന്ധികളെയും അഭിമുഖീകരിക്കേണ്ടിവന്നു. പല ധനകാര്യസ്ഥാപനങ്ങളും അവരുടേതാക്കി, റവന്യൂ റിക്കവറിയുടെ ഭാഗമായി നഷ്ടപ്പെട്ട് നശിച്ചുപോകുന്ന സാഹചര്യം പലസ്ഥലങ്ങളിലും നമുക്ക് കാണാൻ കഴിയും. ഇറക്കുമതിയും കയറ്റുമതിയും പരസ്പര പൂരകങ്ങളാണ്. സ്വയംതൊഴിൽ വ്യവസായസംരംഭങ്ങൾ ഉണ്ടാകുമ്പോൾ ഇത്തരമിടപാടുകൾ വരുന്നത് സംരംഭകരെ

ബാധിക്കുമെന്നുള്ളതുകൊണ്ട് ഭരണാധികാരികൾ തീർച്ചയായിട്ടും ജാഗ്രത കാണിക്കേണ്ടതുണ്ട്. ഇപ്പോൾ ശ്രീ. ഡോണാൾഡ് ട്രംപ് ഇന്ത്യയിൽ വന്നുപോയി. അന്താരാഷ്ട്ര മുതലാളിത്ത കൂട്ടുകെട്ടിന്റെ ഭാഗമായി ആയുധം വാങ്ങിക്കൂട്ടുന്നതിനുള്ള കരാറുകളിൽ ഏർപ്പെടുന്നവർ മതിലുകെട്ടി മറയ്ക്കാൻ ശ്രമിക്കുന്നത് ഇന്ത്യയുടെ ദാരിദ്ര്യത്തെയാണ്. ലക്ഷം കോടി രൂപകൾ കോർപ്പറേറ്റുകളുടെ നിലനിൽപ്പിനുവേണ്ടി എഴുതി തള്ളുമ്പോൾ കൃഷിക്കാരുടെ ലോംഗ് മാർച്ച് ഇവിടെ അവഗണിക്കപ്പെടുകയാണ്. ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടും അവരുടെ ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല. കൃഷിക്കാരന് കൃഷിചെയ്യാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് പോകുന്നു. ജപ്തി നടപടികൾ നേരിടുന്ന സാഹചര്യമുണ്ടാകുന്നു. അവരുടെ ജീവനുപോലും വിലയില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് അവർ എറിയപ്പെടുകയോ തള്ളപ്പെടുകയോ ചെയ്യുന്നു. അവിടെയും ഒരു വ്യത്യസ്ത മാതൃക സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കർഷക ക്ഷേമനിധി ബോർഡ് ബിൽ നിയമസഭയിൽ പാസ്സാക്കി അതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. തൊഴിൽരഹിതരുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിന് കൃഷിതന്നെയാണ് ഉത്തമ മാതൃക. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇടപെട്ട് സംസാരിച്ചു.

എങ്ങനെയാണ് വാല്യൂ ആഡഡ് പ്രോഡക്ട്സ് കൊണ്ടുവരാനും മാർക്കറ്റുചെയ്യാനും പുതിയ entrepreneurs-നെ provide ചെയ്യാനും കഴിയുന്നത്? പല രേഖകളും പരിശോധിക്കുമ്പോൾ entrepreneurs-നെ സഹായിക്കുന്നതിന് അങ്ങയുടെ വകുപ്പ് മാതൃകാപരമായ ഒട്ടനവധി പ്രവർത്തനങ്ങൾ ജാഗ്രതയോടെ നടത്തുന്നത് പ്രത്യേകം അഭിനന്ദനീയമാണ്. സിംഗിൾ വിൻഡോ ക്ലിയറൻസിന്റെ ഒന്നാംഘട്ടത്തിൽപ്പറഞ്ഞത് ഇത് നടപ്പാകാൻ പോകുന്നില്ലെന്നാണ്. ഇതെല്ലാം പേപ്പറുകളിലും സ്വപ്നങ്ങളിലുമൊതുങ്ങും എന്നുപറഞ്ഞതിനപ്പുറം നിരവധിയാളുകൾ ആ സ്വപ്നങ്ങൾ യാഥാർത്ഥ്യത്തിലേയ്ക്കെത്തിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ്. പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ചുനിർത്തുന്നതിനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കുന്നുണ്ട്. ചെറിയ വിഭവശേഷയിൽ മാത്രം നിന്നുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്ക് പരിമിതിയുണ്ടെന്ന് നമുക്കറിയാം. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടതാണ്. ലക്ഷക്കണക്കിന് തൊഴിലാളികളാണ് ഇതിന്റെ ഭാഗമായി തൊഴിൽരഹിതരായി മാറുന്നത്. റിസർവ്വേഷനടക്കമുള്ള കാര്യങ്ങൾ

പൊതുമേഖലാസ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്നുണ്ടെങ്കിൽ ഇത് വിറ്റഴിക്കപ്പെടുന്നതോടുകൂടി അവയെല്ലാം അട്ടിമറിക്കപ്പെടുന്നുവെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് ചൂണ്ടിക്കാണിക്കുകയാണ്. കാസർഗോഡുള്ള ഇ.എം.എൽ., എസ്.സി.എൽ., എൻ.റ്റി.പി.സി, FACT, എൽ.ഐ.സി അടക്കം ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭത്തിന്റെയും നഷ്ടത്തിന്റെയും അടിസ്ഥാനത്തിലല്ല കേന്ദ്രഗവൺമെന്റ് സ്വകാര്യവത്കരിക്കുന്നത്. ഒരു നയത്തിന്റെ അടിസ്ഥാനത്തിലാണ്. നമ്മുടെ നയമല്ല അവരുടേത്. പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാണെങ്കിലും നഷ്ടത്തിലാണെങ്കിലും സ്വകാര്യവൽക്കരിക്കുക എന്നുപറയുന്ന നയത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് യഥേഷ്ടം വിറ്റഴിക്കുന്നതിനുള്ള വലിയൊരു പരിശ്രമം നടത്തുന്നതിനെ എങ്ങനെയാണ് ചെറുത്ത് തോൽപ്പിക്കാൻ കഴിയുന്നത്? എല്ലാ സ്ഥാപനങ്ങളെയും അതിന്റെ ഷെയറുകളും നമുക്ക് വാങ്ങാൻ കഴിയുമെന്നുള്ള വിശ്വാസമില്ല. പക്ഷേ ഇക്കാര്യങ്ങളിൽ ശക്തമായും ദ്രുതഗതിയിലും ഇടപെട്ടില്ലെങ്കിൽ നമ്മുടെ പലസ്ഥാപനങ്ങളും നഷ്ടപ്പെട്ട് പോകുന്ന സാഹചര്യമുണ്ടാകും.

അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്, കരട്

പ്ലാന്റേഷൻ നയമാണ്. കരട് പ്ലാന്റേഷൻ നയം ചർച്ച ചെയ്യുന്നതിനുവേണ്ടി ട്രേഡ് യൂണിയൻ നേതാക്കന്മാരുടെയും ട്രേഡ് യൂണിയൻ മേഖലകളിൽ നിന്നുള്ള എം.എൽ.എ.-മാരുടെയും ഒരു സംയുക്ത യോഗം എറണാകുളത്ത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി വിളിച്ചുചേർക്കുകയുണ്ടായി. നിയമസഭയിലേയ്ക്ക് അതിന്റെ ഒർജിനൽ ഡ്രാഫ്റ്റ് വരാനിരിക്കുകയാണ്. അതിൽ തോട്ടം മേഖലയുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട് ഏതാണ്ട് ഇരുപത്തിമൂന്നോളം കാര്യങ്ങളുണ്ട്. കഴിഞ്ഞ 13 വർഷക്കാലമായി ഇതുമായി ബന്ധപ്പെട്ട് പഠനങ്ങളും നിർദ്ദേശങ്ങളും ചർച്ചകളും നിലനിൽക്കുകയാണ്. അങ്ങയുടെ തന്നെ നിർദ്ദേശത്തിന്റെ ഭാഗമായി സ്വകാര്യമേഖലയിൽ 25 ഏക്കർ സ്ഥലം അനുവദിച്ചാൽ അവിടെ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുണ്ട്. തോട്ടംമേഖല കടുത്ത പ്രതിസന്ധിയിലാണെന്നത് കരട് നയത്തിന്റെ ഭാഗമായിത്തന്നെ പറഞ്ഞിട്ടുണ്ട്. നിരവധി തോട്ടങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. തൊഴിലാളികളുടെയും പരാതിക്കാരുടെയും കൈയിൽ നിന്നും പരാതികൾ നേരിട്ട് വാങ്ങി തെളിവെടുപ്പ് നടത്തുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി നേരിട്ടിടപെട്ട് ഒരു സ്പെഷ്യൽ ജഡ്ജിന്റെ സിറ്റിംഗ് കഴിഞ്ഞ മാസം ഒന്നാം തീയതി

എറണാകുളത്തുവച്ച് നടത്തിയിരുന്നു. ഗ്രാറ്റുവിറ്റിയുടെ വിഷയങ്ങളിൽ കോമ്പൻസേഷൻ നൽകുന്നതിനടക്കം രണ്ടേമുക്കാൽ കോടിയോളം രൂപ നൽകാൻ ഗവൺമെന്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ വിഷയത്തെ സംബന്ധിച്ച് യാഥാർത്ഥ്യങ്ങളുടെ നേരെ ഒരിക്കലും കണ്ണടച്ചു പിടിക്കാനാകില്ല. വ്യവസായങ്ങൾ നിലനിന്നുപോകുന്നതിന് തീർച്ചയായും നയപരമായിട്ടുള്ള ഇടപെടലും നല്ലൊരു തീരുമാനവുമുണ്ടെങ്കിൽ മാത്രമേ ഈ വിഷയങ്ങളുമായി മുന്നോട്ട് പോകാൻ കഴിയൂ. ഗവൺമെന്റ് അത് ഗൗരവമായി കാണണം. സെൻട്രൽ ഗവൺമെന്റിൽ ഇത് കൈകാര്യം ചെയ്യുന്നത് കൊമേഴ്സ് മിനിസ്ട്രിയുടെ കീഴിലാണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് കൈകാര്യം ചെയ്യുന്നത് തൊഴിൽ വകുപ്പിന്റെ കീഴിലാണെന്നതുകൊണ്ട് വ്യവസായ പദ്ധതികളുമായി പലപ്പോഴും..... അടുത്ത് തേയില വ്യവസായമാണ്. തേയില വ്യവസായം എന്നുതന്നെയാണ് നമ്മൾ പറയുന്നത്. പക്ഷേ കേരളത്തെ സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ കീഴിൽ നിൽക്കുന്നുവെന്നുള്ളതുകൊണ്ട് ഈ കരടുനയവുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ ക്ഷേമം മാത്രമല്ല ഇൻഡസ്ട്രിയുടെ നിലനിൽപ്പുകൂടി പരിഗണിക്കപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സബ് കമ്മിറ്റിയെ ഈ ഗവൺമെന്റ്

നിയമിച്ചിരുന്നു. കഴിഞ്ഞ പ്ലാന്റേഷൻ സ്റ്റഡികമ്മിറ്റിയുടെ ശിപാർശകളാണ് ആ സബ് കമ്മിറ്റി നടപ്പിലാക്കാൻ ശ്രമിച്ചത്. എന്നാൽ ഒരു വ്യവസായം (ഉദാഹരണമായി തേയില) നഷ്ടത്തിലാണെങ്കിൽ അതിനനുബന്ധമായി ചെയ്യാൻ കഴിയുന്ന എന്തെല്ലാം വ്യവസായങ്ങൾക്ക് അനുമതി നൽകാനായി കഴിയും. യഥേഷ്ടം കെട്ടിടങ്ങൾ പണിയണമെന്നുള്ളതല്ല. നമുക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ള വിഭവങ്ങളിലൊന്നാണ് പാറ. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ ആവശ്യമായ ഒന്നാണ് പാറയെങ്കിൽ, മെറ്റലെങ്കിൽ ഇത് യഥേഷ്ടം തേയില തോട്ടങ്ങളിലുണ്ട്. സർക്കാർ ആ സ്ഥലങ്ങളേറ്റെടുക്കാൻ തീരുമാനിക്കണം. പൊതുമേഖലയിലേയ്ക്ക് അത്തരമൊരു സ്ഥാപനം ആരംഭിക്കാൻ കഴിയുമോയെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായിട്ടാലോചിക്കണം. സ്വകാര്യവ്യക്തികൾ യഥേഷ്ടം പൊട്ടിച്ചുമാറ്റട്ടെ എന്നുപറയുന്ന നിലപാടിലേയ്ക്ക് പോകണ്ട. അതിനായി ഒരു പൊതുമേഖലാ സ്ഥാപനമുണ്ടാക്കി അതിന്റെ കീഴിലേയ്ക്ക് ഇത്തരം വിഭവങ്ങൾ കൊണ്ടുവന്ന് ഡിമാന്റിനനുസരിച്ച് സപ്ലൈ ചെയ്യാൻ കഴിഞ്ഞാൽ ഈ വിഷയത്തിന് വലിയൊരു പരിഹാരമുണ്ടാക്കാൻ കഴിയും. ഒരു ഇൻഡസ്ട്രി വലിയൊരു ക്രൈസിസിലാണെന്നുള്ളതുകൊണ്ട് തേയില ഉൾപ്പെടുന്ന എല്ലാ തോട്ടം

വ്യവസായത്തെയും അതിന്റെ വാല്യു ആഡഡ് പ്രോഡക്ട് അടക്കം മാർക്കറ്റ് അഷ്വർ ചെയ്യുന്ന വിഷയങ്ങളിൽ എങ്ങനെയാണ് വ്യവസായ വകുപ്പിന് നയപരമായി ഇടപെടാൻ കഴിയുന്നത്? ഈ കരട് നയം ഒർജിനൽ നയമായി നിയമസഭയുടെ മുമ്പിലേയ്ക്ക് അവതരിപ്പിക്കപ്പെടുമ്പോൾ വ്യവസായ വകുപ്പുമന്ത്രിയുടെകൂടി ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ രണ്ട് ഡിമാന്റുകളെയും പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, 'അധികാരം' എന്ന കൃതിയിൽ ബെർട്രാൻഡ് റസ്സൽ ഒരു കഥ പറയുന്നുണ്ട്. കാട്ടുപാതയിലൂടെ പോകുന്ന ഒരു ഗുരുവും ശിഷ്യനും വൃദ്ധയായ ഒരു സ്ത്രീ കരയുന്നത് കണ്ടു. കരയുന്നതിന്റെ കാരണമെന്താണെന്ന് അവർ സ്ത്രീയോട് ചോദിച്ചു. മകനെ നരി പിടിച്ചുകൊണ്ടുപോയെന്നും പോരാത്തതിന് കഴിഞ്ഞവർഷം അവരുടെ ഭർത്താവിനെയും നരി പിടിച്ചുകൊണ്ടുപോയിരുന്നെന്നും അവർ പറഞ്ഞു. ഇത്ര പ്രയാസപ്പെട്ട് ഈ കാട്ടിൽതന്നെ കഴിഞ്ഞുകൂടുന്നത് എന്തിനാണെന്നും നാട്ടിലേയ്ക്ക് വന്നുകൂടെയെന്നും ഗുരു വീണ്ടും ആ വൃദ്ധയോട് ചോദിച്ചു. കാട്ടിൽ നരിയല്ലേയുള്ളൂ, പക്ഷേ നാട്ടിൽ സർക്കാരുണ്ടല്ലോയെന്നാണ് അവർ മറുപടി പറഞ്ഞത്. ഇവിടെ പ്രൊഫ. കെ. യു. അരുണൻ പറഞ്ഞതുപോലെ ആരോടും

മിണ്ടാതെയും ചിരിക്കാതെയും ബലംപിടിച്ചുനിൽക്കുന്ന ഒരു സർക്കാരുണ്ടാകുമ്പോൾ കാട്ടിലുള്ള ആളുകൾക്കുപോലും നാട്ടിലേയ്ക്ക് വരാൻ പേടിയാണ്. ആ രീതിയിലാണ് ഇപ്പോൾ കേരളത്തിന്റെ ഭരണം മുന്നോട്ട് പോകുന്നത്. അത് വ്യവസായ മേഖലയിലും ഊർജ്ജമേഖലയിലും ഒരുപോലെ പ്രതിഫലിക്കുന്നുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങിവന്നാൽ, പ്രത്യേകിച്ചും തലസ്ഥാനത്തേയ്ക്ക് വരുമ്പോൾ ആറ് മണിക്കൂർവരെ ഗതാഗതം സ്തംഭിച്ച് രോഗികൾ വഴിയിൽകിടന്ന് മരിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറി. അറുകൊല രാഷ്ട്രീയം അരങ്ങ് തകർക്കുന്ന സംസ്ഥാനമായും അഴിമതി സാർവ്വത്രികമായ ഒരു സംസ്ഥാനമായും കേരളം മാറി. ഈ ഗവൺമെന്റിനും സംവിധാനത്തിനും ആകെ ഊർജ്ജം ലഭിക്കുന്നത് വെറും തള്ളലിൽ നിന്ന് മാത്രമാണ്. പരസ്യവും തള്ളലുമായി ഊർജ്ജമുണ്ടാക്കിയെടുക്കുകയാണ്. അതുകൊണ്ട് ഈ നാട്ടിലേയ്ക്ക് വരേണ്ടെന്നുള്ളതാണ് കാട്ടിൽ വസിക്കുന്ന ആളുകൾ പോലും വിചാരിക്കുന്നത്. ഇവിടെ ആകെ നടക്കുന്നത് നുണ വ്യവസായമാണെന്നുള്ളത് പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. അഴിമതി വ്യവസായമാണ് അരങ്ങ് തകർക്കുന്നത്. അതുകൊണ്ട് ഒരു നുണ അഴിമതി വ്യവസായ ഫാക്ടറി അടിയന്തരമായി സ്ഥാപിക്കണമെന്നുള്ളതാണ്

എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. വെടിയുണ്ട അഴിമതി, പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണ അഴിമതി, തോക്ക് അഴിമതി, ജീപ്പ് വാങ്ങിയതിലൂടെയുള്ള അഴിമതി തുടങ്ങിയവ ഇവിടെ നടക്കുന്നു.

സി-ഡിറ്റ് ഡയറക്ടർ ആരാണ്? സി.പി.ഐ.(എം)-ന്റെ മുൻ എം.പി. ഡോ. ടി. എൻ. സീമയുടെ ഭർത്താവിന് രണ്ട് ലക്ഷം രൂപ ശമ്പളം നൽകിയാണ് സി-ഡിറ്റിന്റെ ഡയറക്ടറാക്കിയത്. സ്വന്തക്കാരെ മുഴുവൻ നിയമിക്കുന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. സി.പി.ഐ.(എം)-ന്റെ സകല ലോക്കൽ സെക്രട്ടറിമാർക്കും ജോലി അല്ലെങ്കിൽ പ്രളയത്തിന്റെ പേരിൽ കിട്ടുന്ന പ്രളയദുരിതാശ്വാസം നൽകുന്നു. അത് ഭർത്താവിന് മാത്രമല്ല, ഭാര്യയ്ക്കും ലഭിക്കുന്ന അവസ്ഥാവിശേഷമാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. ഈ സമയത്ത് KIAL (Kannur International Airport Limited)-ൽ ഓഡിറ്റ് വേണ്ട, കിഫ്ബിയിൽ ഓഡിറ്റ് പറ്റില്ലെന്നെല്ലാം പറയുന്ന സ്വജനപക്ഷപാതമാണ് നടക്കുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ അംഗമല്ലാത്ത സി.പി.ഐ.(എം)-ന്റെ നേതാവും മുൻ എം.പി.-യുമായ വ്യക്തിയുടെയും അവരുടെ ഭർത്താവിന്റെയും നിയമനത്തെയുംകുറിച്ച് പറയുന്നു.

ഇതിനൊക്കെ അവർക്ക് ഇവിടെ വന്ന് വിശദീകരണം നൽകാൻ പറ്റാത്ത സ്ഥിതിക്ക് അങ്ങനെ ആക്ഷേപമുന്നയിക്കുന്നത് ഓർഡറിലാണോ? ഇന്നലെ ശ്രീ. എ. കെ. ആന്റണിയുമായി ബന്ധപ്പെട്ടുകൊണ്ട് പരാമർശം വന്നപ്പോൾ എത്രമാത്രം അസ്വസ്ഥതയാണ് അവർ പ്രകടിപ്പിച്ചത്. അത് ശരിയല്ലെന്നുപറഞ്ഞ പ്രതിപക്ഷനേതാവ് ഇപ്പോൾ ഇക്കാര്യത്തിൽ ഒന്നും പറയുന്നില്ല. ഇത് ശരിയാണോയെന്ന് അദ്ദേഹം വ്യക്തമാക്കട്ടെ.

മി. ചെയർമാൻ: അത്തരം പരാമർശങ്ങൾ ഒഴിവാക്കുക. അങ്ങ് സംസാരിക്കൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എല്ലാ റൂളിംഗും അതുപോലെയായാൽ കുഴപ്പമില്ല. ഒഴിവാക്കിയെന്ന് ഏകപക്ഷീയമായി പ്രഖ്യാപിക്കുന്നതിനുമുൻപ് മറ്റുള്ള കാര്യങ്ങളും അതുപോലെ തന്നെയാകണം. എന്തൊക്കെയാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്? മാർക്കുദാനം, പ്രളയഫണ്ട് മുക്കുന്നു, സാമ്പത്തികമായ സ്തംഭനാവസ്ഥ, കരാറുകാർക്ക് പണം കിട്ടുന്നില്ല, ട്രഷറി പൂട്ടി കിടക്കുന്നു, സ്കൂൾ കുട്ടികൾക്ക് സ്കൂളിൽനിന്നും പാമ്പുകടിയേൽക്കുന്നു, വാളയാറിലൊക്കെയുള്ള പട്ടികജാതി പെൺകുട്ടികൾ പീഡിപ്പിക്കപ്പെട്ട് ആത്മഹത്യചെയ്യുന്ന രീതിയിലേയ്ക്ക് കേരളം മാറിയിരിക്കുന്നു. ഇങ്ങനെയുള്ള

സംസ്ഥാനത്തേയ്ക്ക് ബെർട്രാൻഡ് റസ്സൽ പറഞ്ഞതുപോലെ എങ്ങനെയാണ് ഒരു കാട്ടുജാതി സ്ത്രീക്കുപോലും ഇറങ്ങിവരാൻ കഴിയുന്നത്? വ്യവസായത്തിന്റെ കാര്യം നോക്കുകയാണെങ്കിൽ, ശ്മശാനമൂകമായ അവസ്ഥയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് നേട്ടങ്ങൾ ഇവിടെ പറയുമെന്ന് എനിക്കറിയാം. പക്ഷേ, മലബാർ സിമെന്റ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? നേരത്തെ യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് 50 കോടി രൂപ ലാഭത്തിലോടിയിരുന്ന മലബാർ സിമെന്റ്സ് ഇപ്പോൾ നഷ്ടത്തിലോടികൊണ്ടിരിക്കുകയാണ്. കെ.എം.എം.എൽ.-ഉം ടൈറ്റാനിയവും മാത്രമാണ് ഇപ്പോൾ ലാഭത്തിലുള്ള രണ്ട് വ്യവസായ സ്ഥാപനങ്ങൾ. അതിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ anti dumping duty ചുമത്തിയതുമൂലമുണ്ടാകുന്ന നേട്ടമല്ലാതെ മറ്റൊരു നേട്ടവും അക്കാര്യത്തിലുണ്ടായിട്ടില്ല. ധനകാര്യവകുപ്പ് ഇറക്കിയ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ 2015-2016-ൽ ഏഴ് യൂണിറ്റുകളുള്ള കെമിക്കൽ മേഖലയിൽ 13 കോടി രൂപയായിരുന്നു അറ്റാദായം. എന്നാൽ 2019-2020 ആയപ്പോൾ -1.3 കോടി രൂപയിലേയ്ക്ക് താഴ്ന്നുവെന്ന കണക്കാണ് അതിൽ കാണിക്കുന്നത്. 2015-2016-ൽ യു.ഡി.എഫ്. ഭരണത്തിൽനിന്നും പോകുന്ന സമയത്ത് മൂന്ന്

യൂണിറ്റുകളുള്ള ഇലക്ട്രോണിക്സ് മേഖലയ്ക്ക് 13.4 കോടി രൂപയുണ്ടായിരുന്നു. അതിപ്പോൾ -5.3 കോടി രൂപയിലേയ്ക്ക് മാറി. അതുപോലെ രണ്ട് യൂണിറ്റുകളുടെ വികസന മേഖല 2015-2016-ൽ 37.6 കോടി രൂപ അറ്റാദായം കാണിച്ചു. എന്നാൽ ഇപ്പോളത് -9.2 കോടി രൂപയായി കുറഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ കാര്യത്തിൽ 2015-16-ൽ വിറ്റുവരവ് 63.6 കോടി രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം അത് 52.1 കോടി രൂപയായി കുറഞ്ഞു. കിൻഫ്രയുടെ വിറ്റുവരവ് 17.6 കോടി രൂപയായിരുന്നുവെങ്കിൽ ഈ വർഷം 18.8 കോടി രൂപയെന്ന നേരിയ വർദ്ധനവ് മാത്രമേ അതിലുണ്ടായിട്ടുള്ളൂ. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ അവസ്ഥയെന്താണ്? ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഈ സഭയൊന്നടങ്കം പാസ്സാക്കിയതാണ്. ഗവൺമെന്റിന് അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ബിൽ പാസ്സാക്കിയിട്ടുപോലും എന്ത് വ്യവസായ സംരംഭമാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞതെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയണം. കശുവണ്ടി വ്യവസായവും തോട്ടണ്ടി വ്യവസായവും തകർന്നു കിടക്കുകയാണ്. കൈത്തറി വ്യവസായത്തിൽ മാത്രമാണ് കുറച്ച് പുരോഗതിയുള്ളത്. അതിന്റെ സംഭരണവും വിൽപ്പനയും കൂടിയിട്ടുണ്ട്. അതിന്

കാരണം ഈ ഗവൺമെന്റ് വന്നതിനുശേഷം ആളുകൾക്ക് കയറിന്റെ ആവശ്യം കൂടുതലായിട്ടുണ്ട്. ആത്മഹത്യചെയ്യാൻ കയർ തെരഞ്ഞെടുക്കുന്നവർ കയറിനുവേണ്ടി നെട്ടോട്ടമോടുന്നതുകൊണ്ട് കയർ വ്യവസായം മാത്രമാണ് പുരോഗതി പ്രാപിച്ചിട്ടുള്ളത്. നമുക്കറിയാം, സാജൻ എന്ന വ്യക്തി കണ്ണൂരിൽ വ്യവസായം തുടങ്ങാൻ ശ്രമിച്ചെങ്കിലും അവസാനം അദ്ദേഹത്തിന് ആത്മഹത്യചെയ്യേണ്ടി വന്നു. അതുപോലെ, കൊല്ലത്ത് സി.പി.ഐ.(എം) കൊടി നാട്ടിയതിന്റെപേരിൽ പുനലൂർ സ്വദേശി സുഗതനും ആത്മഹത്യ ചെയ്യേണ്ടി വന്നു. അങ്ങനെ വ്യവസായ സംരംഭകരുടെയും വ്യവസായികളുടെയും ഒരു ശ്മശാന ഭൂമിയായി കേരള സംസ്ഥാനം മാറിയിരിക്കുന്നു. ആകെ തഴച്ചുവളരുന്ന വ്യവസായം അഴിമതി വ്യവസായം മാത്രമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര ക്വാറികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട പി. ടി. തോമസ് ചോദിച്ച ചോദ്യത്തിന്, ഒരു വർഷത്തേയ്ക്ക് 161 ക്വാറികൾക്ക് അനുമതി നൽകിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇ. പി. ജയരാജൻ മറുപടി നൽകിയത്. അതിൽ ഏറ്റവും കൂടുതൽ ക്വാറികൾക്ക് അനുമതി നൽകിയിട്ടുള്ളത് മലപ്പുറം ജില്ലയിലാണ്. അതുപോലെ ദീർഘകാലത്തേയ്ക്ക് ഏകദേശം മുന്നൂറോളം ക്വാറികൾക്കും ലൈസൻസ്

നൽകിയിട്ടുണ്ട്. ഈ രീതിയിൽ, യാതൊരു നിയന്ത്രണവുമില്ലാതെ ലൈസൻസ് നൽകികൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ തകർന്നുകിടക്കുന്നു, അവയ്ക്ക് ആവശ്യമുള്ള ഒരു സപ്പോർട്ടും സർക്കാർ നൽകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാർക്കറ്റിംഗിനും അതുപോലെ മറ്റുകാര്യങ്ങൾക്കും...... കെൽട്രോണിന്റെ കാര്യം ഇവിടെ പറഞ്ഞു, കെൽട്രോൺ അഴിമതിയിൽ മുങ്ങിക്കിടക്കുകയാണ്. സിഡ്കോ, കെൽ, കെ.എസ്.ഐ.ഇ., കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും 10 ശതമാനം സെന്റേജ് ചാർജ് വാങ്ങി അവർ ഉൽപ്പാദിക്കാത്ത സാധനംപോലും പൊതുമാർക്കറ്റിൽ നിന്ന് വാങ്ങി എവിടെകൊടുത്തിട്ടാണെങ്കിലും ആളുകളെ ചൂഷണം ചെയ്യുന്ന പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. അവർക്ക് പത്ത് ശതമാനത്തിന്റെ......

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇതെല്ലാം നിങ്ങൾ ചെയ്തുവച്ച കാര്യങ്ങളാണ്. അതിനെ ഞങ്ങളിപ്പോൾ നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ക്ലിയറൻസ് ഇരുന്നോട്ടേ എന്ന് വിചാരിച്ചാണ് പറയുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അഞ്ചു കൊല്ലം കഴിയാറായി. ഞങ്ങൾ ചെയ്തുവച്ചത് തിരുത്താൻ വേണ്ടിയാണ് കഴിഞ്ഞ പ്രാവശ്യം ബാലൻ കമ്മിറ്റി വന്ന് 712 ഫയലുകൾ പിടിച്ചുവച്ചത്. അന്ന് ഇതൊന്നു നോക്കാമായിരുന്നില്ലേ? നാല് വർഷം കഴിഞ്ഞിട്ടും ഇതൊന്നും തിരുത്താൻ കഴിയാത്ത ഗവൺമെന്റിന് എന്ത് വേഗതയാണുള്ളത്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു, പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഒരു ഇൻഡസ്ട്രിയൽ ഏരിയയുണ്ടോ; കൊച്ചിയിൽ സ്പെഷ്യൽ ഇക്കണോമിക് സോണുണ്ട്. എന്ത് സംരംഭമാണവിടെ തുടങ്ങിയത്? GIM അതുപോലെ തന്നെ Emerging Kerala എന്നിവയൊക്കെ നടത്തി ഒരുപാട്ടുപേർക്ക് ബെനിഫിറ്റുണ്ടായി. നിങ്ങൾ Ascend നടത്തിയതുകൊണ്ട് എന്ത് നേട്ടമാണ് കേരളത്തിനുണ്ടായത്? അതുപോലെയുള്ള പൊതുമേഖലാ വ്യവസായങ്ങൾക്ക് വളരാനാവശ്യമായ വ്യവസായപാർക്കുകൾ സ്ഥാപിക്കണം; ഇൻഡസ്ട്രിയൽ ഏരിയ ഉണ്ടാക്കണം. ഈ ഗവൺമെന്റിന്റെ സമയത്ത് ഇൻഡസ്ട്രിയൽ ഏരിയ പോലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ മണ്ഡലമായ കൊണ്ടോട്ടിയിൽ ഒരു വ്യവസായ പാർക്ക്

ആരംഭിക്കണമെന്ന ആവശ്യംകൂടി ഞാൻ ഉന്നയിക്കുകയാണ്.

മി. ചെയർമാൻ: സമയം കഴിഞ്ഞു, പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുതി ചാർജ്ജ് രണ്ട് പ്രാവശ്യമാണ് വർദ്ധിപ്പിച്ചത്. പ്രൊഫ. കെ. യു. അരുണൻ നേരത്തെ ബഹുമാനപ്പെട്ട എം. എം. മണിയെക്കുറിച്ച് സൂചിപ്പിച്ചു. അദ്ദേഹം ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് വളരെ നാടകീയമായിട്ടാണ് പറയുന്നത്; അരുണൻ മാസ്റ്ററുടെ പ്രസംഗവും നാടകീയമായിട്ടാണ്. 'കർട്ടന്റെ പിന്നിൽ നിന്നും അരങ്ങത്തേയ്ക്ക് കടന്നു വരുന്നൊരു മിനിസ്റ്ററെപ്പോലെ ബഹുമാനപ്പെട്ട മണിയാശാൻ കടന്നു വരികയാണ്'. ഈ രീതിയിലുള്ള നാടകീയതയാണ് സത്യത്തിൽ ഈ ഗവൺമെന്റിലുള്ളത്. ആ രീതിയിലേയ്ക്ക് ഗവൺമെന്റ് പോകുകയാണ്. രണ്ട് പ്രാവശ്യം വൈദ്യുത ചാർജ്ജ് വർദ്ധിപ്പിച്ച ഈ ഗവൺമെന്റ്.... ഇന്നലെയുണ്ടായ ഒരവസ്ഥകൂടി പറയാം, മലപ്പുറം ഡി.ഡി. ഓഫീസിൽ കറന്റ് ചാർജ്ജ് അടയ്ക്കാത്തതിനാൽ പ്രസ്തുത ഓഫീസിലെ ഇലക്ട്രിസിറ്റി കണക്ഷൻ കട്ട് ചെയ്തിരിക്കുന്നു. അതിന്റെ ഉത്തരവാദിത്വം ആർക്കാണ്. ഈ ഗവൺമെന്റിന്റെ കയ്യിൽ കണക്ഷൻ കൊടുക്കാനുള്ള കാശുപോലുമില്ല, അത് കട്ട് ചെയ്യുന്നു. വൻകിടക്കാരുടെ കയ്യിൽ നിന്നും ഇലക്ട്രിസിറ്റി വകുപ്പിന് 340 കോടി രൂപയുടെ

കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. എന്നാൽ ഇവിടെയുള്ള സാധാരണക്കാരുടെ വീട്ടിലേയ്ക്ക് കറന്റ് ചാർജ്ജ് അടയ്ക്കാതിരുന്നാൽ ഉടനെ കട്ട് ചെയ്യുന്നു. മലപ്പുറം ഡി.ഡി. ഓഫീസ് ഉൾപ്പെടെയുള്ള ഗവൺമെന്റ് ഓഫീസുകളിലെ കറന്റ് കട്ട് ചെയ്യുന്ന രീതിയിലുള്ള ഒരു സമീപനമാണ് നടത്തുന്നത്. വൻകിടക്കാരോടെന്നും ഒരു സോഫ്റ്റ് കോർണറുണ്ട്. സർക്കാരിന്റെ നയം ഈ രീതിയിൽ പോകുന്നു. ഇതൊക്കെയാണ് ഈ സർക്കാരിന്റെ നേട്ടങ്ങളെന്ന് പറയുന്നത്.

മി. ചെയർമാൻ: സമയം കഴിഞ്ഞു, ദയവുചെയ്ത് പ്രസംഗം അവസാനിപ്പിക്കു. സമയം കഴിഞ്ഞു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇന്നലെ കോഴിക്കോട് നടന്ന ഒരു സംഭവംകൂടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിക്കാം. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ മൂന്നാം വർഷ സാമ്പത്തികശാസ്ത്രത്തിന് പഠിച്ചിരുന്ന ഉത്തർപ്രദേശിലെ ഹൽദാർ സ്വദേശിയായ ജസ്പ്രീത് സിംഗ് എന്ന വിദ്യാർത്ഥിക്ക് ആവശ്യമായ ഹാജർ നൽകാത്തതിന്റെ പേരിൽ ഒരു അദ്ധ്യാപകൻ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് കുട്ടി ആത്മഹത്യ ചെയ്ത സംഭവം ഈ സർക്കാർ അന്വേഷിക്കണമെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു. .....(മൈക്ക് ഓഫ്)........

ശ്രീ. പി. കെ. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. ടി. വി. ഇബ്രാഹിം വലിയ ആശയക്കുഴപ്പത്തിലാണെന്നാണ് എനിക്ക് തോന്നുന്നത്. അവരുടെ ഗവൺമെന്റിന്റെ ഭരണകാലത്തെ വ്യവസായ മേഖലയെപ്പറ്റിയുള്ള പരാമർശമെന്തിനാണ് അദ്ദേഹം ഇപ്പോൾ നടത്തുന്നത്. അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ പൊതുസമീപനം അവർ കഴിഞ്ഞ നാലുകൊല്ലമായി ഒരേ ഈണത്തിൽ പാട്ടുപാടിക്കൊണ്ടിരിക്കുകയാണ്. യാഥാർത്ഥ്യ ബോധത്തോടുകൂടിയ ഒരു സമീപനം അവർ സ്വീകരിക്കുന്നതേയില്ല. ഇവിടെ ശ്രീ. ജെയിംസ് മാത്യു ചൂണ്ടിക്കാണിച്ചതുപോലെ വല്ലാത്തൊരു സ്ഥലജല വിഭ്രാന്തി യു.ഡി.എഫ്.-നെ ബാധിച്ചിട്ടുണ്ട്. സ്ഥലജല വിഭ്രാന്തിയെന്ന് പറയുന്നത് മഹാഭാരതത്തിലെ കഥയാണ്. ദുര്യോധനാദികൾ മയൻ പണിത രാജധാനിയിലെത്തിയപ്പോൾ കര കണ്ടിട്ട് വെള്ളമാണെന്നും വെള്ളം കണ്ടിട്ട് കരയാണെന്നും തോന്നി. അങ്ങനെ അദ്ദേഹം കരയിൽ നീന്തി വെള്ളത്തിൽ നടക്കുകയാണ് ചെയ്തത്. ഞാൻ യു.ഡി.എഫ്.-നോട് പറയുകയാണ് നിങ്ങൾ എത്ര നീന്തിയാലും ഒരിക്കലും നിങ്ങൾക്ക് കരയിലെത്താനാകില്ല. കാരണം, നിങ്ങൾ എത്തിപ്പെട്ടിട്ടുള്ളത്

അത്രയും ഗൗരവതരമായ പ്രതിസന്ധിയിലാണ്. കേന്ദ്രഗവൺമെന്റ് വല്ലാത്ത രൂപത്തിൽ നമ്മുടെ സംസ്ഥാനത്തെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കർഹതപ്പെട്ട പദ്ധതിയില്ല; വ്യവസായങ്ങളില്ല; റെയിൽവേ വികസനമില്ല; ഭക്ഷണം കഴിക്കാൻ അരി തരുന്നില്ല, എന്തിനധികം പറയുന്നു, പ്രളയ ദുരിതാശ്വാസം പോലും നമുക്ക് നൽകുന്നില്ല. എന്നിട്ടും ഈ സംസ്ഥാനം ആരുടെ മുന്നിലും തലകുനിച്ചില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക സ്രോതസ് വളരെക്കുറവാണെന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത. അതേസമയം ഏറ്റവും കൂടുതൽ ആഗ്രഹങ്ങളുള്ള മനസ്സാണ് മലയാളിയുടെ മനസ്സ് എന്നതാണ് മലയാളികളുടെ പ്രത്യേകത; aspirational mind ആണ് മലയാളികൾക്കുള്ളത്. കേരളത്തിലെ മനുഷ്യന്റെ ആഗ്രഹങ്ങൾക്കൊപ്പം ഓടിയെത്താൻ ഈ ഗവൺമെന്റ് എല്ലാ മേഖലയിലും വലിയ തോതിലുള്ള വളർച്ച കൈവരിക്കാൻവേണ്ടിയുള്ള പ്രവർത്തനം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തെ അതിന്റെ എല്ലാ വിശുദ്ധിയോടും വികസനനേട്ടങ്ങളോടുംകൂടി അടുത്ത തലമുറയെ ഏൽപ്പിക്കുകയെന്ന വലിയ ചുമതലയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

വ്യവസായരംഗത്ത് ഈ പറഞ്ഞതുപോലെയല്ല. സമീപകാലത്തൊന്നുമില്ലാത്ത രൂപത്തിലുള്ള വലിയ മുന്നേറ്റം നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നാല് മേഖലകളിലാണ് അതിന്റെ കേന്ദ്രീകരണം. ഒന്ന്, നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നു. രണ്ട്, കേന്ദ്രഗവൺമെന്റ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയാകെ വലിയ തകർച്ചയിൽപ്പെടുത്തുമ്പോൾ, അതിനെ സ്വകാര്യവൽക്കരിക്കുമ്പോൾ, അത് അടച്ചുപൂട്ടുമ്പോൾ അതിനെ പ്രതിരോധിക്കുന്ന ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നു. മൂന്ന്, നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നു. നാല്, പരമ്പരാഗത വ്യവസായ മേഖലകളെ സംരക്ഷിക്കുന്ന സമീപനം സ്വീകരിക്കുന്നു.

തീവ്ര സാമ്പത്തികവൽക്കരണനയം കോൺഗ്രസ് കൊണ്ടുവന്നതാണ്. ആ നയമാണ് ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ നിയമത്തിന്റെ ഏറ്റവും കാതലായ പ്രശ്നം.... ഗവൺമെന്റിന്റെ ബിസിനസ്സ് എന്നുപറയുന്നത് ബിസിനസ്സ് നടത്തലല്ല. 'Business of the government is not doing business', ഇതാണ് എൽ.പി.ജി. (Liberalization, Privatization, Globalization) നയം. സമൂഹവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിൽ നിന്നും

ഗവൺമെന്റ് പിൻമാറുകയാണ്. അതിൽ നിന്നും വ്യത്യസ്തമായൊരു നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. ബദൽനയ സമീപനങ്ങൾ ഉയർത്തുകയാണ്. അതിന്റെ ഭാഗമായിട്ടാണ് പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുന്ന സമീപനം കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഞാൻ ഒരുപാട് കാര്യത്തിലേയ്ക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല.

പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഇപ്പോൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. അത് 1974-ൽ ഇന്ദിരാഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നപ്പോൾ പാലക്കാട് ജില്ലയ്ക്ക് അനുവദിച്ചതായിരുന്നു. അന്ന് പാലക്കാട് നിന്ന് ഉശിരനായ ഒരു കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് എ.കെ.ജി. പാലക്കാടിനെ പ്രതിനിധീകരിച്ച് എം.പി.-യായി. അദ്ദേഹം പാർലമെന്റിനകത്ത് പറഞ്ഞു, "മലബാറിനോടുള്ള അവഗണന അവസാനിപ്പിക്കണം; നിക്ഷേപം വരണം." അങ്ങനെ അനുവദിച്ചതാണ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും ഐ.ടി.ഐ.-യും. അതിനുവേണ്ടി 568 ഏക്കർ ഭൂമിയാണ് കേരളം കൊടുത്തത്. അത് അടച്ചുപൂട്ടാൻ തീരുമാനിച്ചപ്പോൾ അത് ഏറ്റെടുക്കാമെന്ന് പറഞ്ഞത് കേരളത്തിലെ ഗവൺമെന്റാണ്. കേരളത്തിന്റെ വ്യവസായവകുപ്പ് അക്കാര്യത്തിൽ മാതൃകാപരമായി ഇടപെട്ടു. ഇപ്പോൾ

ബി.ജെ.പി. ഗവൺമെന്റ് പറയുന്നത്, 568 ഏക്കർ ഭൂമി കേരള ഗവൺമെന്റ് കൊടുത്തതിന്റെ പൂർണ്ണമായുമുള്ള സംഖ്യ നൽകിയാൽ മാത്രമേ ഇത് നിങ്ങൾക്ക് വിട്ടുതരൂ എന്നാണ്. കോൺഗ്രസ്സിന്റെ നിലപാട് എന്താണ്? കോൺഗ്രസ്സിന് ഇതിലൊരു പ്രശ്നവുമില്ല. കോൺഗ്രസ്സിന്റെ പ്രശ്നം ഇടതുപക്ഷത്തെ എതിർക്കണം, എൽ.ഡി.എഫ്. ഗവൺമെന്റിനെ എതിർക്കണം. ദമലന്റെ പ്രശ്നവും ഇതുതന്നെയാണ്. അതിനെ പരിപൂർണ്ണമായി സ്വകാര്യവൽക്കരിക്കുന്ന സമീപനവുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുന്നു. സംസ്ഥാനത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെടുത്താൽ നേരത്തെ സംസാരിച്ച സുഹൃത്ത് പറഞ്ഞതു പോലെയല്ല. കേരളത്തിന്റെ വ്യവസായ വകുപ്പ് 14 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി. വ്യവസായ രംഗത്ത് പുതിയ പ്രതീക്ഷയ്ക്ക് വക നൽകുന്ന വ്യവസായ ഇടനാഴി (Industrial Corridor) യാഥാർത്ഥ്യമാകുകയാണ്. നമ്മുടെ സംസ്ഥാനത്ത് ധാരാളം വ്യവസായങ്ങൾ ആരംഭിക്കണമെങ്കിൽ നിക്ഷേപം വരണം. അങ്ങനെ നിക്ഷേപം വരണമെങ്കിൽ സ്വാഭാവികമായും അതിനാവശ്യമായ ഒരു നിലപാട് സ്വീകരിക്കണം. അങ്ങനെയാണ് ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നത്. ഒരു ലക്ഷത്തിലധികം കോടി രൂപയുടെ നിക്ഷേപം വാഗ്ദാനം ചെയ്യപ്പെട്ടു. നാടിന്റെ വ്യാവസായിക

മേഖലയിൽ വലിയ മുന്നേറ്റമുണ്ടാകാൻ പോകുകയാണ്. Ease of Doing Business-നെ സംബന്ധിച്ച് ഏറെനേരം സംസാരിക്കേണ്ടതില്ല; അതിവിടെ ചർച്ച ചെയ്തതാണ്. ഈ ഗവൺമെന്റ് അതിവേഗതയിൽ പുതിയ വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായിട്ടുള്ള നല്ല സംവിധാനം ഒരുക്കിക്കൊടുക്കുന്നു. ഗെയിൽ പൈപ്പ് ലൈൻ ജനങ്ങളുടെ ആശങ്കയകറ്റുന്നു. പരമ്പരാഗത വ്യവസായ മേഖല പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമാണ്, ജീവനോപാധിയാണ്. ആ മേഖലകളെ സംരക്ഷിക്കാനുള്ള ഫലപ്രദമായ ഇടപെടൽ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ ദേശീയ പ്രസ്ഥാനത്തിന് ഊടും പാവും നെയ്തെടുത്ത ഖാദി മേഖലയിൽ പ്രത്യേകമായ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോട് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. മണിയാശാൻ മന്ത്രിയായപ്പോൾ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം കേട്ടതാണ്, എന്തെല്ലാം പരിഹാസമായിരുന്നു. ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഈ ഗവൺമെന്റ് നിലവിൽവന്ന് നാല് കൊല്ലം പൂർത്തീകരിക്കാൻ പോകുകയാണ്. പവർകട്ട് ഇല്ലാത്ത നാലുകൊല്ലമല്ലേ നമ്മൾ കണ്ടത്? വൈദ്യുതി നിയന്ത്രണമുണ്ടായോ;

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നട്ടുച്ചയ്ക്ക് കണ്ണുംകെട്ടി ചവിട്ടായിരുന്നു. എത്രയാണ് പവർകട്ട്, അത് നിഷേധിക്കേണ്ട. എല്ലാ മണ്ഡലങ്ങളിലും വൈദ്യുതി അദാലത്തുകൾ. ഈ ഗവൺമെന്റിനെ ഒന്നുകൊണ്ടും വിമർശിക്കാൻ കഴിയില്ല. നിയമസഭയിലെ എന്റെ ബഹുമാന്യനായ സുഹൃത്ത് എൻ. ഷംസുദ്ദീൻ, അദ്ദേഹം പാർട്ടി തീരുമാനം നടപ്പിലാക്കുകയാണ്. അദ്ദേഹത്തിന് എല്ലാവരെയുംപോലെ സ്വപ്നം കാണാൻ അവകാശമുണ്ട്. അദ്ദേഹം അടുത്ത തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വരുന്നത് പ്രതീക്ഷിച്ചിരിക്കുകയാണ്. കാക്ക മലർന്ന് പറന്നാലും നിങ്ങൾ അധികാരത്തിൽ വരാൻ പോകുന്നില്ല. അതുകൊണ്ടാണ് മുന്നണി ശരിയല്ല, നേരേചൊവ്വേ കാര്യങ്ങൾ പോകണം, കോൺഗ്രസ് തിരുത്തേണ്ടത് തിരുത്തണം, അങ്ങനെ തിരുത്തുന്നതിന്റെ ഭാഗമായി മുന്നണി നിലവിലുള്ളത് പോരാ, അത് ശക്തിപ്പെടുത്തണം എന്ന് കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത്. മുന്നണി വിപുലീകരിക്കാൻ പോകുകയാണെന്നാണ് തോന്നുന്നത്. ജമാഅത്തെ ഇസ്ലാമിയെയും എസ്.ഡി.പി.ഐ.-യും ചേർത്താണ് മുന്നണി വിപുലീകരിക്കാൻ പോകുന്നത്. ഇവരെ കൂട്ടിയാണ് മതേതരത്വം സംരക്ഷിക്കാൻ കോൺഗ്രസ് പോകുന്നത്. നിങ്ങളുടെ അപാരമായ

തൊലിക്കട്ടിക്ക് മുന്നിൽ ആയുധംവച്ച് കീഴടങ്ങുകയാണ്. വേറെയൊന്നും പറയാനില്ല. കാരണം, ജമാഅത്തെ ഇസ്ലാമിയെ കൂട്ടിയാണോ മതേതരത്വം സംരക്ഷിക്കാൻ പോകുന്നത്? കുളംകലക്കി പരുന്തിന് കൊടുക്കലാണ് നിങ്ങളുടെ ഉദ്ദേശ്യം. അത് ഈ കേരളത്തിന്റെ മണ്ണിൽ നടപ്പാകില്ലെന്ന് വളരെ വിനയത്തോടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ എല്ലാവരും ഒരുമിച്ച് നിൽക്കേണ്ടതാണ്. ഈ നാട് അതിന്റെ ചരിത്രത്തിലെ വലിയ അപായസൂചനകൾ നൽകുന്ന സാഹചര്യത്തിലൂടെ മുന്നോട്ട് പോകുകയാണ്. അതെല്ലാം ഇവിടെ ചർച്ച ചെയ്തതായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ജനാധിപത്യം, മതനിരപേക്ഷത, രാജ്യത്തിന്റെ ഉന്നതമായ മൂല്യങ്ങൾ, ഭരണഘടന, രാജ്യംതന്നെ നിലനിൽക്കുമോ എന്നീ പ്രശ്നങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. ഈ സന്ദർഭത്തിൽ ഒരുമിച്ച് നിൽക്കണം. ഒരുമിച്ച് നിൽക്കാൻ ഞങ്ങളില്ലെങ്കിൽ ഈ രാജ്യമില്ലെന്ന നിലപാടിലാണ് ഇവിടെ കോൺഗ്രസ് പ്രസംഗിക്കുന്നത്. നിങ്ങളുടെ സ്ഥിതിയെക്കുറിച്ച് ആലോചിച്ചുനോക്കൂ. ഞാൻ കോൺഗ്രസ് നേതാക്കന്മാരോട് ചോദിക്കട്ടെ, നിങ്ങൾക്ക് പരസ്പരം എത്ര വിശ്വാസമുണ്ട്? ശ്രീ. കമൽനാഥിന്റെ മന്ത്രിസഭ വീഴാൻ പോകുകയാണെന്നാണ് ഏറ്റവും അവസാനത്തെ റിപ്പോർട്ട്. ഇപ്പോൾ

നിരവധി എം.എൽ.എ.-മാർ റിസോർട്ടിലാണ്. ഏറ്റവും ദയനീയമായ ഒരവസ്ഥയിൽ ആയുഷ്കാലം മുഴുവനും റിസോർട്ടിൽത്തന്നെ താമസിക്കാനാണോ നിങ്ങളുടെ ഉദ്ദേശ്യം. ഈ ഗവൺമെന്റിനെതിരായി നിങ്ങൾക്ക് എന്തും പറയാം. ജന്മനാ ചില വരങ്ങളുണ്ടെന്ന് കേട്ടിട്ടുണ്ട്. കാർട്ടൂണിസ്റ്റായ യേശുദാസൻ കത്തിയെടുത്ത് ഒരാളെ കുത്തിയാൽ അതുണ്ടാക്കുന്ന മുറിവിന്റെ ആകൃതിപോലും ഒരു കാർട്ടൂണിന്റെ രൂപത്തിലാകുമെന്ന് പറയാറുണ്ട്. ഗായകനായ യേശുദാസ് തൊണ്ടതുറന്നൊന്ന് ചുമച്ചാൽ അത് അരനിമിഷം സ്വരരാഗസുധയായി മാറുമെന്ന് കേൾക്കാറുണ്ട്. നർത്തകിയായ മൃണാളിനി സാരാഭായി കാലിൽ മുള്ളുതറച്ച് മുടന്തി നടന്നാൽപോലും അതിൽ ഭരതനാട്യത്തിന്റെ ചേലുണ്ടാകുമെന്ന് കേൾക്കാറുണ്ട്. അഗതാ ക്രിസ്റ്റി ഒരു ടെലിഫോൺ നമ്പർ കുറിച്ചുവച്ചാൽ അതൊരു ഡിറ്റക്റ്റീവ് നോവലിന്റെ ഉദ്വേഗമുണ്ടാക്കുമെന്ന് കേൾക്കാറുണ്ട്. വിവയൻ സാത്രേ ആനയെക്കുറിച്ച് എഴുതിയാൽ അത് അസ്ഥിത്വ വേദാന്തമായിപ്പോകും. ഇതെല്ലാം ജന്മനായുള്ള ചില വരങ്ങളാണ്. പക്ഷേ കോൺഗ്രസ്സിന് ജന്മനാ ശാപങ്ങൾ മാത്രമാണ് കിട്ടിയത്. പറഞ്ഞതെല്ലാം അവർക്കെതിരെ ബൂമറാംഗായി തിരിച്ചടിക്കും. കോൺഗ്രസ് അഴിമതിയെക്കുറിച്ച് പറയുകയാണ്. അഴിമതിയെക്കുറിച്ച് പറയാൻ പറ്റിയ

പാർട്ടിയാണ് കോൺഗ്രസ്. അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ഏറ്റവും വലിയ ആൾരൂപങ്ങളടങ്ങിയ ഒരു പാർട്ടി. അടിമുടി അഴിമതിയുടെ ചെളിക്കുണ്ടിലാണ്ട ഒരു രാഷ്ട്രീയ പാർട്ടി അഴിമതിക്കെതിരായി നന്നായി പ്രസംഗിക്കുമ്പോൾ അത് നിങ്ങളുടെ നെഞ്ചത്തേയ്ക്കാണ് തിരിച്ചുകൊള്ളുക എന്ന് മനസ്സിലാക്കണം. അതുപോലെ ഇവിടെ കരിനിയമങ്ങളെക്കുറിച്ച് പറഞ്ഞു. യു.എ.പി.എ. കൊണ്ടുവന്നത് ഇവരാണ്. ഡി.ഐ.ആർ. പ്രകാരം എത്രപേരെയാണ് അറസ്റ്റ് ചെയ്തത്. Maintenance of Internal Security Act (MISA) പ്രകാരം ആയിരക്കണക്കിന് ആളുകളെയല്ലേ തടവിലാക്കിയത്. ഇത് Maintenance of Internal Security Act അല്ല, Most Inhuman and savage Act ആണെന്ന് ബ്ലിസിന്റെ പത്രാധിപനായിരുന്ന കരൺജി എഴുതി. കാടത്തപരവും മനുഷ്യത്വരഹിതവുമായ ആ നിയമം നടപ്പിലാക്കിയത് നിങ്ങളാണ്. എൻ.ഐ.എ. കൊണ്ടുവന്നത് നിങ്ങളാണ്. എൻ.ഐ.എ.-യുടെ അധികാരം കൂട്ടാൻവേണ്ടി ബി.ജെ.പി. പാർലമെന്റിൽ ബിൽ അവതരിപ്പിച്ചപ്പോൾ അതിന് കോൺഗ്രസ് പൂർണ്ണ പിന്തുണ കൊടുത്തു. ലീഗ് എതിർത്ത് പ്രസംഗിച്ചു. പക്ഷേ വോട്ടിന്റെ സമയത്ത് അവരെ കാണാനില്ല, മൂത്രമൊഴിക്കാൻ പോയി. ഞാൻ ആരെയും കുറ്റം പറയുന്നില്ല. ഇതിന്റെയെല്ലാം

അവകാശികൾ നിങ്ങളാണ്. എന്നിട്ടിപ്പോൾ നിങ്ങൾ ചെയ്യുന്നതെന്താണ്? നിങ്ങൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ എതിർക്കുന്നു. കേരളത്തിലെ മുഖ്യമന്ത്രിക്കെതിരായി സംസാരിക്കുന്നു. നിങ്ങളുടെ വിഷയ ദാരിദ്ര്യം, ലാവ്‌ലിൻ, ഒറ്റക്കാര്യം മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. രാഷ്ട്രീയ ശത്രു ഇന്ത്യയിലെ വലതുപക്ഷം. പത്മവ്യൂഹമാകെ ചൊരിഞ്ഞ് പത്മവ്യൂഹത്തിലകപ്പെടുത്താൻ നോക്കിയാലും ഏത് ഒറ്റുകാരന്റെ മുളയാണിക്കും ഏത് ആക്രമണത്തിനും ഒരു കള്ളക്കോലിനും പിണറായി വിജയനെന്ന പടത്തലവനെ തൊടാൻപോലുമാകില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. അത് കേരളത്തിന്റെ പ്രകാശമാണ്. ഈ നാടിനെ ശരിയായ വഴിയിലൂടെ നയിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രി. കേരളത്തെ ശരിയായ വഴിയിലൂടെ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഈ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ രണ്ട് പ്രളയം. ചില പ്രത്യേക സമയത്ത് നമ്മുടെ വീടുകളിൽ ചില ഗോസായിമാർ കടന്നുവരാറുണ്ട്. അവർ നമ്മുടെ വീട്ടിലേയ്ക്ക് കടന്നുവരുമ്പോൾ മുറ്റത്ത് കളിച്ചുകൊണ്ടുനിൽക്കുന്ന കുട്ടികൾപോലും ഇതാ വെള്ളപ്പൊക്കം വരുന്നുവെന്ന് വിളിച്ചുപറയാറുണ്ട്. അവർ നമ്മളോട് ഭക്ഷണവും വസ്ത്രവും പണവും ചോദിക്കും. അവസാനം അവർ ഒരു ചുരുട്ടിപ്പിടിച്ച കടലാസ്

നമ്മുടെ നേരെ നീട്ടും. അവർ വടക്കേ ഇന്ത്യയിൽനിന്നും വരുന്ന ആളുകളാണ്. കടുത്ത വെള്ളപ്പൊക്കത്തിൽ എല്ലാം നഷ്ടപ്പെട്ട ആളുകൾ, ഇവരെ സഹായിക്കണമെന്ന് അതിൽ എഴുതിയിട്ടുണ്ടാകും. അതാണ് അവിടത്തെ ദുരിതാശ്വാസ പ്രവർത്തനം. ഈ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ പ്രളയമുണ്ടായിട്ടും കേരളത്തിലെ മൂന്നരക്കോടി ജനങ്ങളിൽ ഒരാൾപ്പോലും യാചകനെപ്പോലെ അലയേണ്ടി വന്നിട്ടില്ലെങ്കിൽ അത് ഈ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടമാണ്. അത് മലയാളിയുടെ നേട്ടമാണ്, കേരളത്തിന്റെ നേട്ടമാണ്. ആത്മവിശ്വാസവും അഭിമാനവുമുള്ള, ആകാശത്ത് ഉയർന്നുപറക്കുന്ന, ഈ അഭിമാനപുത്രന്റെ രാഷ്ട്രീയത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഒരുമിച്ച് നിൽക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, യഥാർത്ഥത്തിൽ ശ്രീ. പി. കെ. ശശി വ്യവസായവും ഇലക്ട്രിസിറ്റിയും ഒഴികെ ബാക്കിയെല്ലാം പറഞ്ഞു. ശ്രീ. പിണറായി വിജയനാണ് സബ്ജക്ടെന്നുള്ള ധാരണയിലാണ് അദ്ദേഹം അവസാനിപ്പിച്ചത്. അതിനുവേണ്ടിയുള്ള ഡിമാന്റാണെന്ന തെറ്റിദ്ധാരണ വന്നു. ശ്രീ. പി. കെ. ശശിയായതുകൊണ്ട് ആ തെറ്റിദ്ധാരണയെക്കുറിച്ച് ഞാൻ

വിശദീകരിക്കുന്നില്ല. അതവിടെ നിൽക്കട്ടെ. ഞാൻ വ്യവസായത്തെക്കുറിച്ച് ഒരുവാക്ക് പറയുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 1833.2 കോടി രൂപയുടെ നഷ്ടമുണ്ടെന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള കണക്കുകൾ. അത് പ്ലാനിംഗ് ബോർഡിന്റെ കണക്കാണ്. അങ്ങത് പരിശോധിക്കണം. ആ നഷ്ടം നികത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണം. ഇവർ പറയുന്നതുകേട്ട് അങ്ങ് പൊങ്ങരുത്. സംഗതി കുഴപ്പത്തിലാകും. കൂടാതെ വ്യവസായവുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി എനിക്ക് പറയാനുണ്ട്. അത് പലപ്പോഴായി അങ്ങയെ ഓർമ്മിപ്പിച്ചതാണ്. ട്രാവൻകൂർ സിമന്റ്സിനെ രക്ഷിക്കാനുള്ള മാർഗ്ഗം അങ്ങ് നോക്കണം. അതിനുള്ള നടപടി അങ്ങ് സ്വീകരിക്കണം. ഞാൻ പ്രധാനമായും വൈദ്യുതിയെക്കുറിച്ച് പറയാനാണ് ആഗ്രഹിക്കുന്നത്. വൈദ്യുതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞപ്രാവശ്യം കുറേകാര്യങ്ങളിൽ അവകാശവാദം പറഞ്ഞ ഒട്ടനവധി ലഘുലേഖകൾ ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. വളരെ മനോഹരമായി അച്ചടിച്ച ലഘുലേഖകളാണവ. എനിക്ക് അതിന്റെ വർണ്ണഭംഗിയെക്കുറിച്ചൊന്നും തർക്കമില്ല. വൈദ്യുതി ശൃംഖലയ്ക്ക് സമാന്തരമായി പുതിയ ഒപ്റ്റിക്കൽ ഫൈബർ പാത തുടങ്ങുമെന്ന് 2017-18-ലെ ബഡ്ജറ്റിൽ പറഞ്ഞിരുന്നെങ്കിലും തുടങ്ങിയിട്ടില്ല. സാർവ്വത്രികമായി ഇന്റർനെറ്റ് സൗകര്യം

സർക്കാരിനും ജനങ്ങൾക്കും; കെ.എസ്.ഇ.ബി. മുഖാന്തരം ഈ ശൃംഖല ഓരോ വീട്ടിലും; കെ-ഫോൺ എന്ന പേരിൽ ഒരു പുതിയ ശൃംഖല ഇതൊക്കെ നമ്മുടെ നാട്ടിൽ കേട്ടുകൊണ്ടിരുന്ന കാര്യങ്ങളാണ്. അതൊന്നും നടന്നിട്ടില്ല. ഈ ശൃംഖലയ്ക്കുവേണ്ടി കിഫ്ബിയിൽ നിന്ന് ആയിരം കോടി രൂപ ലഭ്യമാക്കുമെന്ന് പറഞ്ഞിട്ട് എത്ര കോടി രൂപ കൊടുത്തുവെന്ന് എനിക്കറിയില്ല. 2020 ആയിട്ടും പണവും കിട്ടിയിട്ടില്ല, പണിയും തുടങ്ങിയിട്ടില്ലെന്നുള്ളതാണ് നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന വിഷമം. കെ.എസ്.ഇ.ബി.-യെ സംബന്ധിച്ച 2017-18-ലെ ആനുവൽ റിപ്പോർട്ടാണ് എന്റെ കയ്യിലുള്ളത്. ആ റിപ്പോർട്ടിൽ പറയുന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. എന്നാലും അങ്ങയുടെ ശ്രദ്ധയ്ക്കുവേണ്ടി ഞാൻ വായിക്കാം. " Since the Company does not have a centralized system/records, we are not in a position to comment on the dues of income tax or sales tax or service tax or duty of customs or duty of excise or value added tax, goods and services tax or cess which have not been deposited on account of any dispute." അങ്ങയുടെ കീഴിലുള്ള കമ്പനിയുടെ ഓഡിറ്റ് റിപ്പോർട്ടിലാണ് ഇത് പറഞ്ഞിരിക്കുന്നത്. അതിൽ സെസിന്റെ പണംപോലും അടച്ചിട്ടില്ലെന്ന് പറയുന്നുണ്ട്. ഇവിടെ മൂന്ന് പ്രാവശ്യം

വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു. അക്കൂട്ടത്തിൽ സെസ്സും കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ആ പിരിച്ച കാശ് അടച്ച് ഓഡിറ്റ് ചെയ്യുന്നതിന് ഇനിയെങ്കിലും അങ്ങ് നിർദ്ദേശം കൊടുക്കണം. അതുണ്ടായിട്ടില്ലെന്നാണ് അങ്ങയുടെ ഈ പുസ്തകത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. വൈദ്യുതി രംഗത്ത് വലിയ മാറ്റമാണെന്നൊക്കെ പറഞ്ഞു. ഇതൊന്നും വ്യക്തിഗതമല്ല, അതെല്ലാം വ്യത്യസ്തമാണ്. കാരണം ഒരു മന്ത്രിയെന്ന നിലയിൽ ചെയ്യേണ്ട കടമകൾ നിറവേറ്റുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ വിമർശനങ്ങൾ നടത്തുന്നത്.

Kerala State Electricity Board abstract of arrears - current charges as on 31-12-2019-ൽ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾ കൊടുക്കാനുള്ള 452 കോടി രൂപയും ക്യാപ്റ്റീവ് പവർ പ്ലാന്റ് കൊടുക്കാനുള്ള 56 കോടി രൂപയും ഉൾപ്പെടെ 508 കോടി രൂപ സ്വകാര്യ വ്യക്തികളിൽനിന്നും കുടിശ്ശികയായി കിട്ടാനുണ്ട്. അതുകൂടാതെ 904.23 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്നാണ് ഈ അബ്സ്ട്രാക്ടിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. വാനോളം പൊക്കുകയും വാണത്തിൽ കയറ്റി വിടുകയും ചെയ്യുമ്പോൾ ദയവായി ഈ കണക്കുകൂടി പരിശോധിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ സംസ്ഥാനത്ത്

നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കാര്യമായിട്ടുള്ളതല്ല. അങ്ങുതന്നെ ഇക്കാര്യം സമ്മതിച്ചിട്ടുണ്ട്. ഡോ. എം. കെ. മുനീറും ശ്രീ. എൻ. എ. നെല്ലിക്കുന്നും ഉൾപ്പെടെയുള്ളവരുടെ ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയിൽ എസ്.റ്റി.-യിൽ നിന്നും കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 904.22 കോടി രൂപയാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതൊന്നും നിഷേധിക്കാനാകാത്ത കാര്യങ്ങളാണ്. നിങ്ങളുടെ അക്കൗണ്ടുകളും പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടും പരിശോധിക്കുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ ട്രാക്ക് തെറ്റി പോകുന്നുവെന്നാണ് മനസ്സിലാകുന്നത്. അതിനെ ശരിയായ വിധത്തിൽ കൊണ്ടുവരണം.

സ്വാഭാവികമായും ഏത് മന്ത്രിയും ഏത് ഗവൺമെന്റും അവരുടെ വകുപ്പുകളെ സംബന്ധിച്ച് കുറേ അവകാശവാദങ്ങൾ പറയും. മുമ്പ് സമ്പൂർണ്ണ വൈദ്യുതീകരണമെന്ന അവകാശവാദം പറഞ്ഞത് എന്റെ മുന്നിലിരിക്കുന്ന ശ്രീ. എ. കെ. ബാലനാണ്. അന്ന് പാലക്കാട് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചതാണ്. അങ്ങയുടെ പ്രഖ്യാപനം അസാധുവാക്കിക്കൊണ്ടാണ് പുതിയ പ്രഖ്യാപനം വരുന്നത്. ഒരു സമ്പൂർണ്ണ വൈദ്യുതീകരണം രണ്ട് പ്രാവശ്യം നടക്കുന്നതെങ്ങനെയാണ്? അതിനുശേഷം ശ്രീ. ആര്യാടൻ

മുഹമ്മദും സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചു. അപ്പോൾ ഇതിന്റെ ട്രിക്ക് എന്താണ്? സമ്പൂർണ്ണ വൈദ്യുതീകരണം കഴിഞ്ഞ് നിർമ്മിച്ച പുതിയ വീടുകൾക്കുകൂടി വൈദ്യുതി കൊടുത്തു എന്നുള്ളത് മാത്രമേയുള്ളൂ. അവർക്ക് വൈദ്യുതി നൽകാതെ കയ്യുംകെട്ടി നോക്കിയിരിക്കാൻ സാധിക്കുമോ? അതൊരു മഹാകാര്യമായി പറയണ്ട. അങ്ങ് ചെയ്തിട്ടുണ്ടാകാം. ഇല്ലെന്ന് ഞാൻ പറയുന്നില്ല. അതൊരു മഹാകാര്യമായി പറഞ്ഞാലോ; ബാലൻസ് വന്ന വീടുകളുടെ കാര്യംമാത്രംവച്ച് പരിശോധിക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. മാത്രമല്ല ഇപ്പോൾ ചില പദ്ധതികളുണ്ട്. ദീൻദയാൽ ഉപാധ്യായ ഗ്രാമ്ജ്യോതി യോജന പദ്ധതി കേന്ദ്ര ഗവൺമെന്റിന്റേതാണ്. ദീൻദയാൽ ഉപാധ്യായ പ്രോജക്ട് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ഉതകുന്നതാണെങ്കിൽ അത് ബി.ജെ.പി. ഗവൺമെന്റിന്റേതാണോ എന്നൊന്നും പറയുന്നില്ല. ഗുണം കിട്ടുന്നത് പാവപ്പെട്ടവനാണോയെന്ന് മാത്രമേ ഞാൻ പരിശോധിക്കുന്നുള്ളൂ.

ഇവിടെ സോളാറിനെക്കുറിച്ച് ധാരാളം ചർച്ചകൾ നടന്നതാണ്. ആയിരം മെഗാവാട്ട് സൗരോർജ്ജമെന്നത് അവകാശവാദമാണ്. ഇത് അങ്ങിവിടെ പറഞ്ഞ കണക്കാണ്; Tata Power 30 MW, Waaree Energy Limited 6.5

MW, Inkel 10 MW ആകെ 46.5 MW. ആയിരം മെഗാവാട്ട് എന്ന് പറയുമ്പോൾ നമുക്ക് കിട്ടിയിരിക്കുന്നത് 46.5 മെഗാവാട്ടാണ്. അങ്ങ് പരിശോധിക്കണം. വെറുതെ അക്കങ്ങൾ കൂട്ടിപോയതുകൊണ്ട് കാര്യമില്ല. അതിന് ഈ യാഥാർത്ഥ്യമൊക്കെ കണ്ടുകൊണ്ടുവേണം നിലപാടെടുക്കാനെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

പവർ പർച്ചേസിനെക്കുറിച്ച് ധാരാളം വിവാദങ്ങൾ നമ്മുടെ സമൂഹത്തിൽ നടക്കുകയാണ്. Jindal India Pvt. Limited കമ്പനിയുടെ കയ്യിൽനിന്നും പവർ വാങ്ങുന്നതിന് തീരുമാനമെടുത്തോയെന്നത് എല്ലാവർക്കുമറിയാം. ചീഫ് എഞ്ചിനീയറുടെ ചുമതലയിലേയ്ക്ക് ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ നിയമിച്ചാൽ, ആ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അങ്ങയുടെ പാർട്ടിയിൽപ്പെട്ടയാളാണ്. എനിക്കതിലൊന്നും വിരോധമൊന്നുമില്ല. കാരണം അവർക്ക് സംഘടനയുണ്ട്. ആ സംഘടനയുടെ പണ്ടത്തെ പ്രസിഡന്റായിരുന്നു; അദ്ദേഹം അവിടെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായി, അദ്ദേഹം തന്നെ ചീഫ് എഞ്ചിനീയറാക്കി. എന്നിട്ട് 40 വർഷത്തേയ്ക്കുള്ള ദീർഘകാല കരാറിൽ ഒപ്പ് വയ്പ്പിച്ചു. ആ കരാറിന്റെ രേഖയൊന്നും പുറത്ത് വരുന്നില്ല. അതുകൊണ്ട് ദയവായി ചെയർ നിർദ്ദേശം കൊടുക്കണം, മുഖ്യമന്ത്രിയോടും ഞാൻ

അഭ്യർത്ഥിക്കുകയാണ്. ആ കരാറിന്റെ എല്ലാ രേഖകളും സഭയുടെ മേശപ്പുറത്ത് വയ്ക്കണം. കേരളത്തിലെ ജനങ്ങൾ അത് അറിയട്ടെ, ശരിയെങ്കിൽ ശരി, തെറ്റെങ്കിൽ തെറ്റ്. രേഖ എന്തിനാണ് രഹസ്യമായി വച്ചിരിക്കുന്നത്. ആ രേഖ നമ്മുടെ സമൂഹം അറിയട്ടെ. ജനങ്ങൾ ചർച്ച ചെയ്യട്ടെ. അങ്ങ് തർക്കുത്തരമൊക്കെ ചിലപ്പോൾ പറയും. എനിക്ക് അങ്ങ് പറയുന്നത് ഇഷ്ടമാണ്. ഇന്നും പറയുന്നത് കേട്ടു, പുളിങ്കുരു ഒന്നുമല്ല ബോർഡിലെ ഉദ്യോഗസ്ഥർക്ക് എണ്ണിക്കൊടുക്കുന്നത് കാശാണ് എന്നൊക്കെ. അദ്ദേഹം spontaneous ആയി പറഞ്ഞതൊക്കെ ഞാൻ ഓർക്കുന്നുണ്ട്. ഇവിടെ നമ്മുടെ പ്രശ്നം, ആ കരാർ എന്താണെന്നറിയാൻ കേരളത്തിലെ ജനങ്ങൾക്ക് അവകാശമുണ്ട്. ആ കരാർ രഹസ്യ സ്വഭാവത്തിൽ വയ്ക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

പവർ ട്രേഡിംഗ് കോർപ്പറേഷൻ ടാറ്റാ പവറിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുവേണ്ടി ഇതേ രൂപത്തിൽ മറ്റൊരു കരാർകൂടി ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. കരാറുണ്ടെങ്കിൽ അതിലെ വ്യവസ്ഥകളെന്തൊക്കെയാണെന്ന് കേരളത്തിലെ ജനങ്ങൾ അറിയട്ടെ. അതിനുള്ള അവകാശം ഞങ്ങൾക്കുണ്ട്. അതുകൂടി രംഗത്ത്

കൊണ്ടുവരണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. താൽച്ചർ, രാമഗുണ്ടം, സിംഹാദ്രി, കുഡ്ഗി എന്നിങ്ങനെയുള്ള NTPC സ്റ്റേഷനുകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി ഒഴിവാക്കിക്കൊണ്ടാണ് ജിണ്ടാൽ കമ്പനിയിൽനിന്ന് ടാറ്റാ പവർ എഗ്രിമെന്റ് വച്ചതെന്ന ഒരാക്ഷേപം ഉദിക്കുന്നുണ്ട്. അത് പരിശോധിക്കണം. നമുക്ക് കിട്ടാൻ സാധ്യതയുണ്ടായിരുന്ന ആ വൈദ്യുതി എന്തുകൊണ്ട് വേണ്ടെന്നുവച്ചു. ആ വൈദ്യുതി കേരളത്തിന് ഉപകാരമായി കിട്ടുമോ, അതോടൊപ്പംതന്നെ ഹരിപ്പാടുള്ള NTPC-യുടെ പവർ സ്റ്റേഷനെക്കുറിച്ച് ഇന്നലെ ആരോ പറയുന്നതുകേട്ടു. ഹരിപ്പാടെന്ന് കേട്ടപ്പോൾ പ്രതിപക്ഷ നേതാവെന്ന് തെറ്റിദ്ധരിച്ചിട്ടുണ്ടാകും.

ട്രാൻസ്ഗ്രിഡ് പദ്ധതിയെക്കുറിച്ച് ധാരാളം ചർച്ച നമ്മുടെ സമൂഹത്തിൽ നടന്നിട്ടുണ്ട്. പതിനായിരം കോടി രൂപയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ട് സ്റ്റേജിൽ മുടക്കുന്നതിന് തീരുമാനിച്ചത്. ഇന്നത്തെ ദേശാഭിമാനി പത്രത്തിലുണ്ട്. "ട്രാൻസ്ഗ്രിഡ് രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിലേയ്ക്ക് കെ.എസ്.ഇ.ബി; രണ്ടാംഘട്ടത്തിന്റെ ആദ്യ പ്രവൃത്തിയായ ശബരി ലൈൻ പാക്കേജിന്റെ നിർമ്മാണം സ്റ്റെർലൈറ്റ് കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനിച്ചു". എന്റെ കയ്യിൽ ബോർഡിന്റെ ഓർഡർ ഉണ്ട്. ട്രാൻസ്ഗ്രിഡ്

പദ്ധതിയെക്കുറിച്ച് ഈ സമൂഹത്തിൽ ധാരാളം ചർച്ചകൾ നടക്കുകയാണ്. വിവാദമായ രൂപത്തിൽ അത് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ നിൽക്കുകയാണ്. ആ വിവാദത്തെയോ അതിന്റെ സംശയത്തെയോ ദൂരീകരിക്കുന്നതിനുമുമ്പ് വളരെ ധൃതി കാണിച്ച് ഇന്നലെത്തന്നെ ഓർഡർ കൊടുത്തു എന്നുപറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതിനെക്കുറിച്ച് അങ്ങ് വിശദീകരിക്കണം. നാട്ടിലെ ജനങ്ങൾ അക്കാര്യങ്ങൾ അറിയട്ടെ. ഇന്നലെയാണ് അതിനുവേണ്ടിയുള്ള ഉത്തരവ് ഇറക്കിയത്. അതുകൊണ്ട് അതിന്റെ വിശദവിവരം അങ്ങ് ഇവിടെ പറയണം. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ കോട്ടയം, കോലത്തുനാട് ലൈൻ പാക്കേജുകൾ സ്റ്റെർലൈറ്റ്, L&T എന്നീ കമ്പനികൾക്ക് ടെണ്ടർ തുകയിൽ നിന്ന് 50 മുതൽ 65 ശതമാനംവരെ വർദ്ധിപ്പിച്ചു എന്നാണ്. ആ എഗ്രിമെന്റ് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ചുള്ളതാണ്. ഡി.എസ്.ആർ. അനുസരിച്ചാണ് അവർ ടെണ്ടർ സബ്മിറ്റ് ചെയ്തത്. ഡൽഹി റേറ്റിന് ഒരു പ്രത്യേകതയുണ്ട്. പാലങ്ങളും വിമാനത്താവളങ്ങളും പണിയുന്നതിനുവേണ്ടി ഒരേ സ്ഥലത്തുനടക്കുന്ന കൺസ്ട്രക്ഷന് വേണ്ടിയാണ് അവർ ഡി.എസ്.ആർ. ഉണ്ടാക്കിയിട്ടുള്ളത്. ശബരി പദ്ധതിയെന്ന് പറയുമ്പോൾ, അത് ഇടുക്കി,

പത്തനംതിട്ട തുടങ്ങിയ പല പ്രദേശങ്ങളെ ബാധിക്കുന്നതുകൊണ്ട് ഡി.എസ്.ആർ.-നും അപ്പുറത്തേയ്ക്ക് റേറ്റ് പോകുകയാണ്. അതാണ് നമ്മുടെ പ്രശ്നം. എന്തുകൊണ്ടാണ് ഇങ്ങനെ വന്നതെന്ന് വിശദീകരിക്കണം. നേരത്തെ ശ്രീ. വി. ഡി. സതീശൻ അടിയന്തരപ്രമേയത്തിൽ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അതെല്ലാം റെക്കോർഡിൽ ഉള്ളതുകൊണ്ട് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. പക്ഷേ, സംശയത്തിന്റെ നിഴലിൽ ഇപ്പോഴും നിൽക്കുന്നു എന്നുള്ളതാണ്. കിഫ്ബിയിലെ പതിനായിരം കോടി രൂപ വിനിയോഗിക്കുമ്പോൾ, കിഫ്ബി ഈ പണം നേരിട്ട് നിങ്ങളെ ഏൽപ്പിക്കുകയാണ്. നിയമസഭ ഇത് അറിയേണ്ടതല്ലേ; നിയമസഭ അറിഞ്ഞല്ലേ ഈ കാര്യങ്ങൾക്ക് ഒരു തീരുമാനം ഉണ്ടാകേണ്ടത്. കിഫ്ബി അനുവദിക്കുന്ന തുകയുടെ തിരിച്ചടവ് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കും എന്നുള്ളതാണ് എഗ്രിമെന്റ്. പതിനായിരം കോടി രൂപ കിഫ്ബി നൽകിയില്ലെങ്കിൽ സംസ്ഥാന സർക്കാർ വേണം നൽകാൻ. നമ്മുടെ ഖജനാവിൽനിന്ന്, നമ്മൾ നൽകുന്ന പണത്തിൽനിന്നും വേണം നൽകാൻ. ഇതിന്റെ വ്യവസ്ഥകൾ അറിയാൻ നമുക്ക് അധികാരമില്ലേ; നമ്മൾ അറിയേണ്ടതല്ലേ; ഈ സമൂഹം അറിയേണ്ടതല്ലേ; നിയമസഭ ചർച്ച

ചെയ്യേണ്ടതല്ലേ; സി.ആൻഡ് എ.ജി.-യുടെ പരിശോധനയ്ക്കുപോലും ഇത് നൽകുന്നില്ലായെന്ന നിലയിലേയ്ക്ക് വന്നാലോ; അവിടെയും ഇവിടെയും ഒരു പരിശോധന നടക്കുന്നില്ല, പോകാനുള്ള പണം പോകുകയും ചെയ്യും. അത് ശരിയായ വഴിയിലൂടെയാണോ എന്നതിനെക്കുറിച്ച് സമൂഹത്തിനും കേരളത്തിനും അറിയേണ്ടതുണ്ട്. അതുകൊണ്ട് നമ്മുടെ സമൂഹത്തിലെ ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക് പോകണം എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. എന്റെ കയ്യിൽ രണ്ട് രേഖകൾ കൂടിയുണ്ട്. അടുത്ത പ്രാവശ്യം ഞാൻ പ്രസംഗിക്കുമ്പോൾ അത് സഭയിൽ അവതരിപ്പിക്കാം. ഇവിടെ നടക്കുന്ന തെറ്റായ പ്രവർത്തനങ്ങൾക്ക് അവസാനം ഉണ്ടാകണം. നമ്മുടെ നാട്ടിലെ ഒരുപാട് സംശയങ്ങൾ ജനങ്ങളുടെ മുന്നിലുണ്ട്. അത് ദൂരീകരിക്കുന്നതിനുള്ള നടപടിയെടുക്കാം.

ഞാനാണ് അവസാനം സംസാരിക്കുന്നത് എന്നുള്ളതുകൊണ്ട് ചില അംഗങ്ങൾ എന്നെ പ്രൊവോക്ക് ചെയ്യാൻവേണ്ടി ബഹുമാനപ്പെട്ട വൈദ്യുത വകുപ്പുമന്ത്രിയുമായി ബന്ധപ്പെടുത്തി ഞാൻ അങ്ങനെ ചെയ്തുവെന്ന് പറയുകയുണ്ടായി. എനിക്ക് അതിലൊന്നും പങ്കില്ല. തൊടുപുഴ, മണക്കാട്ട് സി.പി.ഐ.(എം)-ന്റെ യോഗത്തിലെ പ്രസംഗം ഞങ്ങൾ ടേപ്പ് വച്ച്

പിടിച്ചതാണോ? ആ യോഗത്തിൽ നടന്ന പ്രസംഗത്തിന്റെ ടേപ്പ് കൊടുത്തത് ആരാണെന്നും ഏഷ്യാനെറ്റിൽ വന്നത് എങ്ങനെയാണെന്നും നിങ്ങൾ ആലോചിച്ചാൽ മതി. അതിനൊന്നും നിങ്ങൾ എന്നെ പിടിക്കേണ്ട കാര്യമില്ല. ആ യോഗത്തിലെ പ്രസംഗം റെക്കോർഡ് ചെയ്ത് ടി.വി.-യിൽ വന്നതിന് എനിക്ക് എന്താണ് ചെയ്യാൻ കഴിയുന്നത്. അതിനപ്പുറവും ഇപ്പുറവുംനിന്നും ഒരുപാട് കാര്യങ്ങൾ ചോദിച്ചു. നിങ്ങൾ കോടതിയിൽ പോയി, കോടതിക്ക് പുറത്തുപോയി, കേസ് ഇപ്പോഴും നിൽക്കുന്നുണ്ട്. അത് അതിന്റെ വഴിക്ക് പോകട്ടേ. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇവിടെ ഒരു കാര്യം മാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഞാൻ ആ കാര്യത്തിലൊന്നും വ്യവസ്ഥയോ നിയമമോ വിട്ട് ഞാൻ ഉൾക്കൊള്ളുന്ന പാർട്ടിയോ ഞങ്ങളുടെ മുന്നണിയോ നിയമവിരുദ്ധമായി ഒരു നടപടിക്കും പോകില്ല. ഇന്ന് പലതും നടക്കുന്നതുപോലെ ഞങ്ങൾ ആ നടപടിയിലേയ്ക്ക് പോകില്ല. ഞാൻ ചോദിച്ച പ്രമുഖമായ മൂന്ന് ചോദ്യങ്ങൾക്ക് ദയവായി ഉത്തരം നൽകണമെന്ന് വിനയപൂർവ്വം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി.</u>

ജയരാജൻ): സർ, വളരെ വിശദമായി തന്നെ ചർച്ച ചെയ്യേണ്ട വിഷയമായിരുന്നു. പക്ഷേ എന്തുകൊണ്ടെന്നറിയില്ല, വിഷയ ദാരിദ്ര്യം എന്ന് പറയാറുണ്ട് അതുപോലെതന്നെ ഇവിടെയും വിമർശന ദാരിദ്ര്യം വന്നത് ഈ വകുപ്പിന്റെ മെച്ചപ്പെട്ട പ്രവർത്തനം കൊണ്ടായിരിക്കും എന്ന് ഞാൻ കണക്കുകൂട്ടുന്നു. അത്തരമൊരു നില ഉണ്ടായതിൽ വളരെയധികം സന്തോഷമുണ്ട്. ഇനിയും നമുക്ക് കേരളത്തിന്റെ വ്യവസായ രംഗത്തെ കൂടുതൽ ശക്തിപ്പെടുത്താൻ പ്രവർത്തിക്കാം. നിങ്ങൾ പല നിർദ്ദേശങ്ങളും ഉന്നയിച്ചിട്ടുണ്ട്. തീർച്ചയായും അതെല്ലാം പരിശോധിച്ച് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

കേരളം അതിന്റെ പുരോഗതിയുടെ സുപ്രധാന ഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. സമഗ്രവും സർവതലസ്പർശിയുമായ വികസനം എന്ന ലക്ഷ്യത്തിലേയ്ക്ക് നാം വിജയകരമായി മുന്നേറുകയാണ്. നാടിന്റെ വളർച്ചയും നന്മയും ഒരുപോലെ ലക്ഷ്യമിട്ടുള്ള കൃത്യമായ ബദൽ നടപടികളുമായി രാജ്യത്തിനുതന്നെ മാതൃകയാകുകയാണ് കേരളം. കേരളത്തിന്റെ ഈ മുന്നേറ്റത്തിൽ സുപ്രധാന പങ്ക് വഹിക്കാൻ വ്യവസായ മേഖലയ്ക്ക് സാധിച്ചിരിക്കുന്നു എന്നുള്ളത് അഭിമാനകരമാണ്. ഒരു കാലത്ത്

സങ്കൽപ്പിക്കാൻപോലും കഴിയാത്ത മാറ്റങ്ങളാണ് വ്യവസായ മേഖലയിൽ യാഥാർത്ഥ്യമായിരിക്കുന്നത്. ദേശീയ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി രണ്ടാം വർഷവും കേരളം ഒന്നാമതാണ്. സുസ്ഥിര വികസന സൂചികയിലെ പരിഗണനാ വിഷയമായ വ്യവസായ വികസനത്തിന് ഏറ്റവും മികച്ച പ്രകടനത്തോടെയാണ് കേരളം ഒന്നാമത് എത്തിയത്. വ്യവസായ വികസനത്തിൽ 2018-ൽ 68 പോയിന്റ് നേടിയ കേരളം ഇത്തവണ 88 പോയിന്റ് നേടി. നീതി ആയോഗിന്റെ ഇന്ത്യ ഇന്നൊവേഷൻ സൂചികയിൽ മികച്ച ബിസിനസ് സാഹചര്യമുള്ള സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനത്താണ് കേരളം. സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തെ കേരളത്തിലെ മൊത്തം ആഭ്യന്തര ഉത്പാദനം 7.2 ശതമാനം വരും. ഈ കാലയളവിലെ ദേശീയ ശരാശരി 6.9 ശതമാനം മാത്രമാണ്. ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെട്ട വളർച്ചാനിരക്ക് കൈവരിക്കാൻ കേരളത്തെ സഹായിച്ചത് വ്യവസായ രംഗത്തെ പുരോഗതിയാണെന്നാണ് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്. സംസ്ഥാന വരുമാനത്തിൽ 2018-19-ൽ വ്യവസായ മേഖലയുടെ സംഭാവന 13.2 ശതമാനമാണ്. 2014-15-ൽ 9.8 ശതമാനം മാത്രമായിരുന്നു. ക്രിയാത്മകമായി

പ്രവർത്തിക്കാനും ഇച്ഛാശക്തിയോടുകൂടി ഇടപെടാനും കഴിയുന്ന ഗവൺമെന്റ് ഇവിടെയുണ്ട്. ഇതുതന്നെയാണ് ഈ മാറ്റത്തിന്റെ പിന്നിലെ ഊർജ്ജം. ഈ ഗവൺമെന്റിന്റെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് വ്യവസായ മേഖലയിലും കാണുന്നത്. നിക്ഷേപകർ ആവേശത്തോടെ മുന്നോട്ടുവരികയാണ്. കേരളത്തിൽ നിക്ഷേപിക്കാൻ ഒരു തടസ്സവുമില്ലെന്നും സംരംഭം നടത്തിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നവർക്ക് ബോദ്ധ്യപ്പെട്ടു. കേരളത്തിൽ നിക്ഷേപസമൂഹം ഇന്ന് സുഗമമാണ്. വികസനത്തോട് മുഖം തിരിച്ച് നിൽക്കുകയും കേരളം വ്യവസായ സൗഹൃദമല്ലെന്ന് ആക്ഷേപിക്കുകയും ചെയ്യുവർക്കുള്ള മറുപടി കൂടിയാണ് ഈ മുന്നേറ്റം. വ്യവസായ വികസനത്തിന്റെ പേരിൽ തട്ടിക്കൂട്ട് പദ്ധതികളും പരിപാടികളും നടത്തുന്നവരെ ജനങ്ങൾക്ക് കൂടുതലായി തിരിച്ചറിയാൻ ഇത് അവസരമൊരുക്കുകയും ചെയ്തു. നിക്ഷേപ സൗഹൃദ സാഹചര്യം സൃഷ്ടിക്കാനുള്ള നടപടികൾ വിജയകരമായ സാഹചര്യത്തിൽ നിക്ഷേപകരെ ആകർഷിക്കാനുള്ള നടപടികൾ സജീവമാക്കി, ഇവർക്ക് നിക്ഷേപം നടത്താൻ വ്യവസായ പാർക്കുകൾ അടക്കം സാധ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കുന്നു. സാങ്കേതികവിദ്യകളുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും കാര്യത്തിൽ കാലത്തിനനുസരിച്ച മാറ്റങ്ങൾ

സ്വീകരിക്കുന്നു. അങ്ങനെ എല്ലാ അർത്ഥത്തിലും നമ്മുടെ വ്യവസായ മേഖല അടിമുടി മാറുകയാണ്. 2016 ജൂൺ മുതൽ 2020 ഫെബ്രുവരി വരെ എല്ലാ മേഖലയിലുമായി 58932 വ്യവസായ സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചു. ഇതിലൂടെ 7443.51 കോടി രൂപയുടെ നിക്ഷേപമുണ്ടായി. ഈ രംഗത്ത് 229578 തൊഴിലുകളും സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കാൻ സ്വീകരിച്ച നടപടികളാണ് ഈ മാറ്റത്തിന് പിന്നിൽ. നിക്ഷേപവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ലളിതമാക്കി. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിനുവേണ്ടി സവിശേഷമായ നിയമം ഇന്ത്യയിൽ പാസ്സാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി 2018-ൽ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് പാസ്സാക്കി. വ്യവസായ അനുമതിക്ക് കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ക്ലിയറൻസ് സംവിധാനം കൊണ്ടുവന്നു. 30 ദിവസത്തിനകം അനുമതി നൽകിയില്ലെങ്കിൽ കൽപ്പിത അനുമതി ലഭിക്കുന്നതാണ്. വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നതാണ് 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം'. ഈ നിയമം അനുസരിച്ച് ഒരു അനുമതിയും ഇല്ലാതെ പത്തുകോടി രൂപ വരെ

മുതൽമുടക്കുള്ള വ്യവസായം തുടങ്ങാം. ഈ നിയമം പ്രാബല്യത്തിൽ വന്ന് ഒരു മാസത്തിനകം സംസ്ഥാനത്ത് 742 സംരംഭങ്ങൾ ആരംഭിച്ചതുവഴി 311 കോടി രൂപയുടെ നിക്ഷേപമുണ്ടായി. അതിന്റെ പ്രവർത്തനങ്ങൾ രണ്ട് മാസത്തിനുള്ളിൽ കേരളത്തിൽ ആരംഭിച്ച് കഴിഞ്ഞിരിക്കുകയാണ്. വ്യവസായ ലൈസൻസിന്റെ കാലാവധി ഒരു വർഷം മുതൽ 3 വർഷംവരെ എന്നത് 5 വർഷമാക്കി വർദ്ധിപ്പിച്ചത് നിക്ഷേപകർക്ക് ഏറെ സഹായകരമായി.

എം.എസ്.എം.ഇ. മേഖലയിലാണ് വ്യവസായ രംഗത്ത് കേരളത്തിന്റെ കരുത്ത്. നിലവിൽ സംസ്ഥാനത്തിന്റെ വ്യവസായ സംരംഭങ്ങളിൽ 70 ശതമാനത്തോളം എം.എസ്.എം.ഇ. യൂണിറ്റുകളാണ്. മുൻകൂർ അനുമതി വേണ്ടെന്ന നിയമം വന്നതോടുകൂടി ഈ രംഗത്ത് വൻ കുതിപ്പുണ്ടായി. 2016 ജൂൺ മുതൽ 2020 ഫെബ്രുവരി 29 വരെ സംസ്ഥാനത്ത് 55740 എം.എസ്.എം.ഇ. യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചതുവഴി 5,093 കോടി രൂപയുടെ നിക്ഷേപവും 194175 തൊഴിലും സൃഷ്ടിക്കപ്പെട്ടു. ഗവൺമെന്റ് തങ്ങൾക്കൊപ്പമുണ്ടെന്ന് സംരംഭകർക്ക് അനുഭവപ്പെടുന്നു. കേരളത്തിന്റെ കഴിഞ്ഞകാല ചരിത്രവുമായി താരതമ്യം ചെയ്യുമ്പോൾ വലിയൊരു മാറ്റമാണുണ്ടായിരിക്കുന്നത്. നിക്ഷേപ പ്രോത്സാഹനത്തിനായി നമ്മൾ

സംഘടിപ്പിക്കുന്ന നിക്ഷേപ സംഗമങ്ങൾക്ക് നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ആഗോള നിക്ഷേപക സംഗമം 'ASCEND 2020' ഗംഭീര വിജയമായി. അസൻഡിൽ ഏതാണ്ട് 138 പദ്ധതി നിർദ്ദേശങ്ങളുണ്ടായി. ഒരു ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപ വാഗ്ദാനമുണ്ടായി. തുടർച്ചയായി നടത്തിയിട്ടുള്ള അസൻഡിന്റെ നിക്ഷേപ പ്രോത്സാഹന നടപടികളെത്തുടർന്ന് 1500 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനവുമുണ്ടായി.

നിക്ഷേപകർക്കായി സംസ്ഥാനത്താകെ വിവിധ തരത്തിലുള്ള 14 വ്യവസായ പാർക്കുകളൊരുങ്ങുന്നു. ഫുഡ് പ്രോസസ്സിംഗ്, ലൈഫ് സയൻസ്, ഇലക്ട്രോണിക്സ്, ഡിഫൻസ്, ലൈറ്റ് എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലാണ് പാർക്കുകൾ. പാലക്കാട് മെഗാ ഫുഡ് പാർക്ക്, ചേർത്തലയിൽ മറൈൻ ഫുഡ്പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് ഇവയെല്ലാം പൂർത്തിയായിക്കഴിഞ്ഞു. പാലക്കാട് ഡിഫൻസ് പാർക്കിന്റെയും തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെയും മെഡിക്കൽ ഡിവൈസ് പാർക്കിന്റെയും നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുകയാണ്. സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കാൻ ഈ

ഗവൺമെന്റ് തീരുമാനിച്ചു. തുടക്കത്തിലുണ്ടായിരുന്ന പ്രതികരണമല്ല ഇപ്പോൾ. നല്ല പ്രതികരണമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. നിക്ഷേപസൗഹൃദ സാഹചര്യം സൃഷ്ടിക്കപ്പെട്ടതോടെ നിരവധിപേർ സ്വകാര്യ പാർക്ക് എന്ന ആശയവുമായി മുന്നോട്ടുവരുന്നുണ്ട്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിലുള്ള സംരംഭം ആരംഭിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് അസൻഡിനെക്കുറിച്ച് പറഞ്ഞു. അസൻഡ് തുടങ്ങുന്നതിന് തൊട്ടുമുമ്പ് ലാൻഡ് അസൈൻമെന്റ് റൂൾസിൽ മാറ്റം വരുത്തിക്കൊണ്ട് ജനുവരി 8-ാം തീയതി വ്യവസായ വകുപ്പ് ഒരു ഉത്തരവിറക്കി. അതനുസരിച്ച് എന്റർപ്രണേഴ്സിന് ലീസിന് നൽകാൻവേണ്ടിയാണ്. അതിലൊന്നും തെറ്റില്ല. ഗവൺമെന്റിന് അത് തീരുമാനിക്കാനുള്ള വിവേചനാധികാരമുണ്ട്. ലാൻഡ് അസൈൻമെന്റ് റൂൾസിൽ അമെന്റ്മെന്റ് വരുത്താനുള്ള അധികാരം വ്യവസായ വകുപ്പിനുണ്ടോ; അത് റവന്യൂ വകുപ്പ് ചെയ്യേണ്ടതല്ലേ; റവന്യൂ വകുപ്പുമന്ത്രിയും അതിനെക്കുറിച്ച് മറുപടി പറയണം. ഗവൺമെന്റ് ഓർഡർ ഇറക്കി ലാൻഡ് അസൈൻമെന്റ് റൂൾസിൽ അമെന്റ്മെന്റ് വരുത്താൻ വ്യവസായ വകുപ്പിന് സാധിക്കുമോ? ഞാനതിന്റെ മെറിറ്റിലേയ്ക്ക് പോകുന്നില്ല. സാങ്കേതികമായ വിഷയമാണിത്. ആ ഓർഡർ

നിലനിൽക്കുമോ? അല്ലെങ്കിൽ ഈ അസൻഡിൽ വരുന്ന എന്റർപ്രണേഴ്സിനെ പറ്റിക്കാനായി ചെയ്തതാണോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പറ്റിക്കൽ നിങ്ങളുടെ പരിപാടിയായതുകൊണ്ട് എല്ലാം അങ്ങനെയാണെന്ന് സംശയിക്കേണ്ടതില്ല. ഇതിന് നിയമോപദേശം തേടിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാന്യരായ റവന്യൂ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും സംയുക്തമായി ആലോചിച്ച് ഏറ്റവും മെച്ചപ്പെട്ട നിലയിൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിയത്തക്ക വിധത്തിലാണ് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിന് നിയമപരമായി ഒരു തടസ്സവുമില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അത് റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തയ്യാറാക്കിയതാണോ; ആ ഉത്തരവ് നിലനിൽക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഞാനും റവന്യൂ വകുപ്പുമന്ത്രിയുംകൂടി ആലോചിച്ച് തയ്യാറാക്കിയതാണ്. ആ ഉത്തരവ് നിലനിൽക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ മുന്നേറ്റം നമ്മുടെ വ്യവസായ വികസനത്തിന്റെ നിർണായക സൂചികയാണ്. നഷ്ടക്കണക്കുകൾ മാത്രം പറയാനുണ്ടായിരുന്ന, അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന സ്ഥാപനങ്ങൾ ഗംഭീരമായ തിരിച്ചുവരവ്

നടത്തുകയാണ്. നവീകരണവും വൈവിദ്ധ്യവൽക്കരണവും പുത്തൻ ആശയങ്ങളും പൊതുമേഖലയെ ഉണർവിലേയ്ക്ക് നയിച്ചു.

2015-16-ൽ സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപയായിരുന്നു. ഈ സർക്കാർ വന്ന ആദ്യ സാമ്പത്തികവർഷംതന്നെ നഷ്ടം 80.67 കോടി രൂപയായി കുറച്ചു. 2017-18-ൽ പൊതുമേഖലയെ 5.11 കോടി രൂപയുടെ ലാഭത്തിലെത്തിച്ചു. 2018-19-ൽ ലാഭം 8.26 കോടി രൂപയായി. പ്രളയത്തെ അതിജീവിച്ചാണ് ഈ മുന്നേറ്റം.

2015-16-ൽ 8 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലുണ്ടായിരുന്നു. അത് 2016-17, 2017-18 എന്നീ കാലയളവുകളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിലായി. 2018-19-ൽ 12 സ്ഥാപനങ്ങൾ ലാഭം കൈവരിച്ചു. 2019-20 സാമ്പത്തികവർഷം 15-ൽ കൂടുതൽ സ്ഥാപനങ്ങൾ ലാഭത്തിലെത്തും. 2015-ൽ മൂന്നുകോടി രൂപമാത്രം ലാഭമുണ്ടായിരുന്ന കെ.എം.എം.എൽ. 2017-18-ൽ ലാഭം 180 കോടി രൂപയായി ഉയർത്തി. നിങ്ങളുടെ കാലത്ത് (2015-ൽ) മൂന്നുകോടി രൂപയായിരുന്നു കെ.എം.എം.എൽ.-ന്റെ ലാഭം. തുടർച്ചയായി നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസും ടൈറ്റാനിയവും 2017 മുതൽ 2019 വരെ മികച്ച ലാഭം കൈവരിച്ചുകഴിഞ്ഞു. ബഹുമാന്യനായ വി. ഡി.

സതീശൻ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് യൂണിയന്റെ പ്രമുഖനായ നേതാവാണ്. അദ്ദേഹത്തിന് ആ കാര്യങ്ങൾ വളരെ വ്യക്തമായി അറിയാം.

കെ.എ.എൽ.-ന്റെ 'ഇ-ഓട്ടോ' നിരത്തിലിറക്കി. ഇ-ബസ് നിർമ്മിക്കാനുള്ള തയ്യാറെടുപ്പിലാണ്. ട്രെയിൻ ബോഗി നിർമ്മിക്കുന്ന ആദ്യ സംസ്ഥാന പൊതുമേഖലാ സ്ഥാപനം എന്ന പദവി ഓട്ടോകാസ്റ്റിനാണ്. കെ.എസ്.ഡി.പി.-യെ ആധുനിക മരുന്ന് നിർമ്മാണ കമ്പനിയാക്കി ഉയർത്തി. 2017-18-ൽ ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റ് സ്ഥാപിച്ചു. 2018-19-ൽ 32.15 കോടി രൂപയുടെ നോൺ ബീറ്റാലാക്ടം മരുന്ന് പ്ലാന്റ് കമ്മീഷൻ ചെയ്തു. പാരസെറ്റമോൾ മാത്രം നിർമ്മിച്ചിരുന്ന സ്ഥാപനം ആന്റിബയോട്ടിക്സ്, ഇൻജക്ഷൻ മരുന്ന്, അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള മരുന്ന് എന്നിവ നിർമ്മിക്കുന്നു. ഇപ്പോൾ കാൻസറിനുള്ള മരുന്ന് ഇവിടെ ഉല്പാദിപ്പിക്കാനുള്ള നടപടിയിലാണ്.

കെൽട്രോൺ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള സിറാമിക്സ്, സിൽക്ക്, കെൽ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ചന്ദ്രയാൻ 2-ന്റെ ദൗത്യത്തിന് ഐ.എസ്.ആർ.ഒ.-യ്ക്ക് ആവശ്യമായ ഭൂരിപക്ഷം ഉപകരണങ്ങളും നിർമ്മിച്ച്

നൽകിയത് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളാണ്. സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കെ.എം.എം.എൽ., കെൽട്രോൺ, കെ.എ.എൽ., സിഡ്കോ എന്നിവയാണ് ഐ.എസ്.ആർ.ഒ.-യ്ക്കാവശ്യമായ ഉപകരണങ്ങളും മറ്റും നിർമ്മിച്ച് നൽകിയത്.

സ്പിന്നിംഗ് മില്ലുകൾ നഷ്ടത്തിൽനിന്ന് കരകയറുകയാണ്. മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് (മാൽകോടെക്സ്), കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ എന്നിവ വിദേശങ്ങളിലേയ്ക്ക് നൂൽ കയറ്റുമതി ആരംഭിച്ചു. ഇതുവരെ 100 ലോഡ് നൂൽ കയറ്റി അയച്ചു. കണ്ണൂർ, ആലപ്പുഴ, മില്ലുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചു. ട്രിവാൻഡ്രം മിൽ യാൺ ബാങ്ക് ആരംഭിച്ചു.

ശ്രീ. ജി. എസ്. ജയലാൽ: സർ, കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടക്കുകയാണ്. അത് ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ പറഞ്ഞ് കഴിഞ്ഞതിനുശേഷം നിങ്ങൾക്ക് ചോദിക്കാനുള്ള അവസരം നൽകാം. സൗജന്യ കൈത്തറി

യൂണിഫോമിനുള്ള നൂൽ നമ്മുടെ സ്പിന്നിംഗ് മില്ലുകളിൽനിന്ന് ഉല്പാദിപ്പിച്ച് കൈത്തറി സംഘങ്ങൾക്ക് നൽകി. കെ.എസ്.ടി.സി.എൽ.-ന് കീഴിലുള്ള 7 മില്ലുകളിലായി 873 പേർക്ക് പുതുതായി നിയമനം നൽകി. കേന്ദ്രം വിറ്റുതുലയ്ക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംസ്ഥാനം എന്താണ് യഥാർത്ഥ ബദലെന്ന് പ്രവൃത്തിയിലൂടെ തെളിയിക്കുന്നു. എച്ച്.എൻ.എൽ. ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നടപടികൾ നാഷണൽ കമ്പനി ലാ ട്രിബ്യൂണലിന്റെ ഇടപെടലുകൾമൂലം വൈകുകയാണ്. ഭെൽ-ഇ.എം.എൽ. ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ സമ്മതപത്രം ഒപ്പുവയ്ക്കുന്നതിനുള്ള അന്തിമ അനുമതി നൽകാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തുന്നു.

ഇൻസ്ട്രുമെന്റേഷൻ ഏറ്റെടുക്കുന്നതിന് കേരള സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ പൂർത്തിയായെങ്കിലും കേന്ദ്ര സർക്കാരിൽനിന്ന് അന്തിമ തീരുമാനം ലഭിക്കാത്തതിനാൽ ഏറ്റെടുക്കൽനടപടി നീളുന്നു. കോയമ്പത്തൂർ - കൊച്ചി വ്യവസായ ഇടനാഴിക്ക് അനുമതി ലഭിച്ചത് സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ വൻകുതിപ്പിന് വഴിയൊരുക്കും. മുംബൈ-ഡൽഹി വ്യവസായ ഇടനാഴിയുടെ അതേ മാതൃകയിലാണിത്.

ഇതിനായി പാലക്കാട് 1351 ഏക്കർ ഭൂമിയും എറണാകുളത്ത് 500 ഏക്കർ ഭൂമിയും ഏറ്റെടുക്കാൻ നടപടിയാരംഭിച്ചു. പ്രകൃതി വാതകം കുറഞ്ഞ ചെലവിൽ വ്യവസായങ്ങൾക്കും വീടുകൾക്കും നേരിട്ടെത്തിക്കാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ഇവിടെ മുടങ്ങിക്കിടക്കുകയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന്റെ പ്രവർത്തനം ആരംഭിച്ചു. ആകെയുള്ള 408 കിലോമീറ്ററിൽ ഇനി അവശേഷിക്കുന്നത് ഒരു കിലോമീറ്റർ മാത്രമാണെന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

പുത്തൻ സംരംഭങ്ങൾക്കൊപ്പം പ്രധാനമാണ് നമ്മുടെ പരമ്പരാഗത വ്യവസായ മേഖല. പ്രതിസന്ധിയുടെ ആഴക്കയത്തിലായിരുന്ന പരമ്പരാഗത മേഖലയെ വീണ്ടെടുക്കാൻ ആത്മാർത്ഥമായ നടപടികളുടെ നീണ്ട നിരതന്നെ ഈ ഗവൺമെന്റ് പ്രാവർത്തികമാക്കി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങിവിടെ വളരെ വിശദമായി കാര്യങ്ങൾ പറയുകയാണ്. എന്റെ കൈവശമുള്ളത് ഇക്കണോമിക് റിവ്യൂ റിപ്പോർട്ടാണ്. അതിൽ പി.എസ്.യു.-വിനെക്കുറിച്ച് പറയുന്നത് "....... resulting a net loss of 1833.3 Crores" എന്നാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം 1833.3 കോടി രൂപയാണ്. മാത്രമല്ല അങ്ങയുടെ

കീഴിലുള്ള കെമിക്കൽസ് - നെഗറ്റീവ് 13 (-13), ടെക്സ്റ്റൈൽസ് - നെഗറ്റീവ് 56 (-56) തുടങ്ങി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്ലാനിംഗ് ബോർഡ് തയ്യാറാക്കുന്ന ഇക്കണോമിക് റിവ്യൂവിൽ നെഗറ്റീവ് ഗ്രോത്താണ് പറയുന്നത്. ഇവിടെ എന്ത് വ്യവസായ വികസനമാണുണ്ടാകുന്നത്? എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലാണ്. ഞാൻ പറയുന്നതല്ല, ഇക്കണോമിക് റിവ്യൂവിൽ പറയുന്നതാണ്. അങ്ങിത് വസ്തുതാപരമായി പരിശോധിക്കേണ്ട കാര്യമാണ്. കഴിഞ്ഞ നാല് വർഷത്തിനിടയിലുള്ള നഷ്ടത്തിന്റെ കണക്കും ഇതിനകത്തുണ്ട്. അതുകൊണ്ട് അങ്ങ് വെറുതെ അവകാശവാദങ്ങളുന്നയിക്കരുത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവെ, ഞാൻ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചാണ്. ഇത് വസ്തുതാപരമല്ലെങ്കിൽ അങ്ങേയ്ക്ക് പരിശോധിക്കാം. നമുക്ക് തർക്കമുള്ള കാര്യങ്ങൾ നേരെ ഇരുന്ന് സംസാരിക്കാം. ഇത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഇക്കണോമിക് സർവ്വേയുടെയും പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പറയുന്നത്. ഇത് കെമിക്കൽ മേഖലയിൽ രണ്ടോ

മൂന്നോ വ്യവസായമെടുത്ത്, .....നിങ്ങളുടെ കൈവശമുള്ള കണക്ക് ഇവിടെയുള്ള കയറും കശുവണ്ടിയുമൊക്കെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

പുത്തൻ സംരംഭങ്ങൾക്കൊപ്പം പ്രാധാന്യം അർഹിക്കുന്നതാണ് നമ്മുടെ പരമ്പരാഗത വ്യവസായ മേഖല. കേരളത്തിൽ നടപ്പാക്കിയിട്ടുള്ള സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പാക്കണമെന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഖാദി-കരകൗശല-ബാംബൂ മേഖലകളും കെൽപാം പോലുള്ള മെച്ചപ്പെട്ട സ്ഥാപനങ്ങളും പുതിയ ഉല്പന്നങ്ങളുമായി വിപണിയിൽ ശ്രദ്ധനേടുന്നു. ശബരിമല ഇടത്താവളങ്ങളിൽ എം.എസ്.എം.ഇ. പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനമേള നടത്തി. ഇതേരീതിയിൽ തിരുവനന്തപുരം ജില്ലയിലെ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആറ്റുകാൽ മേളയും നടത്തുകയാണ്. സംസ്ഥാനത്ത് ഉല്പാദനം മാത്രമല്ല, വിപണനത്തിനുള്ള സാധ്യതകളും സൃഷ്ടിക്കുകയാണ് വ്യവസായ വകുപ്പ്. പുതിയ പദ്ധതിയുടെ കാര്യത്തിൽ കേരളത്തിന് അനുയോജ്യമായ മേഖലകൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള നടപടികൾ വ്യവസായരംഗത്ത് സ്വീകരിക്കുന്നു. കാർഷിക വിളകളിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി ആ മേഖലയ്ക്ക്

മുൻഗണന നൽകും. ഇത്തരം നവീകരണ സംരംഭങ്ങളിലൂടെ കാർഷിക-വ്യവസായ മേഖലകളെ ഒരുപോലെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുകയും അത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സഹായകരമായി തീരുകയും ചെയ്യും.

വയനാട്ടിൽ കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്കും പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ ആരംഭിക്കുന്ന റൈസ് പാർക്കുകളും 'സിയാൽ' മോഡൽ റബ്ബർ കമ്പനിയും റബ്ബർ പാർക്കും സ്പൈസസ് പാർക്കും നാളികേര അധിഷ്ഠിത വ്യവസായ പാർക്കുകളും ഇതിന് ഉദാഹരണങ്ങളാണ്. സ്കൂൾ/കോളേജ് തലങ്ങളിൽ വിദ്യാർത്ഥികളിൽ സംരംഭകത്വ താല്പര്യം വളർത്തുന്നതിനുവേണ്ടി യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു. എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് (ഇ.ഡി.) ക്ലബ്ബുകൾ സജീവമാക്കിയിട്ടുണ്ട്. 2020 ജനുവരി മാസത്തിൽ തിരുവനന്തപുരത്ത് ഇ.ഡി. ക്ലബ്ബ് കോൺക്ലേവ് സംഘടിപ്പിച്ചു. Kerala Institute for Entrepreneurship Development എന്ന KIED-ന്റെ സംരംഭക വികസനത്തെ കൂടുതൽ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക കാലഘട്ടത്തിൽ വ്യവസായികൾക്കും അതുപോലെതന്നെ വ്യവസായ നടത്തിപ്പുകാർക്കും

പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമായിട്ടുള്ള പരിശീലനം നൽകാനും കാലോചിതമായിട്ടുള്ള നിലയിലുള്ള ശാസ്ത്ര-സാങ്കേതികവിദ്യ പരിചയപ്പെടുത്തിക്കൊടുക്കാനും ഈ സംവിധാനങ്ങളിലൂടെ സാധിക്കും. വ്യവസായമേഖലയിൽ രാജ്യത്തെ ഏറ്റവും മികച്ച 5 സംസ്ഥാനങ്ങളിൽ ഒന്നാമതാകുകയാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേയ്ക്ക് നല്ല തുടക്കമിടാൻ സാധിച്ചിട്ടുണ്ട്. ഈ ആവേശം കൈവിടാതെ മുന്നോട്ടുപോകുകയാണ് പ്രധാനം. വളരെയധികം ജാഗ്രതയും ഗൗരവവും ഇതിനാവശ്യമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. കേരളത്തിന്റെ ഭാവിപുരോഗതിയിൽ വ്യവസായമേഖലയ്ക്ക് വലിയൊരു പ്രാധാന്യമുണ്ടെന്ന് സാമ്പത്തിക അവലോകന റിപ്പോർട്ടുതന്നെ തെളിയിക്കുന്നു. കൂടുതൽ നിക്ഷേപം കൂടുതൽ സംരംഭങ്ങൾ എന്നിവയിലൂടെ തൊഴിലും ദാരിദ്ര്യ നിർമ്മാർജ്ജനവും നാടിന്റെ പുരോഗതിയും വിദേശനാണ്യവുമെല്ലാം നാം ലക്ഷ്യമിടുന്നു. വ്യവസായ പുരോഗതിയുടെ ഈ ലക്ഷ്യം കൈവരിക്കാൻ ഗവൺമെന്റ് പ്രതിബദ്ധതയോടുകൂടി മുന്നോട്ടുനീങ്ങുകയാണ്. കേരളത്തിന്റെ വ്യാവസായിക അന്തരീക്ഷം വളരെ സൗഹൃദമാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ ഞങ്ങൾ പൊതുവായി എടുത്തിട്ടുള്ള നിലപാട്, വ്യവസായരംഗത്തെയും പൊതുമേഖലയെയും മാത്രം

ശക്തിപ്പെടുത്തുക എന്നുള്ളതല്ല, ഇവിടെ സ്വകാര്യ മേഖലയുമുണ്ട്. ആ സ്വകാര്യമേഖല ഇവിടെയാണ് പ്രവർത്തിക്കുന്നത്. ആ മേഖലയുടെ നിക്ഷേപങ്ങൾ ഇവിടെയാണ്; തൊഴിലാളികൾ ഇവിടെയാണ്; അതിന്റെ പണം ഇവിടെയാണ് സഞ്ചരിക്കുന്നത്. അതുകൊണ്ട് ആ മേഖലയെയും നാടിന്റെ അഭിവൃദ്ധിക്കായി വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ആ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നു.

ഇതോടൊപ്പംതന്നെ വാണിജ്യമിഷൻ. നമ്മൾ ഇതുവരെ വ്യവസായം മാത്രമേ കണ്ടിട്ടുള്ളൂ. അതിലുപരിയായി വാണിജ്യമിഷൻ സജീവമാക്കിക്കൊണ്ട് കേരളത്തിന്റെ ഉല്പന്നങ്ങൾക്ക് വിദേശ മാർക്കറ്റും ആഭ്യന്തര മാർക്കറ്റും കണ്ടെത്താനും വിപുലീകരിക്കാനും അതുപോലെതന്നെ നമ്മുടെ നാടിന്റെ വ്യവസായങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും വിദേശരാജ്യങ്ങളിൽ നിന്ന് ഇവിടെ ഏതെല്ലാം തരത്തിലുള്ള ഉല്പന്നങ്ങൾ ആവശ്യമുണ്ടെന്ന് മനസ്സിലാക്കി വ്യവസായികൾക്ക് സഹായം നൽകാനുമുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വാണിജ്യമിഷൻ വളരെ ഫലപ്രദമായി പ്രവർത്തിക്കുകയാണ്.

ഇവിടെ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ

അവസാനിപ്പിക്കുകയാണ്. കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സംബന്ധിച്ചിട്ടുള്ളതാണ് ഈ ഡിമാന്റ് ചർച്ചയെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. വ്യവസായവകുപ്പിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളെക്കുറിച്ചാണ് ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് (2015-16) കെ.എം.എം.എൽ. 12.44 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നതെന്നാണ് ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞത്. ഇപ്പോൾ അത് 181.10 കോടി രൂപയുടെ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അങ്ങ് തന്നെ ചൂണ്ടിക്കാണിച്ച മലബാർ സിമന്റ്സിന്റെ കാര്യം പറയാതിരിക്കുന്നതാണ് നല്ലത്. അവിടത്തെ കമ്പനി സെക്രട്ടറി ആത്മഹത്യ ചെയ്തതാണ്. അതിന്റെ ചരിത്രമൊക്കെ അറിയാം. വെറുതെ ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത്. ആ സ്ഥാപനത്തെ നശിപ്പിച്ച് ആകെ തകർന്ന് കിടക്കുകയായിരുന്നു. ഇപ്പോൾ അതിന് ഒരു പുനർജീവൻ നൽകിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ ഈ വന്നുകൊണ്ടിരിക്കുന്ന മാറ്റം കാണണം. രാഷ്ട്രീയവിരോധം വച്ചുകൊണ്ട് അടച്ചാക്ഷേപിക്കുന്നത് ഒഴിവാക്കൂ. മലബാർ സിമന്റ്സിനെ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനായി നല്ല നടപടികളാണ് ഇപ്പോൾ

സ്വീകരിച്ചിട്ടുള്ളത്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിട്ടുള്ള ട്രാവൻകൂർ സിമന്റ്സിനെ വീണ്ടും ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവിടത്തെ തൊഴിലാളികൾ ഉന്നയിക്കപ്പെട്ട ഒരു ആവശ്യമാണത്. അവരുടെ കൈവശം കുറച്ച് ഭൂമിയുണ്ട്. ഞാൻ അവിടത്തെ എം.എൽ.എ. ആയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമായി ചർച്ച ചെയ്തു. ഇപ്പോൾ കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിലാണ് ആ സ്ഥാപനം പ്രവർത്തിക്കുന്നത്. ഏതാണ്ട് നിശ്ചലമാകാൻ പോകുകയാണ്. തൊഴിലാളികൾക്കും അവിടെനിന്ന് പിരിഞ്ഞുപോയവർക്കും ആനുകൂല്യം കൊടുത്തിട്ടില്ല. അങ്ങനെയുള്ള പ്രതിസന്ധിയിൽനിന്നും രക്ഷപ്പെടുത്താൻ അതിന്റെ മിച്ചമുള്ള ഭൂമി പൊതുമേഖലാ സ്ഥാപനത്തിനുതന്നെ കൈമാറി ആ പണം സമാഹരിച്ച് വീണ്ടും ഒരു പുതിയ സംരംഭത്തിലേയ്ക്ക് ട്രാവൻകൂർ സിമന്റ്സിനെ കൊണ്ടുവരാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഖാദി-ഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിൽ വട്ടിയൂർക്കാവിൽ 31 സെന്റ് സ്ഥലമുണ്ട്. അത് ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കൈത്തറി മേഖലയിൽ വടകരയിലെ കേരള ഹാൻഡ്‌ലൂം സഹകരണ സംഘത്തിന്റെ പ്രവർത്തിച്ചുകൊണ്ടിരുന്ന വർക്ക് ഷെഡ് കഴിഞ്ഞ മഴക്കാലത്ത്

പൊളിഞ്ഞുവീണു. അവിടെ ജില്ലാ പഞ്ചായത്ത് 15 ലക്ഷം രൂപയും സംസ്ഥാന കൈത്തറി വകുപ്പിൽ നിന്ന് 4 ലക്ഷം രൂപയും ഉൾപ്പെടെ 19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബിൽഡിംഗ് വർക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്ത് അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. കരകൗശല മേഖലയിൽ ഓൺലൈൻ വില്പന ഇപ്പോൾ തന്നെയുണ്ട്. അത് നന്നായി നടന്നുവരികയാണ്. സിഡ്കോ പിറവം എസ്റ്റേറ്റിൽ ഒരു പുതിയ ഭൂമിയുടെ വില്പന ആലോചിച്ചിട്ടേയില്ല, എങ്ങനെയാണ് ഈ വാർത്ത വന്നതെന്ന് അറിഞ്ഞുകൂടാ. ഏതെങ്കിലും തല്പരകക്ഷികളുടെ സ്വാർത്ഥ താല്പര്യത്തിനുവേണ്ടി എന്തെങ്കിലും പ്രചരിപ്പിക്കുന്നുണ്ടോയെന്ന് അറിഞ്ഞുകൂടാ. ജില്ലാതല അലോട്ട്മെന്റ് കമ്മിറ്റി വഴിയാണ് അവിടത്തെ ഭൂമി അലോട്ട്മെന്റ് നടത്തുന്നത്. കിൻഫ്ര ഏറ്റെടുക്കുന്ന സ്ഥലത്ത് കോറിഡോറിന് 1408 ഏക്കറും വ്യവസായ പാർക്കിന് 5366 ഏക്കറുമാണ്. ആകെ 6774 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ നടപടികൾ തുടങ്ങിയിരിക്കുകയാണ്. ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന് 100 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ 2011-ൽ അനുമതി നൽകി. ഇതുവരെ 54.47 കോടി രൂപ അനുവദിച്ചു. നിലവിൽ 11.87 ഏക്കർ ഭൂമി ഏറ്റെടുത്ത് രജിസ്റ്റർ ചെയ്തു. കുറച്ച് സ്ഥലത്തിന്

അഡ്വാൻസും നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ പാർക്കിന്റെ സ്ഥലം പദ്ധതിക്ക് അനുയോജ്യമാണോ; എന്തിനാണ് എടുത്തതെന്ന് ചോദിച്ചാൽ, ചിന്തിക്കുമ്പോൾ മാത്രമേ അതിന്റെ കാര്യങ്ങൾ അറിയാൻ കഴിയൂ. ഒരു കാര്യം ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പൊതുപണം ഒരു പൈസപോലും ദുരുപയോഗപ്പെടുത്താതെ എല്ലാം ഫലപ്രദമായിരിക്കണം എന്ന നിലപാടാണ് ഞങ്ങൾക്കുള്ളത്. ഏതായാലും ഏറ്റെടുത്തിട്ടുള്ളത് ഉപേക്ഷിക്കാൻ സാധിക്കുന്നതല്ല. ഇനിയുള്ളത് ഏത് തരത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതുകൂടി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കെൽട്രോണിനെപ്പറ്റി ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കെൽട്രോൺ ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഈ പറഞ്ഞ കാര്യങ്ങളൊക്കെ ഞങ്ങളുടെ ഭരണകാലത്ത് തുടങ്ങിയതല്ല. ഇതെല്ലാം 2014-15 കാലഘട്ടത്തിൽ ആരംഭിച്ചതാണ്. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾതന്നെ കെൽട്രോൺ മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും യോഗം വിളിച്ചു. കെ. പി. പി. നമ്പ്യാർ ആരംഭിച്ച ഇന്ത്യയിലെ ഒന്നാമത്തെ ഇലക്ട്രോണിക് സ്ഥാപനമാണിത്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഹൈമാസ്റ്റ് ലൈറ്റുകളും ബസ് ഷെൽറ്ററുകളും സ്ഥാപിക്കുന്ന പ്രവൃത്തികളാണ്

കെൽട്രോൺ ചെയ്തുകൊണ്ടിരുന്നത്. അവരെ ആരാണ് അവിടെ എത്തിച്ചത്; ഇപ്പോൾ ആ ഒരു സ്റ്റേജിൽനിന്നും മാറി മെച്ചപ്പെട്ട നിലയിലേയ്ക്ക് ആ സ്ഥാപനം മുന്നോട്ട് വന്നുകൊണ്ടിരിക്കുകയാണ്. ഐ.എസ്.ആർ.ഒ.-യിലൊക്കെ നല്ല ബന്ധമുള്ള യോജിച്ച ഒരാളെ ഇപ്പോൾ ചെയർമാനായി നിയമിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ നമുക്ക് കുറേ ഓർഡറുകൾ ലഭിക്കുകയും കെൽട്രോണിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. പോലീസിനുവേണ്ടിയുള്ള ജി.പി.എസ്. അധിഷ്ഠിത കമ്മ്യൂണിക്കേഷൻ സിസ്റ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. കെൽട്രോണിനെ സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. കെൽട്രോൺ പലതിന്റെയും ഓർഡറുകൾ ഏറ്റെടുത്തിട്ടുണ്ട്. ലോകത്ത് ഒരു സ്ഥാപനവും അവർക്കുവേണ്ട സ്പെയർ പാർട്സുകൾ അവിടെതന്നെയുണ്ടാക്കി അസംബിൾ ചെയ്ത് മാർക്കറ്റ് ചെയ്യുന്നില്ലെന്ന കാര്യം നാം മനസ്സിലാക്കണം. ഫിലിപ്സ്, പാനസോണിക് (ടെലിവിഷൻ, ലാപ്ടോപ്) തുടങ്ങിയ കമ്പനികളെല്ലാം പല കമ്പനികളും ഉൽപ്പാദിപ്പിക്കുന്ന പ്രോഡക്ടുകൾ വാങ്ങി അസംബിൾ ചെയ്ത് മാർക്കറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. കെൽട്രോണിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ

ചെയ്യാൻ പ്രാപ്തിയുള്ള ജീവനക്കാരുണ്ട്, അതിനുള്ള സജ്ജീകരണങ്ങളുമുണ്ട്. അത് നശിപ്പിച്ചതുകൊണ്ടാണ് അങ്ങനെയായത്. കെൽട്രോണിനെ പുനരുജ്ജീവനത്തിന്റെ പാതയിലേയ്ക്ക് കൊണ്ടുവന്ന് മെച്ചപ്പെടുത്തിയെടുക്കുന്നുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വൈദ്യുതി കുടിശ്ശികയുമായി ബന്ധപ്പെട്ടുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. ഞാനും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും ഒരുമിച്ചിരുന്ന് ഇക്കാര്യത്തെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ബിൽ അടയ്ക്കാത്തതിന്റെ പേരിൽ പല സ്ഥാപനങ്ങളിൽ നിന്നും ഫ്യൂസ് ഊരി എടുക്കേണ്ടിവരികയാണ്. ഒന്നുരണ്ട് വർഷത്തെ ബിൽ തുക കുടിശ്ശിക വന്നാൽ ആ തുക ഇലക്ട്രിസിറ്റി ബോർഡിന് നൽകണ്ടേ? അവർ അവരുടെ ഡ്യൂട്ടി നിർവ്വഹിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ വരുമ്പോൾ അതിൽ ഇടപെടുകയും ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. കെ. ബിജു, ഐ.എ.എസ്.-നെ സ്ഥലം മാറ്റിയതുസംബന്ധിച്ച് പറയുകയുണ്ടായി. കാര്യം എന്താണെന്ന് മനസ്സിലാക്കിയിട്ടാണോ അത് പറഞ്ഞത്. ചെറുപ്പക്കാരായ നിയമസഭാ

സാമാജികർ വസ്തുതകൾ മനസ്സിലാക്കി പറയണം. ശ്രീ. കെ. ബിജു, ഐ.എ.എസ്.-നെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറുടെ ചുമതല നൽകി 20-04-2018-ന് ഉത്തരവ് പുറപ്പെടുവിച്ചു. 17-04-2020-ന് അദ്ദേഹത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി നിയമിച്ചു. എല്ലാവരേയും എല്ലായ്പ്പോഴും ഒരു സ്ഥലത്ത് ഇരുത്താൻ സാധിക്കുമോ; അനുഭവങ്ങളുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, നിങ്ങൾ ഒന്ന് ഉപദേശിച്ചുകൊടുക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു ഉദ്യോഗസ്ഥനെ മാറ്റാനുള്ള അധികാരം ഗവൺമെന്റിനുണ്ട്, മാറ്റുകയും ചെയ്യാം. പക്ഷേ ശ്രീ. കെ. ബിജുവിനെ സ്ഥലം മാറ്റിയതിനെ സംബന്ധിച്ച് ധാരാളം വാർത്തകൾ പുറത്തുവരികയുണ്ടായി. അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാറ്റിയ ദിവസം തന്നെയാണ് നിരവധി ക്വാറികൾക്ക് അംഗീകാരം നൽകിയത്. അത് ലിങ്ക് ചെയ്താണ് ആളുകൾക്കിടയിൽ സംശയമുണ്ടായത്. അദ്ദേഹത്തിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ചുമതലയുണ്ടായിരുന്നപ്പോൾ ക്വാറികൾക്ക് ഖനനാനുമതി നൽകുന്നതിൽ തടസ്സം നിന്നെന്നും ആ ചുമതലയിൽനിന്നും മാറിയ ദിവസം തന്നെ പുതിയ ആൾ ചാർജ്ജെടുക്കുന്നതിന്

മുമ്പ് നിരവധി ക്വാറികൾക്ക് അംഗീകാരം നൽകിയെന്നുമുള്ള വാർത്തകളാണ് പുറത്തുവന്നത്. അതിനെ സംബന്ധിച്ച നിജസ്ഥിതി എന്താണെന്നാണ് ശ്രീ. വി. ടി. ബൽറാം ചോദിച്ചത്. അങ്ങ് അതിനെപ്പറ്റിയാണ് മറുപടി പറയേണ്ടത്. നിങ്ങൾക്ക് ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനെ മാറ്റാനുള്ള പൂർണ്ണ അധികാരമുണ്ട്, മാറ്റാം. പക്ഷേ ഇന്ന് ഇതുമായി ബന്ധപ്പെട്ട് ധാരാളം വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇക്കാര്യം ശ്രീ. വി. ടി. ബൽറാം ഇവിടെ ഉന്നയിച്ചത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, പത്രങ്ങളിൽ വരുന്ന വാർത്തകളൊക്കെ ആധികാരികമായി വിശ്വസിച്ചാൽ നിങ്ങൾക്ക് ഈ സ്ഥാനത്ത് ഇരിക്കാൻ സാധിക്കുമോ; എന്തൊക്കെയാണ് എഴുതുന്നത്; അന്നുള്ളതിൽനിന്നും ഇപ്പോൾ നൽകുന്ന അനുമതികൾ പലതും റദ്ദ് ചെയ്തിരിക്കുകയാണ്. അദ്ദേഹം സ്ഥലം മാറിപ്പോയ ദിവസം ആർക്കും അനുമതി നൽകിയിട്ടില്ല. എവിടെ ആര് കൊടുത്തു; ഇതൊക്കെ കൃത്യമായി പരിശോധിച്ച് നടപ്പാക്കാവുന്ന കാര്യങ്ങളാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ഉദ്യോഗസ്ഥരെ മാറ്റാനും പകരം പുതിയ ആളുകളെ നിയമിക്കാനുമുള്ള അധികാരം സർക്കാരിനുണ്ട്. ഞാൻ അതിനെയല്ല

വെല്ലുവിളിക്കുന്നത്. ശ്രീ. കെ. ബിജുവിനെ സ്ഥലം മാറ്റുന്നതിനുമുമ്പ് അദ്ദേഹം സർക്കാരിന് പ്രിയപ്പെട്ടതല്ലാത്ത പ്രത്യേകിച്ച് കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയെന്ന ആക്ഷേപമാണ് വരുന്നത്. മാധ്യമങ്ങളിൽ ചർച്ച ചെയ്ത കാര്യവുമാണ്. സ്വകാര്യ മേഖലയിലെ ഒരു കമ്പനിക്ക് ഖനനാനുമതി നൽകുന്നതിന് അനുകൂലമല്ലാത്ത രീതിയിൽ ഫയലിൽ നോട്ട് എഴുതിയതിനെത്തുടർന്ന് അദ്ദേഹത്തെ സ്ഥലം മാറ്റി എന്നാണ് പറയുന്നത്. വ്യക്തത വരുത്താൻവേണ്ടി ചോദിക്കുകയാണ്, സ്വകാര്യ മേഖലയ്ക്ക് ഖനനാനുമതി നൽകുന്നതിനുള്ള അനുകൂല സമീപനമാണോ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഞങ്ങൾ മനസ്സിലാക്കിയ ആശങ്ക അസ്ഥാനത്താണെന്ന് അങ്ങേയ്ക്ക് കൃത്യമായി പറയാൻ സാധിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, പൊതുമേഖലയിൽ മാത്രമേ ഖനനം നടത്താൻ പാടുള്ളൂവെന്ന് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിങ്ങൾക്ക് ഇതൊക്കെ എവിടെനിന്നും കിട്ടുന്ന വിവരമാണെന്ന് ഞങ്ങൾക്ക് അറിയില്ല. ഞങ്ങളുടെ മുന്നിൽ ഇത്തരത്തിലുള്ള ഒരു അപേക്ഷയും ലഭിച്ചിട്ടില്ല. ഉണ്ടെങ്കിൽ അതിന് അനുമതി നൽകാൻ സാധിക്കുകയുമില്ല. കാരണം പൊതുമേഖലയിൽ മാത്രമേ ഖനനം നടത്താൻ പാടുള്ളൂ. ഇതൊക്കെ

കുറേയാളുകൾ അവരവരുടെ വ്യക്തി താൽപ്പര്യങ്ങൾക്കുവേണ്ടി പ്രചരിപ്പിക്കുന്നതാണ്. ദയവുചെയ്ത് ഇത്തരത്തിലുള്ള കാര്യങ്ങൾ ശരിയാണെന്ന് ധരിച്ച് അബദ്ധങ്ങൾ ഉന്നയിക്കരുത്. ഇതുമാത്രമേ എനിക്ക് പറയാനുള്ളൂ.

പശുക്കളെ വളർത്തി പാലെടുത്ത് വിപണനം നടത്തുന്നതിനുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണമെന്ന് ശ്രീ. പി. ജെ. ജോസഫ് സൂചിപ്പിച്ച പ്രൊപ്പോസൽ നല്ലതാണ്. അത്തരത്തിൽ ചാലക്കുടിയിൽ ഒരു ഫാം പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, പാലുല്പാദന രംഗത്തെ കാര്യങ്ങൾ മാത്രമല്ല, അഞ്ച് വിവിധോദ്ദേശ്യ വ്യവസായ പാർക്കുകൾ ആരംഭിക്കുമെന്ന് മുൻവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പാക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാനും തൊഴിലാളികളുടെ ആനുകൂല്യം ലഭ്യമാക്കാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഈ വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് പണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്നലെ ഞാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൂടി പ്രത്യേക യോഗം ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, വ്യവസായ വകുപ്പ് ഡയറക്ടറെ ട്രാൻസ്ഫർ ചെയ്ത വിഷയത്തിന്മേൽ ക്ലാരിഫിക്കേഷൻ ഉണ്ടാകാതിരുന്നതുകൊണ്ടാണ് പ്രസ്തുത വിഷയം മാധ്യമങ്ങൾ ചർച്ച ചെയ്തതും ഇവിടെ ഉന്നയിക്കേണ്ടി വന്നതും. സ്വകാര്യ മേഖലയ്ക്ക് ഖനനാനുമതി നൽകാൻ ഉദ്ദേശിക്കുന്നില്ലെന്ന സർക്കാരിന്റെ നയമാണ് പ്രഖ്യാപിക്കുന്നതെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. കെൽട്രോണുമായി ബന്ധപ്പെട്ട് ഞാൻ ചില ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. കൊക്കോണിക്സ് എന്ന സ്ഥാപനത്തെ ഉപയോഗിച്ച് ലാപ്ടോപ്, കമ്പ്യൂട്ടറുകൾ എന്നിവ കെൽട്രോൺ നേരിട്ട് നിർമ്മിക്കാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നീക്കങ്ങൾ നടക്കുന്നതായിട്ടാണ് കാണുന്നത്. ഇതിൽ കെൽട്രോണിന്റെ വിഹിതം വളരെ കുറവാണ്. യു.എസ്.ടി. ഗ്ലോബൽ അടക്കമുള്ള സ്വകാര്യ കമ്പനികൾക്ക് ഗുണകരമാകുന്ന തരത്തിലാണ് പ്രസ്തുത

പദ്ധതിയുമായി മുന്നോട്ടുപോകുന്നതെന്നതാണ് ആക്ഷേപം. മെയ്ഡ് ഇൻ ചൈന പോലുള്ള ഏതെങ്കിലും കമ്പനികളുടെ പാർട്സുകൾ വാങ്ങി കൊണ്ടുവന്ന് ലാപ്ടോപ്പുകളും കമ്പ്യൂട്ടറുകളും അസംബിൾ ചെയ്യുകയാണോ ചെയ്യുന്നത്, അതോ സ്വകാര്യ കമ്പനികളിൽനിന്നും ലാപ്ടോപ്പുകളും കമ്പ്യൂട്ടറുകളും വാങ്ങി കെൽട്രോണിന്റെ ലേബലിൽ അത് വീണ്ടും മാർക്കറ്റ് ചെയ്യാനാണോ ഉദ്ദേശിക്കുന്നത്; കെൽട്രോണിന്റെ രണ്ടേകാൽ ഏക്കർ സ്ഥലവും മൂന്നരകോടിയോളം രൂപ ചെലവും നൽകിക്കൊണ്ട് സ്വകാര്യ കമ്പനിയെ സഹായിക്കാനുള്ള നീക്കം നടക്കുന്നുവെന്ന ആക്ഷേപമാണ് ഉന്നയിക്കുന്നത്. ഇതുസംബന്ധിച്ച് മറുപടി നൽകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, എല്ലാം പരിശോധിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിച്ചതുകൊണ്ടാണ് മറുപടി പറയാതിരുന്നത്. കൊക്കോണിക്സ് എന്ന സ്ഥാപനം, പി.പി.പി. മോഡലിൽ 'കേരളത്തിന് സ്വന്തം ലാപ്ടോപ് എന്ന ആശയത്തിൽ പദ്ധതി ആരംഭിച്ചു. സർക്കാർ ഉത്തരവ് അനുസരിച്ചാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്. അതിനുവേണ്ടി 2.65 കോടി രൂപ ചെലവഴിച്ച് ഉപയോഗിക്കാതിരുന്ന കെട്ടിടം കെൽട്രോൺ നവീകരിച്ചു. രണ്ടരയേക്കർ സ്ഥലം എന്ന് പറഞ്ഞത് ശരിയല്ല. 66 സെന്റ് സ്ഥലം മാത്രമേ അവിടെയുള്ളൂ.

ടി സ്ഥലവും കെട്ടിടവും കൊക്കോണിക്സിന് മൂന്ന് വർഷത്തേയ്ക്ക് പ്രതിമാസം മൂന്ന് ലക്ഷം രൂപ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ലാപ്ടോപ് ഉണ്ടാക്കുന്നതിനുവേണ്ടി പ്രഗൽഭരായ വ്യക്തികൾ, കമ്മിറ്റികൾ എന്നിവരെ പ്രത്യേകമായി ക്ഷണിച്ച് ഇന്റർവ്യൂ നടത്തി അതിനനുസരിച്ചുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഇത്തരം കമ്പനികളുമായി ടൈ അപ് ചെയ്യുന്നത്. അതല്ലാതെ ഇത് ഏതെങ്കിലും കമ്പനികൾക്ക് കൊടുക്കുകയല്ല ചെയ്തത്. ഇവയെല്ലാം നിങ്ങളുടെ ഭരണ കാലത്ത് ആരംഭിച്ചതാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആരുടെ ഭരണകാലത്ത് നടന്നതായാലും ഇപ്പോൾ കെൽട്രോണിനെ സംബന്ധിച്ചാണ് ഗുരുതരമായ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. ഗാലക്സോണുമായി ബന്ധപ്പെട്ട വിവരങ്ങൾ അന്വേഷിക്കാൻ വ്യവസായ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ടോട്ടൽ സൊല്യൂഷൻ എന്ന നിലയിൽ അവർക്ക് അതിന്റെ ചുമതല നൽകിയതിന്റെ പേരിൽ നടപടിക്രമങ്ങൾ പാലിക്കാതെ ബ്ലാക്ക് ലിസ്റ്റിൽപ്പെട്ട കമ്പനികൾ ഉൾപ്പെടെയുള്ളവർക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. ആയതിനാൽ കെൽട്രോണുമായി

ബന്ധപ്പെട്ട ഇത്തരം നടപടികൾ വിശദമായി പരിശോധിക്കുമോ; ഇതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇതുസംബന്ധിച്ച് വിശദമായ പരിശോധന നടത്താനാണ് ഉദ്ദേശിക്കുന്നത്. സാധാരണഗതിയിൽ ബ്ലാക്ക് ലിസ്റ്റിൽപ്പെടുന്ന കമ്പനികളെയൊന്നും കെൽട്രോൺ അഡ്മിറ്റ് ചെയ്യാറില്ല. ഏതെങ്കിലും തരത്തിൽ എങ്ങനെയെങ്കിലും അങ്ങനെയൊരു കമ്പനി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള അന്വേഷണം പൂർത്തീകരിച്ച് കഴിഞ്ഞാൽ എല്ലാകാര്യങ്ങളും വ്യക്തമാകുന്നതാണ്. ഈ സർക്കാർ കേരളത്തിന്റെ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനായി പ്രത്യേകിച്ച്, കെൽട്രോണിനെ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കുകയാണ്. ചില തൽപ്പരകക്ഷികൾ അതിനെ തകർക്കാനുള്ള പ്രചരണങ്ങൾ നടത്തുന്നുണ്ട്. ഒരുതരത്തിലും കെൽട്രോണിനെ തകർക്കാൻ അനുവദിക്കുകയില്ല. കേരളത്തിലെ ഏറ്റവും മെച്ചപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണിത്. അതിന് എന്തെങ്കിലും പോരായ്മകൾ ഉണ്ടായാൽ

പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഇവിടെ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും നിരവധി വിമർശനങ്ങളും നല്ല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. സ്വാഭാവികമായി ഭരണപക്ഷത്തുനിന്നും ഗവൺമെന്റും വൈദ്യുതി ബോർഡും ചെയ്ത പ്രവർത്തനത്തെപ്പറ്റി അനുകൂലമായ പ്രതികരണം വന്നു. എന്നാൽ, പ്രതിപക്ഷം തികച്ചും നിഷേധാത്മകമായ അഭിപ്രായമാണ് ഇവിടെ പറഞ്ഞതെന്ന കാര്യം ഖേദപൂർവ്വം ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ക്രിയാത്മകമായ, ശരിയായ നിർദ്ദേശങ്ങൾ ഏതുഭാഗത്തുനിന്നുണ്ടായാലും അത് നൂറ് ശതമാനവും തുറന്ന മനസ്സോടെ സ്വീകരിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട എന്നറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഇപ്പോൾ ഗവൺമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് വരുത്തിതീർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സ്വാഭാവികമായും വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തെയും ഇകഴ്ത്തിക്കാണിക്കാൻ ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾ ശ്രമിക്കുമെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. അതുകൊണ്ടൊന്നും വൈദ്യുതി ബോർഡിന്റെ ഇതുവരെ ചെയ്ത ക്രിയാത്മകമായ പ്രവർത്തനങ്ങളൊന്നും ഇല്ലാതാകുന്നില്ല എന്നകാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കീഴിൽ വൈദ്യുതി വകുപ്പുമന്ത്രി നടത്തിയ പ്രവർത്തനമാണോ ഈ ഗവൺമെന്റിന്റെ കീഴിൽ വൈദ്യുതി വകുപ്പ് നടത്തുന്നതെന്ന കാര്യം നെഞ്ചത്ത് കൈവച്ച് പരിശോധിച്ചാൽ, കേരളത്തിലെ വൈദ്യുതി വകുപ്പിന് വലിയ മാറ്റം വന്നുവെന്ന് മനുഷ്യത്വവും മര്യാദയുമുള്ളവർക്ക് തോന്നുമെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിൽ വന്ന മാറ്റങ്ങളെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് സംശയമില്ല, മന്ത്രിയെന്ന നിലയിൽ അക്കാര്യത്തിൽ എനിക്കും തികഞ്ഞ സംതൃപ്തിയുണ്ടെന്ന കാര്യം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ചെയ്ത കാര്യങ്ങളെല്ലാം ഇല്ലാതാക്കി, അടിസ്ഥാനമില്ലാത്ത ദുരാരോപണങ്ങൾ ഉന്നയിച്ച് വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളെയും വൈദ്യുതി വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെ പ്രവർത്തനങ്ങളെയും ഏതെങ്കിലും നിലയിൽ നേരിടാമെന്ന് ധരിക്കുന്നവർ

വിഡ്ഢികളുടെ സ്വർഗ്ഗത്തിലായിരിക്കുമെന്ന കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ വൈദ്യുതി വകുപ്പിന്റെ കടബാദ്ധ്യതയെപ്പറ്റി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അദ്ദേഹം എന്ത് മനസ്സിലാക്കിയിട്ടാണ് പറഞ്ഞത്? അദ്ദേഹത്തിന്റെ ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷം ഭരിച്ചല്ലോ? അന്നുമുതൽ ഇന്നുവരെ 7500 കോടി രൂപയുടെ നഷ്ടമുള്ള സ്ഥാപനമാണ് ഊർജ്ജ വകുപ്പെന്ന് അദ്ദേഹം മനസ്സിലാക്കണം. ഈ ഗവൺമെന്റിന്റെ ശ്രമഫലമായി 7500 കോടി രൂപ കടമുള്ള വൈദ്യുതി വകുപ്പ് ഇപ്പോൾ തന്നാണ്ട് ലാഭത്തിലാണ്. അത് യു.ഡി.എഫ്.ലെ മുൻവൈദ്യുതി വകുപ്പുമന്ത്രിയുടെ പ്രവർത്തനം കൊണ്ടല്ല. അന്ന് കടബാദ്ധ്യത കൂട്ടുകയായിരുന്നു. ഇന്ന് ഞങ്ങളായി ഒരു ബാദ്ധ്യതയും വരുത്തുന്നില്ല. 7500 കോടി രൂപ മുൻകടം നിലനിൽക്കുകയാണ്. ഇപ്പോൾ തന്നാണ്ട് ലാഭത്തിലാണ് വൈദ്യുതി വകുപ്പ് പ്രവർത്തിക്കുന്നത്. അതിനെ അഭിനന്ദിക്കുന്നതിനുപകരം കിട്ടുന്ന അവസരത്തിൽ ഞങ്ങൾക്കിട്ട് പണിയുക എന്നത് തീരെ ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. 7500 കോടി രൂപയുടെ കടബാദ്ധ്യതയുണ്ട്. അത് നിസാരമല്ല. പക്ഷേ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇതൊരു ചെറിയ കടമാണ്. അത് വേറെ കാര്യം. അത് നമ്മുടെ വിഷയമല്ലാത്തതുകൊണ്ട്

അതിനെക്കുറിച്ച് പറയുന്നില്ല. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ജനങ്ങൾക്കുവേണ്ടി ഊർജ്ജ വകുപ്പിൽ എന്തെല്ലാം ചെയ്യാമോ അതെല്ലാം യാതൊരു വിട്ടുവീഴ്ചയില്ലാതെ ഗവൺമെന്റും വൈദ്യുതി ബോർഡും ചെയ്തിട്ടുണ്ടെന്ന കാര്യം അഭിമാനബോധത്തോടുകൂടി സഭയെ അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരു വിട്ടുവീഴ്ചയുമില്ലാതെ ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ ഊർജ്ജ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പ്രഖ്യാപിച്ചതാണ് സമ്പൂർണ്ണ വൈദ്യുതീകരണമെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അന്ന് പ്രഖ്യാപിച്ചു, എന്നാൽ അത് പൂർണ്ണമായില്ല. 85 അസംബ്ലി മണ്ഡലങ്ങളിൽ പൂർത്തീകരിച്ചു. ബാക്കി അഞ്ചുവർഷം യു.ഡി.എഫ്. ഇവിടെ ഭരിച്ചല്ലോ; അതിന്റെ ബാക്കി നിങ്ങൾ ചെയ്തോ? ചെയ്തില്ലല്ലോ. അതുകൊണ്ട് അതടക്കം മുഴുവനും പൂർത്തിയാക്കി ഇപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിക്കഴിഞ്ഞിരിക്കുന്നു. പുതിയതായി ആവശ്യപ്പെടുന്ന വൈദ്യുതി കണക്ഷനുകളെല്ലാം കൊടുത്ത് സമ്പൂർണ്ണ വൈദ്യുതീകരണമെന്ന പൂർണ്ണമായ പദവി നിലനിർത്തുമെന്ന കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ

കാലഘട്ടത്തിൽ നിങ്ങളുടെ സഹപ്രവർത്തകനായ ശ്രീ. ആര്യാടൻ മുഹമ്മദായിരുന്നല്ലോ ഊർജ്ജ വകുപ്പുമന്ത്രിയായിരുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് വഴങ്ങുമോ?

ശ്രീ. എം. എം. മണി: സർ, ഞാൻ വഴങ്ങുന്നില്ല. അതെല്ലാം അദ്ദേഹത്തോട് പറഞ്ഞാൽ മതി. ഇതെന്താ ചോദ്യോത്തരവേളയാണോ? ...... (ബഹളം)....... ഞാൻ വഴങ്ങുന്നില്ല. വഴങ്ങണോ വഴങ്ങണ്ടേ എന്നത് എന്റെ കാര്യമല്ലേ?.......... (ബഹളം).......

മി. സ്പീക്കർ: ......പ്ലീസ്.......നിങ്ങൾ ഒരു ദിവസം നടത്തിയ ചർച്ചയ്ക്ക് അദ്ദേഹം മറുപടി പറയുന്നതാണ്.അങ്ങ് പറയൂ.

ശ്രീ. എം. എം. മണി: സർ, എനിക്ക് കുറച്ച് സമയമേയുള്ളൂ. എനിക്ക് പറയാനുള്ളത് പറയട്ടെ. അതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവിന് ഞാൻ വഴങ്ങാം.(...ബഹളം......)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഞാൻ എം.പി. യായിരുന്നു. അന്നത്തെ കേന്ദ്രവൈദ്യുതി വകുപ്പുമന്ത്രി ശ്രീ. സുശീൽകുമാർ ഷിൻഡെയും ഞാനും സുഹൃത്തുക്കളായതുകൊണ്ട് അദ്ദേഹത്തെ

കൊണ്ടുവരണമെന്ന് ശ്രീ. എ. കെ. ബാലൻ എന്നോട് പറഞ്ഞു. ശ്രീ. സുശീൽ കുമാർ ഷിൻഡെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഉദ്ഘാടനം ചെയ്തത് ഒറ്റപ്പാലത്തുവച്ചായിരുന്നു. ആ ചടങ്ങിൽ ഞാനും പങ്കെടുത്തിരുന്നു. അതുവരെയുള്ള എല്ലാ കണക്ഷനുകളും പൂർത്തിയാക്കിയാണ് വൈദ്യുതി വിതരണം നടത്തിയത്. അതിനുശേഷം ശ്രീ. ആര്യാടൻ മുഹമ്മദ് ഊർജ്ജ വകുപ്പുമന്ത്രിയായിരുന്ന അഞ്ചുവർഷകാലയളവിൽ ഒരു കണക്ഷനും നൽകിയിട്ടില്ലെന്നാണോ അങ്ങ് പറയുന്നത്? അങ്ങയുടെ കാലത്ത് കൊടുക്കാനുള്ള കണക്ഷൻ കൊടുത്തിട്ടില്ലെന്ന് ഞങ്ങൾ പറയുന്നില്ല. സമ്പൂർണ്ണ വൈദ്യുതീകരണമെന്ന് പറയുന്നത് ആദ്യത്തെ സംഭവമല്ല. അതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, എനിക്ക് അടിസ്ഥാനരഹിതമായ കാര്യം പറയേണ്ട യാതൊരു കാര്യവുമില്ല. ഞാൻ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് എന്തിനുവേണ്ടിയാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് കോഴിക്കോട് വച്ച് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത്. സഖാവ് ശ്രീ. എ. കെ. ബാലൻ നേതൃത്വം കൊടുത്തപ്പോൾ, 85

നിയോജകമണ്ഡലങ്ങളിൽ മാത്രമേ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലായുള്ളൂ. അന്നത് പൂർണ്ണമായിരുന്നില്ലെന്നത് സത്യസന്ധമായ കാര്യമാണ്. നാല് ജില്ലകളിലും 85 നിയോജകമണ്ഡലങ്ങളിലും പൂർത്തിയാക്കിയിരുന്നു. ശ്രീ. എ. കെ. ബാലൻ സഭയിൽ തന്നെയുണ്ട്. ഞാൻ അദ്ദേഹത്തെ അപമാനിക്കാൻ പറയുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രീ. എ. കെ. ബാലൻ ഊർജ്ജ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എം.എൽ.എ.-മാരും എം.പി.-മാരും അവരുടെ ഫണ്ടുകൂടി തന്നാൽ ഗവൺമെന്റിൽനിന്നും വലിയൊരു തുക കൂടി വച്ചുകൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം നടത്താമെന്ന് സമ്മതിച്ചു. ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി പറയുന്നത് ശരിയാണ്. കൊല്ലം ജില്ലയിൽ എം.എൽ.എ. ഫണ്ട് കൊടുത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ ഒരേയൊരു മണ്ഡലം എന്റേതാണ്. ശ്രീ. എ. കെ. ബാലനാണ് അന്നവിടെ ഉദ്ഘാടനം നടത്തിയത്. അന്ന് അതുമായി സഹകരിച്ച് ഫണ്ടുനൽകാൻ തയ്യാറായ എം.എൽ.എ. മാർക്കും എം.പി. മാർക്കും വൈദ്യുതി കണക്ഷൻ നൽകിയിരുന്നു. എന്നാൽ ഇപ്പോൾ എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടുമില്ലാതെ മുഴുവൻ പേർക്കും വൈദ്യുതി കണക്ഷൻ

കൊടുത്തിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

ശ്രീ. എം. എം. മണി: സർ, എന്റെ സഹപ്രവർത്തകനും നേതാവുമാണ് ശ്രീ. എ. കെ. ബാലൻ. ഞാൻ അദ്ദേഹത്തെ അപമാനിക്കാൻ പറയുമോ? പ്രതിപക്ഷം എന്താണ് പറയുന്നത്? അങ്ങനെയൊരു വിഷയമില്ല. അതുകൊണ്ട് കണ്ണടച്ച് ഇരുട്ടാക്കരുത്, നടന്ന കാര്യം നടന്നതുപോലെ പറയണം. നിങ്ങളുടെ കാലത്ത് എന്ത് ചെയ്തു; അന്നിവിടെ ഇരുട്ടായിരുന്നില്ലേ; ഇപ്പോൾ വൈദ്യുതി കട്ട് ഉണ്ടോ; സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയില്ലേ; ലോഡ് ഷെഡിംഗും പവർ കട്ടും ഉണ്ടാകില്ലെന്ന് പറഞ്ഞത് ഇതുവരെയും ഞങ്ങൾ പാലിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അത് ഇനിയും പൂർണ്ണമായി നടപ്പിലാക്കുമെന്ന് നിങ്ങളെ വെല്ലുവിളിച്ച് പറയുകയാണ്. കാരണം ഇപ്പോൾ ഡാമിൽ ആവശ്യത്തിന് വെള്ളമുണ്ട്. മറ്റ് അത്യാവശ്യം വന്നാൽ വൈദ്യുതി വാങ്ങി കൊണ്ടുവരാനുള്ള സാധ്യതയുമുണ്ട്. പിന്നെ വൈദ്യുതി കട്ട് വരേണ്ട കാര്യമില്ല. അതുകൊണ്ട് നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കരുത്. നടന്ന കാര്യം നടന്നതാണെന്നു പറയണം. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെപ്പറ്റി നിങ്ങൾ അങ്ങനെയല്ലല്ലോ പ്രതികരിച്ചത്?

ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്പീക്കർക്ക് എഴുതികൊടുത്തിട്ടുള്ള പരാതിയുണ്ട്. അതിലൊന്ന്, ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ അപാകതയാണ്. രണ്ടാമത്തേത്, പവർ പർച്ചേസ് എഗ്രിമെന്റ് സംബന്ധിച്ചുള്ള ക്രമക്കേട്. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ പ്രശ്നം നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്. ഞാൻ പറയാം, വൈദ്യുതി ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ അടക്കമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആ എസ്റ്റിമേറ്റ് അനുസരിച്ച് ഈ ലോകത്ത് ഒരു കമ്പനിയും പിടിക്കുകയില്ലെങ്കിൽ, ലേലം കൊള്ളുന്നവർ റിവേഴ്സ് ചെയ്തുപറഞ്ഞാൽ, നടക്കണമെങ്കിൽ കൊടുക്കേണ്ടി വരും. വേറെ വഴിയില്ല. അല്ലെങ്കിൽ ഇവിടെ കിടക്കും. ചെയ്യാൻ ആരും കാണുകയില്ല. അതുകൊണ്ട് above ആണ് എന്നൊക്കെ നിങ്ങൾ പറഞ്ഞോ. നിങ്ങൾ ചെയ്തതിന്റെ കാര്യം ഞാൻ പറയാം. നിങ്ങൾ എസ്റ്റിമേറ്റ് above ചെയ്തിരിക്കുന്നതാണ്, 75 ശതമാനം, 69 ശതമാനം, 223 ശതമാനം, 86 ശതമാനം, 53 ശതമാനം, 70 ശതമാനം, 53 ശതമാനം, 57.4 ശതമാനം, 38 ശതമാനം, 54 ശതമാനം, 36.50

ശതമാനം, 27 ശതമാനം, 93 ശതമാനം, 83.40 ശതമാനം, 7.84 ശതമാനം, 60 ശതമാനം. മനസ്സിലായില്ലേ; ഇത് നിങ്ങളുടെ കാലത്ത് നടന്നതാണ്. ഞങ്ങൾ ചെയ്തതല്ല. അതിനെല്ലാം അന്ന് നിങ്ങൾ കോൺട്രാക്ട് കൊടുത്തിട്ടുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ റേറ്റ് അനുസരിച്ചുള്ള above ആണ് അങ്ങ് ഇവിടെ പറയുന്നത്. ഡൽഹി റേറ്റ്/ഡി.എസ്.ആർ. വരുമ്പോൾ കേരളത്തിലെ സാധാരണ റേറ്റിനെക്കാൾ വളരെ കൂടുതലാണ് ..... (ബഹളം)....... ഞാൻ ഒരു മിനിട്ട് പറഞ്ഞോട്ടെ. അപ്പോൾ അങ്ങേയ്ക്ക് നല്ല ക്ലാരിറ്റിയുണ്ടാകും. അങ്ങേയ്ക്ക് കൃത്യമായി മറുപടി പറയാൻ സാധിക്കും. ഡി.എസ്.ആർ. അനുസരിച്ചുള്ള റേറ്റിന്റെ മുകളിലാണ് 65 ശതമാനത്തിലേക്ക് പോയത്. ഡി.എസ്.ആർ. എന്നുപറയുമ്പോൾ തന്നെ കേരള റേറ്റിനെക്കാൾ 100 ശതമാനം above ആണ്. അതിനുമുകളിൽ പിന്നീട് 65 ശതമാനം കൂടി വരുമ്പോൾ അതിനേക്കാൾ കൂടുതലാണ്. അവിടെയാണ് പ്രശ്നം. അത്

കേരളത്തിലെ റേറ്റല്ല. ഞാൻ ചോദിക്കുന്ന ചോദ്യത്തിന് ഇപ്പോൾ അങ്ങ് spontaneous ആയി മറുപടി പറയണമെന്ന് പറയുന്നില്ല. അങ്ങ് ഡിപ്പാർട്ടുമെന്റിൽ ചോദിക്കു. ഡി.എസ്.ആർ. റേറ്റും കേരള റേറ്റും രണ്ടാണ്.

ശ്രീ. എം. എം. മണി: സർ, ഇത് നിങ്ങളുടെ കാലത്ത് ചെയ്തതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അല്ല കേൾക്കു. ഞാനൊന്ന് പറയട്ടെ.

മി. സ്പീക്കർ: അങ്ങ് ഇരിക്കു. മിനിസ്റ്റർക്ക് മൈക്ക് കൊടുക്കു.

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ബോർഡിലെ കണക്കാണിത്. എന്റെ കണക്കല്ല. പവർ പർച്ചേസ് എഗ്രിമെന്റ് സംബന്ധിച്ചുള്ള ക്രമക്കേടിനെക്കുറിച്ചാണ് അദ്ദേഹം രണ്ടാമത് പറഞ്ഞ ആക്ഷേപം. പക്ഷേ, അദ്ദേഹം ഉരുണ്ടുകളിച്ചാണ് പറയുന്നത്. വേണ്ടതൊന്നും പറഞ്ഞില്ല. എന്തുകൊണ്ടാണെന്ന് അറിയാമോ; ഇത് വിശദമായി ചർച്ചചെയ്താൽ പ്രതി ഇവരാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ..

മി. സ്പീക്കർ: പ്രസംഗങ്ങൾ തടസ്സപ്പെടുത്താൻ ദയവായി പോയിന്റ് ഓഫ് ഓർഡർ കൊണ്ടുവരരുത്, പ്രസംഗങ്ങൾ തടസ്സപ്പെടുത്തരുത്.

ശ്രീ. എം. എം. മണി: സർ, 25 വർഷത്തേയ്ക്ക് കരാർ ഉണ്ടാക്കിയതാണ്. 865 മെഗാവാട്ട് വൈദ്യുതി, ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കാലത്ത്.

മി. സ്പീക്കർ: അദ്ദേഹത്തിന് പോയിന്റ് ഓഫ് ഓർഡറുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ അങ്ങ് അനുവദിച്ചതിന് നന്ദി. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, രണ്ട് റേറ്റുകൾ വച്ച് compare ചെയ്യുകയാണ്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണെന്ന് പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ രണ്ട് റേറ്റുകളിൽ ഒന്ന്, ഡി.എസ്.ആർ. റേറ്റ്.......(ബഹളം)......

മി. സ്പീക്കർ: അങ്ങയോട് ഞാൻ ഇന്നലെയും പറഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അതാണ് പറഞ്ഞുവരുന്നത്.

ഞാനൊന്ന് പറയട്ടെ....(ബഹളം).....

Mr. Speaker: An argument will not be consider as a point of order.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്നാൽ നിങ്ങൾ പറയൂ. രണ്ട് റേറ്റ് വച്ചാണ് compare ചെയ്യുന്നത്. ആ രണ്ട് റേറ്റ് അല്ല. കേരളാ റേറ്റ് വേറെയാണ്.....(ബഹളം)......ഡി.എസ്.ആർ. റേറ്റ് അതിനെക്കാൾ above ആണ്. Above റേറ്റിന് മുകളിൽ above ആണ് വന്നത്, double storied -ൽ ആണ്. അതാണ് ഞാൻ പറയുന്നത്. അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ ഈ ഡിമാന്റ് ഡിസ്കഷനിൽ പങ്കെടുക്കുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ പറഞ്ഞ facts-ന് മറുപടി പറയാൻ അങ്ങ് നിർദ്ദേശിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആധികാരികമായാണ് സഭയിൽ കാര്യങ്ങൾ പറയുന്നത്. വസ്തുതാപരമായ പിശകുണ്ടെങ്കിൽ എഴുതി നൽകിയാൽ പരിശോധിക്കും. അതിന് വേറെ സംവിധാനമുണ്ട്. ഇരിക്കൂ...ഇരിക്കൂ...പ്ലീസ്...

(ബഹളം)...നിങ്ങൾ ഇരിക്ക്...ഇരിക്കൂ....പ്ലീസ്... പ്ലീസ്... ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. ജെയിംസ് മാത്യു...ഇരിക്കൂ.... ദയവായി ഇരിക്കൂ....മന്ത്രി സംസാരിക്കൂ...... (ബഹളം)... ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇങ്ങനെയാണെങ്കിൽ ഞങ്ങൾ ഇരിക്കുന്നില്ല. ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. എം. എം. മണി: സർ, 865 മെഗാവാട്ട് വൈദ്യുതി, അന്ന് കരാറുണ്ടാക്കി റെഗുലേറ്ററി കമ്മീഷനെ മറികടന്ന് നിയമവിരുദ്ധമാണ് ചെയ്തത്. ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു കരാറും ഉണ്ടാക്കിയിട്ടില്ല, ഒരു പർച്ചേസും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതി നൽകിയെങ്കിലും ഈ പ്രശ്നം ഉന്നയിക്കാതെ അദ്ദേഹം അതിൽനിന്നും ഒഴിവാകുകയാണ് ചെയ്തത്.

കാരണം അവർക്കെതിരെ വരുമെന്ന് അറിയാം. അതുകൊണ്ട് നമുക്കൊരു കാര്യം ചെയ്യാം, അതിനെപ്പറ്റി വേണമെങ്കിൽ അന്വേഷണം നടത്താം. ഞങ്ങൾക്ക് എന്താണ്; ഒരു പ്രശ്നവുമില്ല. സംഗതി കുരുങ്ങും. അത്രയേയുള്ളൂ. ഞങ്ങൾക്കൊന്നും വരാനമില്ല. അതുകൊണ്ട് സത്യമിതാണ്. ഞങ്ങളൊരു കരാറും വച്ചിട്ടില്ല. അദ്ദേഹം പറഞ്ഞു, 1000 മെഗാവാട്ട് സൗരോർജ്ജം. ഞങ്ങൾ 1000 മെഗാവാട്ട് സൗരോർജ്ജമുണ്ടാക്കും. ആയിരമല്ല, അതിൽ കൂടുതൽ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമുണ്ട്, നടക്കുകയും ചെയ്യും. അല്ലെങ്കിൽ നോക്കിക്കോ. ഡാമുകളിൽനിന്നും ഉത്പാദിപ്പിക്കാൻ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കാൻ എല്ലാ സാധ്യതയുമുണ്ട്. ഇതൊക്കെ ഉപയോഗിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി എല്ലാവിധ പ്രവർത്തനവും ഞങ്ങൾ നടത്തും. ഒരു വിട്ടുവീഴ്ചയുമില്ല. അതിന് ആര് തടസ്സമുണ്ടാക്കിയാലും അതിനെ നേരിടുക എന്നതല്ലാതെ ഗവൺമെന്റിന് മുമ്പിൽ, വൈദ്യുതി ബോർഡിന് മുമ്പിൽ ഒരു മാർഗ്ഗവുമില്ലെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ

ആഗ്രഹിക്കുകയാണ്. അതുകൊണ്ട് അവർ ഇറങ്ങിപ്പോയ സാഹചര്യത്തിൽ കൂടുതൽ കാര്യങ്ങളൊന്നും പറയേണ്ട കാര്യമില്ല. സമ്പൂർണ്ണ വൈദ്യുതീകരണം നിലനിർത്തും. അതിന്റെ സ്റ്റാറ്റസ് നിലനിർത്തും. കാരണം, പുതിയ കണക്ഷൻ വന്നാൽ അതെല്ലാം കൊടുക്കും. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. ഈ പദ്ധതിയുടെ ഭാഗമായി 5000 കിലോമീറ്റർ 11 കെ.വി. ലൈനുകൾ കേബിളുകളും എ.ബി.സി. കണ്ടക്ടറുകളും ആക്കി മാറ്റും. 10,000 ഫാൾട്ട് പാസ്സ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കും. 10000 കിലോമീറ്ററോളം കണ്ടക്ടറുകൾ റീകണ്ടക്ടറിംഗ് നടത്തും. വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന രണ്ടുവർഷംകൊണ്ട് 3000 വിതരണ ട്രാൻസ്ഫോർമറുകളും 5000 കിലോമീറ്റർ 11 കെ.വി. ലൈനുകളും നിർമ്മിക്കാൻ ലക്ഷ്യമിടുന്നുണ്ട്. അതുപോലെ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഒന്നാംഘട്ടം 13 പാസ്സേജുകളും 2021-ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു 400 കെ.വി. സബ്സ്റ്റേഷനും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനും അനുബന്ധ

ലൈനുകളുമാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. 4300 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും ഈ പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കുന്നതിന് ഉദ്ദേശിക്കുന്നു. കേരളത്തിലേക്ക് 2000 മെഗാവാട്ട് വൈദ്യുതി എത്തിക്കാൻ കഴിയുന്ന പുഗലൂർ-മാടക്കത്തറ ഹൈവോൾട്ടേജ് ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കും. ആ നിലയിൽ വളരെയധികം കാര്യങ്ങളാണ് വരാൻ പോകുന്ന നാളുകളിൽ നാം നടത്താനുദ്ദേശിക്കുന്നത് എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. അതിലുപരി, മറുപടിയുടെ സമയം കൂടുതലായതുകൊണ്ട് ഈ കാലയളവിൽ ചെയ്ത കാര്യങ്ങളുടെ വിശദാംശം ഞാൻ രേഖാമൂലം മേശപ്പുറത്ത് വയ്ക്കുന്നു.+ ബഹുമാനപ്പെട്ട സ്പീക്കർ അംഗങ്ങൾക്കുകൂടി അതിന്റെ കോപ്പി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## ധനാഭ്യർത്ഥന നമ്പർ XXXVII

+ അനുബന്ധമായി ചേർക്കുന്നു.

## വ്യവസായങ്ങൾ

മി. സ്പീക്കർ: സർവ്വശ്രീ. എം. ഉമ്മർ, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, അൻവർ സാദത്ത്, സണ്ണി ജോസഫ്, വി. ടി. ബൽറാം, അനൂപ് ജേക്കബ്, പി. സി. ജോർജ്, റോഷി അഗസ്റ്റിൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

പ്രമേയം ഏകകണ്ഠമായി സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX

വൈദ്യുത പദ്ധതികൾ

മി. സ്പീക്കർ: സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. വിൻസെന്റ്, ടി. ജെ. വിനോദ്, കെ. സി. ജോസഫ്, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, കെ. എൻ. എ. ഖാദർ, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, റോഷി അഗസ്റ്റിൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, പി. സി. ജോർജ്, കെ. എസ്. ശബരീനാഥൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ ഏകകണ്ഠമായി പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....... ഓർഡർ ..........സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 മാർച്ച് മാസം 10-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.51-ന് പിരിഞ്ഞു.)

* * * * * * *